31J12

Anantan Pillai

Vidya Prakasika

957
32J1;2

MUL
165536

**Madras University Librar**

Call Number

Accession Number

Available for loan from

This book should be returned on or be
the date last marked below.

O. 61

# VIDYA PRAKĀSIKA

UNIVERSITY LIBRARY
4 JUL 1955
MADRAS
65

By

P. ANANTAN PILLAI M. A.

SECOND EDITION

PRINTED & PUBLISHED BY
L. J. FERNANDEZ & SONS.
CITY PRESS, TRIVANDRUM.

1951

Price Re. 1-8

165536
38464
937
32J1;2

# വിഷയവിവരം


| | | പുറം |
|---|---|---|
| 1. | ഷേക്സ്പീയർ മഹാകവി | 1 |
| 2. | നമ്മുടെ വിദ്യാഭ്യാസാഭിവൃദ്ധി | 36 |
| 3. | വിശ്വചരിത്രം | 49 |
| 4. | വിവാഹവും വംശാഭിവൃദ്ധിയും | 63 |
| 5. | സാമുദായികജീവിതം | 87 |
| 6. | യവദ്വീപം | 115 |
| 7. | കേരളീയകവിതാരീതി | 132 |
| 8. | മല്ലിനാഥൻെറ കവിത | 154 |

4 JUL 1955

# മുഖവുര

സാമാന്യഭാഷാഗ്രന്ഥങ്ങൾ മൂലം നമ്മുടെ ഭാവി പൌരന്മാരായിത്തീരേണ്ട യുവജനങ്ങളും വിദ്യാർത്ഥികളും, അന്നന്നുണ്ടാകുന്ന ഓരോ വിഷമപ്രശ്നങ്ങളെപ്പററി സരസമായി ഉപന്യസിക്കുന്നതിനും ഫലപ്രാപ്തമായി പ്രസംഗിക്കുന്നതിനും, ഉപയുക്തമായ ഒരു രീതി സമ്പാദിക്കേണ്ടതു് എത്രയും ആവശ്യമായിട്ടുള്ളതാണ്. അനവധി ഉത്തമഗ്രന്ഥങ്ങൾ മനസ്സിരുത്തി വായിച്ചാലല്ലാതെ ഈ ഉദ്ദേശം സഫലമാകുന്നതല്ല. എന്നാൽ വിവിധവിഷയപ്രധാനമായ ആധുനികവിദ്യാഭ്യാസപദ്ധതിയിൽ ഇതിലേയ്ക്കു് അവക്കു ലഭിക്കുന്ന സമയം വളരെ പരിമിതമാകയാൽ രീതിവൈചിത്ര്യം സമ്പാദിക്കുന്നതിനുള്ള ഏകമാർഗ്ഗം ഗദ്യപ്രബന്ധങ്ങൾ നിബന്ധിച്ചിട്ടുള്ള സൽഗ്രന്ഥങ്ങൾ വായിക്കുകയും പഠിക്കുകയും ചെയ്യുകയാണെന്നു് ആംഗലഭാഷാവിദ്യാലയങ്ങളിൽ അത്തരം കൃതികൾക്കു് ഇപ്പോൾ നൽകിവരുന്ന പ്രാധാന്യം വിശദമാക്കുന്നുണ്ടു്.

നമ്മുടെ ഉപന്യാസവും, ആധുനികഗദ്യപ്രബന്ധവും ആംഗലമാതൃകകളെ പല അംശങ്ങളിലും അനുകരിക്കുന്നുണ്ടെന്നുള്ള വാസ്തവം സവ്വവിദിതമാണല്ലൊ. കേരളവമ്മ വലിയകോയിൽത്തമ്പുരാനാണു് പുതിയ പ്രസ്ഥാനത്തിന്റെ മാർഗ്ഗദർശകൻ എന്നു് അദ്ദേഹത്തിന്റെ വിജ്ഞാനമഞ്ജരിയും, പാഠപുസ്തകങ്ങളും തെളിയിക്കുന്നു. ആക്ബർ എന്ന ആഖ്യായികയിലാകട്ടെ അദ്ദേഹം പ്രയോഗിച്ച പ്രാചീനപ്രബന്ധരീതി അനുകരണയോഗ്യമല്ലാതെ അസ്തമിതപ്രായമായി എന്നുതന്നെ പറയാം.

ഉപന്യാസങ്ങളിലുപയോഗിച്ച ഗദ്യരീതിക്ക് സാർവത്രികമായ പ്രചാരം സിദ്ധിച്ചതു നിമിത്തം നവംനവങ്ങളായ പരിഷ്കാരങ്ങളോടുകൂടി അഭിവൃദ്ധിയെ പ്രാപിക്കുവാൻ തുടങ്ങി. അചിരേണ അതു പത്രലോകത്തിൽ പ്രചരിച്ച് അതിഗഹനങ്ങളും, അത്യാസ്വാദ്യങ്ങളും ആയ മുഖപ്രസംഗങ്ങളിലെന്നപോലെതന്നെ ലഘുവാർത്താകുറിപ്പുകളിലും, ഫലിതോക്തികളിലും മററും സ്ഥലം പിടിച്ച് സർവാദരണീയമായിത്തീർന്നു.

മലയാളത്തിലെ വർത്തമാനപത്രങ്ങളും, മാസികകളും ഗദ്യാഭിവൃദ്ധിയിൽ ബദ്ധശ്രദ്ധങ്ങളായിരിക്കുന്നു എങ്കിലും, നിർദ്ദോഷമായ പദപ്രയോഗവും, രീതിവൈചിത്ര്യവും പലതിലും വിരളമായിട്ടാണ് കണ്ടുവരാറെന്നുള്ളതു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. പാശ്ചാത്യദേശങ്ങളിൽ പല വിദഗ്ദ്ധന്മാരുടേയും ഏകീകൃതമായ പ്രവർത്തനത്തിന്റെ ഫലമായി ഉത്തമപത്രങ്ങളിലേയും മാസികകളിലേയും ഭാഷാഗൌരവം പരിപാലിക്കുന്നതിനുള്ള ശ്രമം അനുസ്യൂതമായി നടന്നുവരുന്നു. ഇവിടെയാകട്ടെ, ഒരാൾ തന്നെ പത്രപങ്ക്തികൾ മുഴുവൻ എഴുതി നിറയ്ക്കുന്നതു സർവസാധാരണമാകയാൽ അയാളുടെ ഭാഷാസംസ്കാരമനുസരിച്ച് ഗുണമൊ ദോഷമൊ വന്നുകൂടുന്നതിന് എളുപ്പമുണ്ട്.

ഈയ്യിടെ അപ്പോഴപ്പോളായി ആവിർഭവിച്ചു കാണുന്ന ചില 'വാർഷികപ്രസിദ്ധീകരണങ്ങ'ളിലും, 'വിശേഷാൽ പ്രതിക'ളിലും, പല ഗദ്യകാരന്മാരുടേയും ഉപന്യാസങ്ങൾ ചേർത്തച്ചടിപ്പിച്ചു കാണുന്നുണ്ട്. വിഷയവൈവിധ്യം പോലെതന്നെ രീതിവൈചിത്ര്യവും ഈ ഉപന്യാസങ്ങൾക്കുണ്ടെന്നു സമ്മതിക്കാമെങ്കിലും, അവയിൽ ഏറിയകൂറും

തൽക്കാലാവശ്യത്തെ പുരസ്കരിച്ച് ദ്രുതരചനയ്ക്കു വഴിപ്പെട്ടവയാണെന്ന് പ്രഥമദൃഷ്ടിയിൽതന്നെ മനസ്സിലാക്കുവാൻ പ്രയാസമില്ല. ക്രമപ്രവൃദ്ധമായ പാരായണപദ്ധതിയിൽ അവയ്ക്കു നൽകേണ്ട സ്ഥാനം നിർണ്ണയിക്കുന്നതിനും ചിലപ്പോൾ ദുസ്സാധമായിത്തീരുന്നു. ആംഗലഭാഷയിലാകട്ടെ, ഈ ആവശ്യത്തിലേക്കായി തെരഞ്ഞെടുക്കുന്ന ഉപന്യാസങ്ങൾക്ക് ഒരു പരിമാണപ്രമാണം (Standard) നിശ്ചയിക്കുന്നതിന് തീരെ ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ ആണ് പ്രസാധകന്മാർ ആ കൃത്യം നിർവ്വഹിക്കുന്നത്. ഇവിടെ അപ്രകാരം ചെയ്യാത്തതുകൊണ്ട് ഒരേ ഗ്രന്ഥത്തിൽനിന്നും ചില പാഠങ്ങൾ തള്ളിക്കളയേണ്ടതായി വരുന്നു.

ഒരു ഗ്രന്ഥകാരൻ തനിക്കു സ്വാധീനമായിട്ടുള്ള ഭാഷാരീതിയിൽ വിവിധവിഷയങ്ങളെപ്പററി എഴുതുന്ന ഉപന്യാസങ്ങൾക്കു ഒരു ഗുണമുണ്ടെന്നു പറയാതെ തീരൂ. ഒരേ രീതി തന്നെ വിഷയസ്വഭാവമനുസരിച്ച് അല്പാല്പ വ്യത്യാസങ്ങളോടുകൂടി പ്രയോഗിക്കുന്നതെങ്ങനെ എന്നു മനസ്സിലാക്കാം. പലരുടേയും ലേഖനങ്ങൾ വഴിയായി ഏതെങ്കിലും സ്ഥിരമായ ഒരു ഭാഷാരീതി വശത്താക്കുവാൻ അദ്ധ്യേതാക്കൾ വിഷമിക്കുന്നതായി ഇതെഴുതുന്ന ആൾക്കറിയാം. ഈ സംഗതി മുൻനിർത്തികൊണ്ടാണ് 'വിദ്യാപ്രകാശിക'യിലെ ഉപന്യാസങ്ങൾ സമാഹരിച്ചിട്ടുള്ളതു്. ആഖ്യാനരൂപത്തിൽ സമ്പാദിതസാമഗ്രികൾ സംഘടിപ്പിച്ചെഴുതിയ "ഷേക്സ്പീയർ മഹാകവി"യാണ് ആദ്യത്തെ ഉപന്യാസം. രണ്ടാമത്തേതു് ലഘുചിന്താപരമായ വിജ്ഞാതവിഷയാംശങ്ങളെ മനസ്സുകൊണ്ടു സംഗ്രഹിച്ചെഴുതീട്ടുള്ള 'നമ്മുടെ വിദ്യാഭ്യാസാഭിവൃദ്ധി'യാകുന്നു. അടുത്തതു് അഗാധചിന്താപരമെങ്കിലും ലബ്ധപ്രതിഷ്ഠങ്ങളായ

പരമാർത്ഥസംഗതികളെ ആസ്പദമാക്കി രചിച്ചിട്ടുള്ള "വിശപചരിത്രം" ആണു്. നാലാമത്തേതാകട്ടെ, ഒരു പ്രത്യേക വിഷയത്തെപ്പററി ഗ്രന്ഥമാർഗ്ഗത്തിൽ ചർച്ച ചെയ്തു് സ്ഥാപിച്ചിട്ടുള്ള അഭിപ്രായങ്ങളെ ക്രോഡീകരിച്ചെഴുതീട്ടുള്ള "വിവാഹവും വംശാഭിവൃദ്ധിയും" ആണു്. അഞ്ചാമത്തേതു് സ്വാതന്ത്ര്യചിന്താപരമാകയാൽ രീതിലാളിത്യത്തെ ലക്ഷീകരിക്കുന്ന 'സാമുദായികജീവിതവും', ആറാമത്തേതു് ദേശചരിത്രവിഷയകമായ 'യവദ്വീപ'വും, ഏഴാമത്തേതു സാഹിത്യനിരൂപണപരമായ 'കേരളീയ കവിതാരീതി'യും, എട്ടാമത്തേതു കാവ്യാദ്ധ്യാവിലുള്ള ഒരു ലഘുവിമർശവും ആകുന്നു.

ഈ എട്ടു ഉപന്യാസങ്ങളിലും കൃതിയുള്ള ഗദ്യസരണി പ്രതിപാദ്യവിഷയത്തിലും രീതിയിലും ചിരകാലപരിശീലനത്തിന്റെ ഫലമായി സ്വായത്തമാക്കീട്ടുള്ളതാകയാൽ മിക്കവാറും സ്വതന്ത്രമെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. സ്വതന്ത്രമായി ചിന്തിക്കുന്നതിനും, പരസഹായംകൂടാതെ ഫലപ്രാപ്തിയോടുകൂടി ചിന്തകൾ പ്രകാശിപ്പിക്കുന്നതിനും ഈ ഉപന്യാസങ്ങൾ ഉപയോഗകരങ്ങളായിത്തീരുമെങ്കിൽ ഗ്രന്ഥകർത്താവിനു് കൃതാർത്ഥതയ്ക്കു വഴിയുണ്ടെന്നുമാത്രമെ ഇനി പറയേണ്ടതായിട്ടുള്ളു.

തിരുവനന്തപുരം,
1—1—1112. } പി. അനന്തൻപിള്ള.

# വിദ്യാപ്രകാശിക.

## 1. ഷേക്സ്പീയർ മഹാകവി

പാശ്ചാത്യഭാഷകളിൽ വച്ചു് അത്യുൽകൃഷ്ടമായ ഒരു സ്ഥാനമാണല്ലൊ ഇപ്പോൾ ഇംഗ്ലീഷിനുള്ളതു്. അതിൻെറ നിഴലിൽ നിന്നുകൊണ്ടാണു നമ്മുടെ മലയാളവും ഉൽഗതി പ്രാപിച്ചുവരുന്നതു്. ഭാഷാസാഹിത്യത്തിലാകട്ടെ ഇംഗ്ലീഷിനെ അനുകരിക്കുന്ന പല പ്രസ്ഥാനങ്ങളും അഭിനവമായി അവതരിച്ചിട്ടുണ്ടു്. പദസ്വീകരണ വിഷയത്തിലും ലേഖകന്മാർ ഇംഗ്ലീഷിൻെറ അടുത്തു കൂടിയിരിക്കയാണു്. ആകയാൽ ഒരു ഉത്തമസാഹിത്യത്തെ പോഷിപ്പിക്കുന്നതിനു സമത്ഥമായ ഇംഗ്ലീഷുഭാഷയുടെ പ്രേരണ നീക്കിനിൎത്തുവാൻ വിഷമമാണു്. ഇംഗ്ലീഷു സാഹിത്യം \ അപ്പടിപകൎത്തുന്നതുകൊണ്ടു് ഒരു പ്രയോജനവുമില്ല. എന്നാൽ അതിലെ ഉത്തമ കവികളുടെ ഹൃദ്യങ്ങളായ ആശയങ്ങളും മനോധമ്മ കമ്മങ്ങളും സ്ഥൂലമായിട്ടെങ്കിലും അറിയേണ്ടതിനായി സ്വീകരിക്കുന്ന ഉപായങ്ങൾ അസ്ഥാനത്താകാൻ തരമില്ല. ആംഗലേയസാഹിത്യത്തിലെ കവികുലകൂടസ്ഥനായ ഷേക്സ്പീയറെ പരിഷ്കൃതലോകം മുഴുവനും ആരാധിച്ചുവരുന്ന സ്ഥിതിയ്ക്കു് അദ്ദേഹത്തെപ്പററി ജീവചരിത്രവിഷയമായും കാവ്യകലാപരമായും അവശ്യം അറിഞ്ഞിരിക്കേണ്ട ചില സംഗതികൾ പ്രതിപാദിക്കുന്നതു് നന്നായിരിക്കുമെന്നു വിശ്വസിക്കുന്നു.

UNIVERSITY LIBRARY
14 JUL 1955

## 1. പിതൃവംശം

പാശ്ചാത്യമഹാകവികളിൽവെച്ച് ഏററവും ഉന്നതനിലയെ പ്രാപിച്ചിട്ടുള്ള വില്യം ഷേക്സ്പീയരുടെ ജീവചരിത്രത്തേപ്പററി ആധുനികൎക്ക അധികമൊന്നും അറിവാൻ സാധിക്കാതെപോയതു് എത്രമാത്രം ശോച്യമായിരിക്കുന്നു! അദ്ദേഹത്തിൻെറ സഹജീവികളായിരുന്ന ചരിത്രകാരന്മാർ, അദ്ദേഹത്തിൽനിന്നും പതിനായിരംപടി താഴെ നിൽക്കേണ്ടവരായ മററു ചിലരുടെ ജീവചരിത്രങ്ങളെ നമുക്കു സുലഭങ്ങളാക്കിതീൎത്തിട്ടുണ്ടു്. ഇംഗ്ലീഷുസാഹിത്യമാകുന്ന വങ്കാട്ടിലെ മത്തഗജേന്ദ്രന്മാരെപ്പററി യാതൊന്നും എഴുതിവയ്ക്കാതെ അവരുടെ സമകാലികന്മാരായിരുന്ന ചില മശകങ്ങളെപ്പററി സവിസ്തരങ്ങളായ ഗ്രന്ഥങ്ങളെഴുതീട്ടുള്ള ഇവരുടെ പ്രവൃത്തിയേപ്പററി അത്ഭുതപ്പെടുകയല്ലാതെ തൽക്കാലം ഗത്യന്തരമില്ലല്ലൊ.

എന്നാൽ ഇക്കാൎയ്യത്തിൽ ഷേക്സ്പീയരും അപരാധിയെന്നു തോന്നുന്നു. എന്തെന്നാൽ, ജോലിയെല്ലാം ഉപേക്ഷിച്ചു് സ്വസ്ഥവും പരമാനന്ദകരവുമായ ഗൃഹസ്ഥാശ്രമത്തിനാരംഭിച്ചപ്പോഠം അദ്ദേഹത്തിനു നാല്പത്തെട്ടുവയസ്സേ പ്രായമായിരുന്നുള്ളു. മനുഷ്യസ്വഭാവത്തിൻെറ ആന്തൎയ്യാവസ്ഥയെ അതിസൂക്ഷ്മമായി അറിഞ്ഞിട്ടുള്ള ഇദ്ദേഹം സ്വചരിത്രത്തേപ്പററിയുള്ള വസ്തുതത്വങ്ങഠം പിൻഗാമികഠംക്കു് ഊഹ്യഗോചരങ്ങളായി തീരട്ടെ എന്നു വിചാരിച്ചു പിന്നീടുള്ള സമയം മുഴുവനും വ്യഥാവിലാക്കിയതു നമ്മുടെ ദൌൎഭാഗ്യം എന്നല്ലാതെ എന്താണു പറവാനുള്ളതു? സമകാലികന്മാരായ പല മഹാത്മാക്കളും അദ്ദേഹത്തിൻെറ അനിതരസാധാരണമായ ബുദ്ധിവൈഭവത്തേപ്പററി അത്യധികം ശ്ലാഘിച്ചിട്ടും, അതിനെ തീരെ

ഗണ്യമാക്കാതെയും, തൻെറ യോഗ്യതയേപ്പററി തനിക്കു തന്നെ വിശ്വാസമില്ലാതെയും ആണു് അദ്ദേഹം ജീവിച്ചിരുന്നതു്. അദ്ദേഹത്തിൻെറ യശസ്സു ലോകത്തിൽ അനശ്വരമായി തീരുമെന്നൊ, താൻ ലോകാവസാനംവരെ സകലരുടെയും ഭക്തിബഹുമാനങ്ങൾക്കു പാത്രമായി തീരുമെന്നൊ, സ്വ മാനസസൃഷ്ടികൾ അസംഖ്യം പുരുഷാന്തരങ്ങളിലുള്ളവരെ ഒരുപോലെ രസിപ്പിക്കുകയും അവരുടെ അനുകമ്പാദിഹൃദയവികാരങ്ങളെ ശക്തിമത്തുക്കളാക്കുകയും ഏകാന്തവാസത്തെ സുഖപ്രദമാക്കുകയും വായിക്കുന്നവൎക്കു ഹൃദയവിശാലത വരുത്തുകയും, അവരെ ആഹ്ലാദഭരിതന്മാരാക്കുകയും ചെയ്യുമെന്നൊ, അല്പമെങ്കിലും വിചാരിക്കാതിരിക്കുമൊ? അദ്ദേഹം തന്നെ സംബന്ധിച്ച യാതൊരറിവും തന്നെത്താനെയൊ അന്യൻമുഖാന്തരമായൊ നമുക്കു തന്നിട്ടില്ല. നടനജീവിതത്തിൽനിന്നും വിരമിച്ചതിനുശേഷം തൻെറ കൃതികളെ പിൻഗാമികൾക്കെങ്കിലും പ്രസിദ്ധീകരിക്കത്തക്കവണ്ണം തെററുതിരുത്തി എഴുതുന്നതിനുപോലും യാതൊരു ശ്രമവും ചെയ്തിട്ടില്ല. സ്വകീൎത്തിയേപ്പററിയോ ലോകർ അദ്ദേഹത്തിൽ പിന്നീടു നിക്ഷേപിക്കാൻപോകുന്ന ഗാഢശ്രദ്ധയേപ്പററിയൊ യാതൊരുവിധത്തിലും ഗണ്യമാക്കാതെയിരുന്ന ഈ മഹാകവിയുടെ പ്രവൃത്തി ആൎക്കാണു് വിസ്മയം ജനിപ്പിക്കാത്തതു്?. സാഹിത്യബന്ധുക്കളെന്നു നടിക്കുന്നവരും ചരിത്രകാരന്മാരും പുരാണവസ്തുസ്നേഹിതന്മാരും ആയി അക്കാലത്തു ജീവിച്ചിരുന്ന അനേകംപേൎക്കു ഷേക്സ്പീയരേപ്പററി നമുക്കു ധരിക്കേണ്ടതായ പല അറിവും സിദ്ധിച്ചിരുന്നു എന്നുള്ളതു നിൎവിവാദമായ സംഗതിയാണു്.

എന്നാൽ അതൊന്നും നമുക്കു ലഭിക്കാൻ മാൎഗ്ഗമില്ലാതെ പോയി എന്നു മാത്രമല്ല അദ്ദേഹത്തിൻെറ മരണശേഷ മുണ്ടായിട്ടുള്ള ചില ഐതിഹ്യങ്ങളെ നാം ഇക്കാൎയ്യത്തിൽ വിശ്വസിക്കേണ്ടതായും വന്നിരിക്കുന്നു.

ഷേക്സ്പീയരുടെ സ്വദേശമായ വാറിക്ഷയറിലെ ജനങ്ങളേയും പ്രാചീനവസ്തുക്കളേയും പററി സർ വില്യം ഡഗ്ഡേൽ എന്നയാൾ ഒരു ഗ്രന്ഥം എഴുതീട്ടുണ്ട്. ഇതു നമ്മുടെ കവി മരിച്ചു മുപ്പതുകൊല്ലം കഴിഞ്ഞിട്ടാണ് പ്രസിദ്ധപ്പെടുത്തിയതെങ്കിലും അദ്ദേഹത്തിൻെറ പരിചിതന്മാരായിരുന്ന അനേകം പേരെ കണ്ടു സംസാരിക്കുന്നതിനു ഈ ഗ്രന്ഥകൎത്താവിനു സാധിച്ചു. എങ്കിലും ഷേക്സ്പീയറെ സംബന്ധിച്ച ഗൌരവമേറിയ കാൎയ്യങ്ങളെപ്പററി അദ്ദേഹം യാതൊന്നും തന്നെ പ്രസ്താവിച്ചുകാണുന്നില്ല. ഇംഗ്ലണ്ടിലെ പ്രാചീനകവികളുടെ ഒരു ചരിത്രമെഴുതുന്നതിനുദ്യമിച്ച താമസ് ഹേവുഡ് (Thomas Heywood) എന്നയാളോ, ഷേക്സ്പീയരുടെ നാടകകൃതികളെ 1664, 1685 എന്നീ വൎഷങ്ങളിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിട്ടുള്ള പുസ്തകവ്യാപാരികളോ, ഈ അമാനുഷകവിയുടെ ഒരു സംക്ഷിപ്തജീവചരിത്രമെങ്കിലും പ്രസിദ്ധപ്പെടുത്തീട്ടില്ല. പ്രാചീനകാലത്തു പ്രാബല്യത്തിലിരുന്ന വീരപുരുഷന്മാരുടെയും കവികളുടെയും ജീവിത ചരിത്രങ്ങളിൽ പല അടിസ്ഥാനരഹിതങ്ങളായ ഐതിഹ്യങ്ങളും സാധാരണ ജനങ്ങൾ ഉൾപ്പെടുത്താറു പതിവുണ്ട്. കാളിദാസൻ, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ മുതലായ നമ്മുടെ പ്രാചീനകവികളുടെ ജീവചരിത്രങ്ങൾ ഈ തത്വത്തെ തെളിയിക്കുന്നുണ്ട്. ഷേക്സ്പീയരേപ്പററിയും പല ഐതിഹ്യങ്ങളും ആദ്യകാലത്തു് ഉത്ഭവിച്ചിരുന്നു. എങ്കിലും പരിഷ്കൃതാശ

യന്മാരും, ഭാഷാഭിമാനികളും, ദേശാഭിമാനികളുമായ വിദ്വാന്മാരുടെ അക്ഷീണപരിശ്രമത്താൽ അവയെല്ലാം ദുർബലപ്പെടുത്തുന്നതിനും വാസ്തവചരിത്രം നമുക്കു ലഭിക്കുന്നതിനും ഇടയായിട്ടുണ്ടെന്നുള്ള വസ്തുത സവിശേഷം പ്രസ്താവയോഗ്യമാണ്. ഷേക്സ്പീയർ മരിച്ചു്, ഏകദേശം ഒരു ശതവൎഷം കഴിഞ്ഞതിൻെറ ശേഷമാണു് റൊ (Rowe) അദ്ദേഹത്തെപ്പററി ഒരു സംക്ഷേപചരിത്രമെഴുതിയുണ്ടാക്കിയതു്. അതിൽ പല അബദ്ധങ്ങളും ഉള്ളതായി ബാസ്വൽ (Boswell) മുതലായ വിദ്വാന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. പതിനെട്ടാം ശതവൎഷത്തിൽ ഡാക്ടർ ഫാർമർ (Dr Farmer), മലോൺ (Malone) മുതലായിവരെ അനേകം പേരും ഷേക്സ്പീയരുടെ ജീവിതദശയിലുള്ള പല സംഗതികളേയുംപററി പ്രത്യേകം പുസ്തകങ്ങളെഴുതിയിട്ടുണ്ടു്. ഈ അടുത്തകാലങ്ങളിൽ കാളിയർ (Collier) ഡൈസ് (Dyce) എന്നീ ഗ്രന്ഥകാരന്മാരും പല പരിശ്രമങ്ങളും ചെയ്തു് ഈ വിഷയത്തെപ്പററി പുസ്തകങ്ങളെഴുതീട്ടുണ്ടു്.

ഷേക്സ്പീയരുടെ പിതൃവംശം ഉൽകൃഷ്ടമായിട്ടുള്ളതാണെന്നു തെളിയിക്കുന്നതിലേക്കു റോ (Rowe) വളരെ പരിശ്രമംചെയ്തിരിക്കുന്നു. അദ്ദേഹത്തിൻെറ പിതാവായ ജാൺ ഷേക്സ്പീയരുടെ വംശക്കാർ കേവലം നിൎദ്ധനരായിരുന്നു എന്നും സ്ഥാവരവസ്തുക്കൾക്കു അവർ ഒരിക്കലും നാഥരായിരുന്നില്ലെന്നും പല രേഖാപ്രമാണങ്ങളേയും ആസ്പദമാക്കി മലോൺ (Malone) സമൎത്ഥിക്കുന്നു. എന്നു തന്നെയുമല്ല ഷേക്സ്പീയരുടെ പിതാമഹൻ ആരെന്നും അദ്ദേഹം എവിടെ ജീവിച്ചിരുന്നു എന്നും മററുമുള്ള സംഗതികൾ അന്ധകാരമയമായിത്തന്നെയിരിക്കുന്നു. എന്നാൽ വാറിക്ഷയറിൽ ആഢ്യമായി ഒരു മജിസ്ട്രേട്ടായിത്തീരുന്ന

തിനും, മാസ്റ്റർ എന്ന സ്ഥാനപ്പേരു ലഭിക്കുന്നതിനും ഷേക്സ്പീയരുടെ പിതാവായ ജാണിനു സാധിച്ചിട്ടുണ്ടെന്നുള്ളതു സ്മരണീയമാണു്. അദ്ദേഹത്തിന്റെ തൊഴിൽ കൈവിരലുകൾക്കുള്ള ഉറകൾ വളരെ വിചിത്രവേലകളോടുകൂടി നെയ്തു പ്രഭുക്കന്മാൎക്കും പാതിരിമാൎക്കും രസികന്മാരായ യുവാക്കന്മാൎക്കും വിൽക്കുകയായിരുന്നു. ഈ തൊഴിലിൽ പ്രവേശിച്ചിരുന്നതുകൊണ്ടു് അദ്ദേഹം നികൃഷ്ടനായിരുന്നു എന്നു വിചാരിക്കുന്നതു് അബദ്ധമാണു്. ഉൽകൃഷ്ടകുലത്തിൽ ജനിച്ച അനേകംപേർ ഗ്രേറ്റുബ്രിട്ടനിൽ ഇതിലും നികൃഷ്ടതരങ്ങളായ തൊഴിലുകളിൽ പ്രവേശിക്കുന്നതു സാധാരണമാണു്. എഡിൻബറോവിലെ ആപണവീഥികളിലിരുന്നു പരസ്യമായി മുൻപ്രസ്താവിച്ച വിധത്തിലുള്ള കച്ചവടങ്ങൾ പാർലമെന്റുസഭയിൽ സമ്മതിദാനാവകാശമുള്ള പ്രഭുക്കന്മാരുംകൂടി ചെയ്തുവരാറുണ്ടു്. വിശേഷിച്ചും, ജാൺഷേക്സ്പീയരുടെ വിവാഹംതന്നെ ഉയൎന്നരീതിയിലുള്ള ഒന്നാണു്. ഹെൻറി ഏഴാമന്റെ അടുക്കൽനിന്നും കരമൊഴിവായി വളരെ ഭൂസ്വത്തു ലഭിച്ചിട്ടുള്ള ഒരു മാന്യന്റെ മകളായ മേരി ആൎഡനെയാണു് അദ്ദേഹം ഭാൎയ്യയായി സ്വീകരിച്ചതു്. ഉൽകൃഷ്ടകുടുംബത്തിലുള്ള ഒരു സ്ത്രീയെ ഇപ്രകാരം വിവാഹം കഴിച്ചുകൊടുക്കണമെങ്കിൽ വരൻ നിശ്ചയമായും ഒരുവിധം മാന്യനായിരിക്കണമെന്നു് ആൎക്കും ഊഹിക്കാവുന്നതാണു്. 1550 സമീപിച്ചാണു് അദ്ദേഹം സ്ട്രാറ്റ്ഫോഡിൽ സ്ഥിരതാമസമാക്കിയതു്. 1565-ാമാണ്ടു് "ആൽഡർമാ"നായും 1568-ൽ പ്രധാനമജിസ്ട്രേറ്ററായും അദ്ദേഹം നിയമിതനായി.

വിവാഹത്തിൽനിന്നു് അദ്ദേഹത്തിനു സ്ത്രീധനമായി ലഭിച്ച സ്വത്തിന്റെ വില ഇരുനൂറുപവനായിരുന്നു. ഇതും

അദ്ദേഹത്തിന്റെ സ്വന്തസമ്പാദ്യവും സ്ട്രാറ്റ്ഫോഡിലെ ന്യായാധിപതിയായി നിയമിക്കപ്പെട്ടപ്പോൾ കിട്ടിവന്ന രാജകീയസമ്മാനങ്ങളും, എല്ലാംകൂടി അഞ്ഞൂറുപവൻ വിലയ്ക്കു മതിയാകുമായിരുന്നു. കാലാനുസാരമായി ഇതു സാമാന്യം വലിയ സ്വത്തായിരുന്നു എന്നുള്ളതിനു സംശയമില്ല. 1568-ാമാണ്ടു കഴിഞ്ഞതിൽ പിന്നെ ജാൺ ഷേക്സ്പീയർക്കു ഒരുമാതിരി കഷ്ടകാലം ആരംഭിച്ചു. അതിനു പല ലക്ഷ്യങ്ങളും ഉണ്ടു്. സാധുജനസംരക്ഷണയ്ക്കായി കരയിലെ പ്രധാനികളുടെ അടുക്കൽനിന്നും ആഴ്ചതോറും പിരിച്ചുവന്ന കരത്തിൽനിന്നും അദ്ദേഹത്തെ ഒഴിവാക്കി. ഇതു 1578-ൽ ആയിരുന്നു. അടുത്തയാണ്ടിൽ സ്വന്തവസ്തുവനുഭവത്തിനുള്ള കരംപോലും കൊടുക്കാൻ സാധിക്കായ്കയാൽ കുടിശ്ശികക്കാരുടെ പേരുവിവരം അടങ്ങിയ ലിസ്റ്റിൽ അദ്ദേഹത്തിന്റെ പേരുകൂടി ഉൾപ്പെടുത്തിക്കാണുന്നുണ്ടു്. അവിടുത്തുകാരനായ "ജാൺ സാഡ്ലർ" (John Sadler) എന്നൊരാളോടു് അഞ്ചുപവൻ കടമായി വാങ്ങേണ്ടതിലേക്കു് ഒരു സ്നേഹിതനെ ജാമ്യമേല്പിക്കേണ്ടി വന്നിട്ടുണ്ടു്. അതേ വർഷത്തിൽതന്നെ സ്ത്രീധനമായി തനിക്കു സിദ്ധിച്ചിരുന്ന "ആസ്ബിസ്" (Asbies) എന്ന വസ്തുവും പണയംവെയ്ക്കുകയും, കിട്ടിയ പണം കൊടുത്തു് സ്ട്രാറ്റ്ഫോഡിൽ രണ്ടു പുതിയ ഗൃഹങ്ങൾ വാങ്ങുകയുംചെയ്തു. അന്നത്തെക്കാലത്തു പാപ്പരുപുള്ളികളുടെ പക്കൽനിന്നും സ്ഥാവരവസ്തുക്കളെ കൈവശപ്പെടുത്താനുള്ള സാമർത്ഥ്യം ധനികന്മാർക്കു നല്ലപോലെ ഉണ്ടായിരുന്നു. ആ സ്ഥിതിക്കു് ആസ്ബിസ്സിന്റെ യഥാർത്ഥവിലയിൽ പകുതിയെങ്കിലും ജാൺ ഷേക്സ്പീയർക്കു സിദ്ധിച്ചോ എന്നുള്ള കാര്യം സംശയത്തിലാണു്. ഇതെല്ലാംകൊണ്ടും അദ്ദേഹത്തിന്റെ വാർദ്ധക്യകാലം ഒരുവിധം കഷ്ടാവസ്ഥയിലാണു് പരിണമിച്ചതെന്നൂഹിക്കേണ്ടിയിരിക്കുന്നു.

എങ്കിലും ചില ഗ്രന്ഥകാരന്മാർ പ്രസ്താവിച്ചിട്ടുള്ളതു പോലെ അത്ര നിർദ്ധനനായിട്ടാണോ ജാൺ മരിച്ചതെന്നു വിശ്വസിക്കാൻ തരമില്ലാതെയാണിരിക്കുന്നതു്.. എന്തെന്നാൽ അദ്ദേഹത്തിൻെറ മരണാനന്തരം പൂങ്കാവനങ്ങളോടുകൂടിയ രണ്ടു രമണീയങ്ങളായ ഗൃഹങ്ങൾ നമ്മുടെ കവിക്കു സിദ്ധിച്ചിട്ടുണ്ടു്. ഈ രണ്ടു ഗൃഹങ്ങളും പരിഷ്കാര രീതിയിൽവെച്ചുകൊണ്ടിരിക്കുന്നതിനു് വെറും പാപ്പരെങ്കിൽ ജാണിനു സാധിക്കുമായിരുന്നൊ? വാർദ്ധക്യകാലത്തു കഷ്ടതകളനുഭവിച്ചു എന്നുള്ളതു സാധാരണ മനുഷ്യർക്കു സംഭവിക്കാവുന്ന ഒരു കാര്യമല്ലെ? വിധിവിഹിതം ആർക്കും തന്നെ ലംഘിക്കാവുന്നതും അല്ലല്ലൊ. മുൻപ്രസ്താവിച്ച ഗൃഹങ്ങൾ ജാൺ ഷേക്സ്പീയർ വാങ്ങിയപ്പോൾ നമ്മുടെ കവിക്കു പത്തുവയസ്സു പ്രായമായിരുന്നു. ആകയാൽ വാങ്ങുന്നതിനുമുമ്പായി ഷേക്സ്പീയരുടെ പിതാവു് അവയിലൊന്നിലെങ്കിലും താമസിച്ചിരുന്നൊ എന്നുള്ളതു സംശയമാണു്. എങ്ങനെയെങ്കിലും, ഇതിലൊന്നിലാണു് ഷേക്സ്പീയർ ജനിച്ചതെന്നുള്ള വിശ്വാസത്തോടുകൂടി അനേകായിരം ആളുകൾ ആ പ്രത്യേകമന്ദിരത്തെ ഇന്നും സന്ദർശിച്ചുവരുന്നുണ്ടു്.

## 2. ബാല്യദശ.

ഈ പ്രബന്ധത്തിനു വിഷയീഭൂതനായിരിക്കുന്ന മഹാകവി വില്യം ഷേക്സ്പീയർ 1564-ാമാണ്ടു് ഏപ്രിൽ മാസം 23-ാംനു-യാണു് ഭൂലോകജാതനായതു്. ജാൺ ഷേക്സ്പീയർക്കു് ആകെ എട്ടു മക്കൾ ഉണ്ടായിരുന്നു. അവരുടെ പേരുകൾ യഥാക്രമം, ജോൻ (Joan), മാർഗററ് (Margaret), വില്യം (William), ഗിൽബർട്ടു് (Gilbert), രണ്ടാം ജോൻ, (JoanII) ആൻ (Anne), റിച്ചേർഡ്

(Richard), എഡ്മൺഡ് (Edmund) എന്നിവരായിരുന്നു. ഇവരിൽ ആദ്യത്തെ ജോനും, മാർഗററും, ആനും ശൈശവത്തിൽതന്നെ അകാലമൃത്യു പ്രാപിച്ചു. ഗിൽബർട്ട് വളരെക്കാലം ജീവിച്ചിരുന്ന്, ഷേക്സ്പീയരുടെ നാടകങ്ങൾ വായിക്കുകയും അഭിനയങ്ങൾ കണ്ടാനന്ദിക്കുകയും ചെയ്തതിന്റെശേഷം ചരമഗതിയെ പ്രാപിച്ചു. രണ്ടാമത്തെ ജോൻ ഒരു കച്ചവടക്കാരന്റെ ഭാര്യയായിത്തീർന്നു. റിച്ചേർഡിനെപ്പററി യാതൊന്നും അറിവാൻ മേല. എഡ്മൺഡ് ഒരു നല്ല നടനെന്നു കീർത്തികേൾപ്പിച്ചതിന്റെശേഷം 28-ാമത്തെ വയസ്സിൽ പരലോകപ്രാപ്തനായി.

വില്യം ഷേക്സ്പീയരുടെ ശൈശവകാലത്തെപ്പററി വിശ്വാസയോഗ്യങ്ങളായ പ്രമാണങ്ങൾ എങ്ങും കാണാത്തതിനാൽ ആ ഭാഗത്തെപ്പററി ഇവിടെ വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല. അന്നുണ്ടായ ഒരു വലിയ സംഭവം സ്റ്റാററ്ഫോഡിനെ ആകപ്പാടെ ബാധിച്ച പ്ലേഗുമഹാമാരി ആയിരുന്നു. ഇതിൽനിന്നും രക്ഷപ്രാപിച്ചവർ വളരെ ചുരുക്കംപേർമാത്രമെ ഉണ്ടായിരുന്നുള്ളു. പ്രസവിച്ചിട്ട് ഒമ്പതാഴ്ചവട്ടം കഴിഞ്ഞ ഈ ശിശു ദൈവാനുഗൃഹീതനായിരുന്നു എന്ന് ഈ അവസരത്തിൽ പ്രത്യക്ഷപ്പെട്ടുകയുണ്ടായി. നമ്മുടെ ശിശുവിന്റെ ഗൃഹത്തിൽ മാത്രം ഈ ഭയങ്കര ദുർദ്ദേവത പ്രവേശിച്ചില്ല. എന്തൊരാശ്ചര്യം! ഇതിനു ദൈവയോഗം എന്നല്ലാതെ എന്താണു പറവാനുള്ളത്? മുഹമ്മദ് ശത്രുക്കളെ ഭയന്ന് ഓടിപ്പോകും വഴിയിൽ ഒരു ഗുഹയ്ക്കകത്തു കടന്നിരിക്കുകയും ശത്രുക്കൾ വന്നു നോക്കിയപ്പോൾ അതിന്റെ ദ്വാരമാർഗ്ഗത്തിൽ എട്ടുകാലിയുടെ വല കണ്ടു് അകത്തുകയറി നോക്കാതെ പോകയും ചെയ്തു വിവരവും, മററു ചരിത്രപ്രസിദ്ധങ്ങളായ അനേകം

ദൃഷ്ടാന്തങ്ങളും, ഇതിനോടു സാമ്യമുള്ളവയാണു്. ഈ ഓരോ ദൃഷ്ടാന്തങ്ങളിലും വളരെ നിസ്സാരങ്ങളായ ചില കാൎയ്യങ്ങൾ ഭൂലോകചരിത്രത്തെ ഒന്നോടെ ഭേദപ്പെടുത്തീട്ടുണ്ടെന്നു തെളിയുന്നതാണു്. അതുപോലെതന്നെ കഠോരതരമായ ഈ സാംക്രമികരോഗത്തെ ഷേക്സ്പീയറുടെ ശയനസ്ഥലത്തേക്കു് ആനയിക്കാത്ത കാററിൻെറ ആ പ്രത്യേക ഗതിവിശേഷം, ഇംഗ്ലീഷുസാഹിത്യചരിത്രത്തെ തീരെ വ്യത്യാസപ്പെടുത്തിയിരിക്കുന്നു.

ഷേക്സ്പീയൎക്കു സിദ്ധിച്ചിട്ടുള്ളേടത്തോളം വിദ്യാഭ്യാസം സ്റ്റാററ്ഫോഡിലെ ഫീസില്ലാതെ പഠിപ്പിച്ചുവന്ന സ്കൂളിൽനിന്നും ലഭ്യമായതായിരുന്നു. പള്ളിക്കൂടത്തിൽ ചേൎന്നതെന്നാണെന്നും എത്ര വയസ്സുവരെ അവിടെ പഠിച്ചു എന്നും നിൎണ്ണയിക്കാൻ പ്രയാസമായിരിക്കുന്നു. പിതാവു വിദ്യാഭ്യാസവിഹീനനായിരുന്നു എങ്കിലും പുത്രൻെറ പഠിത്ത വിഷയത്തിൽ ജാഗരൂകനായിരുന്നു എന്നുള്ളതു സവിശേഷം പ്രസ്താവയോഗ്യമാണു്. നമ്മുടെ കവി ലാററിൻ മുതലായ ഭാഷകൾ പഠിച്ചു വലിയ വ്യുല്പന്നനായിത്തീൎന്നു എന്നു വിചാരിപ്പാൻ ന്യായം കാണുന്നില്ല. ലാററിൻ ഭാഷയിൽ ഒരുവിധം സാമാന്യജ്ഞാനം അദ്ദേഹത്തിനുണ്ടായിരുന്നു എന്നു് എല്ലാവരും സമ്മതിക്കുന്നു. ഇതിലേക്കു ലക്ഷ്യം അദ്ദേഹം ലാററിൻ ഭാഷയിലെഴുതിയ അനേകം പുസ്തകങ്ങൾ വായിച്ചു് അവയിലെ രചനാവൈഭവത്തെയും കഥാബന്ധത്തെയും അനുകരിച്ചാണു് നാടകങ്ങളിൽ മിക്കവയും എഴുതീട്ടുള്ളതെന്നുള്ളതാണു്. സ്വല്പമായ പഠിത്തം മാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിലും ഇത്ര വലിയ ബുദ്ധിശക്തിയും അസാമാന്യമായ കവിതാവാസനയും അദ്ദേഹത്തിനുണ്ടായല്ലൊ എന്നു പലരും അത്ഭുതപ്പെടുമ്പോൾ വാസനാനുരൂപമല്ലാത്ത വിദ്യാഭ്യാസത്തിനുദ്യമിച്ചു് അതിൽ

പാണ്ഡിത്യം നേടുന്നതിനും ബാല്യദശ വ്യഥാവിലാക്കുന്നതിനും അദ്ദേഹത്തിനിടയാകാതെപോയ ഭാഗ്യാതിശയത്തെപ്പററി എനിക്കു ബഹുമാനമാണുള്ളതു്. പാണ്ഡിത്യം എന്ന ശബ്ദത്തിനു ഞാൻ അർത്ഥമാക്കുന്നതു നല്ല പുസ്തകങ്ങൾ വായിച്ചും ലോകപരിചയംകൊണ്ടും ഉണ്ടാകുന്ന മനഃപരിഷ്കാരം എന്നാണു്. അല്ലാതെ അകാരാദികളും വ്യാകരണസൂത്രങ്ങളും ഉരുക്കഴിച്ചുണ്ടാകുന്ന സാമർത്ഥ്യപ്രകടനം എന്നല്ല.

"കവിതാ വനിതാ ചൈവ
സ്വയമേവാഗതാവരാ"

എന്നുള്ള കവിവാക്യത്തിലന്തർഭവിച്ചിരിക്കുന്ന സാരതത്വപ്രകാരം വശ്യവാക്കായ ഒരു കവിയ്ക്കു ശാസ്ത്രാദികളിൽ അനിതരസാധാരണമായ പാണ്ഡിത്യം ആവശ്യകമാണോ എന്നുള്ളസംഗതി സംശയഗ്രസ്തമായിരിക്കുന്നു. എന്തെന്നാൽ, വളരെ പരിശ്രമിച്ചു വിദ്യയഭ്യസിച്ചിട്ടുള്ള ഒരുവൻെറ മാനസസൃഷ്ടിയിലുള്ള വൈഭവം മററുള്ളവരാൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ക്രിത്രിമമാർഗ്ഗങ്ങളെ അനുസരിച്ചിരിക്കാനെ തരമുള്ളു. എന്നുമാത്രമല്ല, സ്വതന്ത്രാഭിപ്രായങ്ങൾക്കു കീഴടക്കി സ്വാത്മാവിൻെറ അതിദൈവികമായ ശക്തിയെ വിസ്മരിച്ചു് അവൻ കേവലം നിസ്സാരനായിത്തീരുന്നു. പ്രകൃതിയുടെ ആന്തര്യാവസ്ഥയെ തൻെറ മനോദർപ്പണത്തിൽക്കൂടി പ്രതിഫലിപ്പിച്ചു സാധാരണമനുഷ്യരെ വശീകരിക്കാനുള്ള തന്ത്രവും ഒരുത്തൻെറ ലോകാനുസാരമായ വിദ്യാഭ്യാസവർദ്ധനയിൽ അജ്ഞാതമായി നശിച്ചുപോകുന്നു. ദിവസമൊന്നിനു പതിനാറു മണിക്കൂറുവീതം വായിക്കുക പതിവായിരുന്ന ഒരു വിദ്യാർത്ഥിയെപ്പററി "അയാൾ ബഹുവിദ്വാനായിത്തീരും" എന്നാരോ പറഞ്ഞപ്പോൾ അടുത്തു നിന്നിരുന്ന വേറൊരാൾ "ആകട്ടെ ദിവ

സേന പതിനാറു മണിക്കൂറു വീതം വായിക്കുന്ന ഈ വിദ്വാൻ എത്ര മണിക്കൂർ ചിന്തിക്കുന്നുണ്ട്?" എന്നു ചോദിച്ചതായി ഞാൻ ഓക്കുന്നുണ്ട്. ഈവിധത്തിലുള്ള നവീനവിദ്യാഭ്യാസം ഷേക്സ്പീയക്ക് സിദ്ധിച്ചില്ലെന്നുള്ളതു ഇംഗ്ലീഷ്കാക്ക് പരക്കെ അഭിമാനഹേതുകമായിരിക്കുന്നു.

ഷേക്സ്പീയർക്കു യൈറോപ്യപുരാണങ്ങളിൽ അസാമാന്യമായ പരിജ്ഞാനമുണ്ടായിരുന്നു എന്ന് അദ്ദേഹത്തിൻെറ കൃതികളിൽ നിന്നും പ്രത്യക്ഷപ്പെടുന്നുണ്ട്. അങ്ങനെയിരിക്കെ ലാററിൻ മുതലായ ഭാഷകളിൽ അദ്ദേഹത്തിനു വ്യുല്പത്തിയുണ്ടായിരുന്നില്ലെന്നു പറയുന്നതു് അടിസ്ഥാനരഹിതമെന്നു ചിലർ വാദിക്കുന്നുണ്ട്. എങ്ങനെ ആയാലും അതിലേക്ക് അദ്ദേഹത്തിന് സിദ്ധിച്ച സമയവും സൌകര്യവും വളരെ കുറവായിരുന്നു എന്നുള്ളതിനു പക്ഷാന്തരമില്ല. എന്തെന്നാൽ, മൂന്നോ നാലോ വഷത്തിലധികം പ്രാഥമിക വിദ്യാലയത്തിൽ പഠിച്ചിട്ടില്ലെന്നു പലമഹാന്മാരും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിനു പഠിത്തം വിട്ടതിൻെറ ശേഷം പുസ്തകവായനയിൽ അഭിരുചി ജനിച്ചതായിട്ടോ, കുടുംബഭരണത്തിൽ മനസ്സിനു നേരിട്ടിരിക്കാവുന്ന ബുദ്ധിമുട്ടുകളുടെ കൂട്ടത്തിൽ അന്യഭാഷാപഠനത്തിനു അദ്ദേഹം ഉദ്യമിച്ചതായിട്ടോ ഊഹിപ്പാൻ മാർഗ്ഗമില്ലാതെയാണിരിക്കുന്നതു്. കൃതികളിൽ നിന്നു അദ്ദേഹത്തിന് അല്പം ഫ്രഞ്ചുകൂടി അറിയാമായിരുന്നു എന്നു തെളിയുന്നുണ്ട്. അതുകൂടാതെ സ്പാനിഷ്, ഇററാലിയൻ എന്നീ ഭാഷകളും അദ്ദേഹത്തിനു പരിചിതങ്ങളായിരുന്നിരിക്കാൻ തരമുണ്ട്. എന്നാൽ ഷേക്സ്പീയരെപ്പോലെയുള്ളവർ എന്തിനായിട്ടാണ് വായിക്കുന്നതു്? മനസ്സിൻെറ മഹത്തായ ഭാവനാശക്തിക്കു ഗോചരി

ഭവിക്കാത്ത വിഷയങ്ങളാണൊ പുസ്തകങ്ങളിൽ പ്രതിപാദിക്കുന്നതു്?

അദ്ദേഹത്തിന്നു് എത്രമാത്രം വിദ്യാഭ്യാസം സിദ്ധിച്ചിരുന്നു എന്നു നിണ്ണയിക്കുന്നതിന്നു് പ്രയാസമായിരിക്കുന്നു എങ്കിലും യൂറോപ്പിലെ വിശിഷ്ടഭാഷകളിൽനിന്നും അവശ്യം അറിയേണ്ടതായ സകല സംഗതികളും അദ്ദേഹം കൈവശപ്പെടുത്തിയിരുന്നു എന്നു തെളിയുന്നുണ്ടു്. ഇംഗ്ലീഷുഭാഷയെ നാം ഇപ്പോഠം കാണുന്ന പരിഷ്കൃതരൂപത്തിലാക്കിത്തീർക്കുന്നതിൽ ഷേക്സ്പീയർ ചെയ്തിട്ടുള്ള ശ്രമം എത്രമാത്രമാണെന്നു അദ്ദേഹത്തിൻെറ കൃതികഠം പരിചയമുള്ള ഏവനും മനസ്സിലാക്കാവുന്നതാണു്.

## 3. വിവാഹം

വിദ്യാലയത്തിൽനിന്നും വിരമിക്കുന്നതിന്നു ഷേക്സ്പീയർ നിർബന്ധിതനായതു പിതാവിൻെറ കഷ്ടകാലത്താലാണെന്നും പിതാവിൻെറ തൊഴിലിൽ പങ്കുകൊള്ളുന്നതിന്നു അദ്ദേഹം പ്രേരിപ്പിക്കപ്പെട്ടു എന്നും വളരെ ചെറുപ്പത്തിൽതന്നെ ഏതെങ്കിലും തൊഴിലിൽ പ്രവേശിച്ചു നിത്യോപജീവനമാർഗ്ഗം സ്വതന്ത്രമായി നേടുന്നതിന്നു അദ്ദേഹത്തിന്നു വളരെ ആഗ്രഹമുണ്ടായിരുന്നു എന്നും റോ അഭിപ്രായപ്പെട്ടിട്ടുള്ളതു് മലോൺ ഏതാണ്ടു വിസമ്മതിക്കുന്നതുപോലെ തോന്നുന്നു. തൻെറ തൊഴിലിൽ സഹായിയായിത്തീരണമെന്നുള്ള ഉദ്ദേശത്തോടുകൂടി പിതാവുതന്നെയാണു് ഷേക്സ്പീയറെ വിദ്യാലയത്തിൽനിന്നു വിളിച്ചതു് എന്ന സംഗതി പരമാത്ഥമായി സ്വീകരിക്കുന്നതിന്നു പല ലക്ഷ്യങ്ങളും ഉണ്ടു്.

നമ്മുടെ കവി ഒരു വക്കീലിൻെറ ഗുമസ്തനായും പിന്നീടു കുറെകാലത്തേക്കു കൂട്ടുവക്കീലായും ഇരുന്നിട്ടു

ണ്ടെന്നു കാണിക്കുന്ന ഒരൈതിഹ്യമുണ്ട്. ഈ വസ്തുത ഗ്രഹിച്ചിട്ടുള്ള ആധുനികവക്കീലന്മാരെല്ലാവരും ഈ സംഗതിയെ വളരെ പ്രബലപ്പെടുത്തീട്ടുമുണ്ട്. ഈ തൊഴിലിലുള്ള നമ്മുടെ കവിയുടെ പരിചയം അസാമാന്യമായിട്ടുള്ളതാണെന്നും, യാദൃച്ഛികമായിട്ടുണ്ടായിട്ടുള്ള പരിജ്ഞാനം ഇതുപോലെ സൂക്ഷ്മവും സാപൂൎണ്ണവും ആയിരിപ്പാൻ ഇടയില്ലെന്നും, ഒരു നിയമകൎത്താവിൻെറ നിലയിൽ ഷേക്സ്പീയറെ ഗണിക്കുന്നതു അനുചിതമായിത്തീരുന്നതല്ലെന്നും അവർ വാദിക്കുന്നു. വിപരീതാഭിപ്രായക്കാരായിരുന്നാൽ നിങ്ങളുടെ പേരിൽ വ്യവഹാരം നടത്തുന്നതിനും അനുകൂലാഭിപ്രായക്കാരായിരുന്നാൽ നിങ്ങളുടെ പക്ഷംചേൎന്നു ഫീസുകൂടാതെ വ്യവഹരിക്കുന്നതിനും ഈ കൂട്ടർ തയ്യാറാണ്. ഈ മഹാകവിയുടെ മാനസസൃഷ്ടിയായ പല കഥാപാത്രങ്ങൾക്കും കല്പിച്ചിട്ടുള്ള ക്രിത്രിമബുദ്ധി, നയം, സൂത്രം, വഞ്ചന, ആൾമാറാട്ടം മുതലായ സ്വഭാവവിശേഷങ്ങൾ കൂട്ടുവക്കീലായിരുന്നപ്പോൾ സിദ്ധമായിരുന്ന ഫലങ്ങളാണെന്നു അവർ മക്കട്ടെമുഷ്ടിയോടുകൂടി വാദിക്കുന്നു. ചുരുക്കത്തിൽ അവൎക്കു ഈ മഹാകവി അവരുടെ വൎഗ്ഗത്തിലുൾപ്പെട്ടിട്ടുള്ളവനാണെന്നു്, ഭഗീരഥപ്രയത്നം ചെയ്തിട്ടെങ്കിലും, തെളിയിക്കണമെന്നേയുള്ളു. സ്റ്റാറ്റ്ഫോർഡിലെ "റിക്കാർഡുകോടതി"യിൽ കേവലം ജിജ്ഞാസയാൽ പ്രേരിതനായി ഇദ്ദേഹം ചില വ്യവഹാരങ്ങൾ നടന്ന അവസരങ്ങളിൽ ഹാജരായി നീതിവിചാരണ കേട്ടു വന്നതിൽ നിന്നുമാണു് മുൻപറഞ്ഞ നിയമപരിജ്ഞാനം ഉണ്ടായതെന്നു പറവാൻ ഭാവമുള്ള മലോൺ, പതിനാലു വയസ്സുമാത്രം പ്രായമുള്ള ഒരു ബാലകവി മററുവിഷയങ്ങളെ വിട്ടു്, ഈ ശുഷ്കമായ വിഷയത്തിൽ ശ്രദ്ധാലുവായിത്തീൎന്നു എന്നു വാദിക്കുന്നൊ

ങ്കിൽ അതു അത്ഭുതകരമായിട്ടുള്ളതു തന്നെ. പതിന്നാലാമത്തെ വയസ്സിനും പതിനെട്ടാമത്തെ വയസ്സിനും മദ്ധ്യേ അദ്ദേഹം ഒരദ്ധ്യാപകനായിട്ടാണു് കാലം കഴിച്ചതെന്നു പറഞ്ഞുവരുന്നതും കാലദേശാവസ്ഥകൾ പര്യാലോചിച്ചു നോക്കുമ്പോൾ അബദ്ധമെന്നു തെളിയുന്നതാണു്. ഇക്കാലം സമീപിച്ചു് അദ്ദേഹം ഏതെങ്കിലും ഒരു തൊഴിലിൽ സ്ഥിരമായി പ്രവേശിച്ചിരുന്നു എന്നുള്ളതു നിസ്തർക്കം തന്നെ. ആകയാൽ പിതാവിൻെറ തൊഴിലായ ഹസ്തച്ഛദനിർമ്മാണം (Glove-making) തന്നെയാണു് അദ്ദേഹം ആചരിച്ചിരുന്നതെന്നു സ്ഥിരീകരിക്കുന്നതിൽ വൈഷമ്യം കാണുന്നില്ല. ഒരു ഇംഗ്ലീഷ് യുവാവിൻെറ ചെറുപ്പത്തിലുള്ള തൊഴിലിനെപ്പററി സംശയമുണ്ടാകുമ്പോൾ കപ്പലോട്ടത്തിലുദ്യമിച്ചിരുന്നു എന്നു പറഞ്ഞു സംശയനിവാരണം വരുത്തുന്നതു സാധാരണമാണെങ്കിലും ഈ ഒരു കാര്യത്തിൽ ഷേക്സ്പീയറെ അപരാധപ്പെടുത്താതിതിരുന്ന ജീവചരിത്രലേഖകന്മാരുടെ മനോധർമ്മം വളരെ വിസ്മയകരമായ ഒന്നു തന്നെ. കപ്പലോട്ടത്തേയും നാവികജീവിതത്തേയും അവയിൽ അന്തർഭൂതങ്ങളായിരിക്കുന്ന പല ആപത്തുകളേയും പററി അവിടവിടെ നാടകങ്ങളിൽ സൂക്ഷ്മമായും സവിസ്തരമായും വർണ്ണിച്ചിട്ടുള്ള നമ്മുടെ കവിക്കു പ്രസ്തുതവിഷയത്തിൽ ക്രിത്രിമപാടവം മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നുള്ളതു ഗാഢാലോചനയിൽ അദ്ദേഹത്തിൻെറ കൃതികളെ വായിച്ചിട്ടുള്ള ഏവനും മനസ്സിലാക്കാവുന്നതാണു്. കാളിദാസൻ, ഭവഭൂതി മുതലായ ഭാരതീയ കവികളുടെ ചില വർണ്ണനകളിൽ നിന്നും യഥാർത്ഥമായ സങ്കല്പശക്തിയോടുകൂടിയ ഒരു മഹാകവിക്കു അപ്രകാരമുള്ള പ്രത്യേക പരിജ്ഞാനമൊന്നും ആവശ്യമില്ലെന്നും തെളിയുന്നതാണു്. ആ ഭാഗമിരിക്കട്ടെ.

ഇക്കാലത്തുതന്നെ ഷേക്ക്സ്പീയരുടെ ജീവിതദശയിൽ ഒരു പ്രധാനസംഭവമായി ഗണിക്കപ്പെടാവുന്ന വിവാഹവും നടന്നു. "ആൻഹാതവെ" (Anne Hathaway) എന്ന സ്ത്രീരത്നമാണു് ഭാൎയ്യയായിത്തീരാൻ ഭാഗ്യം സിദ്ധിച്ചവൾ. ഇവർ അയൽപ്രദേശത്തുള്ള ഒരു കൃഷകന്റെ പുത്രിയായിരുന്നു. ഈ വിവാഹത്തിൽ വരനു പതിനെട്ടും സ്ത്രീക്കു ഇരുപത്താറും വയസ്സു പ്രായമായിരുന്നു എന്നറിയുമ്പോൾ വായനക്കാർ ആശ്ചൎയ്യപരതന്ത്രരായേക്കാം. മഹാകവികളുടെ ജീവചരിത്രങ്ങളിൽ ഇതുപോലെയുള്ള പല അത്ഭുതസംഭവങ്ങളും കണ്ടേക്കാം. വിവാഹസമയവും സ്ഥലവും ഊഹ്യഗോചരങ്ങളാണെന്നു മെലോൺ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അതിൽപിന്നീടു നടത്തിയ അന്വേഷണങ്ങളുടെ ഫലമായി സ്വദേശത്തെ പ്രധാനികളായ രണ്ടു കൃഷകന്മാരുമായി ഷേക്ക്സ്പീയർ വിവാഹാലോചന നടത്തിയെന്നും, സ്വച്ഛാനുസാരമായി ഈ സ്ത്രീയെ തെരഞ്ഞെടുത്തതാണെന്നും, വിവാഹഉടമ്പടിയിൽ കാണുന്ന തീയതിപ്രകാരം അതു നടന്നതു് 1582 നവമ്പ്രമാസം 28-ാംനുയാണെന്നും കാണുന്നു.

മെലോന്റെ അഭിപ്രായപ്രകാരം, ആൻഹാതവെ ഒരു നിൎദ്ധനകുടുംബത്തിൽ ജനിച്ചവളും അച്ഛനിൽ നിന്നും ക്രമാഗതാവകാശപ്രകാരം കാലക്ഷേപത്തിനുള്ള സ്വത്തു മാത്രം സിദ്ധിച്ചിരുന്നവളും ആണ് എന്നു കാണുന്നു. ആകയാൽ വിവാഹംകൊണ്ടു ഷേക്ക്സ്പീയൎക്കു യാതൊരുവിധത്തിലും ധനസംബന്ധമായ ഉന്നതിക്കു് ഇടവന്നിട്ടില്ല. ഇവരുടെ ആദ്യത്തെ സന്താനമായ സുസാനാ എന്ന പുത്രി ഭൂലോകജാതയായതു വിവാഹാനന്തരം ആറുമാസം കഴിഞ്ഞിട്ടാണെന്നു മൻ. പ്രസ്താവിച്ച തീയതിപ്രകാരം

വെളിപ്പെടുന്നു. ഇതു വധൂവരന്മാർ തമ്മിൽ വിവാഹത്തിനു മുമ്പുണ്ടായിരുന്ന അനുരാഗാധിക്യത്തേയൊ, സമയനിശ്ചയം ചെയ്തതിലുള്ള അബദ്ധത്തേയോ സൂചിപ്പിക്കാതെ നിവൃത്തിയില്ലല്ലൊ. പിറെറക്കൊല്ലം ഇരട്ട പ്രസവിച്ചതിൽ ഹാംനററ് (Hamnet) എന്നൊരു പുത്രനും, ജൂഡിത് (Judith) എന്നൊരു പുത്രിയും ഉണ്ടായി. ഇവക്കു നാമകരണം ചെയ്തതിൽ, ഷേക്സ്പീയരുടെ ആപ്തമിത്രങ്ങളിൽ ഒരുവനായ ജാൺ സാഡ്ലറുടേയും (John Sadler) അദ്ദേഹത്തിൻെറ മഹിഷിയുടെയും പേരുകളാണ് അംഗീകരിച്ചതു്. ആൻഹാതവെ പിന്നീടു പ്രസവിച്ചിട്ടില്ലെന്നാണ് പറഞ്ഞുകാണുന്നതു്.

വൈവാഹികജീവിതത്തിൽ ആദ്യമായി സംഭവിച്ച ദുരാപത്തു് വിവാഹംമൂലമുണ്ടായിട്ടുള്ളതല്ലെന്നു തെളിയുന്നുണ്ടെങ്കിലും അദ്ദേഹത്തിനു് ഒരു ദുഷ്പേരിനു് ഇടയായിത്തീർന്നിട്ടുണ്ടു്. ചോരത്തിളപ്പു വദ്ധിച്ചു് അനഭിലഷണീയമായ സ്വാതന്ത്ര്യമോഹത്തിനു വശംവദരായി വത്തിക്കുന്ന യുവാക്കന്മാക്കു സഹജമായി സംഭവിക്കുന്ന സംസർഗ്ഗദോഷവും, അതിൻെറ പരിതാപകരമായ ഫലവും ആണു് ഇദ്ദേഹത്തിനും സംഭവിച്ചതെന്നു "റൊ" എഴുതീട്ടുള്ള ജീവചരിത്രത്തിൽ കാണുന്നു. അതിനെപ്പററി ഒരു ഐതിഹ്യമുള്ളതു സംക്ഷേപമായി ഇവിടെ ചേക്കാം.

താമസ്സ് ലൂസി (Thomas Lucy) യുടെ ഏഴു വേൽക്കാർ ഒരു ദിവസം രാവിലെ ഏതാനും ശിപായിമാരോടു കൂടി കുതിരപ്പുറത്തു കയറിഓടിച്ചുകൊണ്ടു മേയർപ്രഭുവിൻെറ ഗൃഹത്തിൽ പ്രവേശിച്ചു. അടുത്തു റോഡിൽക്കൂടി നടന്നുകൊണ്ടിരുന്ന കുട്ടികളെല്ലാം പരിഭ്രമിച്ചു നോക്കിത്തുടങ്ങി. കടകളിലിരുന്നു തങ്ങളുടെ നിത്യവൃത്തിക്കുള്ള യത്നങ്ങളം

ഓരോന്നായി ചെയ്തുതുടങ്ങിയ തയ്യൽകാർ മുതലായവർ കുറച്ചുനേരത്തേക്കു മുമ്പിൽ കിടന്ന വിവിധസാമഗ്രികളെയെല്ലാം വിസ്മരിച്ചു തുറിച്ചുനോക്കിത്തുടങ്ങി. ഉണ്ടിയൽക്കടക്കാരൻ ജാൺ ഏതോ വിഷമതരമായ കണക്കു കൂട്ടിക്കൊണ്ടിരുന്നിടത്തു നിന്നും എണീററു കുതിരപ്പുറത്തു വന്നവരെ മിഴിച്ചുനോക്കിക്കൊണ്ടിരുന്നു. എന്നുവേണ്ട, കുതിരപ്പുറത്ത് ആയുധപാണികളായി സഗൌരവം സവാരി ചെയ്ത തുരുപ്പുകാരെ കാണുന്നതിനും, അവർ വന്നകാര്യത്തെപ്പററി അറിയുന്നതിനും അത്യാഗ്രഹത്തോടു കൂടി അനേകം പേർ അവിടെക്കൂടി. ഓരോരുത്തരായി മേയറുടെ ഗേഹത്തിൻെറ പടിവാതൽ കടന്ന് അകത്തേക്കു കാലൂന്നിത്തുടങ്ങി. അവരുടെ സംശയങ്ങൾ പലവിധത്തിലും വെളിയിൽ അറിയാറായി.

സ്പെയിൻകാർ യുദ്ധസന്നദ്ധരായി ഒരു വലുതായ നാവികസൈന്യവുംകൊണ്ടു തേംസ്നദിയിൽ എത്തിയിരിക്കുന്നു എന്നും, രാജ്ഞിയെ ചില രാജദ്രോഹികൾ ചേർന്നു ബന്ധിച്ചു കാരാഗൃഹത്തിലാക്കിയിരിക്കുന്നു എന്നും, രാജ്ഞി പതിവായി ഉപയോഗിച്ചുവരാറുള്ള പാനദ്രവ്യത്തിൽ ആരോ വിഷം കലർത്തിക്കൊടുക്കയാൽ തിരുമേനി മോഹാലസ്യയായി കിടക്കുന്നു എന്നും, ഈ വിധത്തിൽ അടിസ്ഥാനരഹിതങ്ങളായ പല ഊഹങ്ങളും അവർ തമ്മിൽ തമ്മിൽ ജല്പിച്ചു. ഒടുവിൽ വാസ്തവം പ്രത്യക്ഷമായി. സ്പെയിൻകാരാരും യുദ്ധത്തിനുവന്നിരുന്നില്ല; മഹാരാജ്ഞി തിരുമനസ്സിലേക്കു ദൈവകൃപയാൽ യാതൊന്നും സംഭവിച്ചിട്ടുണ്ടായിരുന്നില്ല. എന്നാലും താമസ്സ് ലൂസിയുടെ ഏഴവേൽക്കാർ ഈവിധം അശ്വാരൂഢരായി വന്നതു വെറുതെയാവില്ലല്ലൊ; വാസ്തവം ഇതായിരുന്നു. തലേദിവസം രാത്രി, ആരോ ലൂസിയുടെ പുരയിടത്തിൽ കയറി മാൻ

ഘോഷണം നടത്തുകയും, ഒരു രസികൻ മാനിനെകൊണ്ടു പോവുകയും, വേറൊന്നിനെ അർദ്ധമൃതപ്രായമാക്കിയിടുകയും ചെയ്തിരുന്നു. മോഷ്ടാക്കളെ മിക്കവാറും മനസ്സിലാക്കിയതിനാൽ അവരെ പിടിച്ചു ബന്ധനസ്ഥരാക്കി ചാറൽ കോട്ടേക്കു കൊണ്ടുചെല്ലണമെന്നു മേയർപ്രഭുവിനോടു പറയാനായിരുന്നു അവർ ആഗതരായതു്. വർത്തമാനം ഇത്ര സാരമില്ലാത്ത ഒന്നാണെന്നു ധരിച്ചതോടുകൂടി അവിടെ കൂടിയിരുന്നവരിൽ ചിലരെല്ലാം തങ്ങളുടെ ജോലികൾക്കായി പിരിഞ്ഞു. എന്നിട്ടും മോഷ്ടാക്കളെ ഒരു കണ്ണു കാണണമെന്നുള്ള ആകാംക്ഷയാൽ പ്രേരിതരായിട്ടു മുക്കാൽ ഭാഗവും ആളുകൾ അവിടവിടെ ഉളിഞ്ഞുനോക്കികൊണ്ടു നിന്നാതേയുള്ളു. ഈ സമയംകൊണ്ടു മോഷ്ടാക്കളെയെല്ലാം പിടിച്ചുകൊണ്ടുവരികയും അവരെ കുതിരപ്പുറത്തു കയററി കൊണ്ടുപോകുന്നതിനു വേണ്ട ഏർപ്പാടുകൾചെയ്കയും ചെയ്തു. അല്പം കഴിഞ്ഞപ്പോൾ അവരെല്ലാവരുംകൂടി മേയർപ്രഭുവിൻെറ മന്ദിരത്തിൽനിന്നും ബഹിർഗമിച്ചു് തെരുവീഥിയിൽകൂടി സഞ്ചരിച്ചു തുടങ്ങി.

ഇനി മോഷ്ടാക്കളെ നോക്കാം. അവർ ആകെ നാലുപേരുണ്ടായിരുന്നു. ആരുടെയും മുഖം സന്തോഷം കൊണ്ടു പ്രസന്നമാകാതിരുന്നില്ല. അവരിൽ ഒരാളുടെ മുഖം സഹജമായ സൌമ്യവംകൊണ്ടും, ആഹ്ലാദചിഹ്നങ്ങൾകൊണ്ടും, പ്രസന്നമനോഹരതപംകൊണ്ടും സവിശേഷം ശോഭിച്ചു. അദ്ദേഹത്തിനു 22 വയസ്സുപ്രായം തോന്നും. ദീർഘകായനും അതിസുന്ദരനും ആയിരുന്ന അദ്ദേഹത്തിനു ദേഹശക്തിയും ഒട്ടും കുറവില്ലായിരുന്നു.

"വികാരഹേതൌ സതി വിക്രിയന്തെ
യേഷാം ന ചേതാംസി തഏവധീരാ:"

എന്നു പറഞ്ഞ പ്രമാണപ്രകാരം ധീരനാകാൻ അർഹൻ ലോകത്തിലിദ്ദേഹം മാത്രമെയുള്ളൂ എന്നു കണ്ടവൎക്കെല്ലാവർക്കും തോന്നത്തക്കവിധത്തിൽ നിശ്ചഞ്ചലനായിരുന്ന അദ്ദേഹത്തിന്ന് ഇതെല്ലാം കേവലം വിനോദമായിരുന്നു. സൌമ്യത അദ്ദേഹത്തിൽ മൂൎത്തീകരിച്ചിരുന്നു. നയന ശോഭ ഒന്നു വേറെ തന്നെ ആയിരുന്നു. സകല ലോകരുടേയും സ്വഭാവവൈചിത്ര്യങ്ങളെ ഏകവീക്ഷണം കൊണ്ടു ഗ്രഹിക്കുന്നതിനു മാത്രം അവ ശക്തിമത്തുക്കളായിരുന്നു. അവ എല്ലാവരുടേയും മുഖത്തു പ്രകാശിക്കുന്നവയും മാംസനിർമ്മിതങ്ങളും ആയ അവയവവിശേഷങ്ങൾ മാത്രമല്ലായിരുന്നു. ചൈതന്യമയമായ ആത്മശക്തിയുടെ പ്രതിഭാവിശേഷം തന്നെ ആയിരുന്നു അദ്ദേഹത്തിൻെറ നേത്രദ്വയം എന്നു പറഞ്ഞാൽ ഒരിക്കലും അതിശയോക്തിയായിത്തീരുന്നതല്ല. നാസികയും കവിൾ തടങ്ങളും മനോഹരമായ സ്ഫടികംകൊണ്ട് അസാമാന്യ വിദഗ്ദ്ധനായ ഒരു ശില്പി വാൎത്തുവച്ചിരിക്കുന്നവയൊ എന്നു തോന്നിപ്പോകും. ഉറക്കത്തിൽ സ്വപ്നം കണ്ടു പേടിച്ചു തന്നത്താൻ അനങ്ങുന്ന ശിശുക്കളുടെ ചുണ്ടുകളോടു തന്നെയാണ് ഈ മഹാനുഭാവൻെറ ചുണ്ടുകളെ സാദൃശ്യപ്പെടുത്തേണ്ടതു്. പോകുന്ന വഴിക്ക് ഒരു ഹൎമ്മ്യപക്ഷസ്സിൽ നിന്നും ഒരു തരുണീരത്നം വ്യസനഭാവത്തോടുകൂടി അദ്ദേഹത്തെ കടാക്ഷിച്ചതിനു കൃതജ്ഞതാപൂൎവ്വം അദ്ദേഹം തലയിൽനിന്നു തൊപ്പിയെടുത്തപ്പോൾ പ്രദൎശിതമായ ആ വിശാലമായ ഫാലദേശം ലോകപരിചയജ്ഞാനനിക്ഷേപ പാത്രത്തിൻെറ മൂടികയൊ എന്നു തോന്നിപ്പോകുമായിരുന്നു. നഗരവാസികളിൽ ചിലർ ഇദ്ദേഹത്തെ നല്ലപോലെ സൂക്ഷിച്ചുനോക്കീട്ട് ഓരോന്നു പറവാൻ തുടങ്ങി.

ഒരാൾ—(ആശ്ചര്യഭാവത്തോടുകൂടി) അല്ലെ! ഇതു് ആ സാധുവായ ഷേക്സ്പീയറല്ലെ?.

വേറൊരാൾ—ദുരദൃഷ്ടമെ! ഈ കൊച്ചുകുട്ടിയെ കഴുമരത്തിലേക്കൊ കൊണ്ടുപോകാൻ തുനിയുന്നതു്?

ഒരു വൃദ്ധസ്ത്രീ—അയ്യൊ കഷ്ടം! ആ പാവപ്പെട്ട ആൻഹാതവേക്കു് ഇനി ആരാണൊരു ശരണമുള്ളതു്?.

നാലാമതൊരാൾ—ദുർബുദ്ധികളോടു കൂടി ചേൎന്നതുകൊണ്ടല്ലെ അവൻ ഇങ്ങനെ ചോരനായിത്തീരാൻ കാരണമായതു്? അവനിതനുഭവിക്കേണ്ടവൻ തന്നെ.

കാഴ്ചക്കാരിൽ ഭൂരിപക്ഷക്കാരും "കഷ്ടം! ആ സാധുവായ ഷേക്സ്പീയരല്ലെ ഇതു്?" എന്നു മാത്രമെ പറഞ്ഞുള്ളു.

വഴി അത്ര അകലമല്ലാതിരുന്നതുകൊണ്ടു ലൂസിയുടെ ഗൃഹത്തിൽ എത്തുന്നതിനു് അധികം സമയം വേണ്ടിവന്നില്ല. എല്ലാവരും അവിടെ ചെന്നു കയറിയപ്പോൾ ആ പ്രഭു ഏതാനും അതിഥികളോടു കൂടി ഭോജനം കഴിക്കുകയായിരുന്നു. വിവരം അറിവിച്ച ഉടനെ മോഷ്ടാക്കളെ ഗൃഹത്തിൻെറ അധോഭാഗത്തുള്ള ഇരുട്ടറകളിലിട്ടടയ്ക്കുന്നതിനു് അദ്ദേഹം കല്പനകൊടുത്തു. ഇതുവരെ നമ്മങ്ങൾ പറഞ്ഞു ചിരിച്ചാഹ്ലാദിച്ചുവന്ന ഷേക്സ്പീയർ ഇതുകൊണ്ടെങ്കിലും പാകത്തിലാകുമെന്നു മേയർപ്രഭുവും മററും വിചാരിച്ചു. പിറേറദിവസം രാവിലെ പ്രതാപശ്രീമാനായ ലൂസിപ്രഭു കച്ചേരികൂടി മോഷ്ടാക്കളെ തൻെറ സന്നിധിയിൽ കൊണ്ടുചെല്ലുന്നതിനു് ആജ്ഞാപിച്ചു. ശിപായിമാർ ആജ്ഞയെ അനുസരിക്കുന്നതിനു തൽക്ഷണം തന്നെ ചെന്നു്, ഇരുട്ടറകളുടെ കവാടങ്ങളെ ഉദ്ഘാടനം ചെയ്തപ്പോൾ എന്തൊരത്ഭുതം! അവിടെ ആ

രേയും കാണ്മാനില്ല. എല്ലാവരും പറന്ന "പമ്പകടന്നു" കഴിഞ്ഞു. അവർ ഏതു പ്രകാരത്തിൽ രക്ഷപ്രാപിച്ചു എന്നുള്ളതു് ഇതുവരെ അറിഞ്ഞിട്ടില്ല. എങ്ങിനെയെങ്കിലും ആ ഗൃഹത്തിലെ നാലു പെൺകിടാങ്ങളെ ഇക്കാര്യത്തിൽ ബലമായി സംശയിച്ചിരുന്നു. രണ്ടു മൂന്നു ദിവസം കഴിഞ്ഞു ഷേക്സ്പീയർ ലണ്ടൻനഗരത്തിന്റെ തെരുവീഥികളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നതായി കാണപ്പെട്ടു. പിന്നെ കുറെക്കാലം കഴിഞ്ഞതിന്റെശേഷം സ്റ്റാററ്ഫോഡുകാരനും താമസ് ലൂസിയുടെ മാൻമോഷണം കഴിഞ്ഞ ഉടനെ ഇംഗ്ലണ്ടുവിട്ടു അമേരിക്കയിൽ പോയി താമസിച്ചിരുന്നവനും ആയ ഒരു യുവാവ് ലണ്ടനിൽ തിരിച്ചെത്തിയതായി ഒരു വത്തമാനം പരന്നു. അതിനുശേഷമാണു് ഷേക്സ്പീയർ പ്രസിദ്ധനടനും കവിയുമായിത്തീന്നതെന്നു സാധാരണ ജനങ്ങൾ വിശ്വസിച്ചുവരുന്നു.

മാൻമോഷണകഥ അടിസ്ഥാനരഹിതമായിട്ടുള്ളതാണെന്നു മലോൺ അഭിപ്രായപ്പെടുന്നു. ഡേവിസ് എന്ന മറെറാരു നിരൂപകനാകട്ടെ ഒരു പടികൂടി കടന്നു് അതു മുഴുവൻ വാസ്തവമാണെന്നും, ഷേക്സ്പീയർക്കു അടിശിക്ഷയാണു നൽകിയതെന്നും പറയുന്നു. എന്തായാലും ഇതൊരു ബാലചാപലം എന്നു പറഞ്ഞു തള്ളുകയല്ലാതെ അത്ര ഗുരുതരമായി ആലോചിച്ചിട്ടു കാൎയ്യമുണ്ടെന്നു തോന്നുന്നില്ല.

## 4. നടനജീവിതം.

മേല്പറഞ്ഞ സംഗതി ഷേക്സ്പീയരുടെ ജീവിതത്തിൽ ഒരു പുതിയ പന്ഥാവു ഏൎപ്പെടുത്തി എന്നുള്ളതാലോചിക്കുമ്പോൾ അതിനും പ്രാധാന്യമുണ്ടെന്നു തെളിയുന്നതാണു്. ഈ വിധത്തിൽ വാറിക്ഷ്യയറിൽനിന്നു്

ഏകാകിയായി അദ്ദേഹം ലണ്ടനിൽ എത്തി. ഇതു് 1586-ലോ 1587-ലോ ആയിരിക്കാൻ ഇടയുണ്ടു്. നടന ജീവിതമാണു് പിന്നീടു് അദ്ദേഹം ഹൃദയംഗമമായി കൈക്കൊണ്ടതു്. സ്വദേശത്തുവച്ചു പല നാടകാഭിനയങ്ങളും അദ്ദേഹം കണ്ടിരിപ്പാൻ ഇടയുണ്ടെന്നുമാത്രമല്ല, പ്രസിദ്ധ നടന്മാരിൽ ചിലരായ ഹെമിൻജ്, ഗ്രീൻ, ബർബേജ് മുതലായവരുടെ സൌഹാർദ്ദവും അദ്ദേഹത്തിനു സിദ്ധിച്ചിരുന്നു. ഇവരിൽ ഒടുവിൽ പറഞ്ഞയാൾ ഷേക്സ്പീയരുടെ സ്വദേശിയും രണ്ടാമത്തെയാൾ അയൽവാസിയും ഉററമിത്രവും ആയിരുന്നു. നാടകസംഘത്തിൽ ചേർന്നപ്പോൾ ഏററവും താഴ്ന്ന നിലയിലുള്ള ഒരു ജോലിക്കായിട്ടാണു് അദ്ദേഹം നിയമിക്കപ്പെട്ടതു്. എന്നാൽ കൂട്ടൻ വലിക്കുന്നതിനും, നടന്മാരെ അലങ്കരിക്കുന്നതിനും മററുമുള്ള നികൃഷ്ടവേലകൾക്കായി അദ്ദേഹത്തെ നിയോഗിച്ചിരുന്നു എന്നു 'റോ' പറയുന്നതു കേവലം അസംഭാവ്യമായിരിക്കുന്നു. അക്കാലത്തുതന്നെ ഈവക നികൃഷ്ടപ്രവൃത്തികൾക്കായി ഷേക്സ്പീയരുടെ സഹോദരനായിട്ടൊരാൾ നിയമിതനായിരുന്നു എന്നുള്ള സംഗതിയും, നമ്മുടെ കഥാനായകൻ അക്കാലത്തു് അല്പമെങ്കിലും ഒരു മാന്യമായ നിലയെ പ്രാപിച്ചിരിപ്പാൻ ഇടയുണ്ടെന്നുള്ള ഊഹവും, മുൻപറഞ്ഞ അസംഭാവ്യതയെ ബലപ്പെടുത്തുന്നുണ്ടു്. ഓരോരുത്തരായി പലരും പറഞ്ഞുകേട്ടിട്ടുള്ള ഈ വർത്തമാനം തീരെ അടിസ്ഥാനരഹിതമായിട്ടുള്ളതാണെന്നു പല പ്രമാണങ്ങളെയും ആസ്പദമാക്കി മിസ്റ്റർ കാളിയർ തെളിയിക്കുന്നുണ്ടു്. എങ്ങനെയെങ്കിലും ലണ്ടനിലെത്തിട്ടു് അധികം സമയം കഴിയുന്നതിനുമുമ്പു്, അദ്ദേഹം ചില നാടകസംഘങ്ങളിലെ ഭരണാധികാരികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടു കാണുന്നതുകൊണ്ടു്, അഥവാ ആദ്യം നികൃഷ്ടമായ വിധത്തിൽ ഇരുന്നിരിക്കാൻ ഇടയുണ്ടെങ്കിലും, പൊട്ടന്നനെ ഒരു മാന്യ

നിലയെ പ്രാപിച്ചു എന്നു നമുക്കൂഹിക്കുന്നതിനു വൈഷമ്യമുണ്ടെന്നു തോന്നുന്നില്ല. 1592-നുമുമ്പു നാടകകർത്താവെന്നോ കവിയെന്നോ പേരു സിദ്ധിച്ചിരിക്കാൻ ഇടയില്ലാത്ത ഇദ്ദേഹം കേവലം ഒരു നടന്റെ നിലയിൽ ഇത്ര പെട്ടെന്നു മാന്യസ്ഥാനത്തെ പ്രാപിക്കണമെന്നുവരികിൽ ആദ്യം ഒരു നികൃഷ്ടപരിചാരകനായിരുന്നിരിക്കാൻ ഇടയില്ലെന്നു് ആക്കും ആലോചിക്കാൻ കഴിയുന്നതാണ്.

സ്റ്റാററ്ഫോഡ് നിവാസികൾ നാടകാദിവിനോദങ്ങളിൽ അതിതല്പരരായിരുന്നു. സന്തോഷപര്യവസായികളായ നാടകങ്ങൾ അഭിനയിക്കുന്നതിൽ അതിവിദഗ്ദ്ധന്മാരായിരുന്ന പല നടന്മാരും നമ്മുടെ കഥാനായകന്റെ ബാല്യകാലത്തു് സ്റ്റാററ്ഫോഡിൽ ചെന്നു് അവരുടെ വിദ്യയെ പ്രകടിപ്പിക്കാറുണ്ട്. ആകയാൽ ശൈശവം മുതൽക്കേ അദ്ദേഹത്തിനു നടനവിദ്യയിൽ അഭിരുചി ജനിച്ചിരിക്കാനിടയുണ്ട്. വിശിഷ്യ, നടപ്രധാനികളിൽ പലരും അദ്ദേഹത്തിന്റെ പരിചിതന്മാരും ആയിരുന്നു. കണ്ടാൽ ബഹുസുമുഖനും, നടനവൈഭവം കണ്ടാനന്ദിക്കുന്നതിനും ശരിയായി നിരൂപണംചെയ്യുന്നതിനും പ്രാപ്തനും ആയ ഇദ്ദേഹം നാടകശാലയിൽ ഒരു വെറും പരിചാരകനായി കാലംകഴിച്ചുകൂടി എന്നതു് ഒരിക്കലും യുക്തിയുക്തമാകുന്നതല്ല. വേറെ ചിലർ വാദിക്കുന്നതു് അദ്ദേഹം ഒരു നടനായിരുന്നു എങ്കിലും അപ്രധാനങ്ങളായ ചില പാത്രങ്ങളുടെ വേഷം മാത്രമേ അവലംബിച്ചു രംഗപ്രവേശം ചെയ്തിട്ടുള്ളു എന്നാണ്. ഇതും ഒരു വ്യർത്ഥവാദമായിരിപ്പാനേ തരമുള്ളു. 'ഹാംലററിലെ ദുർഭൂതം' ഒരു അപ്രധാനപാത്രമാണൊ? ഇതിന്റെ അഭിനയത്തിൽ സാമർത്ഥ്യപ്രകടനങ്ങൾ അത്രയധികമൊന്നും ആവശ്യമില്ലെങ്കിലും, നിമിഷം പ്രതി വ്യത്യസ്തങ്ങളായ ചേതോവികാരങ്ങളെ പ്രദർശി

പ്പിക്കുകയും ഗുരുതരങ്ങളായ അവസ്ഥാഭേദങ്ങളെ കൈക്കൊള്ളുകയും വേണ്ടതാകുന്നു. ഈ ദുർഭ്രുതത്തിന്റെ വേഷമവലംബിച്ചു വേണ്ടവിധം അഭിനയിച്ചിട്ടുള്ള ഷേക്സ്പീയരുടെ നടനവിദ്യയിലുള്ള ഉന്നതനില നമുക്കെല്ലാവക്കും ഊഹിക്കാവുന്നതാണ്. എന്തെന്നാൽ ഹാംലററിലെ ദുർഭ്രുതം പരേതനായ ഒരു ചക്രവത്തിയുടെ പ്രാതിനിധ്യമാണ് വഹിക്കുന്നതു്. ആ പ്രാതിനിധ്യം വഹിച്ച് അഭിനയകൃത്യം ഉത്തമരീതിയിൽ നിവ്ഹിച്ചു് വീയ്യശൌയ്യപ്രതാപവാന്മാരായ പല രാജാക്കന്മാരുടെയും വേഷങ്ങളും അഭിനയങ്ങളും കണ്ടു കണ്ടു് തഴക്കം വന്നിട്ടുള്ളവരും, കുശാഗ്രബുദ്ധികളും ആയ അക്കാലത്തെ സദസ്യരുടെ ശ്ലാഘയ്ക്കു പാത്രമായിത്തീരണമെങ്കിൽ നടനസാമത്ഥ്യം അസാധാരണമായ വിധത്തിൽ അദ്ദേഹത്തിൽ പ്രശോഭിച്ചിരിക്കുമെന്നുള്ളതിനു് എന്തു സന്ദേഹമാണുള്ളതു്? ഇതു കൂടാതെ രാജാക്കന്മാരെ സൂചിപ്പിക്കുന്ന പാത്രങ്ങളുടെ പ്രാതിനിധ്യം വഹിച്ചു് അദ്ദേഹം പല തവണയും രംഗപ്രവേശം ചെയ്തിട്ടുണ്ടെന്നുള്ളതിലേയ്ക്കു് അനേകലക്ഷ്യങ്ങളുണ്ട്. എങ്ങനെയെങ്കിലും അദ്ദേഹം നടന്മാരുടെ നിലയിൽ ഒട്ടും താഴ്ന്ന അവസ്ഥയെ പ്രാപിച്ചിരുന്നില്ല. 'ആദ്യവസാനവേഷങ്ങൾ' കൈക്കൊണ്ടു് അദ്ദേഹം ഏററവും ഉയന്നനിലയെ പ്രാപിച്ചില്ലെങ്കിൽ അതു നമ്മുടെ ഭാഗ്യമെന്നേ വിചാരിപ്പാനുള്ളു. എന്തെന്നാൽ വിശ്വവിശ്രുതനായ നടനായിത്തീന്നെങ്കിൽ അദ്ദേഹം സവ്സമ്മതനായ കവിയായിത്തീരുകയില്ലായിരുന്നു.

ഇനി അക്കാലത്തെ ഇംഗ്ലീഷുനാടകങ്ങളുടെ സ്ഥിതിയെന്തെന്നു് അല്പമൊന്നു ചിന്തിക്കാം. സന്മാഗ്ഗപ്രദീപകങ്ങളായ നാടകങ്ങളുടെ കാലം അന്നു മിക്കവാറും അവസാനിച്ചിരുന്നു. നമ്മുടെ മലയാളത്തിലെപ്പോലെ തന്നെ

ചില തജ്ജിമകളാണ് അവയുടെ സ്ഥാനം അവലംബി ച്ചത്. മൂലഗ്രന്ഥങ്ങളിലെ പ്രതിപാദനരീതിയൊ അത്ഥ ചമൽക്കാരമൊ, രസസംസ്ഫൂത്തിയൊ ഇവയിൽ ഒന്നിലും നല്ലപോലെ പ്രകാശിച്ചിരുന്നില്ല. ഷേക്സ്പീയരുടെ കാല ത്തിനു മുമ്പുണ്ടായിട്ടുള്ള നാടകങ്ങളിൽ കഥാരചനയിലും, സന്ദർഭശുദ്ധിയിലും, അക്രമമായ വികാരപ്രദശ്നത്തിലും ഐക്യം കാണുന്നുണ്ട്. അന്നത്തെ ചില പ്രസിദ്ധ നാടക കത്താക്കാം പീൽ, ഗ്രീൻ, കിഡ്, നാഷ്, മാർലോ മുതലായവരായിരുന്നു. ഇവരിൽ ഷേക്സ്പീയരുടെ അടു ത്തെത്തുണമെങ്കിൽ മാർലോ, (Marlow) മാത്രമേയുള്ളു. സ്വകപോലകല്പിതങ്ങളായ ആശയവിശേഷങ്ങളുടെ മാഹാ ത്മ്യവും, സ്വതന്ത്രമായ മനോധമ്മവും സമകാലീനന്മാ രായ മററു നാടകക്കാരെക്കാം അദ്ദേഹത്തെ ഉന്നതതര മായ നിലയിൽ സ്ഥിതിചെയ്യിക്കുന്നുണ്ട്. ഗംഭീരങ്ങളായ ആശയങ്ങളെ പുറപ്പെടുവിക്കുന്നതിനും, ഭാഷയ്ക്കുവേണ്ട രൂപഭേദം വരുത്തി പരിഷ്കരിക്കുന്നതിനും മാർലോ പരി ശ്രമം ചെയ്തിട്ടുണ്ട്. പക്ഷെ പാത്രനിരൂപണത്തിൽ ഉൽക്കഷ്ടാദശങ്ങളെ കൈക്കൊണ്ടില്ലെന്നുള്ള ഒരു ന്യൂനത അദ്ദേഹത്തിനു പ്രബലമായുണ്ടായിരുന്നു. എങ്കിലും ഷേക്സ് പീയരുടെ കാലത്തു ജീവിച്ചിരുന്നെങ്കിൽ അദ്ദേഹത്തോടു മാർലോ "കിടനിൽക്കു"മായിരുന്നു.

ഇംഗ്ലീഷുനാടകങ്ങൾ ദേശകാലോചിതമായ വിധ ത്തിൽ രീതിപ്പെട്ട് അഭിലഷണീയമായ മാഗ്ഗത്തിൽ പ്രവേ ശിച്ച് ജനസാമാന്യത്തിനു രുചിക്കത്തക്ക ഒരു രൂപത്തെ കൈക്കൊണ്ട്, ഇരുപതുസംവത്സരം കഴിഞ്ഞതിന്റെ ശേഷമാണ് ഷേക്സ്പീയർ നാടകനിമ്മാണത്തിനു തുനി ഞ്ഞതു്. എന്നുതന്നെയുമല്ല, അദ്ദേഹം സ്വദേശം വിട്ടു ലണ്ടനിലെത്തിയപ്പോൾ അവിടെ ഗവമ്മെന്റിന്റെ അനു

മതിയോട്ടുകൂടി സ്ഥിരമായി അഭിനയം നടത്തിവന്ന നാടകശാലകളും, അവയെ പരിപാലിച്ചുപോന്നിരുന്ന സംഘങ്ങളും ധാരാളമുണ്ടായിരുന്നു.

അന്നത്തെ നാടകശാലകളെപ്പററിയും രണ്ടുവാക്കു പറയാം. നാടകശാലയ്ക്കുള്ള കെട്ടിടം മുഴുവൻ മരം കൊണ്ടുണ്ടാക്കിയതായിരുന്നു. രംഗപ്രദേശത്തിൻെറ മുകൾ ഭാഗമൊഴികെ മററുള്ള സ്ഥലമെല്ലാം തുറസ്സായി കിടന്നിരുന്നു. ബഹിർഭാഗത്തു മുൻവശത്തായി നാടകശാലയുടെ നാമധേയം വളരെ വിചിത്രമായി എഴുതിവച്ചിരുന്നു. കളി നടന്ന ദിവസങ്ങളിലെല്ലാം ശാലയുടെ മുകളിൽ ഒരു കൊടി ഉയർത്തികെട്ടിയിരിക്കും. രംഗസ്ഥലത്തിൻെറ അടുത്തായിട്ട് ഉന്നതപദവിയിലുള്ളവർക്കിരിപ്പാനായി ഒരുമാതിരി പെട്ടികളിട്ടിരുന്നു. വളരെ വലിയ റാന്തലുകൾ സഭാമണ്ഡപത്തിലും മെഴുകുതിരി കത്തിച്ച ചെറിയ വിളക്കുകൾ രംഗമണ്ഡപത്തിലും രാത്രികാലങ്ങളിൽ വെളിച്ചം നൽകി. പാട്ടുകാരും മേളക്കാരും രംഗപ്രദേശത്തിൻെറ മുകൾതട്ടിലിരുന്നു സമയോചിതമായി കളി നടക്കുന്ന അവസരങ്ങളിൽ അവരുടെ വിദ്യയെ പ്രയോഗിച്ചുകൊണ്ടിരുന്നു. മുഖ്യമായി, ഉപയോഗപ്പെട്ടുത്തിയിരുന്ന വാദ്യങ്ങൾ കാഹളം, വേഷ്ടനം, വല്ലകി, സാരംഗി, കുഴൽ ഇവയായിരുന്നു. നാടകം തുടങ്ങുന്നതിനു മുമ്പിലൊ, തുടങ്ങിയതിൽ പിന്നെ മുടക്കമുള്ള അവസരങ്ങളിലൊ, സദസ്യർക്കു സ്വേച്ഛാനുസാരം ഏതുവിധ വിനോദങ്ങളിലെങ്കിലും ഏപ്പെട്ടുകൊണ്ടിരിക്കുന്നതിനു പൂർണ്ണസ്വാതന്ത്ര്യമുണ്ടായിരുന്നു. ചീട്ടുകളി, പുകവലി, നോവൽവായന, മദ്യപാനം മുതലായവ അവർ യഥേഷ്ടം നടത്തിവന്നു. അഭിനയം തുടങ്ങുന്നതിനുമുമ്പു മൂന്നു തവണ കാഹളശബ്ദം പുറപ്പെടുവിക്കാറുണ്ട്. അതു കഴിഞ്ഞു കർട്ടൻ ഉയർത്തുമ്പോൾ വിശാലമായ രംഗപ്രദേശവും പലവിധ കാഴ്ച

കളെ പ്രദശിപ്പിക്കുന്ന മററു യവനികകളും കാണാവുന്നതാണ്. രംഗപ്രദേശത്തിൻെറ മുകൾ ഭാഗം നീലവസ്ത്രങ്ങളാൽ ആച്ഛാദിതമായിരിക്കും. അതിന് 'ആകാശം' എന്നാണു പേർ പറയാറുള്ളതു്. രംഗസ്ഥലത്തു വയ്ക്കോൽ വിതറിയിരിക്കും. വിശേഷദിവസങ്ങളിൽ ദിവ്യാസ്തരണങ്ങളും ഉണ്ടായിരിക്കും. കഥ ഏതു സ്ഥലത്തു നടന്നതായി പറയപ്പെടുന്നുവൊ ആ സ്ഥലത്തിൻെറ പേരു വലിയ അക്ഷരങ്ങളിൽ വിചിത്രമായി എഴുതിവെച്ചിരിക്കും. ഒരു രംഗം മാറി വേറൊരു രംഗമായി എന്നു സദസ്യരെ ധരിപ്പിക്കാൻ ഏപ്പെടുത്തിയിരുന്ന മാൎഗ്ഗങ്ങളെല്ലാം നിരൎത്ഥകങ്ങളും ഗോഷ്ടിമയങ്ങളും ആയിരുന്നു. നടന്മാരുപയോഗപ്പെടുത്തിവന്ന വസ്ത്രാദ്യലങ്കാരങ്ങൾ ചില സംഘങ്ങളിൽ വളരെ വിലയേറിയവയായിരുന്നു. പുരുഷവേഷങ്ങൾ കൃത്രിമകേശങ്ങളും മീശയും ധരിക്കുക പതിവായിരുന്നു. സ്ത്രീവേഷം ധരിക്കാറുള്ളതു സാധാരണയായി ചെറുപ്പക്കാരായപുരുഷന്മാരൊ കുട്ടികളൊ ആയിരിക്കും. പ്രസ്താവനയ്ക്കു ഒരു മാതിരി കറുത്തവേഷം ധരിച്ചു് ഒരു നടൻ പ്രവേശിക്കാറുണ്ടു്. ഉപസംഹാരമൊ, ഭരതവാക്യമൊ അന്നു പതിവില്ലായിരുന്നു. വിദൂഷകൻെറ നൎമ്മപ്രയോഗങ്ങൾക്കും ആഹ്ലാദപ്രദങ്ങളായ സംഭാഷണങ്ങൾക്കും ഒരതിരൊ നിയന്ത്രണമൊ ഉണ്ടായിരുന്നില്ല. നാടകാവസാനത്തിൽ എല്ലാ നടന്മാരും ചേൎന്നു് ഒരു പാട്ടുപാടി അതിനൊപ്പിച്ചാടുക പതിവായിരുന്നു. നാടകശാലയിലേയ്ക്കു വളരെ ചുരുങ്ങിയ ഫീസിനു സകലൎക്കും പ്രവേശം സിദ്ധിച്ചിരുന്നു. എലിസബത്ത്രാജ്ഞിയുടെ കാലത്തു ഞായറാഴ്ച ദിവസങ്ങളിൽ പോലും കളി അനുവദിച്ചിരുന്നു. കാലക്രമേണ ആ ദിവസം മാത്രം ഒഴിവാക്കി.

### 5. നാടകനിമ്മാണം.

ഷേക്സ്പീയർ തൻെറ മുൻഗാമികളുടെ കൃതികളെ കാലോചിതമായി പരിഷ്ക്കരിച്ചു രംഗത്തിലേക്ക് ഉപയോഗകരമായി തരീരത്തക്കവണ്ണം അംഗീകരിക്കയായിരുന്നു ആദ്യംചെയ്തതു്. അങ്ങനെയിരിക്കുമ്പോൾ 1592-ാമാണ്ടു ഗ്രീൻ മരിച്ചു. അദ്ദേഹത്തിൻെറ കൃതിയായ "ഗ്രോട്ട്സ് വർത് ആഫ് വിററ്" എന്ന ഗ്രന്ഥത്തിൽ ഷേക്സ്പീയറെപ്പററി ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. "ഞങ്ങളുടെ മനോഹരമായ തൂവലുകളും ധരിച്ചു വളരെ സുമുഖനെന്ന നാട്യത്തിൽ ഇതാ ഒരു കാകൻ ഉയൎന്നുവരുന്നു. ഇവൻെറ ഭാവം കണ്ടാൽ ഈ രാജ്യത്താകപ്പാടെ ഒരു ഷേക്സ്പീയർ മാത്രമേയുള്ളുവെന്നു തോന്നിപ്പോകും." ഒരു സ്വതന്ത്ര ഗ്രന്ഥകാരൻ എന്ന പേർ സിദ്ധിക്കുന്നതിനു ഇതിനു മുമ്പിൽ തന്നെ ഷേക്സ്പീയർ യത്നിച്ചിരുന്നതായി ഊഹിപ്പാൻ ഇട കാണുന്നുണ്ടു്. എങ്കിലും നാടകകർത്താവെന്നുള്ള യശസ്സ് അപ്പോൾ ഉദിക്കുന്നതിനുപോലും തുടങ്ങിയിരുന്നില്ല. അദ്ദേഹത്തിൻെറ അപാരമായ ബുദ്ധിശക്തിയുടെ പ്രഥമസന്താനമായി പറയപ്പെട്ടിരിക്കുന്നതു "വീനസ്സംഅഡൊണീസ്സും" എന്ന ലഘുകാവ്യമാണു്. പിന്നത്തെ കൃതിയായ ലൂക്രീസ് (Lucrece) സന്മാൎഗ്ഗവിഷയത്തിൽ വളരെ പിന്നോക്കമാണെങ്കിലും പിൽക്കാലത്തു് അതു സൎവ്വജനങ്ങളുടേയും ശ്രദ്ധയേയും ശ്ലാഘയേയും അർഹിച്ചിട്ടുണ്ടു്. ഈ രണ്ടു കൃതികളേയും സതാംപ്ടണിലെ പ്രഭുവിനു സമൎപ്പിക്കുകയും അദ്ദേഹം ശ്ലാഘാപൂൎവ്വം ആയിരം പവൻ ഗ്രന്ഥകർത്താവിനു സമ്മാനിക്കുകയും ചെയ്തു. ഇതിനേപ്പററി പലൎക്കും സംശയമുണ്ടെങ്കിലും അതു വിശ്വസിക്കുന്നതിനു നമ്മുടെ ഹൃദയങ്ങൾ കാംക്ഷിക്കുന്നു.

നാടകകൃതികളെപ്പററി സവിസ്തരം പ്രതിപാദിക്കുന്നതിനുമുമ്പായി അവയ്ക്കു മുമ്പുണ്ടാക്കപ്പെട്ടിട്ടുള്ളവയും സാരസ്യപരിപൂൎണ്ണങ്ങളും ആയ ലഘുകാവ്യങ്ങ(Sonnets)ളെപ്പററി ഒന്നുരണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. മററു കൃതികളോടു താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം ഈ ലഘുകാവ്യങ്ങൾ ഹിമവാൻ പൎവ്വതത്തിൽ ഒരു കഷണം മഞ്ഞു കൊണ്ടുചെന്നു വയ്ക്കുന്നതുപോലെ തോന്നുകയുള്ളു. എന്നാൽ ഇവയിൽനിന്നു ചിലതെല്ലാം ഗ്രഹിക്കേണ്ടതായിട്ടുണ്ടു്. ഒന്നാമതായി അദ്ദേഹത്തിൽ നല്ലപോലെ പ്രതിബിംബിച്ചു കാണുന്നു അന്നത്തെ കലാവസ്ഥ തന്നെ. ജനസാമാന്യത്തിനു സന്മാൎഗ്ഗപ്രതിപത്തി വളരെ കുറവായിരുന്നു. പുരുഷന്മാർ തമ്മിൽപ്പോലും അനുഷ്ഠിച്ചുവന്ന ആചാരമുറകൾ കേവലം നിരൎത്ഥകങ്ങളും ആഭാസങ്ങളും ആയിരുന്നു. ലഘുകാവ്യങ്ങളിൽ മിക്കപ്പോഴും ഒരു പുരുഷനെ അഭിസംബോധനംചെയ്തു കാണുന്നുണ്ടു്. ഈ പുരുഷൻ പെംബ്രോക്കിലെ പ്രഭു വല്ലാതെ വേറെ ആരുമല്ലെന്നു തെളിയുന്നുണ്ടു്. അതുകൂടാതെ ഷേക്സ്പീയറുടെ മനോവികാരങ്ങളും തദനുസരണങ്ങളായ പ്രവൃത്തികളും വിശദമായി ഇവയിൽ വിവരിക്കപ്പെട്ടിട്ടുണ്ടു്. ചുരുങ്ങിയപക്ഷം ഇരുപതു ലഘുകാവ്യങ്ങൾ സ്ത്രീയെ സംബോധനചെയ്താണു് എഴുതീട്ടുള്ളതു്. മന്മഥാകുലനായ കവി, നായികയെപ്പററി പലപ്രകാരത്തിലും ദോഷാരോപണംചെയ്യുന്നുണ്ടു്. നായിക തീരെ കൃതജ്ഞതയില്ലാത്തവളാണെന്നും, നിൎദ്ദയയാണെന്നും, തന്റെ പേരിൽ അനുരാഗം തോന്നാത്തതു് വളരെ കഷ്ടമാണെന്നും ആവലാതിപ്പെടുന്നു. നായിക തന്നെക്കാൾ പ്രായം കുറഞ്ഞവളും അനിതരസാധാരണമായ സൌന്ദൎയ്യത്തോടുകൂടിയവളും ആയിരുന്നു എന്നു തെളിയുന്നുണ്ടു്. എന്നാൽ ഇതു മിക്കവാറും അസംഭാവ്യമെന്നും 'ആൻ ഹാതവെ' അല്ലാതെ വേറെ ഒരു സ്ത്രീയേയും ഷേക്സ്

പീയർ സ്നേഹിച്ചിരിപ്പാൻ ഇടയില്ലെന്നും, പതിനെട്ടു വയസ്സായപ്പോഴേക്കും ഈ തരുണീരത്നത്തിന്റെ സ്നേഹവലയിൽ അകപ്പെടാൻ അദ്ദേഹത്തിനു് ഇടയായി എന്നും ഉള്ള സംഗതികൾ ആവക സംശയങ്ങളെ നിവാരണം ചെയ്യുന്നുണ്ടെന്നു ചില മഹാന്മാർ അഭിപ്രായപ്പെടുന്നുണ്ടു്. ഈ വാദം സമ്മതിക്കുന്നപക്ഷവും അതു ഷേക്സ്പീയരെ സന്മാർഗ്ഗനിരതനാക്കുമോ എന്നുള്ള കാര്യം സംശയത്തിലാണു്. ഭാര്യയുടെ കാര്യം പിന്നെ ചോദിപ്പാനുമില്ലല്ലോ. നടനജീവിതത്തിനായി ലണ്ടനിലെത്തി താമസിച്ചതിന്റെ ശേഷം ഷേക്സ്പീയരെ സന്മാർഗ്ഗവിഷയത്തിൽ കുററപ്പെടുത്തുവാൻ പാടില്ലെന്നും, ഭാര്യയും കുഞ്ഞുങ്ങളും ഉണ്ടായിരുന്ന സ്ഥിതിക്കു് അദ്ദേഹം വേറെ ഒരു സ്ത്രീയെ സ്നേഹിച്ചിരിപ്പാൻ ഇടയില്ലെന്നും പ്രഥമദൃഷ്ടിയിൽ വാദിച്ച ഡാക്ടർ ഡ്റേക് പുനരന്വേഷണം നടത്തി വാസ്തവാവസ്ഥ ഗ്രഹിച്ചുതുടങ്ങിയപ്പോൾ, സാഹസികമായ തന്റെ മുമ്പിലത്തെ അഭിപ്രായത്തെപ്പററി പശ്ചാത്തപിച്ചു്, ലഘുകാവ്യങ്ങളിലെ നായിക കേവലം വ്യഭിചാരിണിയായ ഒരു സ്ത്രീയാണെന്നും, അവൾ ഷേക്സ്പീയരെ വശീകരിച്ചു സ്വാധീനപ്പെടുത്തിയിരുന്നു എന്നും അവളെപ്പററിയുള്ള വാസ്തവതത്വങ്ങളാണു് ലഘുകാവ്യങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നതെന്നും, പറഞ്ഞിരിക്കുന്നു. "പരിത്യജിക്കപ്പെട്ട കന്യക" എന്ന കാവ്യത്തിൽ പല ഭാഗങ്ങളിലും ആയി അദ്ദേഹം സ്വാവസ്ഥയെ വിളിച്ചു പറഞ്ഞിട്ടുണ്ടു്.

നടനജീവിതത്തിൽതന്നെ ഒന്നുകൂടി പ്രവേശിക്കേണ്ടിയിരിക്കുന്നു. ലണ്ടനിലെത്തിയതിന്റെശേഷം അദ്ദേഹത്തിന്റെ പ്രഥമാലോചനയും തദനുസരണമായ പ്രവൃത്തിയും നാടകാഭിനയത്തിൽതന്നെ ആയിരുന്നു. കുറെ

കാലത്തേക്കു് ലണ്ടൻ മഹാനഗരത്തിന്റെ ഏതു ഭാഗത്താണു് ഇദ്ദേഹം താമസിച്ചിരുന്നതെന്നു് ആൎക്കും അറിവാൻ വയ്യാതിരുന്നു. ഒടുവിൽ, അതു സൌത്ത്വാക്ക് (Southwark) എന്ന സ്ഥലത്തായിരുന്നു എന്നു് ആളുകൾ അറിഞ്ഞു. സ്വദേശത്തുനിന്നു രസമില്ലാതെ പോയ ഇദ്ദേഹം ഡ്റേക് മുതലായവർ വിചാരിക്കുന്നതുപോലെ രഹസ്യമായിട്ടോ പരസ്യമായിട്ടോ കൂടക്കൂടെ സ്റ്റാററ്ഫോഡിനെ സന്ദൎശിച്ചിരിക്കാൻ ഇടയില്ലെന്നു പല ലക്ഷ്യങ്ങളാലും തെളിയുന്നുണ്ടു്. എങ്കിലും തന്റെ ലണ്ടൻ ജീവിതത്തിൽ ഒരിക്കലും സ്വദേശത്തുപോയിട്ടില്ലെന്നു വിചാരിപ്പാൻ ഒരു കാരണവും കാണുന്നില്ല. 1596-ാമാണ്ടു തന്റെ ഏകപുത്രനായ ഹാംനെററ് (Hamnet) മരിച്ചപ്പോളെങ്കിലും അദ്ദേഹം സ്വദേശത്തു പോകാതിരുന്നിരിക്കുമോ ? അതുകൂടാതേയും 1607-ാമാണ്ടു മൂത്തപുത്രിയായ സുസാനയെ സ്റ്റാററ്ഫോഡിലെ ഒരു പ്രസിദ്ധ ഭിഷഗ്വരനായ 'ജാൺഹാാം' വിവാഹംചെയ്ത അവസരത്തിലും ഇദ്ദേഹം സ്വദേശത്തുപോയില്ലെന്നു വിചാരിക്കുന്നതു് കേവലം നിർദ്ദയമായിരിക്കുന്നു. ലണ്ടൻ ജീവിതത്തിൽ പലവിധ കഷ്ടനഷ്ടങ്ങളും അദ്ദേഹത്തിനു സംഭവിച്ചതായി പറഞ്ഞിട്ടുണ്ടു്. അവയെല്ലാം ഒരു മനുഷ്യനു സഹജങ്ങളായിട്ടുള്ളവമാത്രമായിരുന്നു എന്നു വിചാരിച്ചു സമാധാനപ്പെടാവുന്നതാണു്. എന്നാൽ അരിഷ്ടതയനുഭവിച്ചെങ്കിലും പിന്നീടു ജീവിതസുഖമാൎഗ്ഗങ്ങളെ ലഭിക്കുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞു. താൻ ചേൎന്ന നാടകസംഘത്തിൽ കാലക്രമേണ അദ്ദേഹം ഒരു പങ്കുകാരനായിത്തീൎന്നു. ഒടുവിൽ വലിയ ധനികനായി. 1596-ാമാണ്ടോടുകൂടി അദ്ദേഹം ജനസമ്മതമായ ഗ്രന്ഥകൎത്തൃസ്ഥാനം അവലംബിച്ചു. തദനന്തരം നാടകകൎത്താവെന്ന യശസ്സ് ഇംഗ്ലണ്ടിലും യൂറോപ്പിലും പ്രചരിച്ചു. പ്രഭുശിരോമണികളായ

സൌതാംപ്ടൺ (Southampton), പെംബ്രോക്ക് (Pembroke), എന്നിവർ അദ്ദേഹത്തെ ശ്ലാഘിക്കുകയും പ്രോത്സാഹിപ്പിക്കയും ചെയ്തുവന്നു. എലിസബെത്ത് രാജ്ഞിയുടെ സഹായം വല്ലവിധത്തിലും അദ്ദേഹത്തിനു സിദ്ധിച്ചിരുന്നോ എന്നുള്ളതു സംശയഗ്രസ്തമാണെങ്കിലും, സാരവേദിനിയും, ബുദ്ധിമതിയും, വിദുഷിയും ആയ ആ മഹാരാജ്ഞി അദ്ദേഹത്തിൻെറ കൃതികളെ വായിക്കുകയും, അവയുടെ നിരന്തരമായ വിജയത്തിൽ അദ്ദേഹത്തെ അനുമോദിക്കുകയും ചെയ്തിട്ടുണ്ട്. ഷേക്സ്പീയർ സാമാന്യം ഒരു ധനികൻെറ നിലയെ പ്രാപിച്ചു എന്നുള്ളതു സ്റ്റാററ്ഫോഡിലെ ഒരു മാന്യനായ മിസ്റ്റർ ക്വിനിയുടെ ഒരെഴുത്തിൽ നിന്നു പ്രത്യക്ഷപ്പെടുന്നുണ്ട്. ഇതിൽ നമ്മുടെ കവിയോടു് അയാൾ 30 പവൻ കടം ചോദിച്ചിരിക്കയാണ്. അന്നത്തെ സ്ഥിതിയനുസരിച്ചു നോക്കുനാപക്ഷം, ഇതൊരു വലിയ തുകയാണല്ലോ.

1597-ാമാണ്ടു 'നവീനസൌധം' എന്നു പേരോടുകൂടിയ ഒരു രമണീയമായ ഭവനം അദ്ദേഹം വിലയ്ക്കുവാങ്ങി വേണ്ട പരിഷ്ക്കാരങ്ങളെല്ലാം ചെയ്തതായി മലോൺ പ്രസ്താവിക്കുന്നു. ഇതിനോടുകൂടെ 1602-ാമാണ്ടു 320 പവൻ കൊടുത്തു 107 ഏക്കർ നിലവും വാങ്ങി ചേർത്തതായി പറയപ്പെട്ടിരിക്കുന്നു. ഈ സംഗതികളെല്ലാംകൊണ്ടും വാർദ്ധക്യകാലം തൻെറ നാട്ടിൽതന്നെ കഴിച്ചുകൂട്ടണമെന്നു ഷേക്സ്പീയർ മുൻകൂട്ടി വിചാരിച്ചിരുന്നതായി നമുക്കറിയാവുന്നതാണ്. ഇതിൽനിന്നു ലണ്ടനിൽവെച്ചുണ്ടായ അനുരാഗസംഗതി യഥാർത്ഥമായിട്ടുള്ളതല്ലെന്നും അനുമാനിക്കാം. സഹധർമ്മചാരിണിയായ ആൻഹാതവേക്കു് ഒരു സപത്നിയെക്കൂടെ ഉണ്ടാക്കികൊടുക്കണമെന്നു ഷേക്സ്പീയർ ഒരിക്കലും വിചാരിച്ചിരുന്നില്ല.

1598-ാംവർഷം പ്രത്യേകം സ്മരണീയമായിട്ടുള്ളതാണ്. അന്നത്രെ നമ്മുടെ കവിക്കു ബെൻജാൺസൺ (Ben Jonson) എന്ന വിശ്വവിശ്രുതനായ കവിയുടെ സഖിത്വം ലഭിച്ചതു്. ഷേക്സ്പീയർ ബെന്നിൻെറ നേരെ കാണിച്ച ഒരു ദയാകൃത്യമാണ് അദ്ദേഹത്തെ കീൎത്തിമാനാക്കിത്തീൎത്തതെന്നുള്ള "റോ"വിൻെറ അഭിപ്രായത്തെ ഗിഫോർഡ് (Gifford) ഖണ്ഡിക്കുന്നു. ബെൻജാൺസൻെറ അച്ഛനമ്മമാർ ഷേക്സ്പീയരുടെ പരിചിതരായിരുന്നു എന്നും സൌന്ദൎയ്യവതിയായ മാതാവിനു് അദ്ദേഹത്തോടു പ്രത്യേക പ്രതിപത്തിയുണ്ടായിരുന്നു എന്നും മററും കാണിക്കുന്ന ഒരു ഐതിഹ്യപ്രകാരം ബെന്നിനു ഷേക്സ്പീയരുടെ നേൎക്കു ഭക്തിയും ബഹുമാനവും ഉണ്ടായിരുന്നൊന്നുകൂടെ തെളിയുന്നുണ്ടു്. എലിസബത് രാജ്ഞിയാതൊരു വിധത്തിലും ഷേക്സ്പീയറെ പ്രോത്സാഹിപ്പിച്ചിട്ടില്ലെന്നു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ ഈ മഹാരാജ്ഞിയുടെ പിൻവാഴ്ചക്കാരനായ "ജെയിംസ് ഒന്നാമൻ" സ്വഹസ്തലിഖിതമായ ഒരു അനുമോദനകത്തു നമ്മുടെ കവിക്കയച്ചിട്ടുള്ളതായി തെളിയുന്നുണ്ടു്. മാക്ബത്ത് നാടകത്തിൽ കവി "സ്ററുവെട്ട്" കുടുംബത്തോടു കാണിച്ചിട്ടുള്ള നിഷ്കളങ്കമായഭക്തിയും, കഥാപാത്രങ്ങളെക്കൊണ്ടു പറയിക്കുന്ന പ്രശംസാപദ്യങ്ങളും ആണ് ഇതിനു കാരണഭൂതമായിത്തീൎന്നതെന്നു കാണുന്നുണ്ടു്. പിന്നീടു് സ്വല്പകാലം കഴിഞ്ഞതിൻെറശേഷം "ഗ്ലോബ്" എന്ന നാടകശാലയുടെ രക്ഷാധികാരിത്വം തിരുമനസ്സുകൊണ്ടു സ്വീകരിച്ചപ്രകാരം, രാജകീയാനുവാദം അടങ്ങിട്ടുള്ള രേഖാപ്രമാണത്തിൽ നാടകശാലാപ്രവൎത്തകന്മാരുടെ കൂട്ടത്തിൽ നമ്മുടെ കവിയുടെ പേർ രണ്ടാമതായി പറയപ്പെട്ടിരിക്കുന്നു. രേഖാപ്രമാണത്തിലെ തീയതി 1603-ാമാണ്ടു മേയ്മാസം 29-ാംനു-യാണു്.

അദ്ദേഹത്തിൻെറ ലണ്ടൻ ജീവിതത്തിൽ സ്മരണീയമായിട്ടുള്ള വേറൊരു സംഗതി വെള്ളിയാഴ്ചത്തെരുവിലെ പ്രസിദ്ധമായ മെർമെയിഡ് (Mermaid) മദ്യശാലയിലെ കവിസമ്മേളനമാണ്. വിപുലമായ മനോധർമ്മശക്തിയിലും സ്വഭാവഗുണത്തിലും അത്യന്തം രഞ്ജിപ്പേറിയ ഈ മഹാത്മാക്കളുടെ സഭയിൽ ഷേക്സ്പീയർ, ബോമണ്ട്, ഫ്ളച്ചർ, സെൽഡൻ, കാട്ടൺ, ഡാൻ തുടങ്ങി അനശ്വരമായ യശസ്സ് സമ്പാദിച്ചിരുന്ന പല സാഹിത്യകാരന്മാരും മററു കലാപ്രവർത്തകന്മാരും ഉണ്ടായിരുന്നു. ഷേക്സ്പീയറും ജാൺസണും തമ്മിൽ ഉള്ള സരസങ്ങളായ ഫലിതപ്രയോഗങ്ങളെല്ലാം ഇവിടെവെച്ചാണനുഭവിച്ചത്. ഈ സമ്മേളനങ്ങളെപ്പററി പിന്നീടൊരിക്കൽ ബോമണ്ട് ഒരു കത്തിൽ ഇങ്ങനെ പ്രസ്താവിച്ചു കാണുന്നു.

“ സരസസംഭാഷണങ്ങളാലും, ബുദ്ധിപൂർവ്വം പ്രയോഗിക്കപ്പെട്ട ഫലിതങ്ങളാലും, അന്നു നാം മെർമെയിഡ് മദ്യശാലയിൽ കഴിച്ചുകൂട്ടിയതു് ജന്മാന്തരങ്ങളിൽപോലും വിസ്മരിക്കത്തക്കതല്ല. അതു് കേവലം സ്വർഗ്ഗാനുഭൂതിയായിട്ടാണു് ഞാൻ കരുതിയിരുന്നതു്. ഇനി അങ്ങനെ ഒരു സമയം സന്നിഹിതമാകയില്ലല്ലോ എന്നു വിചാരിച്ചു ഞാൻ മനസ്താപപ്പെടുന്നു.”

# 2. നമ്മുടെ വിദ്യാഭ്യാസാഭിവൃദ്ധി

പ്രാചീനഭാരതത്തിലെ ഗുരുകുലവിദ്യാഭ്യാസ സമ്പ്രദായവും പ്രശാന്തജീവിതവും, അന്തശ്ഛിദ്രങ്ങളാലും ആക്രമണങ്ങളാലും ക്ഷയോന്മുഖമായിത്തീന്നതിൻെറ ശേഷം, ഇംഗ്ലീഷുകാരുടെ ആഗമനത്തോടുകൂടി വിദ്യാഭ്യാസവിഷയത്തിൽ ഒരു പുതിയ പദ്ധതിയാണു പ്രത്യക്ഷമായതു്. പഴയ രീതിയനുസരിച്ചു് സംസ്കൃതം, അറബി മുതലായ ഭാഷകളിൽ തന്നെയോ വിദ്യാഭ്യാസം നൽകേണ്ടതു്, അതോ ഇതെല്ലാം പരിത്യജിച്ചിട്ടു് ഇംഗ്ലീഷിൽ പാശ്ചാത്യജീവിതധമ്മങ്ങളും ശാസ്ത്രതത്വങ്ങളും പഠിപ്പിക്കുന്ന സമ്പ്രദായമോ വേണ്ടതു് എന്നാലോചിച്ചു് ഒരു തീരുമാനവും കൂടാതെ വളരെക്കാലം കഴിഞ്ഞു. ഒടുവിൽ രാജാരാമമോഹൻറായി മുതലായ ഇൻഡ്യയിലെ ചില ഉൽപതിഷ്ണുക്കളുടെ പിൻബലത്തോടുകൂടി ഇംഗ്ലീഷു വിദ്യാഭ്യാസം തന്നെ പ്രതിഷ്ഠിക്കാമെന്നു തീർച്ചപ്പെടുത്തി. ഇങ്ങനെ വില്യം ബെൻറിൻക് പ്രഭുവിൻെറ കാലത്തു് അതായതു്, ഏകദേശം എൺപത്തഞ്ചുകൊല്ലം മുമ്പാണ് ആധുനിക വിദ്യാഭ്യാസത്തിൻെറ അടിസ്ഥാനക്കല്ലിട്ടതു്. ഈ വിദ്യാഭ്യാസരീതി തുടങ്ങിയതിൻെറശേഷം ഇൻഡ്യാക്കാരുടെ രാഷ്ട്രീയബോധം വികസിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഒരു പൊതുഭാഷയുടെ സഹായംകൊണ്ടാണ് അതു സാധിച്ചതെന്നും പറയേണ്ടിയിരിക്കുന്നു. എന്നാൽ അന്നത്തെ ഈസ്റ്റിൻഡ്യാ കമ്പനിക്കാക്കു് ഇൻഡ്യാക്കാരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ അത്രവളരെ താല്പര്യമുണ്ടായിരുന്നില്ല. എങ്കിലും വിദ്യാഭ്യാസത്തിനായി പ്രത്യേകമൊരു വകുപ്പേർപ്പെടുത്തി വേണ്ട വ്യവസ്ഥകൾ സ്ഥാപിക്കയു

ണ്ടായി. അതനുസരിച്ചു് പ്രാഥമികം-ഉപരിപാഠശാല—സർവ്വകലാശാല എന്നിങ്ങനെ വിഭജനക്രമത്തിലുള്ള പഠിത്തവും ഏർപ്പെടുത്തി. ആദ്യമായി സർവ്വകലാശാല സ്ഥാപിച്ചതു് കൽക്കട്ടയിലായിരുന്നു.

ഏറെത്താമസിയാതെ ഭയങ്കരമായ ശിപായിലഹളയുണ്ടായി. പുതിയ വിദ്യാഭ്യാസം നിമിത്തമാണു് ഇതു സംഭവിച്ചതെന്നും, ആകയാൽ ഇനി കൂടുതൽ സൗകര്യങ്ങളൊന്നും ഈ വിഷയത്തിൽ നൽകാൻ പാടില്ലെന്നും, ഉള്ളതുതന്നെ നിർത്തിക്കളയുകയാണ് വേണ്ടതെന്നും മററും ഇംഗ്ലണ്ടിൽ നിന്നും ഭരണസംഘം എഴുതിഅയച്ചു. അന്നു് ഇൻഡ്യാക്കാരോടു് അനുഭാവമുള്ള ഒരു ക്യാനിങ്ങ് പ്രഭുവും, ഒരു ഫ്രെഡ്ഡറിക് ഹാലിഡേയും ഇവിടെ ഇല്ലായിരുന്നു എങ്കിൽ നമ്മുടെ ആധുനിക വിദ്യാഭ്യാസത്തിൻെറ കഥ തൽക്ഷണം കഴിഞ്ഞേനേ.

സർ ഫ്രെഡ്ഡറിക് ഹാലിഡേയുടെ മറുപടിയിൽ, "ധാരാളം വെടിമരുന്നെടുത്തു പല പ്രയോഗങ്ങളും നടത്തുന്ന ഒരുവനു് ചില സൂക്ഷ്മക്കേടുകൾ ഉണ്ടായിരുന്നിട്ടും ആപത്തൊന്നും പററിയില്ല; ഒടുവിൽ ഒരു ചെറിയ തീപ്പൊരി എവിടുന്നോ പറന്നുവീണു് വലിയ തീജ്വാലയുണ്ടായി പല നാശങ്ങളും സംഭവിക്കുന്നു. അതുകൊണ്ടു മേലാൽ ആളുകളാരും തീയുപയോഗിച്ചുകൂടാ എന്നു പറയുന്നതു പോലെയാണു് ഈ ഘട്ടത്തിൽ ആധുനികവിദ്യാഭ്യാസം നിർത്തണമെന്നു സിദ്ധാന്തിക്കുന്നതു്," എന്നും മററും സധൈര്യം പ്രസ്താവിച്ചിരുന്നു. ഏതായാലും, അന്നുമുതൽക്കു് വിദ്യാഭ്യാസവിതരണത്തിൽ പല ആശങ്കകൾക്കും ഇട കൊടുത്തിട്ടുണ്ടെന്നുള്ള വസ്തുത മറയ്ക്കാവുന്നതല്ല.

1858-ാമാണ്ടു് ഇംഗ്ലീഷുകാരുടെ ഭരണസമ്പ്രദായത്തിനു് വലിയ മാററം ഉണ്ടായതോടുകൂടി ഇൻഡ്യയിലെ ആധുനികവിദ്യാഭ്യാസരീതിയിലും ചില ഭേദഗതികൾ ഉണ്ടായി. മാതൃഭാഷകൾ മൂഖേന അധ്യയനം നിവ്വഹിച്ചുവന്ന പ്രാഥമികപാഠശാലകൾ ഗവണ്മെൻറിൻെറ നേരിട്ടുള്ള ഭരണത്തിൽതന്നെ നടത്തണമെന്നു തീച്ചപ്പെടുത്തി. ഈ ഘട്ടത്തിൽ ക്രിസ്തീയമതപ്രചരണാത്ഥം ഇവിടെ വന്ന മിഷ്യനറിമാർ പള്ളിക്കൂടങ്ങൾ നടത്തുവാൻ തുടങ്ങി. അതോടുകൂടി ദേശാഭിമാനികളായ പല ഇൻഡ്യാക്കാരും അവരുടെ നിത്യനാമസ്മാരകങ്ങളായിത്തീർന്ന അനേകം ഉപരിപാഠശാലകൾ സ്ഥാപിക്കുന്നതിനു സന്നദ്ധരായിത്തീന്നു. അക്കൂട്ടത്തിൽ ഈശ്വരചന്ദ്രവിദ്യാസാഗരൻ, പ്രസന്നകുമാരടാഗോർ, ഭൂദേവമുക്കർജി, മഹാറാണി സ്വണ്ണമയി, ദാദാബായി നവറോജി, ബാലഗംഗാധരതിലകൻ, റാനഡേ, സർ സയദ്മഹമ്മദ്, പച്ചയ്യപ്പമുതലിയാർ, ഗോപാലറാവു മുതലായവരുടെ പ്രശസ്തനാമങ്ങൾ നാം എന്നും സ്മരിക്കേണ്ടതാണു്.

ഇൻഡ്യയിലെ ആധുനികവിദ്യാഭ്യാസത്തിൽ അടുത്ത ഘട്ടം 1882-ാമാണ്ടു് സർ വില്യംഹണ്ടറിൻെറ ആദ്ധ്യക്ഷ്യത്തിൽ ഏപ്പെടുത്തിയ കമ്മീഷൻ ആയിരുന്നു. അതിൻെറ ഫലമായി ആരംഭത്തിൽ ഗവണ്മെൻറിൽനിന്നും പ്രതിവഷം വിദ്യാഭ്യാസത്തിനായി അനുവദിച്ചിരുന്ന ഒരു ലക്ഷം രൂപ പത്തുലക്ഷമായി വദ്ധിപ്പിക്കയും, ഗ്രാൻറുപാഠശാലകൾക്കു കൂടുതൽ പ്രോത്സാഹനം നൽകുകയും ചെയ്തു.

റീപ്പൺപ്രഭുവിൻെറ കാലത്തു് പ്രാഥമികവിദ്യാഭ്യാസം പ്രാദേശികഭരണത്തിൻകീഴിലാക്കുകയും, മുനിസിപ്പാലിററികൾ, ഡിസ്ത്രിക്ടു്ബോർഡുകൾ, മുതലായ സ്ഥാപ

നങ്ങൾമൂലം ആയതു നിർവ്വഹിക്കുവാൻ ഏർപ്പാടുചെയ്കയും ചെയ്തതാണു് അടുത്ത ഘട്ടം. പിന്നീടു ഗവൺമെൻറിൻെറ ശ്രദ്ധ സവിശേഷം പതിഞ്ഞതു് ഉപരിപാഠശാലാവിദ്യാഭ്യാസത്തിലായിരുന്നു. ഇതിൻെറ അഭിവൃദ്ധിയിൽ ബ്രിട്ടീഷു ഗവൺമെൻറിനു ചില വൈഷമ്യങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു. ഇംഗ്ലീഷുകാരുടെ ജീവിതമാതൃകകൾ കഴിയുന്നത്ര അനുകരിക്കുവാൻ തുടങ്ങിയ യുവാക്കൾ പരീക്ഷകൾ ജയിച്ച ഉടനെ ഉൽകൃഷ്ടസ്ഥാനാഭിലാഷികളായിത്തീർന്നു. ഇങ്ങനെ ഉയർന്ന ഉദ്യോഗങ്ങൾക്കായി അവകാശങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങിയ അവരുടെ ഭാവഭേദം യാഥാസ്ഥിതികന്മാരും അവിശാലഹൃദയന്മാരും ആയ ചില ഭരണാധികാരികൾക്കു സ്വൈരഭംഗജനകമായിത്തീർന്നതു് അത്യന്തം ആപൽക്കരമായിട്ടാണു പരിണമിച്ചതു്.

കിംബഹുനാ, 1902-ലെ കഴ്സൺ പ്രഭുവിൻെറ സർവ്വകലാശാലക്കമ്മിഷനും, അതിൻെറ ഫലമായ നിയമവും ഇൻഡ്യാക്കാരുടെ രാജ്യാഭിമാനത്തിനു് പ്രതികൂലശക്തികളെ ജനിപ്പിക്കുവാനൊ എന്നു തോന്നുമാറു് ഗവൺമെൻറു യന്ത്രത്തിനനുരൂപമായി ചലിക്കത്തക്ക മരപ്പാവകളെ സർവ്വകലാശാലകളിൽനിന്നും ആണ്ടുതോറും ലക്ഷക്കണക്കിനു പുറത്തേയ്ക്കു തള്ളിവിടുന്നതിനു പര്യാപ്തമായിത്തീർന്നു. കാര്യക്ഷമത ഉദ്ദേശിച്ചാണത്രേ ഈ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തിയതു്. എന്തായാലും അതിനുമുമ്പിൽ നമ്മുടെ വിദ്യാലയങ്ങളിൽ സർവ്വത്ര പ്രസരിച്ചിരുന്ന പരിശുദ്ധവും ശാന്തവും ആയ അന്തരീക്ഷം മലീമസമായിത്തീർന്നു. അത്യുത്സാഹത്തോടുകൂടി ആളുകൾ കെട്ടിപ്പടുത്തുകൊണ്ടുവന്ന കമനീയമായ വിദ്യാഭ്യാസസൌധം ശിഥിലമായി. അതികർക്കശമായ നിയമശക്തിയ്ക്കു് അടിപ്പെട്ടു് അനേകം പാഠശാലകൾ നശിച്ചു; അവയുടെ സ്ഥാനത്തു പുതുതായി പാഠശാലകൾ ഉണ്ടാക്കുവാൻ സാധി

ക്കാതെയും വന്നു. ഫീസു വദ്ധിപ്പിക്കയാലും, ഉപകരണങ്ങൾ വിലപിടിച്ചവയാകയാലും സാധുക്കൾക്കു് ഉൽകൃഷ്ടവിദ്യാഭ്യാസം ലഭിക്കാൻ നിവ്വാഹമില്ലാതായി. മാതൃഭാഷയ്ക്കും അതിലെ സാഹിത്യത്തിനും, അത്യന്തം തുച്ഛമായ, എന്നുവെച്ചാൽ — ഏററവും അപഹാസ്യമായ — ഒരു സ്ഥാനമാണു പുതിയ പരിഷ്കാരത്തിൽ വന്നുകൂടിയതു്. സർവ്വകലാശാലകൾ ദൂരത്തിരുന്നുകൊണ്ടു് പരിശോധന ചെയ്കയും, പരീക്ഷകൾ നടത്തുകയും മതി എന്നായപ്പോൾ ആവക ബാഹ്യജോലികൾക്കായി ഒട്ടുവളരെ പണം ചെലവാക്കേണ്ടതായി വന്നു. ഇംഗ്ലീഷുകാരുടെ സ്വന്തം നാട്ടിലെ അഭിമാനകേന്ദ്രങ്ങളായ ആക്സ്ഫോഡ്, കേംബ്രിഡ്ജ് മുതലായ സർവ്വകലാശാലകളെവിടെ? അവയുടെ അനുകരണങ്ങളായ ഇൻഡ്യയിലെ സർവ്വകലാശാലകളുടെ സീമാസ്തംഭം എവിടെ? നമ്മുടെ ഉൽകൃഷ്ടവിദ്യാഭ്യാസം ഇപ്രകാരമാക്കിത്തീർത്ത കഴ്സൺപ്രഭുവിൻെറ കമ്മിഷനു് നാം ഒരു ദൂരനമസ്കാരം ചെയ്യേണ്ടതാണു്.

ഈ വിദ്യാഭ്യാസപരിഷ്കാരപ്രവാഹത്തിൻെറ ശക്തിമത്തായ തള്ളൽ തിരുവിതാംകൂറിലും എത്താതിരിക്കാൻ നിവൃത്തിയില്ലല്ലോ. 1910-ാമാണ്ടോടുകൂടി കുശാഗ്രബുദ്ധിയായ ഡാക്ടർ മിച്ചൽ പ്രസ്തുതനയത്തിനനുരൂപമായി നമ്മുടെ ആധുനിക വിദ്യാഭ്യാസം ഉടച്ചുവാർത്തതും അതിലേക്കു അദ്ദേഹം നിർമ്മിച്ച ആയുധം—വിദ്യാഭ്യാസനിയമം—അതികഠിനമായി പ്രയോഗിച്ചതും, തന്മൂലം വിദ്യാഭ്യാസലോകത്തിനാകമാനം കുഴപ്പങ്ങളുണ്ടായതും ഇവിടെ സ്മരണീയമാണു്. തിരുവനന്തപുരത്തുനിന്നും അധികമകലെയല്ലാത്ത പാപ്പനംകോടും, എഡ്യുക്കേഷൻകോഡും, പീനൽകോഡും മററു പല കോഡുകളും തമ്മിലുണ്ടായ

കലഹങ്ങളും ഈ പരിഷ്കാരത്തിന്റെ ആദിമദശയെ എന്നും സ്മരിപ്പിക്കുന്നതാണ്.

ഭാരതഖണ്ഡം ഒട്ടുക്കുണ്ടായ വിദ്യാഭ്യാസവിപ്ലവത്തെപ്പററി ആളുകൾക്കൊന്നും ഗന്ധവും ഉണ്ടായിരുന്നില്ല. മിച്ചൽധപരക്കു ധാരാളം പിൻബലമുണ്ടായിരുന്നു എന്നുള്ള കഥ അറിയാതെയാണ് നമ്മുടെ സാധുക്കളായ പ്രജാസഭാമെമ്പറന്മാർ എല്ലാവരുംകൂടി അദ്ദേഹത്തെ തിരുവനന്തപുരം ജൂബിലിഹാളിൽവച്ചു പോരിനു വിളിച്ചതു്. അന്ന്, ആ യുദ്ധം പ്രത്യക്ഷം കണ്ടു രസിച്ചവരിൽ ഒരുവനാണുഞാൻ. പിറേറദിവസം തന്നെ ആളുകൾ പരാജിതരായി സന്ധിയും ഒപ്പിട്ടു; ഏട്ടുകെട്ടുപരീക്ഷ രാജ്യത്തു സ്ഥിരപ്രതിഷ്ഠിതവും ആയി.

ഇംഗ്ലീഷുവിദ്യാഭ്യാസം മൂലമായി നമ്മുടെ രാഷ്ട്രീയബോധം വികസിച്ചു എന്നു പറഞ്ഞുവല്ലോ. അതുപോലെ വേറെയും ഗുണങ്ങളുണ്ടായിട്ടുണ്ടെന്നു സമ്മതിച്ചേതീരു. പക്ഷെ ഇടയ്ക്കുണ്ടായ ചില അനാശാസ്യങ്ങളായ ഭേദഗതികൾ നമുക്ക് ഇച്ഛാഭംഗത്തിനു വഴിയായിത്തീർന്നു. നല്ല മനഃപരിഷ്കാരവും സ്വഭാവസംസ്കരണവും ഉള്ളവരാണ് ആണ്ടുതോറും ബിരുദങ്ങളുംകൊണ്ടു സർവ്വകലാശാലകളിൽ നിന്നും പുറത്തിറങ്ങിയതെങ്കിൽ, നമ്മുടെ വിദ്യാഭ്യാസത്തെപ്പററി നാം തന്നെ അപലപിക്കാൻ ഇട വരുമോ? ഉൽകൃഷ്ട വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ സംഖ്യ വർദ്ധിച്ചാലും വേണ്ടില്ല; അവരെങ്ങിനെയെങ്കിലും കഴിച്ചുകൊള്ളും. എന്നാൽ യാതൊന്നും സമ്പാദിക്കാൻ ശക്തിയില്ലാതെയും, ബിരുദങ്ങൾ ലഭിച്ചതുകൊണ്ടു സ്വാവസ്ഥയിൽ തൃപ്തിവരാതെയും, അനവധി യുവജനങ്ങൾ ഇപ്പോൾ വിദേശങ്ങളിലെന്നപോലെ ഇവിടെയും തപ്പി

ത്തിരിയുന്നുണ്ടു്. ഇവരെപ്പററിയായിരിക്കാം അട്ടത്തതവണ ധരണിദേവി വിരിഞ്ചലോകത്തുചെന്നു്

"ബിരുദജനങ്ങടെ ഭാരമേവ ഭാരം"

എന്നുസങ്കടപ്പെടാൻ നിശ്ചയിച്ചിരിക്കുന്നതു്. ഇങ്ങനെ സംഭവിച്ചതു എന്തുകൊണ്ടു്? നമ്മുടെ പ്രാഥമികവും, ഉപരിപാഠശാലാപ്രധാനവും ആയ വിദ്യാഭ്യാസപദ്ധതി നാം തന്നെയാണു നയിക്കുന്നതെങ്കിലും, 1904-ലെ നിയമപ്രകാരം രൂപവൽക്കരിച്ചിട്ടുള്ള സവ്വകലാശാലയ്ക്കു് അതിന്മേലുള്ള ശക്തിമത്തായപ്രേരണ വളരെ ദോഷകരമായി പരിണമിച്ചിട്ടുണ്ടു്. ഒന്നാമതായി കാണുന്ന ദോഷം, ധനികനേയും നിദ്ധനനേയും, ബുദ്ധിയുള്ളവനേയും ഇല്ലാത്തവനേയും, ഉത്സാഹശീലനേയും മന്ദബുദ്ധിയേയും, വികൃതിയേയും സൽസ്വഭാവിയേയും ഒരുമിച്ചിരുത്തി ഒരേ സീമാസ്തംഭത്തിലേയ്ക്കു് ആട്ടുംപററങ്ങളെ കൊണ്ടുപോകും പോലെ അദ്ധ്യയനം നിവ്വഹിച്ചുവരുന്നു എന്നുള്ളതാണു്. ജാതിമതഭേദങ്ങളല്ല ഞാനിവിടെ സൂചിപ്പിച്ചതു്. ബുദ്ധിഗുണങ്ങളാണെന്നു വായനക്കാർ വിചാരിക്കുമല്ലോ. അതുകൊണ്ടു വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾ കോപിച്ചേയ്ക്കരുതു്. ഇങ്ങനെ മുന്നോട്ടുപോകുന്നവക്കു പരീക്ഷകൾമാത്രമേ ഒരു മാനദണ്ഡമായിരിക്കുന്നുള്ളു. എന്നാൽ കുറെപ്പേരെ അകററിനിത്തുക എന്നല്ലാതെ, ഈ പരീക്ഷകൊണ്ടു വലിയ മെച്ചമൊന്നും ഇപ്പോൾ കാണുന്നില്ല. എന്നുമാത്രമല്ല, പരീക്ഷയുടെ കാഠിന്യം കുറച്ചിട്ടും, പാഠ്യവിഷയങ്ങൾക്കു ലാഘവം വരുത്തീട്ടും, മാക്കുകളുടെ ശതമാനം വളരെത്താഴ്ത്തീട്ടും അധികം വിദ്യാത്ഥികളും തോററു പിന്മാറുകയാണുചെയ്യുന്നതു്. പരീക്ഷാവിഷയകമായി പണ്ടും ഇപ്പോഴും ഉള്ള

വ്യത്യാസംതന്നെ നോക്കുക:— ഞാൻ എഫ്. ഏയ്ക്ക് പഠിച്ചിരുന്ന കാലത്തു പാഠ്യവിഷയങ്ങളിലെല്ലാം ഒരേ സമയത്തു ജയിക്കണമെന്നായിരുന്നു ചട്ടം. ഓരോ വിഷയത്തിലും പ്രത്യേകമായി എത്ര പ്രാവശ്യം ജയിച്ചാലും ഫലമില്ല. എന്റെ സതീർത്ഥ്യന്മാരിലൊരാൾ ഒരു ഉദ്യോഗത്തിനപേക്ഷിച്ചപ്പോൾ, ഓരോ വിഷയത്തിലും പ്രത്യേകം നോക്കുകയാണെങ്കിൽ താൻ ചുരുങ്ങിയപക്ഷം രണ്ടു പ്രാവശ്യമെങ്കിലും എഫ്. ഏ. ജയിച്ചിട്ടുണ്ടെന്നും, ഒരു പ്രാവശ്യത്തെ മാത്രം വകവച്ചുകൊണ്ടെങ്കിലും, ജോലി കൊടുക്കണമെന്നും പ്രാർത്ഥിച്ചിരുന്നു. ഇപ്പോളാകട്ടെ, എല്ലാ വിഷയങ്ങളും ഓരോന്നായി ജയിച്ചുകൊണ്ടാൽ മതി. എല്ലാം ജയിക്കുമ്പോഴേയ്ക്കും ഷഷ്ടിപൂർത്തിയാകുമോ എന്നേ സംശയിക്കേണ്ടതുള്ളു.

നമ്മുടെ ആധുനികവിദ്യാഭ്യാസത്തിന്റെ മാതൃക, ഇംഗ്ലീഷുകാർ നിർദ്ദേശിച്ചതാണെന്നു പറഞ്ഞുവല്ലോ. എന്നാൽ അവരുടെ നാട്ടിലാകട്ടെ, സ്കൂൾഫൈനൽ പോലുള്ള ഒരു പരീക്ഷ ജയിച്ചു കഴിയുമ്പോഴേയ്ക്കും ഒരു വിദ്യാർത്ഥിയ്ക്കു നിശ്ചിതമായ ഒരു ജീവിതമാർഗ്ഗത്തിൽ ചെന്നു ചേരത്തക്കവിധത്തിലുള്ള പരിപൂർണ്ണജ്ഞാനം ലഭിക്കുന്നു. അതിന്റെശേഷം അയാളുടെ വാസന അനുസരിച്ച് ഉൽകൃഷ്ടവിദ്യാഭ്യാസത്തിനു കാളേജിലേയ്ക്കോ, വ്യവസായപരിശീലനത്തിനു സാങ്കേതികവിദ്യാലയങ്ങളിലേയ്ക്കോ, സൈന്യവകുപ്പിലേയ്ക്കോ, നാവികവൃത്തിയ്ക്കോ പോകാവുന്നതാണ്. ഇവിടെയാകട്ടെ എല്ലാവർക്കും കാളേജ് അല്ലെങ്കിൽ സർക്കാർ ജോലി. ഇവർക്ക് യാതൊരു വ്യവസായവിദ്യാഭ്യാസത്തിനും തരമില്ലാത്തതുകൊണ്ടു ലോകത്തോടു കലഹിച്ചു നാട്ടിലെ സ്വാതന്ത്ര്യവും നശിപ്പിക്കുന്നു. ഇവർക്കും ലോകത്തിനും ക്ഷേമമുണ്ടാകണമെങ്കിൽ, സ്വയം കാലക്ഷേപമാർഗ്ഗങ്ങൾ

അന്വേഷിക്കാനുള്ള ശക്തി ഉണ്ടാകണം. ഇതു വ്യവസായവിദ്യാഭ്യാസംകൊണ്ടേ സിദ്ധിക്കയുള്ളൂ. ഇത്രയും പറഞ്ഞാലുടൻ ആ ഭാരം ഗവൺമെൻറിനാണല്ലോ എന്നു ചോദിക്കുന്നവർ ധാരാളം ഈ നാട്ടിലുണ്ടെന്നെനിക്കറിയാം. എന്നാൽ പരിഷ്കൃതരാജ്യങ്ങളിലെ സമ്പ്രദായം എന്താണെന്ന് അവർ നോക്കിപ്പഠിക്കട്ടെ. എന്തിനു ദൂരെപ്പോകുന്നു? പക്ഷിമൃഗാദികൾപോലും എന്താണുചെയ്യുന്നത്? അവയുടെ ശിശുക്കളെ സ്വതന്ത്രമായി ജീവിക്കുവാൻ ശക്തിയുണ്ടാകുന്നതുവരെ മാത്രമല്ലേ വളർത്തുന്നുള്ളു? അതുപോലെ നമ്മുടെ കുട്ടികൾക്കും ആത്മരക്ഷാമാർഗ്ഗങ്ങൾ കണ്ടുപിടിച്ചുകൊടുക്കേണ്ടതു് നമ്മുടെ ധർമ്മമല്ലേ? ഈ വിഷയത്തെപ്പററി ഒട്ടുവളരെപ്പറയാനുള്ളതു ചുരുക്കുന്നു.

ഉപരിപാഠശാലയിൽ നിന്നും കാളേജുകളിലേക്കു പ്രവേശിച്ചാൽ വിദ്യാർത്ഥികളുടെ ബുദ്ധി വികസിക്കുന്നുണ്ടെന്നുള്ള കാര്യം വിസ്മരിക്കാവുന്നതല്ല. പക്ഷേ, ഞാൻ മുമ്പു പറഞ്ഞ യന്ത്രത്തിരിച്ചിലിനു വശംവദരായി ഉള്ള തൻേറടങ്ങളെല്ലാം കളഞ്ഞിട്ടു കേവലം ബാഹ്യോപകരണജീവികളായി വർത്തിക്കുന്ന സംഗതിയും മറയ്ക്കാവുന്നതല്ല.

പ്രധാനമായി അവരെ അഭിമുഖീകരിക്കുന്ന ഒരു വൈഷമ്യം വിദേശഭാഷാപഠനമാകുന്നു. ഇംഗ്ലീഷ് ഇപ്പോൾ ലോകവ്യവഹാരത്തിൽ അപരിത്യാജ്യമായിത്തീർന്നിട്ടുണ്ടെന്നുള്ളതും, അതിലെ സാഹിത്യം അമൂല്യങ്ങളായ ജീവിതാദർശങ്ങൾ തരുന്നുണ്ടെന്നുള്ളതും സർവ്വസമ്മതമാണ്. പക്ഷേ വിവിധരാജ്യങ്ങളിൽ ഭിന്നങ്ങളായ ശീതോഷ്ണാവസ്ഥകളിൽ വസിക്കുന്ന ജനങ്ങൾക്കു സമാനധർമ്മങ്ങൾ നിർദ്ദേശിക്കുന്നതും, പോരെങ്കിൽ ബലാല്ക്കാരമായി ചെലുത്തു

ന്നതും, ദോഷകരമാണെന്നു് ശാസ്ത്രകാരൻപോലും സമ്മതിക്കുന്നതാണു്. അതുമാത്രമോ ? വിദേശീയഭാഷ വ്യവഹാരജ്ഞാനത്തിനുമാത്രം മതി എന്നിരിക്കെ അതു വിവരിച്ചു പഠിക്കയും ആ വിധത്തിൽ വളരെസ്സമയം കളയുകയും ചെയ്യുന്നതു് അത്യന്തം ശോച്യമായിരിക്കുന്നു.

തൽക്കാലം ഇതു ഒഴിച്ചുകൂടാൻ പാടുള്ളതല്ല. * ഇംഗ്ലീഷ് ഭരണകർത്താക്കളുടേതും നാട്ടുഭാഷ ഭരണീയരായ നമ്മുടേതുംആണു്. ആകയാൽ ആ വിദേശഭാഷയെ ആദരിച്ചേ തീരു എന്നാണു വന്നിരിക്കുന്നതു്. എന്നാൽ നമ്മുടെ ജീവിതാദർശങ്ങൾക്കു നിദർശകങ്ങളായ ഭാഷയും സാഹിത്യവും നാം ഉപേക്ഷിക്കണമെന്നുണ്ടോ ? ഇംഗ്ലീഷു സാഹിത്യം നമ്മുടെ പാഠശാലകളിൽ പഠിപ്പിക്കുന്നതോടു കൂടി സംസ്കൃതം, അറബി മുതലായ സാഹിത്യങ്ങളിലെ ജീവിതാദർശങ്ങൾകൂടി വിദ്യാർത്ഥികളെ മനസ്സിലാക്കേണ്ടതു് അത്യാവശ്യമാകുന്നു. നമ്മുടെ നാട്ടിനെ സംബന്ധിച്ചിടത്തോളം മലയാളത്തിൽ പ്രസ്തുത ഭാഷകളിൽനിന്നും വിവർത്തിതങ്ങളായും മററും ഉണ്ടായിട്ടുള്ള കൃതികളോടു് ഇംഗ്ലീഷദ്ധ്യാപകന്മാർക്കു പരിചയം ഉണ്ടായിരിക്കണം എന്നു പറയുന്നതു് അനാവശ്യമാവുകയില്ല. ചുരുക്കിപ്പറഞ്ഞാൽ നാട്ടുഭാഷാപ്രാവീണ്യം ഏതു വിദേശഭാഷ പഠിപ്പിക്കുന്ന ആൾക്കും അപരിത്യാജ്യമെന്നു വന്നുകൂടുന്നു.

ഇങ്ങനെ നമ്മുടെ ആധുനികവിദ്യാഭ്യാസം സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ നാം അംഗീകരിച്ചിട്ടുള്ള പദ്ധതി പ്രഥമദൃഷ്ടിക്കു തൃപ്തികരമായി തോന്നുമെങ്കിലും ആന്തരമായി അതിനുള്ള വില വളരെ കുറയുമെന്നും കാണാവുന്നതാണു്. പക്ഷേ നാം വളരെക്കാലമായി ധരിച്ചുവരുന്ന ഈ വേഷം എളുപ്പത്തിൽ അഴിച്ചുകളയാവുന്നതല്ലെന്നും

കളയുന്നതുകൊണ്ടു പ്രയോജനമില്ലെന്നും ഓൎക്കേണ്ടതാണു്. സംഘടന നാം പാശ്ചാത്യരിൽ നിന്നും പഠിച്ചതാണു്. പക്ഷെ മനോഹരവും ബലമേറിയതും ആയ ഈ ശരീരത്തിലെ ആത്മാവു് നമ്മുടെതന്നെ ആണോ എന്നും, അതിനു എത്രമാത്രം ബാഹ്യപ്രേരണകൾ കടന്നുകൂടിട്ടുണ്ടെന്നും അന്തൎലീനങ്ങളായ ശക്തികൾ ക്ഷയോന്മുഖങ്ങളായിത്തീൎന്നിട്ടുണ്ടെങ്കിൽ അവയെ പൂൎവ്വാവസ്ഥയിലേക്കു് നയിക്കാൻ യത്നിക്കേണ്ടതല്ലയോ എന്നും ആലോചിച്ചു് തദനുസരണമായി പ്രയത്നിച്ചാൽ കൊള്ളാം.

ഇപ്പോൾ തന്നെ പ്രാദേശികഭരണത്തിനു വിട്ടുതന്നിരിക്കുന്ന വിദ്യാഭ്യാസത്തിനു അധികകാലതാമസം കൂടാതെ പൂൎണ്ണസ്വാതന്ത്ര്യം കിട്ടിയേക്കാനിടയുണ്ടു്. അങ്ങനെയാണെങ്കിൽ നമുക്കുവേണ്ട പരിഷ്ക്കാരങ്ങൾ നടപ്പാക്കാമല്ലോ. ഒന്നാമതായി ഗവണ്മെന്റും ജനങ്ങളും കൂടി വേണ്ടപോലെ പൎയ്യാലോചന കഴിച്ചതിന്റെ ശേഷം, വിദ്യാഭ്യാസവിഷയകമായി ഇനി വരുത്തേണ്ട പരിഷ്ക്കാരങ്ങളുടെ ഒരു പ്ലാൻ തയ്യാറാക്കണം. നാട്ടിനു് ആകപ്പാടെ ഉണ്ടാകേണ്ട ഗുണമല്ലാതെ ഓരോ പ്രത്യേക സമുദായത്തേയോ വൎഗ്ഗത്തേയോ ലക്ഷ്യീകരിച്ചുള്ള ഏൎപ്പാടൊന്നും ആവശ്യമില്ല. വിദ്യാഭ്യാസപ്രവീണന്മാരും ഉല്പതിഷ്ണുക്കളും ആയ പൌരന്മാരുടെ അഭിപ്രായങ്ങൾ സാദരം സ്വീകരിച്ചു് നിയമനിൎമ്മാണസഭാമുഖാന്തരം ഗവണ്മെന്റു മുമ്പാകെ സമൎപ്പിച്ചു വേണ്ടതുപോലെ വാദിച്ചു നടപ്പിൽ വരുത്തുന്നതിനു ശേഷിയും ശേമുഷിയും ഉള്ള ഒരു മേലദ്ധ്യക്ഷൻ നമുക്കെന്നും ഉണ്ടായിരിക്കണം.

ഈ രണ്ടു സംഗതികളും ശരിയായിക്കഴിഞ്ഞാൽ ആധുനികവിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്കു നൽകുന്നതിൽ

നമ്മുടെ പ്രധാന ഉദ്ദേശ്യങ്ങൾ എന്തെല്ലാമാണെന്നാണ് ആലോചിപ്പാനുള്ളത്. പലരും പലവിധം അഭിപ്രായപ്പെടുന്നു. വിദ്യാഭ്യാസത്തിൽ നേരിട്ടു പ്രവൎത്തിക്കുന്നവൎക്കല്ലാതെ ശരിയായ ധാരണയുണ്ടാകാൻ പ്രയാസമാണ്. ചിലർ ബുദ്ധിസംസ്കാരവും, സ്വഭാവരൂപവൽകരണവുമാണ് വിദ്യാഭ്യാസോദ്ദേശ്യങ്ങൾ എന്നു വാദിക്കുന്നു. മററു ചിലർ ആത്മരക്ഷോപായങ്ങളെ സമ്പാദിക്കാനാണെന്നു ശഠിക്കുന്നു. ഈശ്വരഭക്തി, പൌരധൎമ്മം, സമസൃഷ്ടിസ്നേഹം ഇങ്ങനെ ഇതരോദ്ദേശ്യങ്ങളും നിർദ്ദേശിച്ചുകാണുന്നുണ്ട്. എന്നാൽ പ്രത്യക്ഷം ഒരുദ്ദേശ്യം എവിടേയും ഉള്ളതു് സൎക്കാരുദ്യോഗലാഭമാണ്. അക്കാൎയ്യം വരുമ്പോൾ മററു ധൎമ്മബുദ്ധിയെല്ലാം ചുവടേ മറിയും. വിദേശീയഭാഷ നമുക്കു വേണ്ടെന്നു് എല്ലാവരും മുറവിളികൂട്ടുന്നു. പക്ഷെ സൎക്കാരുദ്യോഗം കിട്ടാൻ അതു് എത്ര ബുദ്ധിമുട്ടിയെങ്കിലും വശമാക്കാം.

ആകപ്പാടെ നോക്കുന്നതായാൽ ആധുനികവിദ്യാഭ്യാസത്തിൻെറ ഉദ്ദേശ്യങ്ങൾ ഇന്നതെന്നു ഖണ്ഡിതമായിപ്പറവാൻ മേലാത്ത വിധത്തിൽ അവ നാനാവിധങ്ങളായിരിക്കുന്നു. ഈ കുഴപ്പത്തിൽ വിദ്യാൎത്ഥികളുടേയും രക്ഷാകൎത്താക്കളുടേയും എന്നുവേണ്ട ഗവണ്മെൻറിൻേറയും നില അത്യന്തം വിഷമമെന്നു പറയാതെ നിവൃത്തിയില്ല. ഈ ധൎമ്മസങ്കടത്തിൽ നമുക്കെല്ലാവൎക്കും ഏകാശ്രയസ്ഥാനമായിരിക്കുന്നതു് അദ്ധ്യാപകനാണെന്നു വിശേഷിച്ചു പറയേണ്ടതില്ല. ആകയാൽ ആധുനികവിദ്യാഭ്യാസത്തിലും തന്മൂലം ലോകക്ഷേമകാൎയ്യങ്ങളിലും, പ്രധാന ചുമതലക്കാരൻ അദ്ധ്യാപകനാണെന്നു വന്നുകൂടുന്നു. അദ്ധ്യാപകൻ സ്രഷ്ടാവും, വിദ്യാൎത്ഥികൾ സൃഷ്ടിസാധനങ്ങളുമത്രെ! ഏത്ര മഹത്തായ ഉദ്ദേശ്യമാണ് ഒരു ഉത്തമനായ അദ്ധ്യാ

പകനു വിദ്യാഭ്യാസവിഷയമായി നിറവേററാൻ മേലാത്തതു്? വിദ്യാർത്ഥികളുടെ കാര്യത്തിൽ പരിതസ്ഥിതികൾക്കും പ്രേരണയുണ്ടെന്നുള്ള പരമാർത്ഥം സമ്മതിച്ചേ തീരു. പക്ഷെ നമ്മുടെ നാട്ടിലെ പരിതസ്ഥിതികൾ ഇനിയും തൃപ്തികരമായിത്തീർന്നിട്ടില്ലെന്നു വ്യസനിക്കേണ്ടിയിരിക്കുന്നു. ആ സ്ഥിതിക്കു് അദ്ധ്യാപകൻെറ പ്രേരണ ഒന്നുമാത്രമേ ബലവത്തായി ശേഷിക്കുന്നുള്ളു.

അദ്ധ്യാപകനു തൻെറ ശിഷ്യനാണെന്നു് അഭിമാനിക്കത്തക്ക വിദ്യാർത്ഥിയും, ശിഷ്യനു തൻെറ ഗുരുവാണെന്നു പ്രഖ്യാപനം ചെയ്യത്തക്കവിധത്തിൽ ബഹുമാനാസ്പദനായ ഗുരുവും ഇപ്പോൾ വളരെ ഉണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ആകയാൽ നമ്മുടെ വിവിധവിദ്യാലയങ്ങളിൽ അദ്ധ്യാപകവൃത്തി ജീവിതവൃത്തിയായി സ്വീകരിച്ചിട്ടുള്ള മാന്യന്മാർ മുഖാന്തരമായിട്ടല്ലാതെ, ആധുനിക വിദ്യാഭ്യാസത്തെ പുനരുജ്ജീവിപ്പിച്ചു് അതിൽനിന്നും നഷ്ടമായിത്തീർന്നിട്ടുള്ള വിശിഷ്ടാംശങ്ങൾ വീണ്ടും നൽകുന്നതിനു സാധിക്കുന്നതല്ല.

വിദ്യാഭ്യാസരീതികൾ അനേകവിധമായിരുന്നാലും അവയുടെയെല്ലാം പരമോദ്ദേശ്യം 'ആത്മവികാസം' ആകുന്നു. ആത്മാവിലന്തർല്ലീനങ്ങളായിരിക്കുന്ന ശക്തിവിശേഷങ്ങളെ പ്രകടിപ്പിച്ചു പരീക്ഷിക്കാനുള്ള ഉപകരണമത്രെ മനുഷ്യജീവിതം. ആകയാൽ മനുഷ്യൎക്കു വിദ്യാഭ്യാസത്തോളം ശ്രേഷ്ഠമായിട്ടുള്ള ഇതരകൃത്യമില്ലെന്നാണു് മഹാകവി ബ്രൌണിങ്ങ് പാടിട്ടുള്ളതു്. ഈ ഉദ്ദേശ്യം എല്ലായ്പോഴും മുൻനിറുത്തിക്കൊണ്ടു നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസം നിൎവ്വഹിക്കുന്നപക്ഷം സാമഗ്രികളുടെ ദൗൎലഭ്യം കൊണ്ടു വരാവുന്ന ആപത്തുകളെല്ലാം നിഷ്പ്രയാസം പരിഹരിക്കാമെന്നാണു് എനിക്കു തോന്നുന്നതു്.

* ഈ ഉപന്യാസം 14 കൊല്ലം മുമ്പു് എഴുതിയതാണു്.

# 3. വിശ്വചരിത്രം.

യൂറോപ്പിലെ ഘോരസമരത്തോടുകൂടി നമ്മുടെ ലോകചരിത്രത്തിന് ഒരു വലുതായ ഭേദഗതി ഉണ്ടായിട്ടുണ്ട്. പരിഷ്കൃതലോകത്തിൻെറ ഏതെങ്കിലും ഒരു ഭാഗത്തു വല്ല ഹാനിയും തട്ടിയാൽ, അതു് എല്ലായിടത്തും പ്രകടമായിത്തീരും എന്നുള്ള പരമാൎത്ഥം നമുക്കിപ്പോൾ മനസ്സിലായി. ഈ സംഗതി നമ്മെ ഏകയോഗക്ഷേമത്തിലേയ്ക്കു വഴികാണിക്കുന്നു എന്നു നിസ്സംശയം പറയാം. ഈ സിദ്ധാന്തത്തെ പുരസ്ക്കരിച്ചുണ്ടാകുന്ന ലോകചരിത്രം വിശ്വജനീനമായ സാഹിത്യത്തിൽ പ്രതിഷ്ഠിതമായിത്തീരേണ്ടതാണ്.

ഇങ്ങനെ സമഷ്ടിയായ ഒരു ലോകചരിത്രം നിൎമ്മിയ്ക്കേണ്ട കാലം ഇതാ ആസന്നമായിരിക്കുന്നു. ലോകത്തിലെ ഓരോ പ്രത്യേക ഭാഗങ്ങളിലായി നടന്നിട്ടുള്ള സംഭവങ്ങളെല്ലാം കൂട്ടിയിണക്കി ഒരു സമ്പൂൎണ്ണ ലോകചരിത്രത്തിൻെറ ഏതാണ്ടൊരു ഛായ മാത്രം ഗ്രഹിച്ചുവന്ന നമുക്ക്, മനുഷ്യ ജീവചരിത്രവിഷയമായി പ്രകാശിതങ്ങളായിട്ടുള്ള അനേകം ശാഖകൾ ഏററവും സൌഭാഗ്യകരമായ വിധത്തിൽ സമ്മേളിപ്പിച്ചു് ഒരു വിശ്വചരിത്രം ഉൽപ്പാദിപ്പിക്കുന്നതിന് ഇനി സാധിക്കുമെന്നുള്ളതു് നിരാക്ഷേപമായ ഒരു സംഗതി ആകുന്നു. എന്നുമാത്രമല്ല, അതിവിദൂരമായ ഭൂതകാലം പോലും ചരിത്രാതീതം എന്നു പറഞ്ഞിരുന്നതു് ഇപ്പോൾ മനുഷ്യാന്വേഷണത്തിൻെറ ഫലമായി വളരെ അടുത്തു വന്നിരിക്കുന്നു. ശബ്ദശാസ്ത്രം ആദിമനുഷ്യരുടെ ഐക്യത്തെ നിർദ്ദേശിക്കുന്നു. ഇങ്ങനെ ഓരോ വകുപ്പുക

ളിലായി നോക്കുമ്പോഠം ചരിത്രതത്വം സവ്സഹോദര സ്നേഹത്തിലേയ്ക്കു നമ്മെ നയിക്കുന്നതാണ്. ചരിത്രം രാഷ്ട്രീയകാര്യ്വം മാത്രം പ്രതിപാദിക്കുന്നതാണെന്നുള്ള മിത്ഥ്യാബോധമാണ് നമ്മെ വഴിതെററിക്കുന്നതു്.

ആദ്യചരിത്രകാരന്മാർ ചരിത്രത്തിൻെറ സവ്വ്യാപകമായ ലക്ഷണത്തെ പുരസ്കരിച്ചുതന്നെയാണ് കൃതികഠം രചിച്ചതെന്ന് തെളിയുന്നുണ്ട്. 'ഹെറോഡോട്ടസ്' ഏഷ്യയും യൂറോപ്പും തമ്മിലുള്ള യുദ്ധങ്ങളാണ് അദ്ദേഹത്തിൻെറ ചരിത്രഗ്രന്ഥത്തിന് വിഷയീഭവിപ്പിച്ചിട്ടുള്ളതു്. അക്കാലത്തെ പല ദേശചരിത്രങ്ങളും നമുക്ക് ആ കൃതിയിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. ഭൂമിശാസ്ത്രവും അദ്ദേഹം ചരിത്രരചനയ്ക്കു് അപരിത്യാജ്യമായിട്ടാണ് വിചാരിച്ചിട്ടുള്ളതു്. അയൽരാജ്യവാസികളുടെ വൃത്താന്തവും സ്വരാജ്യചരിത്രത്തിൽ അദ്ദേഹം ഉഠംപ്പെടുത്തിയതു് അനന്തരചരിത്രകാരന്മാക്ക് ഒരു മാഗ്ഗദശനം ആയിത്തീന്നു. അക്കൂട്ടത്തിൽ 'പാളിബിയസ്സ്' ആണ് ആദ്യമായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു്. ചരിത്രവാസ്തവങ്ങളെ അദ്ദേഹം ശാസ്ത്രദൃഷ്ട്യാ പരിശോധിച്ചുനോക്കി. 'കണ്ണീലിയസ്സ് നീപ്പാസ്' കാലഗണനക്രമത്തെയും ഇദംപ്രഥമമായി ചരിത്രത്തിൽ സ്വീകരിച്ചു. ഇവരെക്കാഠം അവ്വാചീനനായ 'സെയിൻറ് അഗസ്റ്റീൻ' തുടച്ച്യയായ ചരിത്രം എഴുതി ഉണ്ടാക്കുന്നതിൽ വളരെ പാടവം കാണിച്ചിട്ടുണ്ട്. ഈ കൂട്ടത്തിൽപെട്ട ആദ്യത്തെ ആധുനികചരിത്രകാരൻ 'വാഠംട്ടർ റാലി'യാണ്. റാലിക്കു ശേഷം ലോകചരിത്രം എഴുതാൻ ഉദ്യമിച്ച മഹാൻ 'ലിയോപ്പാഠംഡ് റാൻകെ' ആകുന്നു. ഇവരുടെ കൃതികളിലെല്ലാം പല രാജ്യങ്ങളിലേയും ഏകകാലത്തെ ചരിത്രം രേഖപ്പെടുത്തുവാനുള്ള യത്നം കാണുന്നുണ്ടെങ്കിലും, അന്യോന്യാശ്രയഭാവം വളരെ കുറയും. എന്നാൽ ചുരുക്കം ചിലർ വിവിധരാജ്യങ്ങളിൽ

നടന്നിട്ടുള്ള സംഭവങ്ങൾക്ക് പരസ്പരാപേക്ഷ കണ്ടുപിടിക്കാൻ ശ്രമിച്ചിട്ടും ഇല്ലെന്നില്ല. ചില പ്രത്യേക കാരണങ്ങളിൽനിന്നും ഉണ്ടാകുന്ന ഫലങ്ങൾ ഏറെക്കുറെ നിയതങ്ങളായിരിക്കയാൽ സാമാന്യസിദ്ധാന്തങ്ങളെ സംബന്ധിച്ചിടത്തോളം ചരിത്രത്തിന് തത്വശാസ്ത്രത്തിന്റെ വിലയുണ്ടെന്നാണ് വച്ചിരിക്കുന്നതു്. ഇങ്ങനെ വൃത്താന്തബഹുലമായ ചരിത്രത്തിന് പ്രാധാന്യം സിദ്ധിച്ചു.

ഈ ചരിത്രപ്രസ്ഥാനത്തിൽ പ്രാധാന്യം വഹിക്കുന്നതു ട്യൂണിസ്സിലെ 'ഇബൻഖാൻദൂൻ' എന്ന അറബി ചരിത്രകാരനാകുന്നു. അനന്തരകാലത്തു് ഇററലിയിലെ 'വിച്ചോ' എന്ന ചരിത്രപണ്ഡിതനും ഈ വിഷയത്തിൽ ജഗൽപ്രസിദ്ധനായിത്തീർന്നിട്ടുണ്ട്. ഹെഗലിന്റെ 'ചരിത്രതത്വം' എന്ന ഗ്രന്ഥം വായനക്കാരിൽ ചിലരെങ്കിലും അറിഞ്ഞിരിക്കുമല്ലോ. ഈ ചരിത്രഗ്രന്ഥങ്ങൾ നമുക്ക് വളരെ ഉപകാരപ്രദങ്ങളായിത്തീർന്നിട്ടുണ്ട്. സമുദായവാസം അംഗീകരിക്കാൻ നിർബന്ധിതനായ മനുഷ്യന്റെ ഭൂതചരിത്രത്തിൽനിന്നും ഭാവിചരിത്രം ശരിയായി അനുമാനിക്കാൻ ചരിത്രം നമ്മെ സഹായിക്കുമെങ്കിൽ ശാസ്ത്രദൃഷ്ട്യാ അതിനുള്ള പ്രാധാന്യം അനപലപനീയമാണല്ലോ. ഇങ്ങനെ ചരിത്രതത്വം ശരിയായി ഗ്രഹിച്ചിട്ടുള്ളവർക്കു ലോകത്തിന്റെ ഭാവിയെ ദീർഘദർശനം ചെയ്യാനും സാധിക്കുന്നതാണ്.

പല രാജ്യങ്ങളിലേയും ചരിത്രങ്ങളെ പുരസ്കരിച്ച് ഒരു സമ്പൂർണ്ണലോകചരിത്രം ഉണ്ടാക്കാൻ ശ്രമിക്കുന്നതുപോലെയുള്ള ബുദ്ധിമുട്ടുകളില്ലാത്ത മറെറാരു ചരിത്രനിർമ്മാണമാർഗ്ഗമുണ്ട്. ഭൂമിശാസ്ത്രമല്ല, ഇതിന് ആസ്പദമായി നിൽക്കുന്നതു്. പിന്നെയോ, മനുഷ്യന്റെ സംസ്കാര

മാകുന്നു. സംസ്കാരമെന്നാൽ മനഃപ്പരിഷ്കാരം തന്നെ. മനഃപ്പരിഷ്കാരത്തിന്റെ മൂലതത്വങ്ങൾ ലോകത്തിലെ മിക്ക ജാതിക്കാരുടെ ഇടയിലും പ്രായേണ ഒന്നുപോലെ തന്നെ ഇരിക്കും. ആകയാൽ, ഓരോ ദശാവിശേഷങ്ങളുടെ സ്ഥിതിഗതികൾ പരിശോധിച്ചുനോക്കിയാൽ മനുഷ്യരുടെ ജീവിതപരിഷ്കാരത്തിനു ക്രമപ്രവൃദ്ധമായ വളർച്ചയും അതിനൊരു ഏകരീതിത്വവും നിഷ്പ്രയാസം കാണാവുന്നതാണ്. അപ്പോൾ ഏതെങ്കിലും ഒരു ജാതിയിലുൾപ്പെട്ട വ്യക്തികളെ പ്രത്യേകം പരാമർശിക്കാതെ, ആ ജാതിക്കാരുടെ സംസ്കാരം മാത്രം നോക്കിക്കൊണ്ടു ചരിത്രം എഴുതാവുന്നതാണ്. ഇങ്ങനെ നമുക്കു മനുഷ്യരുടെ വ്യവസായം, കച്ചവടം, രാജ്യസഞ്ചാരം, പ്രകൃതിശാസ്ത്രം, സാഹിത്യം സന്മാർഗ്ഗം മുതലായ ഓരോ സമ്പൂർണ്ണചരിത്രം എഴുതി ഉണ്ടാക്കാം. ഇതെല്ലാംകൂടി പൂർവ്വാപരവിരുദ്ധമല്ലാത്ത വിധത്തിൽ യോജിപ്പിക്കുന്നതായിരുന്നാൽ, അതുതന്നെയായിരിക്കും ശരിയായ ലോകചരിത്രം.

മുൻ വിവരിച്ച ഓരോ പ്രവൃത്തിശാഖകളിൽ ഏതു രാജ്യക്കാർ അല്ലെങ്കിൽ ജാതിക്കാർ ആണോ മുന്നിട്ടു നിൽക്കുന്നതു്, ആ രാജ്യക്കാരേയോ അല്ലെങ്കിൽ ജാതിക്കാരേയോപററി ലോകചരിത്രത്തിൽ കൂടുതലായി പ്രസ്താവിക്കേണ്ടിവരും. മററു ചില രാജ്യക്കാരെപ്പററി ഒന്നും തന്നെ പ്രസ്താവിക്കാനില്ലാതേയും വന്നേക്കാം. അതുപോലെതന്നെ ഏതു കാര്യത്തിലാണോ രണ്ടു രാജ്യങ്ങൾ തമ്മിൽ സമ്മേളിക്കുന്നതു്, അക്കാര്യത്തെ സംബന്ധിച്ചിടത്തോളം ആ രണ്ടു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ചരിത്രത്തിൽനിന്നും സ്പഷ്ടമായി അറിയാവുന്നതാണ്. ഈ വിധത്തിലുള്ള ചരിത്രനിർമ്മാണത്തിൽ പലരും കൈവച്ചിട്ടുണ്ട്. ഓരോരുത്തരുടേയും ചരിത്രത്തിലെ കേന്ദ്രമായി നില്ക്കുന്നതു

മുൻപറഞ്ഞ ഏതെങ്കിലും ഒരു പ്രവൃത്തിശാഖയാണു്. ചുരുക്കം ചിലർ ഒരു രാജ്യത്തെ ജനങ്ങൾക്കു് സ്വാതന്ത്ര്യത്തിൽ ക്രമപ്രവൃദ്ധമായി ഉണ്ടാകുന്ന വളർച്ചയും പ്രതിപാദനത്തിൽ പ്രധാനമായി സ്വീകരിച്ചിട്ടുണ്ടു്. ഇതു വളരെ ഗൌരവമേറിയ സംഗതിയാണല്ലോ. ആക്ടൻപ്രഭു എന്തു പറഞ്ഞിരിക്കുന്നു എന്നു നോക്കുക. "പല രാജ്യങ്ങളിലെയും ചരിത്രം പരിശോധിച്ചുനോക്കിയാൽ എല്ലാ മനുഷ്യർക്കും സാമാന്യമായിക്കാണുന്ന ചില തത്വങ്ങൾ ഉണ്ടു്. അവയിൽ ഒന്നാണു് സ്വാതന്ത്ര്യേച്ഛ. സ്വാതന്ത്ര്യലബ്ധിക്കായിട്ടുള്ള യത്നം തന്നെയാണു് എല്ലാ ചരിത്രത്തിലെയും പ്രതിപാദ്യവിഷയം."

സമ്പൂർണ്ണമായ ഒരു ലോകചരിത്രം ഇതുവരെ ഏററവും തൃപ്തികരമായ വിധത്തിൽ ആരെങ്കിലും എഴുതീട്ടുണ്ടോ എന്നുള്ള ചോദ്യത്തിനു് ഇല്ലെന്നു തന്നെയാണു് ഉത്തരം പറയേണ്ടതു്. കാരണം ദൂരെത്തേടേണ്ടതായിട്ടില്ല. അതിലേക്കു് പ്രാപ്തിയുള്ളവരുടെ അഭാവം തന്നെയാണു് ഒന്നാമതായി എടുത്തുപറയേണ്ടതു്. അഥവാ അങ്ങനെ ഒന്നുരണ്ടുപേരുണ്ടായിട്ടുണ്ടെങ്കിൽ അവർ തൽകൃത്യത്തിലുള്ള ദുർഘടങ്ങളാൽ പിന്മാറുകയാണു് ചെയ്തിട്ടുള്ളതു്. അപാരമായ പാണ്ഡിത്യം പോലെ തന്നെ രാജ്യചരിത്രവും ഒരു പക്ഷെ എഴുതി ഉണ്ടാക്കാനുള്ള ബുദ്ധിവൈഭവവും ചിലർക്കുണ്ടെന്നുവന്നേയ്ക്കാം. എന്നാൽ ഓരോ കാലത്തു് ജീവിച്ചിരുന്ന ജനങ്ങളുടെ മനോഗതികളുടെ ഒരു ചരിത്രം എഴുതുകയെന്നതു് ആരാലും സാധിക്കാവുന്ന ഒരു കാര്യമാണെന്നു തോന്നുന്നില്ല. എന്തെന്നാൽ ലോകത്തിലുണ്ടായിട്ടുള്ള സകല ചരിത്രങ്ങളും, സാഹിത്യങ്ങളും, മതങ്ങളും, അയാൾ സൂക്ഷ്മമായി പരിശോധിച്ചിരിക്കണം. മനുഷ്യരുടെ ചിത്തവൃത്തികൾ ഏതെല്ലാം ദശാവിശേഷങ്ങളിൽക്കൂടി കടന്നു

പോയിട്ടുണ്ടെന്നു മനസ്സിലാക്കണം. ഇതെല്ലാം എളുപ്പത്തിൽ സാധിക്കുന്നതാണോ?

സമ്പൂൎണ്ണലോകചരിത്രം എഴുതിയുണ്ടാക്കാൻ സുസാധമല്ലാതിരിക്കുന്ന സ്ഥിതിയ്ക്കു് ഈ ആശാവാദം നിരൎത്ഥകമാണു്. ആകയാൽ, സാദ്ധ്യമാൎഗ്ഗം ഏതാണെന്നും, അതിലെത്രത്തോളം വിജയമുണ്ടാകുമെന്നും നോക്കാം. ഇവിടെ നിർദ്ദേശിക്കുന്ന മാൎഗ്ഗം സകല ലോകരേയും ഏകീകരിക്കാനുള്ള ഉപായങ്ങൾ എന്തെല്ലാമെന്നും, അവയെ ചരിത്രദ്രഷ്ട്യാ പ്രകാശിപ്പിക്കേണ്ടതെങ്ങനെ ആണെന്നും ഉള്ള ചിന്തയാകുന്നു. ഈ ഏകീകരണത്തിനുള്ള മാൎഗ്ഗങ്ങൾ നിരന്തരമായ അഭിവൃദ്ധിയെ പ്രാപിച്ചാണു് ഇതുവരെ കണ്ടിട്ടുള്ളതു്. ഒരു വ്യതിയാനം ഉണ്ടായതു് 1914-ാമതു് വൎഷത്തിൽ യൂറോപ്പിലെ ഭയങ്കരയുദ്ധം നടന്നകാലത്താണു്. അതുവരെ മനുഷ്യവംശത്തിന്റെ ഏകീകരണത്തെ ലാക്കാക്കി പ്രവൎത്തിച്ചുവന്ന ശക്തികളും, അവയുടെ പരിണാമദശകളും നമുക്കു് പൎയ്യാലോചിച്ചു നോക്കാം.

ആദ്യമായിട്ടുള്ളതു് ചരിത്രാതീതകാലമാണു്. അന്നു കൃഷിയില്ല. മനുഷ്യർ ചെറുസംഘങ്ങൾ ചേൎന്നു് താമസിച്ചിരുന്നു. എങ്കിലും വീടോ, കുടിയോ ഇല്ലായിരുന്നു. കാട്ടുമൃഗങ്ങളോടു മല്ലിട്ടാണു കഴിച്ചുകൂട്ടിയതു്. കലാകൌശല്യം ചുരുക്കം ചിലൎക്കുണ്ടായിരുന്നെങ്കിലും മററുള്ളവൎക്കു് പറഞ്ഞുകൊടുത്തില്ല. ഓരോ മേഖലകളിൽ നിവസിച്ചിരുന്നവരുടെ നടപടികൾ ഏറെക്കുറെ ഒരുപോലെതന്നെ ആയിരുന്നു. അത്യന്തസാമ്യം കാണുന്നതു് വസ്ത്രധാരണത്തിലും, ആഹാരക്രമത്തിലും, ആയുധങ്ങളിലും ആണു്. ഈ സാദൃശ്യങ്ങൾ പരസ്പരസംഗമത്താൽ ഉണ്ടായതല്ല. മനുഷ്യരു

ടെ ആദിമാവസ്ഥയിൽ അവക്കുണ്ടായിരുന്ന ആവശ്യ ങ്ങൾ അത്രവളരെ പരിമിതങ്ങളും സാധനോപായങ്ങൾ അത്യന്തം സുലഭങ്ങളുമായിരുന്നു എന്നേ ഇതുകൊണ്ടു് അർത്ഥമാകുന്നുള്ളു. ശരീരവ്യത്യാസങ്ങൾ പലതും ഉണ്ടായി രുന്നിരിക്കാം. എന്നാൽ ബാഹ്യസ്ഥിതികളിലുള്ള ഈ സാ ദൃശ്യങ്ങൾ മനുഷ്യക്കു സർവ്വസാധാരണങ്ങളായിരുന്നിരി ക്കണം. മനുഷ്യവർഗ്ഗങ്ങൾ തമ്മിൽ അന്നു സാഹചര്യ ത്തിനു പകരം മത്സരമായിരുന്നു. അവക്കു് എല്ലാപേക്കും ഉല്പത്തിസ്ഥാനം ഒന്നായിരുന്നോ എന്നുള്ള സംഗതി ഇവി ടെ ആലോചനയ്ക്കു വിഷയമാകുന്നില്ല.

പ്രമാണയുക്തമായ ചരിത്രകാലത്തിലേക്കാണു് ഇനി നാം പ്രവേശിക്കേണ്ടതു്. അക്കാലത്തെപ്പററിയുള്ള അറി വു് പല സ്മരണസ്തംഭങ്ങളിൽനിന്നും ശിലാശാസനങ്ങളിൽ നിന്നും നമുക്കു് ഗ്രഹിക്കാവുന്നതാണു്. ചൈനാ, ഈ ജിപ്തു്, അസിറിയ എന്നീരാജ്യങ്ങളിൽ നിന്നാണു് ഇക്കാര്യ ത്തിൽ പല അറിവുകളും നമുക്കു കിട്ടീട്ടുള്ളതു്. അവയിൽ നിന്നും അക്കാലത്തു ചില രാജ്യങ്ങളിൽ ലിപികൾ ഏർപ്പെ ട്ടിരുന്നതായും, മററുചില രാജ്യങ്ങളിൽ വിഗ്രഹാരാധന തുടങ്ങിയിരുന്നതായും തെളിയുന്നുണ്ടു്. നഗരങ്ങൾ പണി യിക്കുന്നതിനും ചിലർ വിജയപൂർവ്വം ശ്രമിക്കാതിരുന്നില്ല. ചിലക്കു് വിചാരവിനിമയത്തിനുതകത്തക്ക വിധത്തിൽ അ വരുടെ ഭാഷ വികസിച്ചിരുന്നു. സമുദ്രങ്ങളിൽ ആളുകൾ യാനപാത്രങ്ങളിൽ കയറി കാററിൻെറ സഹായത്താൽ സഞ്ചരിച്ചു തുടങ്ങി. കച്ചവടവും ചിലർ നടത്താതിരു ന്നില്ല. ആളുകൾ അവരുടെ സ്വഭാവഗതികളനുസരിച്ചു് വർഗ്ഗങ്ങളായിത്തിരിഞ്ഞതും ഇക്കാലത്തു തന്നെയാണു്.

യൂറോപ്പിൽ ആദ്യമായി ഇങ്ങനെ പരിഷ്കൃതരായിത്തീൎന്ന ഗ്രീക്കുകാർ മററുജാതിക്കാരെ നീചന്മാരായി ഗണിച്ചുവന്നു. കാലക്രമേണ വന്നുചേൎന്ന ഒരു ഭേദഗതിയാകകാൽ എന്നു തുടങ്ങിയാണു് ഈ ഉച്ചനീചതപങ്ങൾ നടപ്പായതെന്നു ഖണ്ഡിതമായി പറവാൻ നിവൃത്തിഇല്ല. എന്നാൽ ഒരു സംഗതി സംശയരഹിതമായിട്ടുള്ളതാണു്. ആളുകൾ കൂട്ടംകൂട്ടമായി ദേശാന്തരഗമനം ചെയ്യുതാണ് വൎഗ്ഗഭേദങ്ങൾക്കു് പ്രബലമായ ഒരു കാരണം. ഈ വൎഗ്ഗങ്ങൾ ഓരോ രാജ്യങ്ങളിൽ കുടിയേറിപ്പാൎക്കുകയും, കാലക്രമേണ അവൎക്ക് പ്രത്യേകസ്വഭാവലക്ഷണങ്ങൾ ഉണ്ടാവുകയും ചെയ്തു. ഉൽകൃഷ്ടവൎഗ്ഗങ്ങൾ ഇങ്ങനെയാണു് ഉണ്ടായതെന്നു നമുക്കു് അനുമാനിക്കാം. ലോകർ അറിയത്തക്കവിധത്തിൽ അവർ തിരശ്ശീലനീക്കി മുന്നോട്ടുവന്ന കാലം മുതല്ക്കേ അവരുടെ പരിഷ്ക്കാരസൂൎയ്യനും പ്രകാശിച്ചുതുടങ്ങി.

ഈ പരിഷ്കാരോദയം ചൈനയിലും ഈജിപ്റ്റിലും ഉണ്ടായതു ക്രി. മു. 4000-ത്തിലും, ഈജിയൻ കടൽത്തീരങ്ങളിൽ ക്രി. മു. 2000-ത്തിലും ഇററലിയിൽ ക്രി. മു. 800-ലും പശ്ചിമയൂറോപ്പിൽ ക്രി-ശേ. 700-ലും സൈബീരിയായിൽ ക്രി-ശേഷം 1600-ലും ശാന്തസമുദ്രദ്വീപുകളിൽ ക്രി-ശേഷം 1700-ലും ആണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിനിടയ്ക്കു ലോകത്തിലെ ജനസംഖ്യ വൎദ്ധിച്ചുകൊണ്ടുതന്നെയാണിരുന്നതു്. മെസപ്പൊട്ടേമിയാ, ചൈന, ഗംഗാതടം എന്നീ പ്രദേശങ്ങളിലെ വൎദ്ധനയായിരുന്നു ഗണ്യമായിരുന്നതു്.

വർഗ്ഗഭിന്നതകൊണ്ടു മനുഷ്യർ ഉൽകൃഷ്ടതയെ പ്രാപിച്ചതോടുകൂടി വംശത്തിനു് ഒരു ദോഷവും നേരിട്ടു. അതു ബലഹീനവർഗ്ഗങ്ങൾ പ്രബലവർഗ്ഗങ്ങളുടെ സമ്മർദ്ദത്താൽ കാലാന്തരത്തിൽ നാമാവശേഷമായതാണു്. ഇങ്ങനെ ജനസംഖ്യയുടെ ഒരു ഭാഗം നശിച്ചതോടുകൂടി ആഹാരസാധനങ്ങൾ സുലഭമായിത്തീൎന്നു. പ്രബലവർഗ്ഗങ്ങൾ തമ്മിൽ സംബന്ധിക്കുന്നതിനും ഇടയായി. അതിനു കാരണം കച്ചവടവും ഗതാഗതമാർഗ്ഗങ്ങളും ആണു്. ഇങ്ങനെ സംസർഗ്ഗംകൊണ്ടു പരിഷ്കാരം വർദ്ധിച്ചു എങ്കിലും വിഭിന്നത ബലവത്തായിത്തീൎന്നതേയുള്ളു. അവരവരുടെ വർഗ്ഗീയലക്ഷണം യാതൊരു ലോഭവും വരുത്താതെ അവർ പരിപാലിച്ചുവന്നു.

വർഗ്ഗീയസമ്മേളനത്തിൽ നിന്നും പല ദോഷങ്ങളും ഉണ്ടായിട്ടുണ്ടു്. യുദ്ധങ്ങളും രോഗങ്ങളും ദൃഷ്ടാന്തങ്ങളാണു്. എന്നാലും ജനസംഖ്യ വർദ്ധിച്ചുവന്ന സംഗതി പ്രത്യേകം പ്രസ്താവയോഗ്യമാണു്. ക്രി. മു. അഞ്ചാം ശതാബ്ദത്തിൽ യൂറോപ്പിലെ ജനസംഖ്യ മുപ്പതു കോടിയായിരുന്നു. ഇപ്പഴോ നാന്തുറു കോടിയായി വർദ്ധിച്ചിരിക്കുന്നു. ഏഷ്യയിലെ കാര്യത്തിലും ഇതുപോലെ തന്നെ പറയാവുന്നതാണു്. യുദ്ധങ്ങളുടേയും ആക്രമണങ്ങളുടേയും ഫലമായി പല രാജ്യങ്ങളിലും ജനസംഖ്യയ്ക്കു ക്ഷയമുണ്ടായിട്ടുണ്ടെങ്കിലും, ആകപ്പാടെ നോക്കിയാൽ വളരെ വർദ്ധനയാണു് ഇപ്പോൾ ഉണ്ടായിട്ടുള്ളതു്. അഗണ്യവർഗ്ഗങ്ങൾ നശിച്ചതുപോലെ തന്നെ അവരുടെ ഭാഷകളും അസ്തമിച്ചുപോയിട്ടുണ്ടു്. ഗ്രീസിലേക്കുള്ള യുദ്ധയാത്രയിൽ 55 വർഗ്ഗക്കാർ ഷിറസ്സിനെ അനുഗമിച്ചതായി പറയപ്പെട്ടിരിക്കുന്നു. പേഷ്യയിലെ ഈ അമ്പത്തഞ്ചു വർഗ്ഗക്കാരുടെ സ്ഥാനത്തു് ഇപ്പോൾ കഷ്ടിച്ചു് ഏഴുണ്ടോ എന്നു സംശയമാണു്. അന്നു മദ്ധ്യധരണ്യാഴിയുടെ തീരപ്രദേശങ്ങളിൽ അറുപതോളം പ്രത്യേ

ക ഭാഷകൾ ജനങ്ങൾ സംസാരിച്ചുവന്നു. ഇപ്പോൾ പ ന്ത്രണ്ടിൽ കൂടുതൽ ഭാഷകൾ അവിടങ്ങളിൽ പ്രചാരത്തി ലിരിക്കുന്നില്ല. ഹെറൊഡോട്ടസ്സ് ജീവിച്ചിരുന്ന കാലത്തു് ഇററലിയിൽ പത്തു ഭാഷകൾ പ്രചാരത്തിലിരുന്നു. ഇപ്പോൾ ഇററലിയിൽ ഒരൊററ ഭാഷ സംസാരിക്കുന്ന ഒരു ജാതി ക്കാർ മാത്രമേ ഉള്ളു.

ഇങ്ങനെ വൎഗ്ഗങ്ങളും ഭാഷകളും എണ്ണത്തിൽ ചുരു ങ്ങിയതോടുകൂടി അവയുടെ വ്യാപ്തി വൎദ്ധിച്ചു. ചെറുസംഘ ങ്ങൾ വലിയ സമുദായങ്ങളായിത്തീൎന്നു. സമുദായങ്ങൾ തമ്മിലുള്ള സൌഹാർദ്ദവും നാൾക്കുനാൾ അഭിവൃദ്ധിയേ പ്രാപിച്ചു. ജീവിതരീതികൾ സാമാന്യങ്ങളായിത്തീൎന്നു. ഓരോ വലിയ ജാതിക്കാർ ഇങ്ങനെ ഉണ്ടായി. അവരുടെ ജാതിസ്വഭാവങ്ങൾക്കു മാത്രമേ ഭിന്നത കാൺകയുള്ളു. ഓരോ ജാതിക്കാരുടേയും ബലാബലങ്ങളും വ്യത്യസ്തമായി ത്തീൎന്നു. മററുള്ള കാൎയ്യങ്ങളിലും പല ഐക്യതകളും കാ ണാവുന്നതാണു്. ഈ തോതനുസരിച്ചു നോക്കുകയാണെ ങ്കിൽ മനുഷ്യവംശം പല വൎഗ്ഗങ്ങളായിത്തിരിഞ്ഞു് ഭിന്ന തയിൽ വൎത്തിക്കുന്നതായി പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാ മെങ്കിലും അന്ത്യപരിണാമം ഏകീകരണമായിരിക്കുമെന്നു് ദീർഘദൎശനം ചെയ്യാവുന്നതാണു്.

മനുഷ്യവ്യാപാരങ്ങളെ ഈ ദശാവിശേഷത്തിലേക്കു നയിച്ച ശക്തികളെപ്പററി പൎയ്യാലോചിക്കയായിരുന്നാൽ മൂന്നു സംഗതികളാണു നമ്മുടെ ശ്രദ്ധയെ ആകൎഷിക്കു ന്നതു്. ആദ്യത്തേതു് മനുഷ്യൻെറ പരാക്രമബുദ്ധിതന്നെ യാണു്. ഉല്പത്തികാലം മുതല്ക്കേ കലഹശീലം മനുഷ്യനു ണ്ടായിരുന്നു. ഈജിപ്തിലേയും അസ്സീറിയായിലേയും ആദിമ ചരിത്രശകലങ്ങളിൽപോലും ഈരണ്ടു രാജ്യങ്ങളിലെയും

അധിപന്മാർ തമ്മിൽ നിരന്തരയുദ്ധം നടന്നിരുന്നതായി തെളിയുന്നു. അതിനുമുമ്പുള്ള കാലത്തെ സംഗതികൾ ഇതുവരെ തെളിഞ്ഞിട്ടില്ല. യുദ്ധസമ്പ്രദായത്തിൻെറ പ്രാചീനത നോക്കൂ! പശ്ചിമ ഏഷ്യയിലും അതുപോലെ ആദ്യം മുതൽക്കുതന്നെ യുദ്ധങ്ങൾ ഉണ്ടായിരുന്നുവത്രെ! യുദ്ധത്തിൻെറ അന്തിമഫലം ഒരു രാജ്യത്തുള്ളവരും മററൊരു രാജ്യത്തുള്ളവരുമായി സമ്മേളിക്കുന്നതാണല്ലോ. പ്രബലരാജ്യക്കാർ ദുർബലരാജ്യക്കാരെ സ്വാധീനപ്പെടുത്തി തങ്ങളുടെ പരിഷ്കാരം പ്രതിഷ്ഠിക്കുമെന്നുള്ളതിനു് തർക്കമില്ല. ഒടുവിൽ യൂറോപ്പിലെ മഹാശക്തികൾ ലോകവിജയത്തിനായി ഇറങ്ങിയപ്പോഴും ഇ[illegible] ചെയ്തതു്.

MUL
165536

ആക്രമണംകൊണ്ടു് പ്രബ[illegible]ഷ്കാരം എങ്ങനെയാണു് ലോകത്തിൽ പ്രചരിച്ചതെന്നു നോക്കാം. പാശ്ചാത്യചരിത്രപ്രകാരം നാലു പ്രധാന ആക്രമണങ്ങളാണു് നമുക്കു ഈ വിഷയത്തിൽ ശ്രദ്ധേയങ്ങളായിത്തീരുന്നതു്. ഇവയിൽ ആദ്യത്തേതു് അലക്സാൻഡരുടെ ആക്രമണമാണു്. അതിൻെറ ഫലമായി ഗ്രീസിലെ പരിഷ്കാരം പൌരസ്ത്യരാജ്യങ്ങളിൽ പ്രചരിച്ചു. റോമാക്കാരുടെ ആക്രമണമാണു നീതിന്യായധർമ്മങ്ങൾ പാശ്ചാത്യരാജ്യങ്ങളിൽ നടപ്പാക്കിയതു്. അതോടുകൂടി ലത്തീൻ ഭാഷയും പ്രചരിച്ചു. പതിനഞ്ചാംശതാബ്ദത്തിൽ അമേരിയ്ക്ക ഐറോപ്യർക്കു സ്വാധീനമായതാണു് അടുത്ത ഘട്ടം. ആഫ്രിക്കാ, ഐറോപ്യജാതിക്കാർ പങ്കുവെച്ചതോടുകൂടി മേൽപ്പറഞ്ഞ നയം പൂർത്തിയായി എന്നു പറയാം.

ഇങ്ങനെ ഭൂഖണ്ഡങ്ങൾ തമ്മിൽ ആക്രമണവും പരിഷ്കാരപ്രചരണവും തുടർന്നുകൊണ്ടിരുന്നപ്പോൾ ഓരോ

165536
38464
VERSITY

ഭൂഖണ്ഡത്തിലെ ആഭ്യന്തരാവസ്ഥയും ഏതാണ്ടിപ്പുറ ഞ്ഞതുപോലെ തന്നെ ആയിരുന്നു. ജമ്മൻകാർ അവരുടെ അയൽരാജ്യങ്ങളിൽ സ്വാധികാരം ചെലുത്തി. അതു പോലെ തന്നെ മററു പ്രബലരായ രാജ്യക്കാരും ചെയ്തു. കുറേക്കൂടി ചുരുങ്ങിയ സീമകൾക്കുള്ളിൽ നോക്കുകയാണെ ങ്കിൽ, ചില്ലറ രാജ്യക്കാർ അവരവരുടെ രാജ്യങ്ങൾക്കു ള്ളിലും ഈ നയം അനുസരിച്ചുവന്നതായിക്കാണാം. ഇങ്ങ നെയാണു സ്കോട്ട്ലണ്ടും അയർലണ്ടും ഇംഗ്ലണ്ടിൻെറ അധി കാരത്തിലായതു്.

കച്ചവടവും വളരെക്കാലം മുമ്പുതന്നെ മനുഷ്യവൎഗ്ഗ ങ്ങളെ ഏകീകരിക്കുന്നതിൽ സഹായിച്ചുവന്നു. ഹോമ റിൻെറ കാലം മുതൽക്കുതന്നെ ഫിനീഷ്യർ സമുദ്രം നീളെ സഞ്ചരിച്ചു കച്ചവടംചെയ്തിരുന്നതായി തെളിയുന്നു. പിൽ ക്കാലത്തു ഗ്രീക്കുകാർ ട്രബിസാണ്ടു് മുതൽ മാഴ്സയിൽസ് വരെ കച്ചവടസ്ഥലങ്ങൾ സ്ഥാപിച്ചു. കച്ചവടത്തിൻെറ ചരിത്രത്തിലും മുൻപറഞ്ഞ ദശാവിശേഷങ്ങൾ ചൂണ്ടിക്കാ ണിക്കാവുന്നതാണ്. ഒന്നാമതായി പറയേണ്ടതു അലക്സാ ണ്ടരുടെ ആക്രമണം തന്നെ. അന്നു കച്ചവടം കിഴക്കു ഇൻഡ്യാവരെ വ്യാപിച്ചു. പോംപേയുടെ കാലത്തു മദ്ധ്യധരണ്യാഴിയിലെ കപ്പൽക്കവെച്ച്കൾ ഇല്ലാതാക്കുക യാൽ കച്ചവടത്തിൻെറ മാൎഗ്ഗം പ്രസന്നമായി. അമേരിക്ക കണ്ടുപിടിച്ചതും, ഏഷ്യയിലേക്കുള്ള നൂതനമാൎഗ്ഗം ജ്ഞാത മായതും കച്ചവടത്തിൻെറ വിജയത്തിനു അത്യന്തം പൎയ്യാപ്തമായിത്തീർന്നു. ആവിയന്ത്രങ്ങളുടെ ആഗമനം അതിനു് അത്ഭുതപൂൎവ്വമായ അഭിവൃദ്ധി നൽകി.

കച്ചവടം വ്യാപിച്ചതോടുകൂടി മനുഷ്യവംശത്തെ ബാധിക്കുന്ന ദോഷങ്ങളും ചിലേടത്തു് പ്രബലങ്ങളായി

വദ്ധിക്കാതിരുന്നില്ല. കേട്ടുകേൾവിപോലും ഇല്ലാത്ത എത്ര രോഗങ്ങളാണ് നമ്മുടെ രാജ്യത്തുതന്നെ സംക്രമിച്ചു കാണുന്നത്! പുതിയ ജീവിതരീതികൾ ഇനിയും നല്ലതോ ചീത്തയോ എന്നു തീർച്ചയാക്കാറായിട്ടില്ല. പുതിയ ഭവനങ്ങളും വസ്ത്രധാരണരീതിയും നല്ലതു തന്നെ. പക്ഷെ ചില രാജ്യക്കാൎക്ക് യോജിക്കുന്നില്ലെന്നുമാത്രമല്ല അവരുടെ ദീർഘായുസ്സിനു ഹാനികരമായും തീർന്നിരിക്കുന്ന അടിമത്തമാണ് ഈ സമ്മേളനത്തിൽനിന്നും ഉത്ഭവിച്ചിട്ടുള്ള മറെറാരുദോഷം. അടിമത്തം കൊണ്ടുണ്ടായിട്ടുള്ള ദോഷങ്ങൾ എത്രമാത്രമെന്ന് അവയെ നിവാരണം ചെയ്യാൻ വേണ്ടിവന്ന ബുദ്ധിമുട്ടുകൊണ്ടറിയാം.

ഇങ്ങനെ ആധുനികലോകഗതി പരിശോധിച്ചുനോക്കുന്നതായാൽ, അന്നന്നുണ്ടായിക്കൊണ്ടിരിക്കുന്ന ഗുണങ്ങളും ദോഷങ്ങളും ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ലോകരെ ആകമാനം സ്പർശിക്കുന്നതായി കാണാവുന്നതാണ്. പ്രാചീനകാലത്തിലെപ്പോലെ ഏതെങ്കിലും ഒരു പ്രത്യേക ഭൂഭാഗം പെട്ടെന്ന് ഉന്നതിയെ പ്രാപിക്കുകയൊ, മറെറാന്നു പൊടുന്നനെ നശിക്കുകയൊ ഇനി ഉണ്ടാകാത്തവിധത്തിൽ ആണ് ഇപ്പോൾ ലോകത്തിൻെറ സംഘടന എന്നു പറയാം. എല്ലാ രാജ്യക്കാരുടേയും ഏകോപിച്ചുള്ള പ്രവൃത്തിയും സൌഹാർദ്ദവുംകൊണ്ടു മാത്രമെ സമാധാനം നിലയ്ക്കു നിർത്തുവാൻ സാധിക്കയുള്ളു. അയൽപക്കക്കാരോടു സൌഹാർദ്ദപുരസ്സരം പെരുമാറാഞ്ഞാൽ ഒരിക്കലും സുഖമുണ്ടാകുന്നതല്ല. എന്തെന്നാൽ അവൎക്കും നമുക്കും ഉഭയസാധാരണമായി പല ഇടപാടുകളും ഉണ്ട്. അവയെ വേണ്ടെന്നുവച്ച് സ്വസ്ഥമായിരിക്കാൻ സാധിക്കുന്നതല്ല. ആകയാൽ മററുള്ളവരുടെ സുഖം തന്നെയാണു നമുക്കും സുഖം നൽകുന്നതെന്നു വീട്ടുകാരെ

പ്പോലെ സമുദായങ്ങളും, രാജ്യങ്ങളും വിചാരിക്കുന്നതായാൽ അതുതന്നെ ആയിരിക്കും ലോകക്ഷേമത്തിനുള്ള ഉത്തമ മാൎഗ്ഗം.

ലോകക്ഷേമത്തെ മുൻനിറുത്തിക്കൊണ്ടാണ് ഇനി നമുക്കു സമ്പൂൎണ്ണമായ ഒരു വിശ്വചരിത്രമുണ്ടാകേണ്ടതു്. ഏതെങ്കിലും ഒരു പ്രത്യേകരാജ്യക്കാർ അവരുടെ ചരിത്രം വളരെ കേമമാക്കി പ്രകാശിപ്പിക്കുകയും, തന്മൂലമായി പക്ഷപാതപരിപൂൎണ്ണമായ ഒരു ലോകചരിത്രം നമുക്കു നിർദ്ദേശിച്ചുതരികയും ചെയ്യുന്നതായാൽ അതു ഗുണത്തെക്കാൾ അധികം ദോഷമായിരിക്കും ചെയ്യുന്നതു്. നേരേ മറിച്ചു ലോകക്ഷേമകാൎയ്യങ്ങൾ പക്ഷപാതരഹിതമായി പ്രതിപാദിക്കുകയും, സമസ്തലോകശ്രേയസ്സിന്റെ പ്രാധാന്യം പഠിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടു നമ്മുടെ അന്ധവിശ്വാസങ്ങൾ നീങ്ങുകയും നാം വിശാലഹൃദയരായിത്തിരുകയും ചെയ്യുന്നു. അപ്പോൾ നമ്മുടെ പ്രാൎത്ഥന സകലലോകരും സുഖമായി വൎത്തിക്കണേ! എന്നായിരിക്കും. ഈ വിശിഷ്ടമായ ആദൎശത്തെ നിർദ്ദേശിക്കുന്ന ലോകചരിത്രം ഓരോ ഭാഷയിലേയും സാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠയെ പ്രാപിക്കുന്നപക്ഷം, അതുതന്നെ ആയിരിക്കും, നമ്മുടെ ഭാവിസന്താനങ്ങളെ ഏകയോഗക്ഷേമത്തിലേയ്ക്കു വഴികാണിക്കുന്ന വൈദ്യുതദീപം.

# 4. വിവാഹവും വംശാഭിവൃദ്ധിയും.

I

ഇത്ര പ്രാധാന്യമേറിയ ഒരു വിഷയത്തെപ്പററി എഴുതി ജനസാമാന്യത്തെ ധരിപ്പിക്കുന്നതിന് എനിക്ക് അനല്പമായ സന്തോഷവും ചാരിതാൎത്ഥ്യവുമുണ്ടെന്ന് ആദ്യമേ പറഞ്ഞുകൊള്ളട്ടെ. കേരളീയരിൽ ഭൂരിപക്ഷം ആളുകളും വിവാഹകാൎയ്യത്തെപ്പററി അത്രവളരെ ഗാഢമായി ചിന്തിക്കാറില്ലെന്നാണ് എന്റെ ബോധം. തക്കസമയത്ത് അങ്ങനെ ഒരു കൎമ്മം നടത്തിവയ്ക്കണം എന്നുള്ള കാൎയ്യത്തിൽ എല്ലാവരും ഉൽസുകരായിരിക്കാം. എന്നാൽ തങ്ങളുടെ വംശാഭിവൃദ്ധിയ്ക്കു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഭാവിഫലങ്ങൾ ഇതിൽനിന്ന് ഉളവാകും എന്ന് ആലോചിച്ചതിന്റെ ശേഷം വിവാഹം നടത്തുന്നവരും, നടത്തിക്കുന്നവരും ആയ ആളുകളുടെ സംഖ്യ വളരെ കുറവായിരിക്കുന്നു. നമ്മെപ്പോലെ ഇക്കാൎയ്യങ്ങളിൽ ഇത്ര ഉദാസീനത ഭാവിച്ചിരിക്കുന്ന ആളുകൾ പരിഷ്കൃതലോകത്തിന്റെ മറേറതുഭാഗത്തെങ്കിലും ഉണ്ടോ എന്നുതന്നെ സംശയമാണ്.

"വംശാഭിവൃദ്ധി" എന്നു ഞാൻ പറയുമ്പോൾ യാതൊരു പ്രത്യേക സമുദായത്തേയും ലക്ഷ്യമാക്കിക്കൊണ്ടാണ് പറയുന്നതെന്ന് ആരും ധരിക്കരുതേ. ലോകത്തിലുണ്ടാകുന്ന സകല വിവാഹങ്ങളും തൽഫലമായ പുത്രോല്പാദനങ്ങളും മനുഷ്യവംശത്തെ ഒന്നോടെ ബാധിക്കുന്ന പ്രധാനസംഭവങ്ങളാണെന്നുള്ള വസ്തുത എപ്പോഴും ഓൎമ്മിച്ചുകൊള്ളണം. വിവാഹം, പുത്രോല്പാദനം എന്നീ

വിഷയങ്ങളിൽ ശാസ്ത്രീയമായ അറിവ് അത്യാവശ്യമാണെന്നും മററു വിഷയങ്ങളിൽ എന്നപോലെതന്നെ അവയിലും ശാസ്ത്രഗ്രന്ഥങ്ങളുണ്ടാകേണ്ടതാണെന്നും അനേകം മഹാന്മാർ അഭിപ്രായപ്പെട്ടുന്നുണ്ട്. ഈ ഉദ്ദേശത്തെ പുരസ്കരിച്ച് ഇംഗ്ലണ്ടു മുതലായ പരിഷ്കൃതരാജ്യങ്ങളിൽ ചില സംഘങ്ങളും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പ്രൊഫസർ പീയേഴ്സൺ, ഗാൽട്ടൻ മുതലായ പണ്ഡിതന്മാർ ഈ വിഷയത്തെപ്പററി പല അന്വേഷണങ്ങളും നടത്തീട്ടുള്ളതിൻെറ ഫലമായി നമുക്കു ചില അമൂല്യഗ്രന്ഥങ്ങളും സിദ്ധിച്ചിട്ടുണ്ട്.

മനുഷ്യോല്പത്തിമുതലായ പല വാദവിഷയങ്ങളും ഇടയിൽ വന്നുചേരുന്നതുകൊണ്ട് ഈ വിഷയവും ദുഗ്രഹമായിത്തീരുന്നു. ചിലരുടെ അഭിപ്രായത്തിൽ മനുഷ്യോല്പാദനവും വംശാഭിവൃദ്ധിയും പ്രകൃതിയെ ആശ്രയിച്ചിരിക്കുന്നു എന്നാണ്. പ്രകൃതിയെ അനുകൂലിക്ക മാത്രമാണത്രെ പോഷണസാധനങ്ങളുടെ പ്രവൃത്തി. ഈ അഭിപ്രായക്കാരിൽ അഗ്രഗണ്യനാണ് ഡാർവിൻ എന്ന പണ്ഡിതൻ. സാധുക്കളും അംഗഭംഗമുള്ളവരും നശിക്കയും ബലവാന്മാർ മാത്രം ശേഷിക്കയും ചെയ്യും എന്നാണ് അവർ വാദിക്കുന്നതു്. അങ്ങനെ ആയാൽ ഭൂതദയ, ദാനശീലം മുതലായ സൽഗുണങ്ങൾ മനുഷ്യക്കാവശ്യമില്ലെന്നുവരും. പ്രകൃതിയുടെ നിർബാധമായ പ്രവൃത്തിക്കു മനുഷ്യർ പല പ്രതിബന്ധങ്ങളും വരുത്തുന്നതുകൊണ്ടു ലോകം തന്നെ നാശോന്മുഖമായിത്തീരുന്നു എന്നും ഇവർ പറയുന്നു.

ഈ കൃത്യം പ്രകൃതിക്കുതന്നെ വിട്ടുകൊടുക്കുകയാണെങ്കിൽ ഒരു പക്ഷേ അസത്തായിട്ടുള്ളതെല്ലാം നശിച്ചു എന്നു വന്നാലും സത്തായിട്ടുള്ളതു വദ്ധിപ്പിക്കുന്നതെങ്ങനെ

എന്നാണ് മറുപക്ഷത്തിലുള്ളവർ ചോദിക്കുന്നതു്. വിദ്യാഭ്യാസത്താലും മററും പരിഷ്കൃതനായിത്തീരുന്ന മനുഷ്യനു് ഉൽകൃഷ്ടസന്താനങ്ങളെ ജനിപ്പിച്ചു മനുഷ്യവംശത്തെ നന്നാക്കാമെന്നും അവർ വാദിച്ചുവരുന്നു. മെൻഡൽ, വീസ്മാൻ എന്നീ രണ്ടു മഹാന്മാരും പിതാവിൻെറ ഗുണങ്ങളനുസരിച്ചു പുത്രനും നന്നാകയൊ ചീത്തയാകയൊ ചെയ്യും എന്നാഭിപ്രായപ്പെട്ടിട്ടുണ്ടു്. ഭാരതീയരായ നാം എത്രയോ കാലംമുമ്പു ഡാർവിൻെറ സിദ്ധാന്തത്തെ ഖണ്ഡിച്ചിരിക്കുന്നു. മുജ്ജന്മവാസന എന്നു നാം പറയുന്നതു പിതൃഗുണങ്ങൾക്കനുരൂപമായ സ്വഭാവവിശേഷത്തോടുകൂടി സന്താനങ്ങൾ ഉത്ഭവിക്കുന്നതിനെ അടിസ്ഥാനപ്പെടുത്തിയാകുന്നു. "മനുഷ്യോല്പത്തിക്കു കാരണഭൂതമായ ബീജത്തിൽ തൽകർത്താവിൻെറ സ്വഭാവഗുണങ്ങളെല്ലാം അടങ്ങിയിരിക്കുന്നു. ബീജാവാപത്തിലാകട്ടെ ചില അംശങ്ങൾക്കു കൂട്ടതലും മററു ചിലതിനു കുറവും സംഭവിക്കുന്നു. തന്മൂലമായിട്ടാണ് ഒരു പിതാവിൻെറ സന്താനങ്ങൾ തന്നെ ആയാലും ചിലർ സത്സ്വഭാവികളും ചിലർ ദുസ്സ്വഭാവികളും ആയിത്തീരുന്നതു്." ഇതു മെൻഡലിൻെറ അഭിപ്രായമാകുന്നു.

ഇങ്ങനെയുള്ള പല വാദങ്ങളും ഇടയിൽ വന്നുചേരുന്നുണ്ടു്. അതെല്ലാം സമാഹരിച്ചു ലേഖനം നീട്ടാൻ ഞാൻ ഒരുമ്പെടുന്നില്ല. ആദ്യമായി പ്രാചീനഹിന്ദുക്കളുടെ ഇടയിൽ ഈ വിഷയത്തെ സംബന്ധിച്ചുണ്ടായിരുന്ന അനുഭവം എന്തായിരുന്നു എന്നു നോക്കാം. ഗൃഹ്യസൂത്രങ്ങളും സ്മൃതികളുമാണ് ഈ സംഗതിയിൽ നമ്മേ സഹായിക്കുന്നതു്. സാമുദായികമായും മതസംബന്ധമായും ഈ പ്രമാണങ്ങൾക്കു പ്രാചീനഹിന്ദുക്കളുടെ ഇടയിൽ വളരെ പ്രാബല്യം സിദ്ധിച്ചിരുന്നു. അവയിൽ ഏതെങ്കിലും

ഒന്ന ലംഘിക്കുന്നതു പാതകമായിട്ടാണ് വിചാരിച്ചുവന്നിരുന്നതു്. എന്നാൽ നാലായിരത്തിൽപ്പരം വഷങ്ങൾക്കു മുമ്പു പ്രചരിച്ചിരുന്ന ഈ നിയമങ്ങൾ എന്നും അതേ സ്ഥിതിയിൽത്തന്നെ നിലനിൽക്കുക എന്നതു സാദ്ധ്യമല്ലല്ലൊ. മററു രാജ്യങ്ങളിലും സമുദായങ്ങളിലും എന്നപോലെ തന്നെ ഇവിടെയും പല മാററങ്ങളും പിന്നീട്ട സംഭവിച്ചിരിക്കണം. എന്തായാലും അന്നത്തെ ആദർശങ്ങളെ പുരസ്കരിച്ചു വിവാഹത്തിൻെറയും മനുഷ്യവംശാഭിവൃദ്ധിയുടേയും ദശാവിശേഷങ്ങളെ വിവരിക്കാം.

1. വിവാഹംചെയ്യണം — എന്നുള്ള നിർബന്ധമാണ് ആദ്യമായി നമ്മുടെ ശ്രദ്ധയെ ആകഷിക്കുന്നതു്. അവിവാഹിതപുരുഷനു പുത്രൻ ജനിക്കാൻ നിവൃത്തിയില്ലല്ലൊ. ഈ ഉദ്ദേശത്തിൻപേരിലാണ് അക്കാലത്തു് അധികംപേരും വിവാഹംചെയ്തതു് എന്നു തെളിയുന്നുണ്ടു്. വിവാഹം കഴിച്ചിട്ടു പുത്രനുണ്ടായില്ലെങ്കിൽ ഇതിൽപ്പരം ദുർഭാഗ്യം വേറൊന്നുമില്ലായിരുന്നു. വിവാഹം കഴിക്കാതിരിക്കുന്നതു ധമ്മലോപവുംകൂടി ആയിരുന്നു. എന്തെന്നാൽ ദൈവദത്തമായ അനുഗ്രഹത്തെ ഉപേക്ഷിക്കയാണ് നാം ചെയ്യുന്നതു്. വിവാഹം കഴിക്കാതിരിക്കുന്നതു സ്വാത്ഥപരതയുടേയും ഒരു ലക്ഷണമായിട്ടാണ് പുരാതനന്മാർ ഗണിച്ചിരുന്നതു്.

പുത്രൻ ജനിച്ചില്ലെങ്കിൽ നരകം അനുഭവിക്കേണ്ടതായിവരും. മരിച്ച പിതാവിൻെറ ശാന്തിക്കായി പുത്രൻ ചില കമ്മങ്ങളെല്ലാം അനുഷ്ഠിക്കേണ്ടതായിട്ടുണ്ടെന്നു സ്മൃതികാരന്മാർ സിദ്ധാന്തിക്കുന്നു. മരിച്ചുകഴിഞ്ഞാൽ ഉടനെ നരകത്തിൽ ചെന്നുചേരുന്ന മനുഷ്യാത്മാവിനെ കരകയററുന്നതിന്നു് ഏകമാഗ്ഗം പുത്രൻ അനുഷ്ഠിക്കുന്ന ഉദക

ക്രിയയാണത്രെ! ഇപ്പോഠം ഇതു പറഞ്ഞാൽ പാശ്ചാത്യ പരിഷ്കാരം ലഭിച്ചിട്ടുള്ള നമ്മുടെ ആളുകഠം സമ്മതിക്കയില്ലായിരിക്കാം. ഈ കമ്മങ്ങളെല്ലാം അനാവശ്യങ്ങളാണെന്നും അവർ വാദിക്കും. അതുകൊണ്ടു് ഇതു് ഒന്നുകൂടി വിശദപ്പെടുത്തേണ്ടതായിട്ടുണ്ടു്.

"സൂനു" എന്ന ശബ്ദത്തിൻെറ അർത്ഥം സന്തതി എന്നാണു്. സൂനം എന്നവാക്കും ഇതും ഒരേ ധാതുവിൽ നിന്നു് ഉണ്ടായതാണു്. സൂനം പുഷ്പമാണെന്നു നമുക്കറിയാമല്ലൊ. പൂവുണ്ടാകുന്നതു് പരാഗത്തിൻെറ അംശങ്ങഠം ചേൎന്നിട്ടാണു് എന്നു പറഞ്ഞാൽ പുഷ്പത്തിൻെറ ബീജത്തിൽനിന്നു് എന്നർത്ഥം. അതുപോലെതന്നെ പിതാവിൽനിന്നു ജനിക്കുന്ന പുത്രനും പിതാവിൻെറ അംശം എന്നുവെച്ചാൽ പിതാവുതന്നെ എന്നു മനസ്സിലാക്കിക്കൊള്ളണം. അപ്പോഠം പുത്രൻ പിതാവിൻെറ ജീവിതഗതിയെ പൂരിപ്പിക്കാനായി വന്നു ജനിക്കുന്ന പിതാവുതന്നെ എന്നു വരുന്നുണ്ടല്ലൊ. ദൈവസൃഷ്ടിയായ ആദ്യത്തെ മനുഷ്യൻ ആരായിരുന്നാലും എന്തൊക്കെ ലോകത്തിൽ ചെയ്യാൻ ഈശ്വരനാൽ നിയുക്തനായിരുന്നു എന്നു വിശ്വസിക്കുന്ന പക്ഷം അതുതന്നെ പൂരിപ്പിക്കുകയല്ലേ അനന്തര സന്താനങ്ങഠം ചെയ്യുന്നതു്? ഒരു പ്രവൃത്തി ചിലപ്പോഠം വിഭിന്നങ്ങളായ പല പ്രവൃത്തികഠംക്കും ഇടയാക്കുമെന്നുള്ള തത്വവും ഈ യുക്തിയെ അനുകൂലിക്കുന്നുണ്ടല്ലൊ.

ഈ കാരണങ്ങളാൽ മനുഷ്യൎക്കു വിവാഹം ദൈവം വിധിച്ചിട്ടുള്ളതും ഒഴിച്ചുവയ്ക്കാൻ പാടില്ലാത്തതും എന്നു തെളിയുന്നു. പിതാവില്ലാതെ പുത്രൻ ജനിക്കയെന്നതു് അസാദ്ധ്യമാകയാൽ പിതാവിൻെറ നേൎക്കുള്ള നമ്മുടെ കടമകഠം എല്ലാം അനുഷ്ഠിക്കുന്നതു് ഉൽകൃഷ്ടധമ്മമാണെ

നുള്ളതിന് എന്തു സംശയമാണുള്ളത്? ഈ ധർമ്മങ്ങളിൽ ഏററവും പ്രധാനമായ ഒന്നു വംശക്രമാഗതമായ പ്രവൃത്തിയെ തുടരുന്നതിനു സന്താനങ്ങളെ ഉത്ഭവിപ്പിക്കുകയാകുന്നു എന്നു പൌരസ്ത്യപണ്ഡിതന്മാരും പാശ്ചാത്യപണ്ഡിതന്മാരും ഏകകണ്ഠമായി സമ്മതിക്കുന്നു.

പുത്രൻ എന്ന ശബ്ദത്തിനു കുറേക്കൂടി അർത്ഥമുണ്ട്. "പൂ" എന്ന സംസ്കൃതധാതുവിനു പരിശുദ്ധമാക്കുക, പശ്ചാത്താപത്താൽ മനശ്ശാന്തി വരുത്തുക എന്നെല്ലാം അർത്ഥമുണ്ട്. പിതാവിൻെറ കർത്തവ്യകർമ്മങ്ങൾക്കു പരിപൂർത്തി വരുത്തുന്നതു പുത്രനാകുന്നു. പിതാവു ചെയ്യാനുള്ള പ്രവൃത്തികൾ ശരിയായി ചെയ്യാഞ്ഞിട്ടു പല പാപങ്ങൾക്കും ഇടവരുത്തിയിരിക്കും. ഇതെല്ലാം ശരിയായി നിർവ്വഹിച്ചു പാപപരിഹാരം വരുത്തേണ്ട ചുമതല പുത്രനാകുന്നു. പിതാവിൻെറ കായികമായ ഗുണങ്ങൾ മാത്രമല്ല പുത്രൻ സ്വായത്തമാക്കുന്നതു; മാനസികവും ആത്മീയവും ആയ ഗുണങ്ങളും പുത്രനിൽ ചെന്നുചേരുന്നുണ്ട്. അങ്ങനെ യഥാർത്ഥത്തിൽ "ആത്മജ"നായിരിക്കുന്ന പുത്രനും പിതാവിനും തമ്മിൽ യാതൊരന്തരവുമില്ലെന്നാണ് മഹാന്മാർ പറയുന്നതു്. പിത്രാർജ്ജിതമായി ലഭിക്കുന്ന സ്വത്താകയാൽ സർവ്വഥാ സ്വന്തം തന്നെ എന്നു പറഞ്ഞാൽ യാതൊരബദ്ധവും വരാനില്ലല്ലോ.

2\. സ്വജാതിയിൽ എന്നാൽ സ്വകുടുംബസീമകൾക്കുപുറമെ വിവാഹം ചെയ്യണം എന്നുള്ളതാണ് പുരാണദൃഷ്ട്യാ പ്രബലമായിക്കാണുന്ന രണ്ടാമത്തെ സിദ്ധാന്തം. ഋഗ്വേദകാലത്തു ജാതിവിഭാഗം പ്രചാരത്തിലായിരുന്നില്ല. അന്ന് ആകെ രണ്ടു ജാതിയെ ആര്യന്മാർ ഗണിച്ചിരുന്നുള്ളു. ഒന്ന് അവർ തന്നെ. രണ്ട് ഇൻഡ്യ

യിലെ ആദിമനിവാസികൾ. അനാൎയ്യന്മാരായ ഇവർക്കു ദാസന്മാർ എന്നാണ് നാമകരണം ചെയ്തിരുന്നത്. ഋഗ്വേദകാലത്തിന്റെ അവസാനഘട്ടത്തിലാകട്ടെ നാലു വൎണ്ണങ്ങളുണ്ടായിരുന്നതായി തെളിയുന്നു. ആദ്യത്തെ മൂന്നു വൎണ്ണങ്ങളും ആൎയ്യന്മാർതന്നെ. നാലാമത്തെ വൎണ്ണം മുകളിൽ പറഞ്ഞ ദാസന്മാർ ആയിരുന്നു. "വൎണ്ണം" എന്ന ശബ്ദത്തിന് ആദ്യമുണ്ടായിരുന്ന അൎത്ഥം "മൂടുക" എന്നായിരുന്നു. ക്രമേണ അതിനു ഛായം, നിറം എന്നൊക്കെ അൎത്ഥങ്ങളുണ്ടായി. ഒടുവിൽ ജാതി എന്നൎത്ഥമായിത്തീൎന്നു. ഈ വൎണ്ണക്രമം അനുസരിച്ചും ആദ്യമായി രണ്ടു ജാതികളെ ഉണ്ടായിരുന്നുള്ളു എന്നു കാണാവുന്നതാണ്. അവ ശ്വേതവൎണ്ണന്മാരായ ആൎയ്യന്മാരും, കൃഷ്ണവൎണ്ണന്മാരായ ഇവിടുത്തെ ആദിമനിവാസികളും ആയിരുന്നു. ആൎയ്യന്മാരിൽ ചിലർ യാഗാദികൎമ്മങ്ങൾചെയ്തു ബ്രാഹ്മണരും പുരോഹിതന്മാരുമായിത്തീൎന്നു. വേറെ ചിലർ യുദ്ധംചെയ്തു ക്ഷത്രിയന്മാരായി കച്ചവടത്തിലും കൃഷിയിലും ഏൎപ്പെട്ടവർ വൈശ്യന്മാരായി. ഒടുവിൽ പറഞ്ഞ രണ്ടു വൎഗ്ഗക്കാൎക്കും കഠിനമായ ദേഹാദ്ധ്വാനത്തിന്റെ ഫലമായി വൎണ്ണഭേദം സംഭവിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ. ഇങ്ങനെ അവരുടെ നിറം യഥാക്രമം ചുവപ്പും മഞ്ഞയും ആയിത്തീൎന്നു. മനു മുതലായ നിയമശാസ്ത്രകൎത്താക്കൾ "ജാതി" എന്നുള്ള ശബ്ദം ഉപയോഗിക്കാതെ വൎണ്ണം എന്ന ശബ്ദമാണ് ഉപയോഗിച്ചുകാണുന്നത്. ജാതി എന്ന ശബ്ദത്തെപ്പോലെ ഈ ശബ്ദം ജനനത്തെ സൂചിപ്പിക്കുന്നില്ലെന്നുള്ളതും വക്തവ്യമാണ്.

## II

ജാതിവിഭാഗം ഏൎപ്പെടുന്നതിനുമുമ്പ് ആൎയ്യന്മാരുടെ ഇടയിൽ ആൎക്കും ആരെ വിവാഹം ചെയ്യാമെന്നും

മററും യാതൊരു നിർബന്ധനിയമവും ഉണ്ടായിരുന്നില്ല. പക്ഷെ വളരെക്കാലം ഈ സ്ഥിതിയിൽ കഴിയുന്നതിനു മുമ്പ് ചില മാററങ്ങൾ സംഭവിക്കാതിരുന്നില്ല. ഒരേ ആകൃതിപ്രകൃതികളോടുകൂടിയ രണ്ടുപേർ ഉണ്ടാകുന്നതല്ലല്ലൊ. ഈ വ്യത്യാസങ്ങൾ അനുസരിച്ചു ചിലർക്കു പ്രത്യേകതൊഴിലുകളിലും വാസനയുണ്ടായി എന്നു വരാം. പരിതസ്ഥിതികളുടെ ഭാവഭേദങ്ങൾ മൂലമായി ഇവരിൽ ചിലക്കു മററുള്ളവരിൽനിന്നു തിരെ വ്യത്യസ്തങ്ങളായ സ്വഭാവവികാരങ്ങളും ഉളവായി. ഇവക്കുണ്ടായ സന്താനങ്ങളുടെ കാര്യത്തിലും അപ്രകാരം സംഭവിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ. അവരവക്കനുരൂപകളായ ഭാര്യമാരെ സ്വീകരിക്കയാൽ വിവാഹവിഷയത്തിലും മുൻപറഞ്ഞ വ്യത്യാസങ്ങൾ പ്രബലങ്ങളായി ഭവിച്ചു. ഇങ്ങനെയാണു വിവിധവർഗ്ഗങ്ങൾ ഉത്ഭവിച്ചതു്. വർഗ്ഗീയഭേദങ്ങളെ ദൃഢതരങ്ങളാക്കുന്നതിന്നു് അനാര്യസംഗമം വളരെ സഹായിച്ചിട്ടുണ്ടു്. എന്നാൽ അനാര്യകന്യകകളെ വിവാഹം ചെയ്യുന്നതിന്നു് ആര്യന്മാർക്കു തീരെ മനസ്സില്ലായിരുന്നു എന്നു തെളിയുന്നുണ്ടു്.

പ്രതിലോമവിവാഹങ്ങളുടെ അനാശാസ്യമായ ഗതിയെ തടയുന്നതിന്നു് ആര്യന്മാർ വളരെ ശ്രമിച്ചു എങ്കിലും അതു വിജയപ്രാപ്തമായിത്തീൎന്നില്ല. ഒടുവിൽ ഇങ്ങനെ തീർച്ചപ്പെടുത്തി. ഇതു ജാതിവിഭാഗങ്ങൾ ഏർപ്പെട്ടതിൻെറ ശേഷമായിരുന്നു. അനുലോമരീതിയിലുള്ള വിവാഹങ്ങളെല്ലാം അവർ സാധുവായി ഗണിച്ചു. എന്നാൽ ശൂദ്രജാതിയിലുൾപ്പെട്ട സ്ത്രീകളെ ബ്രാഹ്മണാദിത്രിവർഗ്ഗങ്ങളിലുമുള്ള പുരുഷന്മാർ വിവാഹംചെയ്യുന്നതു നിഷിദ്ധമാണെന്നും വിധിച്ചു.

ഇതോടുകൂടി പ്രതിലോമരീതിയിലുള്ള വിവാഹങ്ങൾ തീരെ നിലച്ചു എന്നു് ആരും വിചാരിച്ചുപോകരുതു്. എന്നാൽ വൈശ്യശൂദ്രവഗ്ഗങ്ങളിലുൾപ്പെട്ട പുരുഷന്മാർ ബ്രാഹ്മണക്ഷത്രിയവഗ്ഗങ്ങളിലെ സ്ത്രീകളെ വിവാഹം ചെയ്തു വന്നിരുന്നതായി കാണുന്നില്ലെങ്കിൽ അതിനുള്ള കാരണം ദൂരെ തേടേണ്ടതില്ല. ഒന്നാമതായി ബ്രാഹ്മണരുടേയും ക്ഷത്രിയരുടേയും അന്നത്തെ പ്രാബല്യം നിസ്സീമമായിരുന്നു. ജാത്യാഭിമാനത്തിൽ ഇവർ ഇരുകൂട്ടരും അന്യോന്യമത്സരക്കാരുമായിരുന്നു. ഇങ്ങനെ പല കാൎയ്യങ്ങളിലും സമത്വം സംഭവിച്ചതുകൊണ്ടായിരിക്കാം, ഇവർ തമ്മിൽ വിവാഹം അനുവദിച്ചിരുന്നതു്. വൈശ്യർക്കാകട്ടെ ജാത്യാഭിമാനം വേണമെന്ന ആഗ്രഹമില്ലായിരുന്നു. അവർ അവരുടെ തൊഴിലുകളിൽ സദാ ജാഗരൂകരായിരുന്നതിനാൽ അതിനു സമയവും ലഭിച്ചില്ല. ശൂദ്രർ വളരെ താണ നിലയിലായിരുന്നതിനാൽ അവരുടെ കാൎയ്യം ചോദിപ്പാനുമില്ലല്ലൊ.

അനുലോമവിവാഹങ്ങളുടെ ഫലമായി ഉളവായ സന്താനങ്ങൾ മാതൃഗോത്രത്തിൽതന്നെ സ്ഥിതിചെയ്തു. പ്രതിലോമവിവാഹത്തിലാകട്ടെ, സന്താനങ്ങൾക്കു പതിതത്വം കല്പിക്കയാണു് ചെയ്തതു്. ഈ സമ്മിശ്രസന്താനങ്ങൾ ശൂദ്രവഗ്ഗത്തിൽ ചെന്നുചേൎന്നു. ശൂദ്രരുടെ സംഖ്യ വൎദ്ധിക്കാനുണ്ടായ പ്രധാനകാരണം ഇതു തന്നെയാണു്. സമ്മിശ്രവിവാഹങ്ങളുടെ സ്വഭാവം അനുസരിച്ചു ശൂദ്രവൎഗ്ഗത്തിൽ ചേൎന്ന ഇവരിൽ തന്നെയും പല വിഭാഗങ്ങളും ഉളവായി. ഏതെല്ലാം വിധത്തിൽ സമ്മിശ്രണം ഉണ്ടാകാമോ ആ വിധത്തിൽ എല്ലാം ഓരോ പ്രത്യേകജാതിയും ഉണ്ടായതായി മനു പറയുന്നുണ്ടു്. ഇവരുടെ പിതൃദത്തമായ വാസനയനുസരിച്ചു് ഓരോ തൊഴിലും ഉണ്ടായി

അത്രെ! ഒടുവിൽ തൊഴിൽ ആചരിക്കുന്നതു നോക്കി മാത്രം ജാതി നിർണ്ണയിക്കാം എന്ന ഏർപ്പാടും വന്നുകൂടി.

ഒരേ കുടുംബത്തിലുള്ളവർ തമ്മിൽ വിവാഹം കഴിക്കാൻ പാടില്ലെന്നുള്ള നിർബന്ധം ഉണ്ടായതു് അതിൽ നിന്നു് ഉളവായ ദോഷങ്ങൾ കണ്ടിട്ടായിരിക്കാം. വൈദിക കാലത്തു സഗോത്രത്വം അത്ര നിഷ്കൃഷ്ടമായി ആദരിച്ചു വന്നില്ല. ജാതിവിഭാഗം ഏർപ്പെട്ടതോടുകൂടി, വർണ്ണം, ജാതി, ഗോത്രം, കുലം ഇങ്ങനെയുള്ള അതിരുകളും ദൃഢതരങ്ങളായിത്തീർന്നു. വിവാഹനിബന്ധനകളാണു് ഇവയെ പരിപാലിച്ചതെന്നുള്ളതിന് സംശയമില്ല. ഇതെല്ലാം സംഭവിച്ചതു് എത്രയോ വിദൂരമായ ഭൂതകാലത്താണെന്നു നാം സ്മരിക്കേണ്ടതാണു്. ഇടക്കാലത്തു് അത്ഭുതകരങ്ങളായ പല മാററങ്ങളും ഹിന്ദുസമുദായത്തെ പാടെ ഇളക്കി മറിച്ചിട്ടുണ്ടെങ്കിലും മുകളിൽ പ്രസ്താവിച്ച ജാതിവ്യത്യാസങ്ങളും വിവാഹനിയമങ്ങളും നിലനിൽക്കാൻ ഉള്ള കാരണങ്ങൾ സുസ്പഷ്ടങ്ങളാണു്.

ഈ കാരണങ്ങളിൽ പ്രാധാന്യം വഹിക്കുന്നതു ബ്രാഹ്മണക്കുണ്ടായിരുന്ന വിദ്യാഭ്യാസസൌകര്യങ്ങളും തന്മൂലമായി അവക്കു സിദ്ധിച്ച മനഃപരിഷ്കാരവുമാണു്. ആര്യന്മാരെ എല്ലാം ഏകകാലത്തു സംഹരിക്കുന്നതിനു ശൂദ്രരുടെ സംഖ്യ അത്ര വലുതായിരുന്നു എങ്കിലും അജ്ഞാനാന്ധകാരത്തിൽ കിടന്നുഴലുകയാൽ അവർ എന്നും ബാധിതവർഗ്ഗക്കാരായിത്തന്നെ ഇരുന്നു. ശൂദ്രർ ആര്യവർഗ്ഗത്തിലുൾപ്പെട്ടവരല്ലെന്നു തന്നെയും ബ്രാഹ്മണർ ഉൽഘോഷിച്ചു തുടങ്ങി. ഇത്ര താഴ്ന്നസ്ഥിതിയിലിരുന്ന ഒരു വർഗ്ഗക്കാരെ മനു അദ്ദേഹത്തിൻെറ ധർമ്മശാസ്ത്രങ്ങളിൽ നിർദ്ദയമായി ചവുട്ടിതാഴ്ത്തിയതിൻെറ കാരണവും ദൂരെ

തേടേണ്ടതില്ലല്ലൊ ഇങ്ങനെ ബ്രാഹ്മണരുടെ പ്രാബല്യം ഒന്നുകൊണ്ടുമാത്രമാണ് അക്കാലത്തെ ശൂദ്രരുടെ സാമുദായികനില നികൃഷ്ടമായിരുന്നതെന്നും, തദനുസരണമായി നിയമങ്ങൾ പ്രതിഷ്ഠാപിതങ്ങളായതെന്നും, പിൽക്കാലത്തുള്ളവരും ആലോചിക്കാതെപോയതു് അത്ഭുതകരമായിരിക്കുന്നു. എന്തായാലും വിവാഹസംബന്ധമായ നിഷ്കൃഷ്കർമ്മമൂലം—ജാതിവിട്ടു വിവാഹംപാടില്ലെന്നുള്ള നിർബ്ബന്ധം മൂലം — ബ്രാഹ്മണരുടെ സംഖ്യ കുറഞ്ഞുപോയതു് ആശ്വാസകരം തന്നെ. എന്നാൽ ഈ നിർബന്ധങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടിരുന്നാൽ സന്താനങ്ങൾ കുലബല വീര്യപൌരുഷങ്ങളോടുകൂടിത്തന്നെ ഇരിക്കും എന്നവർ വിശ്വസിച്ചുപോന്നതു കേവലം മിഥ്യാഭ്രമം മാത്രമായിരുന്നു. എന്തെന്നാൽ അവരിൽത്തന്നെയും നാനാപ്രകാരത്തിൽ വർഗ്ഗഭേദങ്ങളുളവാകുകയും വർണ്ണസംകരവും, ജാതിസംകരവും തടയാൻ നിവൃത്തിയില്ലാത്ത വിധത്തിലായിത്തീരുകയും ചെയ്തു. ഈ ന്യൂനതകളെ പരിഹരിക്കാൻ ഇനിയും ബ്രാഹ്മണർക്കു വൈമനസ്യമുള്ളതുപോലെയാണിരിക്കുന്നതു്. അവരുടെ ജനസംഖ്യ കുറഞ്ഞുവരുന്നതു് അവർ കാണുന്നില്ല. ബംഗാളിൽത്തന്നെയും ഇപ്പോൾ പന്ത്രണ്ടരലക്ഷം ബ്രാഹ്മണരേയുള്ളു. കുലീനത്വംവെച്ചുകൊണ്ടിരുന്നിട്ടു് ഒടുവിൽ കുലഹാനി വരാതെ ഇവർ സൂക്ഷിച്ചെങ്കിൽ നന്നായിരുന്നേനെ.

പ്രാചീന ഇൻഡ്യയിൽ പ്രബലമായിരുന്ന വേറൊരു വിവാഹതത്വം, വധൂവരന്മാർക്കു തമ്മിൽ നല്ല യോജിപ്പുണ്ടായിരിക്കണമെന്നുള്ളതായിരുന്നു. യഥാർത്ഥമായ അനുരാഗമായിരുന്നു വിവാഹബന്ധത്തിൻെറ തോതു നിർണ്ണയിച്ചിരുന്നതു്. വൈദികകാലത്തിനിപ്പുറമേ ശൈശവവിവാഹത്തെപ്പററി കേൾക്കുന്നുള്ളു. എന്നാൽ ഇതും എല്ലാ

യിടത്തും പ്രചാരത്തിലിരുന്നതായി തെളിവു കാണുന്നില്ല. മനു പറഞ്ഞിരിക്കുന്ന എട്ടുവിധം വിവാഹങ്ങൾ,

"ബ്രഹ്മാവ്യ, മാഷ്ം, ദൈവം,
പ്രാജാപത്യവും, പുന-
രാസുരം, ഗാന്ധർവ്വം, രാക്ഷസം,
പൈശാചവും."

എന്നിവയാകുന്നു. ഇവയിൽ ദൈവവും ഗാന്ധർവ്വവും വധൂവരന്മാർ തമ്മിൽ ഉളവാകുന്ന നിഷ്കളങ്കമായ അനുരാഗത്തിന്റെ ഫലങ്ങളാണ്. ബലാൽക്കാരമായുള്ള വിവാഹം അന്ന് അജ്ഞാതമായിരുന്നു എന്നുതന്നെ പറയാം. ദമ്പതിമാരുടെ സ്വേച്ഛാനുസാരേണയുള്ള വിവാഹത്തിൽ വരനു വധുവിനേക്കാൾ മൂന്നിലധികം വയസ്സു പ്രായമായിരിക്കരുതെന്ന് വാത്സ്യായനൻ സിദ്ധാന്തിക്കുന്നു.

യാദൃച്ഛികമായി സംഭവിക്കുന്ന വിവാഹങ്ങളുടെ ഫലമായി ഉത്ഭവിക്കുന്ന സന്താനങ്ങൾ ബലഹീനങ്ങളും നീചങ്ങളും ആയിരിക്കുമെന്നു ശാസ്ത്രകാരന്മാർ ഘോഷിക്കുന്നുണ്ട്. ഈ തത്വമായിരിക്കും ശൈശവവിവാഹത്തിനു ബ്രാഹ്മണരെ പ്രേരിപ്പിച്ചത്. ശിശുപ്രായത്തിൽ വധൂവരന്മാൎക്കു തന്റേടമുണ്ടായിരിക്കുന്നതല്ലല്ലൊ. പ്രാജാപത്യവിവാഹത്തിനു ബ്രാഹ്മണരുടെ ഇടയിൽ ഇപ്പോഴും വളരെ പ്രാബല്യമുണ്ടായിരിക്കുന്നതിനു കാരണം ഇതാണ്.

ശൈശവവിവാഹം ബ്രാഹ്മണരുടെ ഇടയിൽ മാത്രമേ അത്ര അധികം പ്രചാരത്തിലിരുന്നുള്ളു. വധുവിന് എട്ടുമുതൽ പന്ത്രണ്ടുവയസ്സുവരെ പ്രായം വിധിച്ചിരുന്നു. വരനു ഇരുപത്തിനാലുമുതൽ മുപ്പതുവരെയായിരുന്നു നിശ്ചയിച്ചി

രുന്ന വയസ്സ്. വൈദ്യശാസ്ത്രപാരംഗതനായ സുശ്രുതൻെറ അഭിപ്രായത്തിൽ (ശാരീരം 1-ാം അദ്ധ്യായം) ഇരുപത്തുനാലുവയസ്സു പ്രായമുള്ള പുരുഷൻ പന്ത്രണ്ടുവയസ്സു പ്രായമുള്ള ബാലികയെ വിവാഹംചെയ്യണമെന്നാണ്. വാഗ്ഭടൻ പുരുഷൻെറ വയസ്സ് ഇരുപത്തൊന്നാക്കി കുറച്ചിട്ടുണ്ട്. (ശാരീരം 1-ാം അദ്ധ്യായം) ഇങ്ങനെയെല്ലാമായിരുന്ന സിദ്ധാന്തങ്ങളെങ്കിൽ പണ്ടു ശൈശവവിവാഹം അത്ര വളരെ നിരർത്ഥകമായിരുന്നൊ എന്ന സംശയമാണ്. പോരെങ്കിൽ വിവാഹിതയായ ബാലിക ഉടനെ മാതൃധർമ്മം പ്രാപിക്കണമെന്നുമില്ലല്ലൊ. പുരുഷന് ഇരുപത്തഞ്ചും സ്ത്രീയ്ക്കു പതിനാറുമാണ് പുത്രോല്പാദനത്തിനു സുശ്രുതൻ വിധിക്കുന്ന വയസ്സ്. (സൂത്രസ്ഥാനം,—അദ്ധ്യായം 35) പതിനഞ്ചുവയസ്സു തികയുന്നതിനുമുമ്പു മാതാവായിത്തീരുന്ന സ്ത്രീയുടെ ആദ്യസന്താനം അല്പായുസ്സായിത്തീരുമെന്ന് അദ്ദേഹം ഖണ്ഡിതമായി പറഞ്ഞിട്ടുണ്ട്. (ശാരീരം—അദ്ധ്യായം 10). കുട്ടി ജീവനോടുകൂടിയിരുന്നാൽതന്നെയും ബലഹീനമായിട്ടേ വളരുകയുള്ളു എന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു. ഇപ്രകാരമെല്ലാമിരിക്കെ, വിവാഹത്തിനു വളരെക്കാലം മുമ്പു നടന്നിട്ടുള്ള വാങ്നിശ്ചയത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുമാത്രമായിരിക്കണം പണ്ടു ശൈശവവിവാഹം ഇൻഡ്യയിൽ വളരെ പ്രചാരത്തിലിരുന്നു എന്നു ചിലർ വാദിക്കുന്നതു്. എന്തായാലും ആധുനികബ്രാഹ്മണരുടെ ഇടയിൽ ഈ തെററായ ധാരണ ദൃഢമൂലമായിത്തീർന്നിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

വരൻെറ വിവാഹത്തിനുള്ള വയസ്സു കൂട്ടിവച്ചതിനുള്ള യഥാർത്ഥകാരണങ്ങൾ ഇപ്പോൾ കണ്ടുപിടിക്കുന്നതിനു പ്രയാസമായിട്ടാണിരിക്കുന്നതു്. എങ്കിലും ശാസ്ത്രീയ

മായിട്ടു നോക്കുകയാണെങ്കിൽ സന്താനങ്ങളുടെ നന്മതന്നെയായിരിക്കണം അപ്രകാരംചെയ്യാൻ പ്രേരിപ്പിച്ചതെന്നു തോന്നുന്നു. അങ്ങനെ വയസ്സു കൂട്ടിവച്ചാൽ ഒരുപക്ഷെ പുരുഷസന്താനങ്ങളുടെ സംഖ്യ വർദ്ധിക്കുമെന്നും പ്രാചീനർ വിശ്വസിച്ചിരിക്കാം. വേറൊരു കാരണം സ്ത്രീപുരുഷന്മാരുടെ ഉല്പാദനസമർത്ഥമായ പ്രായം ഗണിച്ചതായിരിക്കാം. സുശ്രുതപ്രകാരം (അദ്ധ്യാ—14) ഈ പ്രായം സ്ത്രീകൾക്കു പതിനഞ്ചിനും നാല്പത്തഞ്ചിനും മദ്ധ്യേ ആണെന്നു കാണുന്നു. പുരുഷന്മാരാകട്ടെ അറുപതുവയസ്സുവരെ പുത്രോല്പാദനത്തിനു സമർത്ഥന്മാരാണു്. ആകയാൽ പുരുഷന്മാർ മുപ്പതും സ്ത്രീകൾ പന്ത്രണ്ടും വയസ്സു പ്രായമാകുമ്പോൾ വിവാഹം ചെയ്യുന്നപക്ഷം, ഇരുകൂട്ടരുടേയും പുത്രോല്പാദനസമർത്ഥമായ സമയം ഏകകാലത്തു് അവസാനിക്കുന്നതായിരിക്കും. മൂന്നാമതൊരു കാരണവുംകൂടി പറയാവുന്നതാണു്. പുരുഷന്മാർ വിദ്യാഭ്യാസകാലം മുഴുവനും ബ്രഹ്മചാരികളായിരിക്കണം എന്നു നിർബന്ധമുണ്ടായിരുന്നു. ഗുരുഗൃഹത്തിലെ വാസവും ഒഴിച്ചുകൂടാൻ പാടുള്ളതല്ലായിരുന്നു. ഇങ്ങനെ ഏകദേശം മുപ്പത്തിരണ്ടു വയസ്സുവരെ കഴിച്ചുകൂട്ടിയതിന്റെശേഷമേ അവർക്കു സ്വഗൃഹങ്ങളിലെത്തി വിവാഹം മുതലായതു ചെയ്യാൻ സാധിച്ചുള്ളു. ഈ നിഷ്കർഷകളെല്ലാം ബ്രാഹ്മണരെ മാത്രമേ സാധാരണമായി ബാധിച്ചിരുന്നുള്ളു. ഉദാഹരണത്തിനു രാമായണം നോക്കുക. ശ്രീരാമൻ പതിനാറുവയസ്സിലാണു് സീതയെ വിവാഹംചെയ്തതു്. അന്നു സീതയ്ക്കോ ആറു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. രാജകുമാരന്മാർക്കു പതിനാറുവയസ്സിൽ വിവാഹംചെയ്തുകൊള്ളാമെന്നു ചാണക്യൻ ഉപദേശിക്കുന്നുണ്ടു്.

ശൈശവവിവാഹത്തിലും ചില ഉദ്ദേശങ്ങളെല്ലാമുണ്ടായിരുന്നു. വിവാഹിതയായ ബാലിക വരന്റെ ഗൃഹത്തിൽ പ്രവേശിച്ചതിനുശേഷം, പ്രായപൂർത്തിവരുന്നതിനു മുമ്പു പല കാര്യങ്ങളിലും പരിചയം നേടേണ്ടിയിരുന്നു. എന്നുമാത്രവുമല്ല ഈ വിവാഹം നടത്തുന്ന കാര്യത്തിൽ വധൂവരന്മാർക്ക് യാതൊരു സ്വാതന്ത്ര്യവും അനുവദിക്കപ്പെട്ടിരുന്നുമില്ല. രക്ഷകർത്താക്കളാണ് വിവാഹം നിശ്ചയിച്ചുവന്നത്. ഈ വിധത്തിൽ ഇത്ര പ്രധാനപ്പെട്ട കാര്യത്തെപ്പററിയുള്ള കർതൃത്വം അപരിപക്വഹൃദയങ്ങൾക്കു വിട്ടുകൊടുക്കാതെ ചുമതലയുള്ള സമുദായാംഗങ്ങൾതന്നെ വഹിച്ചുവന്നതു് അഭിനന്ദനീയമായിരിക്കുന്നു. വിവാഹം സർവ്വഥാ അനുയോജ്യമായിരുന്നാലെ സമുദായസംശുദ്ധി ഉണ്ടാവുകയുള്ളു എന്നു പ്രാചീനർ വിശ്വസിച്ചിരുന്നതായി ഇതുകൊണ്ടു നിർണ്ണയിക്കാം.

## III

പ്രാചീന ഇൻഡ്യയിലെ വിവാഹരീതിയെപ്പററി ഗൃഹ്യസൂത്രങ്ങൾ എന്തു പറയുന്നു എന്നു നോക്കാം. വരൻ ആദ്യമായി വധുവിന്റെ കുലം പരിശോധിച്ചു നോക്കട്ടെ. വരനു വിദ്യാഭ്യാസം മൂലം മനഃപ്പരിഷ്കാരം സിദ്ധിച്ചിട്ടുണ്ടോ എന്നു നോക്കേണ്ടതു വധൂബന്ധുക്കളുടെ ചുമതലയാണു്. വധുവിനു പൂർണ്ണാരോഗ്യമുണ്ടായിരിക്കണം. കുലശീലങ്ങളും നന്നായിരിക്കണം. ഇതെല്ലാം ആപസ്തംബൻ നിഷ്കൃഷ്ടമായി വിധിച്ചിട്ടുള്ളതാണു്. ഭാര്യമാർ സുലക്ഷണകളായിരിക്കണമെന്നു ധർമ്മശാസ്ത്രകർത്താക്കളെല്ലാവരും ഏകകണ്ഠമായി സമ്മതിക്കുന്നു.

ഈ വിഷയത്തെപ്പററി മററു പല വിധത്തിലും സവിസ്തരം പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥങ്ങളുമുണ്ടു്. വരാഹ

മിഹിരനും ബൃഹത്സംഹിതയിൽ സാമാന്യം ദീർഘമായ ഒന്നുരണ്ടദ്ധ്യായങ്ങൾ ഈ വിഷയത്തിനായി ചെലവഴിച്ചിട്ടുണ്ട്. സ്ത്രീയുടെ സർവ്വാവയവങ്ങളേയും സംബന്ധിച്ച് ഓരോ ലക്ഷണവും ദാമ്പത്യജീവിതത്തിൽ അതിനുള്ള ഫലവും അദ്ദേഹം സരസമായി പ്രതിപാദിച്ചിരിക്കുന്നു. ഈ ലക്ഷണങ്ങളെ കണ്ടുപിടിച്ചു ഭാവി ജീവിതത്തേപ്പററി ദീർഘദർശനം ചെയ്യാൻ അന്നു പ്രസിദ്ധന്മാരായിരുന്നവരിൽ പ്രഥമഗണനീയനാണ് സമുദ്രൻ. സാമുദ്രികലക്ഷണങ്ങളിൽ ചിലതെങ്കിലും നിശ്ചയമില്ലാത്തവർ ഇപ്പോഴും ചുരുങ്ങമല്ലൊ. വൈദ്യശാസ്ത്രപാരംഗതന്മാരായ ചരകനും സുശ്രുതനും ഇവയെ സമ്മതിച്ചിരിക്കുന്ന സ്ഥിതിയ്ക്കു പ്രാചീനഇൻഡ്യയിൽ ഇവയ്ക്കുണ്ടായിരുന്ന പ്രാബല്യം ഏറെക്കുറെ നമുക്ക് അനുമാനിക്കാവുന്നതാണ്.

സ്വഭാവം പ്രമാണിച്ചു പ്രാചീനഭാരതീയർ മനുഷ്യവർഗ്ഗത്തെ മൂന്നായി വിഭജിച്ചിരുന്നു. അവ ആസുരം, കേവലമാനുഷം, ദിവ്യം എന്നിങ്ങനെ ആയിരുന്നു. ചരകൻ, വരാഹൻ മുതലായ പണ്ഡിതവര്യന്മാരും ഈ വിഭാഗത്തെ അടിസ്ഥാനപ്പെടുത്തി പ്രമാണങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ദിവ്യന്മാരുടെ ലക്ഷണം ശാന്തത, ഭ്രാതൃദയ മുതലായവയാണ്. കേവലമനുഷ്യർ സമുദായസ്നേഹമുള്ളവരും! പ്രാപഞ്ചികസുഖത്തിൽ ആഗ്രഹമുള്ളവരും ആണത്രെ! ആസുരവിഭാഗത്തിലുൾപ്പെട്ടവർ ദുസ്സ്വഭാവികളും, വൃത്തിഹീനരും ആയിരിക്കും. ഈ ലക്ഷണങ്ങൾ നിർവ്വചിച്ച വരാഹപണ്ഡിതന് ഇൻഡ്യയിലെ ചാതുർവ്വർണ്ണ്യ വിഭാഗം നിരർത്ഥകമായിരുന്നു എന്ന് ബോധമുണ്ടായിരുന്നതായും തെളിയുന്നുണ്ട്.

വിവാഹത്തിൽ വധൂവരന്മാർക്കു പരസ്പരാനുരൂപങ്ങളായ ലക്ഷണങ്ങൾ തികഞ്ഞിരുന്നില്ലെങ്കിൽ പല ദോഷ

ങ്ങളും സംഭവിക്കുമെന്ന് അന്നുള്ളവർ പരക്കെ വിശ്വസിച്ചിരുന്നു. എന്നുമാത്രവുമല്ല, മുകളിൽ പ്രസ്താവിച്ച വിഭാഗങ്ങൾ ഏതെങ്കിലും ഒന്നിൽ ഉൾപ്പെട്ടവർ അതിനുള്ളിൽ വിവാഹം ചെയ്യുന്നതുതന്നെ ശ്രേയസ്കരമെന്ന് എല്ലാവരും വിശ്വസിച്ചുവന്നു. ദിവ്യവർഗ്ഗത്തിലുൾപ്പെട്ട സ്ത്രീപുരുഷന്മാർ തമ്മിലുള്ള വിവാഹംതന്നെയാണ് ശ്രേഷ്ഠമായിട്ടുള്ളതു്. ഒന്നും രണ്ടും വിഭാഗങ്ങൾ (ദിവ്യകേവലമാനുഷവർഗ്ഗങ്ങൾ) തമ്മിലുള്ള വിവാഹം മദ്ധ്യമവും, മററു വിധത്തിലുള്ളതെല്ലാം നീചവും ആയിട്ടാണ് കല്പിച്ചിരിക്കുന്നതു്. ഓരോ വംശചരിത്രവും, സാമുദ്രികലക്ഷണങ്ങളും പൂർത്തിയായി പഠിച്ചു വിവാഹം നടത്തിക്കുന്നതിനു സമർത്ഥരായ "ഘടകന്മാർ" എന്നൊരുതരം ആളുകളും അന്നുണ്ടായിരുന്നു. അവരിൽ ചിലർ ജ്യോതിഷത്തിലും അഭിജ്ഞന്മാരായിരുന്നു.

ഇനി വിവാഹകാര്യത്തെപ്പററി മനു എന്തുപറയുന്നു എന്നു നോക്കാം. കുലം, ശീലം, ആരോഗ്യം ഇത്രയും തികഞ്ഞ ഒരു പുരുഷനെ കണ്ടെത്തിയാൽ തൽക്ഷണം കന്യക എത്ര പ്രായം കുറഞ്ഞിരുന്നവളായാലും വേണ്ടില്ല, അവളെ വിവാഹംചെയ്തു കൊടുക്കാമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ഈ ഗുണങ്ങളില്ലാത്തവനു പെണ്ണിനെ ദാനംചെയ്യുന്നതിനേക്കാൾ നല്ലതു് അവിവാഹിതയായി ഇരുത്തുകയാണെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. സൽകുലങ്ങളായിരുന്നാലും പുരുഷസന്താനങ്ങളില്ലാത്തതും, വിദ്യാഭ്യാസമില്ലാത്ത പല അംഗങ്ങളോടുകൂടിയതും, വേദാദ്ധ്യയനമില്ലാത്തതും ആയ കുടുംബങ്ങളിൽനിന്ന് വിവാഹം ചെയ്യരുതെന്നും മനു സിദ്ധാന്തിക്കുന്നു. സ്മൃതിവ്യാഖ്യാതാവായ കല്ലൂകർ രോഗങ്ങളുടെ കാര്യവും ഈ ഘട്ടത്തിൽ പറഞ്ഞിട്ടുണ്ട്. രോഗബാധിതരായ വധൂവരന്മാർ തമ്മി

ലുള്ള വേഴ്ച സന്താനങ്ങളിൽക്കൂടി രോഗബീജങ്ങളെ സംക്രമിപ്പിക്കുമെന്നു് അദ്ദേഹം വാദിക്കുന്നു. സാമുദ്രികലക്ഷണങ്ങളിലും മനുവിനു നല്ല വിശ്വാസമുണ്ടായിരുന്നതായി തെളിയുന്നുണ്ടു്. തവിട്ടുനിറമായ നേത്രങ്ങളും, ലോമശമായ ശരീരവും, വേണ്ടതിലധികം അവയവപുഷ്ടിയും ഉള്ള കന്യകമാരെ ഒരിക്കലും വരിക്കരുതെന്നു മനു പറയുന്നുണ്ടു്.

പ്രാചീനഭാരതത്തിലെ ജനങ്ങൾക്കു വിവാഹവിഷയത്തിൽ ഇത്ര വളരെ മുൻകരുതലുകൾ ഉണ്ടായിരുന്നതിൻെറ ഫലം അനേകം സ്ത്രീകൾ അവിവാഹിതകളായി കാലം കഴിച്ചുകൂട്ടേണ്ടിവന്നു എന്നുള്ളതാണു്. ഇവരിൽ പലരും സന്യസിച്ചതായും ലക്ഷ്യങ്ങൾ കാണുന്നുണ്ടു്.

ഇനി പ്രാചീനഭാരതത്തിലെ ജനങ്ങൾക്കു പിൻതുടർച്ചാവകാശക്രമത്തേപ്പററി ഉണ്ടായിരുന്ന അറിവു് എന്താണെന്നു നോക്കാം. ഗഹനങ്ങളായ പല വിഷയങ്ങളെപ്പററിയും ഗാഢമായി ചിന്തിച്ചിട്ടുള്ള ഹിന്ദുപുരാതനന്മാർ വിധി, കർമ്മം എന്നീ രണ്ടിൻേറയും ഫലമായിട്ടാണു് മനുഷ്യർ ഓരോ സ്ഥിതിയിൽ വർത്തിക്കുന്നതെന്നു വളരെ നേരത്തേതന്നെ സ്ഥാപിച്ചിരുന്നു. "വിധി" അല്ലെങ്കിൽ "ദൈവം" എന്നുള്ളതു മുജ്ജന്മങ്ങളിൽ നാം ചെയ്തിട്ടുള്ള കർമ്മങ്ങളുടെ ഫലമായി നാം അനുഭവിക്കുന്ന അവസ്ഥതന്നെ. "കർമ്മം" എന്നുള്ളതു നമ്മുടെ ബുദ്ധിയും തൻേറടവും അനുസരിച്ചു വിധിയുടെ ഗതിയ്ക്കെതിരായും മററും പ്രവർത്തിച്ചു മനുഷ്യജന്മത്തിൽ ഉൽകൃഷ്ടമോ അപകൃഷ്ടമോ പ്രാപിക്കുന്നതാകുന്നു. ഈ തത്വത്തെ പുരസ്കരിച്ചു മനു ചില സിദ്ധാന്തങ്ങളും പുറപ്പെടുവിക്കുന്നുണ്ടു്. വിവാഹബന്ധത്തിൽ ഭാര്യയെ ഒരു കൃഷിപ്രദേശത്തോടും ഭർത്താവിനെ ബീജാംകുരത്തോടുമാണു് മനു ഉപമിക്കുന്നതു്.

ബീജാംകുരത്തിൻെറ "ഗുണമനുസരിച്ച്" മരം നല്ലതൊ ചീത്തയോ ആയിത്തീരുന്നതുപോലെ പുരുഷൻെറ ഗുണം തന്നെയാണ് സന്താനത്തിൻെറ നന്മതിന്മകൾക്ക കാരണമായിത്തീരുന്നതെന്നും മനു വാദിക്കുന്നു. നിലവും വിത്തും നന്നായിരുന്നാൽ സന്താനം സർവ്വോത്തമമായിരിക്കും എന്നുള്ള കാൎയ്യം ചോദിപ്പാനുമില്ലല്ലൊ. മനുവിൻെറ നിയമനിൎമ്മിതിയിൽ പുരുഷനു പ്രാധാന്യം നൽകാനുള്ള കാരണവും ഇതുതന്നെയാണു്. പക്ഷേ ഭാൎയ്യാഭൎത്താക്കന്മാർ തുല്യഗുണങ്ങളോടുകൂടിയവരായിരിക്കണം എന്നുള്ള അദ്ദേഹത്തിൻെറ സിദ്ധാന്തവും നാം വിസ്മരിച്ചുകൂടാത്തതാകുന്നു. അങ്ങനെ അല്ലെങ്കിൽ, പുരുഷനു പ്രാധാന്യം നൽകുന്നതുകൊണ്ടു പല ആപത്തുകളും സംഭവിക്കുന്നതാണെന്ന് അദ്ദേഹം തന്നെ പറയുന്നുണ്ട്.

ബ്രാഹ്മണനു് ശൂദ്രസ്ത്രീയിൽ ഒരു പെണ്ണുണ്ടായി എന്നിരിക്കട്ടെ. അവൾ പ്രാപ്തിയാകുമ്പോൾ ഒരു ബ്രാഹ്മണനെ വരിക്കുന്നു. അങ്ങനെ ഉണ്ടായ മകൾ വീണ്ടും ബ്രാഹ്മണനെ വരിക്കുന്നു. ഇങ്ങനെ ഏഴു പ്രാവശ്യമായാൽ ബ്രാഹ്മണത്വം പ്രാപിക്കുന്നുവെന്നാണു് മനുവിൻെറ സിദ്ധാന്തം. നേരേമറിച്ചു ബ്രാഹ്മണൻ ശൂദ്രനായിത്തീരാനും ബീജാങ്കുരത്തിൻെറ കാലക്രമേണയുള്ള അപകൎഷം തന്നെയാണ് കാരണമെന്നും പറഞ്ഞുകാണുന്നു. ഇതുമാതിരി സമ്മിശ്രവിവാഹത്താൽ നന്മതിന്മകൾ ഉളവാകുന്നതാകകൊണ്ടു ക്രമാഗതാവകാശത്തിൽ പുരുഷസന്താനങ്ങൾക്ക മാത്രം ശ്രേഷ്ഠത്വം കല്പിച്ചതു സാഹസമായിപ്പോയി എന്നു പാശ്ചാത്യവിദ്വാന്മാർ അഭിപ്രായപ്പെടാതിരിക്കുന്നില്ല. എന്നുമാത്രമല്ല, സ്ത്രീ അബലയായിരുന്നാലും വിദ്യാഭ്യാസംകൊണ്ടുള്ള മനഃപ്പരിഷ്കാരത്താൽ ക്രമേണ ബലശാലിനി ആയിത്തീരാവുന്നതല്ലേ, എന്ന ചോദ്യത്തിനു വിധി വി

ശ്വാസം മുറുക്കിപ്പിടിച്ചുകൊണ്ടിരിക്കുന്ന പുരാണ നിയമ കത്താവു ശരിയായ സമാധാനം പറഞ്ഞുകാണുന്നില്ല. ഈ വിഷയത്തെപ്പററി എത്രതന്നെ ദീർഘമായി ഉപപാദിച്ചാലും മനുവിൻെറ തീർച്ച "ന സ്ത്രീസ്വാതന്ത്ര്യമർഹതി" എന്നായിരിക്കും.

ഇങ്ങനെയുള്ള നിയമശാസ്ത്രകത്താക്കളുടെ പ്രേരണയാലും മററു പല കാരണങ്ങളാലും പുരുഷസന്താനങ്ങൾക്കു പ്രാധാന്യം സിദ്ധിച്ചതിൽ അത്ഭുതപ്പെട്ടുവാനില്ല. മാതാപിതാക്കൾക്കു് അധികം പ്രയോജനമുണ്ടാകുന്നതും പുരുഷന്മാരെക്കൊണ്ടാണല്ലൊ. വംശാഭിവൃദ്ധിക്കും അവരെക്കൊണ്ടല്ലാതെ സാധിക്കയില്ല. പാരത്രികമായ സൽഗതിയ്ക്കു അവരുടെ സൽക്കമ്മങ്ങളാലല്ലാതെ മാഗ്ഗമില്ല. ഈ സ്ഥിതിക്കു പുത്രന്മാരെ പിരിച്ചയയ്ക്കുന്നതു് യുക്തമല്ലെന്നു് അവർ തീർച്ചപ്പെടുത്തി. പെൺമക്കളെ ഈശ്വരനിർദ്ദിഷ്ടമായ സൃഷ്ടികമ്മം നടത്തുന്നതിനുള്ള ഉപകരണങ്ങളായി ദൂരെ തള്ളിക്കളയാമെന്നും തീർച്ചപ്പെടുത്തി. പക്ഷേ വിവാഹവിഷയത്തിൽ വേണ്ട മുൻകരുതലുകളെല്ലാം ഉണ്ടായിരുന്ന സ്ഥിതിക്കു ദൂഷണത്തിനു വളരെ വകയില്ലായിരുന്നു എന്നു മുൻപുതന്നെ സൂചിപ്പിക്കയുണ്ടായല്ലോ.

ഇവിടെ കുറെ ഗഹനമായിട്ടുള്ളതാണെങ്കിലും ഒരു ചോദ്യത്തിനു് അവകാശമുണ്ടു്. മാതാപിതാക്കന്മാരിൽനിന്നു തീരെ വിഭിന്നമായ ആകൃതിപ്രകൃതികളോടു കൂടിയും നാം സന്താനങ്ങളെ കാണുന്നതു് എന്തുകൊണ്ടാണു്? ഇവിടെയാണു് വിധിവിശ്വാസം പ്രമാണമായിത്തീരുന്നതു്. കുരുടന്മാരുടേയും, ബധിരന്മാരുടേയും, മഹാരോഗികളുടേയും സന്താനങ്ങൾക്കു ചിലപ്പോൾ ആവക ദോഷങ്ങളൊന്നും കാണുന്നില്ലെങ്കിൽ അതിനു കാരണം വിധിവൈ

ഭവമത്രെ. അന്തർല്ലീനമായിരിക്കുന്ന ദോഷങ്ങൾ സന്താനങ്ങളിൽ സംക്രമിക്കുന്നുണ്ടെങ്കിലും ചിലതെല്ലാം ശരീരമാറ്റമായിട്ടല്ലായിരിക്കാം പ്രകാശിക്കുന്നതു്. വേറെ എന്തെല്ലാം മാറ്റങ്ങളുണ്ടെന്നു് ഇപ്പോൾ ചിന്തിക്കണമെന്നില്ലല്ലൊ. ആത്മാവിൻെറ സുഖദുഃഖങ്ങൾ ഇന്നയിന്ന മാറ്റങ്ങളിലാണെന്നു നിരൂപിക്കേണ്ടതായും വരും.

സന്താനം പുരുഷനോ സ്ത്രീയോ ആയിത്തീരുന്നതിനെപ്പററിയും പ്രാചീനക്കുണ്ടായിരുന്ന ബോധം എന്തെന്നു നോക്കാം. ദമ്പതികളുടെ മനഃസ്ഥിതിയനുസരിച്ചു സന്താനം പുരുഷനോ സ്ത്രീയോ ആയിത്തീരുമെന്നു ചരകൻ വാദിക്കുന്നു. ശാന്തസ്വഭാവം പുത്രിയെ ജനിപ്പിക്കുന്നതാണത്രെ. ശരീരസ്ഥിതികളും ചിലപ്പോൾ സൃഷ്ടിയിൽ സഹായകങ്ങളായിരിക്കും. സന്താനത്തിൻെറ കേശം, നഖം, എല്ലു, പല്ലു, രക്തനാഡികൾ ഇത്രയും പിതാവിൽനിന്നു ലഭിക്കുന്നതാണെന്നും തൊലി, മാംസപേശികൾ, രക്തം, കൊഴുപ്പു് എന്നിവ മാതാവിൽനിന്നു ലഭിക്കുന്നതാണെന്നും ചരകൻ സമത്ഥിക്കുന്നു. ഗർഭിണിയായ മാതാവിനു പററുന്ന തരക്കേടുകൾ മൂലം, സന്താനങ്ങൾക്കു ബലഹീനത, കാഴ്ചക്കുറവു് ബധിരത മുതലായ ദോഷങ്ങളുണ്ടാകുന്നതാണെന്നു സുശ്രുതനും പറഞ്ഞിട്ടുണ്ടു്. [സൂത്രസ്ഥാനം അ. 21] മാതാവിൻെറ ദേഹസ്ഥിതികളും ആഹാരക്രമങ്ങളും മാത്രമല്ല ഗർഭസ്ഥമായ സന്താനത്തെ ബാധിക്കുന്നതു്. ഗർഭോല്പാദനത്തിനു മുമ്പു പിതാവിനുള്ള ദിനചയ്യക്രമങ്ങളും ഏറക്കുറെ സന്താനത്തിനെ ബാധിച്ചുകാണുന്നതാണെന്നും സുശ്രുതൻ വിവരിക്കുന്നുണ്ടു്. നല്ലപോലെ പാകംവന്ന വിത്തു ശരിയായ വളം ചേർന്ന ഭൂമിയിൽ നട്ടാൽ യാതൊരു കേടും കൂടാതെ പൂണ്ണബലത്തോടുകൂടി വളൎന്നുവരുന്നതുപോലെയാണു് പ്രസ്തുത സൌകയ്യങ്ങളോടു കൂടിച്ചേൎന്ന

ണ്ടാകുന്ന പുത്രസമ്പത്തും ക്ഷേമപരിപൂർണ്ണമായിത്തീരുന്നതു്.

ഗർഭരക്ഷയെപ്പററിയും പ്രാചീനഭാരതനിവാസികൾക്കു ചില ഉൽകൃഷ്ടബോധങ്ങളുണ്ടായിരുന്നു. "ഗർഭാധാനം" മുതലായി ഗർഭത്തിൻെറ ഓരോ ദശാവിശേഷങ്ങളിലും പല കർമ്മങ്ങളും അന്നു നടത്തിവന്നു. അവയുടെ അമാനുഷത്വം മാത്രമേ നമ്മെ ചിലപ്പോൾ പരിഭ്രമിപ്പിക്കുന്നുള്ളു. ഗർഭിണിയ്ക്കു നൽകേണ്ട ആഹാരത്തിൻെറയും വിവരണങ്ങൾ ചില ഗൃഹ്യസൂത്രങ്ങളിൽ കാണുന്നുണ്ടു്. ഗർഭലക്ഷണങ്ങൾ സ്പഷ്ടമായി കണ്ടുതുടങ്ങുമ്പോളാണു് "പുംസവനം" എന്ന കർമ്മം നടത്തുന്നതു്. ഇതു് പുരുഷസന്താനത്തെ ഉദ്ദേശിച്ചാണു് നടത്താറു പതിവെന്നു തോന്നുന്നു. നാലാംമാസത്തിൽ "ഗർഭരക്ഷണം" എന്നൊരു കർമ്മമുണ്ടു്. ഇതു ഗർഭപാത്രത്തെ കേടുകൂടാതെ വച്ചുകൊണ്ടിരിക്കുന്നതിനുള്ള ചില മുൻകരുതലുകളോടുകൂടിയാണു് അനുഷ്ഠിക്കുന്നതു്. പിന്നെയും രണ്ടു മാസം കഴിഞ്ഞിട്ടു "സീമന്തോന്നയനം" എന്ന കർമ്മമായിരുന്നു. ബങ്കാളിൽ ഇതിനു "സാധു-ഭക്ഷണം" എന്നു പറഞ്ഞുവരുന്നു. ഗർഭിണികൾക്കാഗ്രഹമുള്ള ഭക്ഷണസാധനങ്ങളെല്ലാം അന്നു നൽകണമെന്നു് ഒരു വിശ്വാസമുണ്ടായിരുന്നു. അവക്കാഗ്രഹമുണ്ടായിരുന്നതെല്ലാം സാധിപ്പിച്ചുകൊടുക്കണമെന്നും ചിലക്കഭിപ്രായമുള്ളതുപോലെ തോന്നുന്നു. സീതാപരിത്യാഗത്തിലും ഈ അഭിപ്രായത്തിനു് ഏതാണ്ടുത്തരവാദിത്വമുണ്ടെന്നു നമുക്കറിയാമല്ലോ.

പുംസവനം പോലെയുള്ള ഒരു കർമ്മമാണു് കേരളീയരനുഷ്ഠിക്കുന്ന "പുളികുടി" അടിയന്തരം എന്നു ശങ്കിപ്പാൻ അവകാശമുണ്ടു്. ബങ്കാളിൽ അന്നു ഗർഭിണിയ്ക്കു

പഞ്ചാമൃതം കൊടുക്കുന്ന പതിവുണ്ട്. ഗർഭം തുടങ്ങി ആദ്യത്തെ അഞ്ചുമാസങ്ങളിൽ പഞ്ചാമൃതഘടകങ്ങളായ ഓരോ സാധനങ്ങളും മുറയ്ക്കു കൊടുക്കണമെന്നു സുശ്രുതനും പറയുന്നു.

എന്തായാലും ഗർഭിണിയ്ക്കു നൽകേണ്ട ആഹാര സാധനങ്ങളെപ്പററി ശാസ്ത്രീയമായ പരിജ്ഞാനം അന്നത്തെ ആളുകൾക്കുണ്ടായിരുന്നു എന്നു തെളിയുന്നുണ്ട്. ഈ ആഹാരക്രമം ഗർഭിണിയ്ക്കു മാത്രമല്ല നിയോഗിച്ചു കാണുന്നതു്. പ്രസവം മുതൽ ശിശുവിനു നൽകേണ്ടതും നിർദ്ദേശിച്ചിട്ടുണ്ട്. എന്തെന്നാൽ മുൻപറഞ്ഞ കർമ്മങ്ങൾ ശിശു ബ്രഹ്മചര്യാശ്രമത്തിൽ പ്രവേശിക്കുന്നതുവരെ ഓരോന്നായി അനുഷ്ഠിച്ചുകാണുന്നുണ്ട്. ബ്രഹ്മചര്യം ബ്രാഹ്മണനു് എട്ടു വയസ്സിലും, ക്ഷത്രിയനു പത്തു വയസ്സിലും, വൈശ്യനു പന്ത്രണ്ടു വയസ്സിലും ആണു് ആരംഭിക്കുന്നതു്. ഈ പ്രായം വരെ കുട്ടികളുടെ ആഹാരക്രമത്തിലും മാതാപിതാക്കൾ ശ്രദ്ധവയ്ക്കുന്നതു് പ്രയോജനകരം തന്നെ.

പ്രാചീനഭാരതത്തിലെ വിവാഹജീവിതത്തിന്റെ ഏതാണ്ടൊരു സ്വരൂപജ്ഞാനം ഇപ്പോൾ വായനക്കാർക്കുണ്ടായിരിക്കുമല്ലോ. ചില സംഗതികളിൽ അവയ്ക്കുണ്ടായിരുന്ന ജ്ഞാനം ശാസ്ത്രീയവും വംശാഭിവൃദ്ധിയ്ക്കു് അത്യന്തം ഉതകുന്നതും ആയിരുന്നു എന്നു തെളിയുന്നുണ്ട്. മതത്തിന്റെ പ്രേരണയാൽ ലൌകികാനുഷ്ഠാനങ്ങളിൽ ചിലതു ദുഷിച്ചുപോയിട്ടുണ്ട്. അവയുടെ ആന്തരാർത്ഥവും കാലദേശാവസ്ഥകൾ അനുസരിച്ചു് അവയ്ക്കു വരുത്തേണ്ട ഭേദഗതിയും ചിലർ തീരെ ആലോചിക്കാതെ പോയതിൽ പല ആപത്തുകളും സംഭവിച്ചിട്ടുണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ലെങ്കിലും ത്യാജ്യകോടിയിൽ തള്ളേണ്ട അംശം

അവയിൽ വളരെ കുറച്ചേയുള്ളു എന്നു പറയാതിരിക്കാനും പാടില്ല. പരിഷ്കൃതരീതിയിലുള്ള ഏർപ്പാടുകൾക്കെല്ലാം ആധാരഭൂതങ്ങളായി നിൽക്കുന്നതും പ്രാചീനതത്വങ്ങൾ തന്നെയാണു്. ആകയാൽ ആധുനികശാസ്ത്രകർത്താക്കളും തത്വാന്വേഷികളും രണ്ടായിരത്തിൽപരം സംവത്സരങ്ങൾക്കു മുമ്പു പ്രാചീനഭാരതത്തിൽ പ്രചരിച്ചിരുന്ന ഈ തത്വങ്ങളും പ്രസ്തുത വിഷയത്തിൽ പരിഗണനംചെയ്യുന്നതു നന്നായിരിക്കുമെന്നുമാത്രമേ തൽക്കാലം പറയേണ്ടതായിട്ടുള്ളു.

# 5. സാമുദായികജീവിതം

## I

സമുദായജീവിയായ മനുഷ്യന് ഇതരസഹവാസം അപരിത്യാജ്യമാകുന്നു. ആധുനികലോകത്തിൽ ഇത്രയും പ്രാധാന്യമുള്ള മററു വിഷയമുണ്ടോ എന്നറിയുന്നില്ല. എങ്കിലും ഈ വിഷയത്തിന് ഇനിയും ഒരു ശാസ്ത്രത്തിൻെറ പരിപൂർണ്ണത സിദ്ധിച്ചിട്ടുണ്ടോ എന്നു സംശയമാണ്. നാം സഹവസിക്കേണ്ടതു് എങ്ങനെയുള്ള ആളുകളുമായിട്ടാണ് എന്നൊക്കെ എത്രതന്നെ കാര്യകാരണസഹിതം ധരിച്ചാലും, ദുഷ്ഘടങ്ങളെയൊഴിക്കാൻ ചിലപ്പോഴും സാധിക്കുന്നില്ല. നിർദ്ദിഷ്ടകാരണങ്ങളിൽനിന്നും നിയതമായ ഫലങ്ങളെ ഉണ്ടാകയുള്ളു എന്നായാൽ, ഇപ്രകാരം സംഭവിക്കുന്നതല്ലല്ലോ. പ്രകൃതിശാസ്ത്രനിയമങ്ങൾപോലെ മനുഷ്യസ്വഭാവചേഷ്ടകളെപ്പററി നമുക്ക് യാതൊരു നിർണ്ണയവും ചെയ്യാൻ സാധിക്കുന്നതല്ല. ഇതത്രേ ഒരു വലിയ വൈഷമ്യമായിത്തീർന്നിരിക്കുന്നതു്. പൊതുജനപ്രാതിനിധ്യം വഹിച്ചു് പല പരോപകാരങ്ങളും നിർവ്വഹിക്കുന്ന ഒരു മഹാനെപ്പററി നമുക്കുണ്ടാകുന്ന ബഹുമാനാദരങ്ങൾ എത്ര പെട്ടെന്നു മാറിപ്പോകുന്നു! നമ്മുടെ പ്രതീക്ഷകൾക്കു നേരെ വിപരീതമായ സ്വഭാവമാണ് അയാൾക്കുള്ളതെന്നു വന്നാൽ പിന്നെ മററുള്ളവരുടെ കാര്യം പറയേണ്ടതുണ്ടോ?

മനുഷ്യസഹവാസത്തെപ്പററി സാധാരണന്മാർക്കു് ചില മിത്ഥ്യാബോധങ്ങളുണ്ടു്. സ്വത്തുകൊണ്ടും മാന്യതകൊണ്ടും ഒരേ നിലയിലിരിക്കുന്നവർ തമ്മിലുള്ള സംസർഗ്ഗം

ഉത്തമമാണെന്നു ചിലർ വിചാരിക്കുന്നു. അതുപോലെ തന്നെ വലിയവനും എളിയവനും തമ്മിൽ ചേരുകയില്ലെന്നും അവർ ദൃഢമായി വിശ്വസിക്കുന്നു. ഈ വിശ്വാസങ്ങൾ അടിസ്ഥാനരഹിതങ്ങളെന്നു കാണിക്കുന്നതിനു വേണ്ട ഉദാഹരണങ്ങൾ നമ്മുടെ ഇടയിൽതന്നെ കാണുമല്ലോ. ഇപ്പറഞ്ഞതുപോലെ തന്നെയാണു് ഒരേ അഭിരുചികളോടുകൂടിയവർ സൌഹാർദ്ദപുരസ്സരം ഒന്നിച്ചു കഴിയുമെന്നു പറയുന്നതും. രണ്ടുപേർ ഏതോ ഒരു കാര്യം പ്രമാണിച്ചു് അത്യന്തമിത്രങ്ങളായി വർത്തിച്ചുവരുമ്പോൾ ഭിന്നമതവിശ്വാസത്താൽ ബദ്ധശത്രുക്കളായി പരിണമിക്കുന്നതു് ഈ കേരളത്തിൽതന്നെ സാധാരണമായി നടക്കുന്ന സംഭവമാണു്. ആ ഭിന്നിപ്പൊന്നില്ലായിരുന്നു എങ്കിൽ അവർ ആജീവനാന്തം ബന്ധുക്കളായിരുന്നേനെ എന്നു തോന്നും. അഥവാ ഒരേ മതക്കാരായിരുന്നു എന്നു തന്നെ വിചാരിക്കാം. ആചാരവ്യത്യാസംകൊണ്ടും അകൽച്ച ഉണ്ടാകാവുന്നതാണു്. ഇനി ഏതെങ്കിലും ഒരു തൊഴിൽ ചെയ്യുന്നതിനായി അനേകംപേർ ഒത്തുകൂടിയാൽ അവർ യഥാർത്ഥ സ്നേഹിതന്മാരായിത്തീരുമോ എന്നു നോക്കുകയാണെങ്കിൽ, അവിടെയും നിരാശയ്ക്കേ വഴിയുള്ളു. ഇങ്ങനെ ഹൃദ്യകലകളിലും എന്നുവേണ്ട സകലവിധ മനുഷ്യവ്യാപാരങ്ങളിലും കാണാവുന്നതാണു്.

ഒരേ വർഗ്ഗത്തിലുൾപ്പെട്ടവർ തമ്മിൽപോലും നിഷ്കളങ്കമായ സ്നേഹത്തോടെ വർത്തിക്കാൻ സാധിക്കയില്ലെങ്കിൽ വിവിധവർഗ്ഗക്കാർ തമ്മിലുള്ള മൈത്രിയെപ്പററി പറഞ്ഞിട്ടാവശ്യമില്ലല്ലൊ. എന്നാൽ വൈപരീത്യങ്ങളുടെ മദ്ധ്യത്തിൽ ചിലപ്പോൾ ഐക്യവും കണ്ടേക്കാം. ഇതൊരു സാമാന്യനിയമം അനുസരിക്കുന്നു എന്നു പറവാൻമേല. ഏതോ ഒരു ആകർഷക വസ്തുവായിരിക്കാം

ഒരാളെ മറെറാരാളോട് അപ്രതിഹതമായ സ്നേഹവിശ്വാസങ്ങളോടുകൂടി വത്തിക്കാൻ ഇടവരുത്തുന്നതു്. വല്ല ഒരു സംഗതിയിലും ഉള്ള തുല്യതതന്നെ ആയിരിക്കാം യഥാൎത്ഥ മൈത്രിക്കു കാരണം. തുല്യത പോലെ തന്നെ ഭിന്നതയും ചിലപ്പോഠം കാരണമായിത്തീരുന്നുണ്ടു്. നമ്മിലില്ലാത്ത ചില സൽഗുണങ്ങഠം അന്യനിൽ കണ്ടിട്ടു് സഹവാസലോലുപത ഉണ്ടായേക്കാം. രാജ്യഭ്രംശത്താൽ വനവാസം അംഗീകരിച്ച ധൎമ്മപുത്രരുടെ കൂടെപ്പോകാൻ അനവധി ഉത്തമബ്രാഹ്മണരുണ്ടായിരുന്നുവത്രെ! ആ പുരുഷപുംഗവനിൽ അവർ ദൎശിച്ച ചില അന്യാദൃശങ്ങളായ ഗുണങ്ങഠം തന്നെയാണു് അപ്രകാരം പ്രേരിപ്പിച്ചതു്. ഏതു പ്രത്യേകഗുണമാണു് അത്യന്താകൎഷകം എന്നു ചോദിച്ചാൽ ഉത്തരം പറവാൻ സാധിക്കയില്ലായിരിക്കാം. ഇതു പരമാൎത്ഥമാണെന്നു നമുക്കൊക്കെ അറിയാമല്ലോ. ചിലരോടു സഹവസിക്കുന്നതിനു സവിശേഷം ആസക്തി ജനിക്കുന്നു. സ്ഥിതിസാമ്യമോ, ഒരേ തൊഴിൽ സ്വീകരണമോ, കുലശീലരൂപാദികളോ, യാതൊന്നുമല്ല ഈ വേഴ്ചയ്ക്കു കാരണം. ഇന്നതാണെന്നാരും ശരിയായി വെളിപ്പെടുത്തീട്ടുമില്ല.

വ്യക്തികളെക്കൊണ്ടു് ഈ അനിർവചനീയമായ മൈത്രീബന്ധം ഉദാഹരിക്കാവുന്നതാണു്. നമ്മിലാരെങ്കിലുമാകട്ടെ, യദൃച്ഛയാ തീവണ്ടിയിൽ സഞ്ചരിക്കുമ്പോഴോ ഭോജനശാലയിൽ ഊണുകഴിക്കുമ്പോഴോ, ഉത്സവസ്ഥലത്തോ, എവിടെ വച്ചെങ്കിലും ചിലപ്പോഠം ഒരാളെകണ്ടെത്തുകയും, അയാഠം നമ്മുടെ ചിരകാലസുഹൃത്തായിത്തീരുകയും ചെയ്യുന്നു. തുല്യമായ സ്വഭാവമോ തൊഴിലോ വിദ്യാഭ്യാസത്താലുള്ള മനഃപരിഷ്കാരമോ അല്ല ഈ ദൃഢപരിചയത്തിനിടയാക്കിയതെന്നു നമുക്കറിയാം. നേരെമറിച്ചു് നമ്മെപ്പോലെ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരും ഒരേ

ജോലിയിൽ കാലക്ഷേപം ചെയ്യുന്നവരും മററുമൊക്കെ ആയാലും ചിലരുമായി ഇണങ്ങിച്ചേരുന്നതിനു സാധിക്കുന്നില്ല. വളരെ നേരം സംഭാഷണം ചെയ്തിട്ടും സൈ്വരസഹവാസത്തിനു് അകൽച്ച ഉണ്ടെന്നു തോന്നും. പിന്നെ കുറേക്കാലം കഴിഞ്ഞായിരിക്കും തമ്മിൽ കാണുന്നതു്, അടുത്തു കൂടുവാൻ ഒരു മടി. ആദ്യം പ്രസ്താവിച്ച വിധത്തിലുള്ളവരെ കാണാതിരുന്നാൽ നാം അന്വേഷണം തുടങ്ങും, രണ്ടാമത്തെ കൂട്ടരെ കാണുമ്പോൾ ആരാണു് ആദ്യം സംഭാഷണം ചെയ്തു തുടങ്ങേണ്ടതു് എന്നു സംശയം. ഇങ്ങനെയുള്ള ദൃഷ്ടാന്തങ്ങൾ ആൎക്കും അനുഭവസിദ്ധമായിട്ടുണ്ടാകുമെന്നു് ആലോചിച്ചാൽ അറിയാം.

മനുഷ്യസഹവാസത്തിൽ സ്വാതന്ത്ര്യത്തിനു് ഒരു പ്രത്യേകസ്ഥാനമുള്ളതാകയാൽ, അതിനെപ്പററി ഒന്നുരണ്ടു വാക്കു പറയേണ്ടതായിട്ടുണ്ടു്. സ്വാതന്ത്ര്യം രണ്ടുവിധത്തിലുണ്ടു്. ഒന്നു് കാംക്ഷണീയമാണെങ്കിലും അപ്രാപ്യമായിട്ടുള്ളതും, മററതു് സൈ്വരസഹവാസത്തിനു യോജിച്ച വിധത്തിൽ നമുക്കു് സ്വാധീനമാക്കാവുന്നതും ആകുന്നു. രണ്ടാമതു പറഞ്ഞ സ്വാതന്ത്ര്യം ചില പരിമിതികളോടു കൂടിയതാണെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. എങ്കിലും അതൊന്നേ ഈ ലോകത്തിൽ നമുക്കു സ്വായത്തമാക്കാൻ കഴിയൂ. സാഹിത്യത്തിന്റെ കാൎയ്യം നോക്കാം. സ്വതന്ത്രമനോധൎമ്മം പല വിശിഷ്ടകവികൾക്കുമുള്ളതായി നാം പഠിക്കുന്നു. വാസ്തവമാലോചിച്ചാൽ ഈ സ്വാതന്ത്ര്യവും ക്ഌപ്തമാണെന്നു കാണാം. സൎവ്വതന്ത്രസ്വതന്ത്രനായ കവിയും തന്റെ പൂൎവ്വഗാമികളോടു കടപ്പെട്ടിരിക്കുന്നു. പക്ഷെ വിദൂരമായ ഭൂതകാലത്തിലെ പല കാൎയ്യങ്ങളും വിസ്മൃതങ്ങളായിത്തീരുകയാൽ ഈ കടപ്പാടുകളെപ്പററി അറിയുന്നതിനു കുറേ ബുദ്ധിമുട്ടേണ്ടിവരും. വിമ

ശ്കന്മാരുടെ അശ്രാന്തപരിശ്രമത്താൽ മഹാകവികളുടെ സ്വാതന്ത്ര്യത്തിന് നാൾക്കുനാൾ അപകർഷം സംഭവിച്ചു വരുന്നു. എന്നാൽ ഇതത്ര സാരമായി ഗണിക്കേണ്ടതില്ല. ജാതീയസംസ്കരണം അനന്തമായ കാലചക്രത്തിൽപ്പെട്ട് പല രൂപഭേദങ്ങളോടുംകൂടിയാണ് ഓരോവ്യക്തികളിൽ ചെന്നുചേരുന്നത്. പിന്നീടുണ്ടാകുന്ന അതിൻെറ പ്രകാശനം സ്വതന്ത്രമെന്നു തന്നെ പറയുന്നതുകൊണ്ടു വിരോധമില്ല. ഈ തോതനുസരിച്ചു നോക്കുന്നപക്ഷം കാളിദാസാദി മഹാകവികളും ഇതര കലാകുശലന്മാരും സ്വതന്ത്രന്മാർ തന്നെ. പിൽക്കാലത്ത് അവരെ അനുകരിച്ചിട്ടുള്ളവക്കും സ്വാതന്ത്ര്യമില്ലെന്നു പറയാവുന്നതല്ല. മനോധൎമ്മപ്രകാശനം ഒന്നുമാത്രമേ ഈ സ്വാതന്ത്ര്യാംശം അളന്നു നോക്കുന്നതിനു മാനദണ്ഡമായിരിക്കുന്നുള്ളു. ഇങ്ങനെ സാഹിത്യത്തിലെന്നതുപോലെ എല്ലാ മനുഷ്യവ്യാപാരങ്ങളിലും—അതായത്, കായികം, മാനസികം എന്നീ രണ്ടുവിധത്തിലുള്ള സകല പ്രവൃത്തികളിലും, വ്യക്തിപരമായ സ്വാതന്ത്ര്യത്തിന് വലുതായ ഭാവഭേദം സംഭവിച്ചിട്ടുള്ളതായി വിചാരിക്കാവുന്നതാണ്.

കായികമായിട്ടുള്ള സ്വാതന്ത്ര്യത്തിന് എങ്ങനെയാണ് അപകർഷം വന്നിട്ടുള്ളതെന്നു ഒരു ദൃഷ്ടാന്തംകൊണ്ടു തെളിയിക്കാം. ഇപ്പോൾ നാം സാധാരണയായി ദേശസഞ്ചാരം ചെയ്യുമ്പോൾ തീവണ്ടിയാണല്ലോ ഉപയോഗിക്കുന്നത്. ഇടയ്ക്കു മാർഗ്ഗമദ്ധ്യേ ഇറങ്ങി ബോധിച്ചപോലെ പ്രകൃതിവിശേഷങ്ങളെക്കണ്ടാനന്ദിക്കുന്നതിനോ, സ്വൈരമായി ആഹാരാദികൾ നിർവ്വഹിക്കുന്നതിനോ സാധിക്കുന്നുണ്ടോ? ഒരു ചിത്രകാരനാണെങ്കിൽ അവിടവിടെ ഓരോ ആലേഖ്യങ്ങളെങ്കിലും കരസ്ഥമാക്കിയാൽ കൊള്ളാമെന്നു തോന്നും. പുരാണശാസ്ത്രജ്ഞനു് ഇടയ്ക്കു കണ്ട ചില

ഭവനാവശിഷ്ടങ്ങൾ പരിശോധിച്ചാൽ കൊള്ളാമെന്നു തോന്നും. ഇങ്ങനെ പലരും അവരവരുടെ അഭിരുചിക്കൊത്തവണ്ണം ഓരോന്നാഗ്രഹിക്കുന്നു എങ്കിലും അതൊന്നും അനുസരിക്കാതെ ഈ ശീഘ്രഗാമിയായ വാഹനം പ്രയാണം ചെയ്യുന്നു. നമുക്കിരുന്നു വിറയ്ക്കുകയല്ലാതെ ഗത്യന്തരമില്ല.

മനസ്സിനും ഏതാണ്ടിപ്പറഞ്ഞതുപോലെയുള്ള സ്വാതന്ത്ര്യനാശം വന്നുപോയിട്ടുണ്ട്. ഓരോ പതിവനുസരിച്ചു നാം ഓരോന്നു ചെയ്യുന്നു എന്നല്ലാതെ, തന്റേടത്തിന് അധികം സൌകര്യം കിട്ടുന്നില്ല. മതം, വിദ്യാഭ്യാസം, രാഷ്ട്രീയബോധം സാഹിത്യം എന്നി മനുഷ്യസാധാരണങ്ങളായ സംഗതികളിലെല്ലാം നാം അറിയാതെ ഓരോ പദ്ധതി സ്വീകരിക്കുന്നു. ഈ പദ്ധതി പാരമ്പര്യമായി പൂർവികന്മാർ നിർദ്ദേശിച്ചിട്ടുള്ളതു തന്നെ. അതിൽ സഞ്ചരിച്ചുകൊണ്ടാൽ ജീവിതത്തിലെ വൈഷമ്യങ്ങൾ ഒന്നും തന്നെ അഭിമുഖീകരിക്കേണ്ടതില്ല. ഈ മനസ്ഥിതിയോടുകൂടിയവൎക്ക് തലച്ചോറുണ്ടെങ്കിൽത്തന്നെയും അതുപയോഗിക്കേണ്ട ആവശ്യം നേരിടായ്കയാൽ കാലക്രമത്തിൽ അതു നിശ്ശേഷം ദുർബലമായിത്തീരുമെന്നുള്ളതിൽ എന്താണത്ഭുതപ്പെടുവാനുള്ളതു്?

മനുഷ്യസഹവാസസിദ്ധാന്തങ്ങളിൽ മിക്കതും മേല്പറഞ്ഞ തത്വത്തെ ആസ്പദീകരിക്കയാണെങ്കിൽ, അതു മനുഷ്യവംശത്തിനാകപ്പാടെ ദോഷകരമാണെന്നു പറവാതിരിക്കാൻ നിവൃത്തി കാണുന്നില്ല. "ലണ്ടനും പാരീസ്സും" എന്ന ജി. പി. യുടെ ഗ്രന്ഥം വായനക്കാരിൽ ചിലരെങ്കിലും കണ്ടിട്ടുണ്ടായിരിക്കും. പ്രാചീനഭൂഖണ്ഡത്തിലെ പരിഷ്കാരസങ്കേതങ്ങളാണല്ലോ ഈ രണ്ടു നഗരങ്ങളും.

എന്നാൽ അവിടങ്ങളിലെ മനുഷ്യസഹവാസരീതികൾ പരിശോധിച്ചു നോക്കുന്നതായാൽ അവയിൽ സ്വാതന്ത്ര്യത്തിന്റെ ലേശമെങ്കിലും കലർന്നിട്ടുണ്ടോ എന്നു തോന്നിപ്പോകും. വ്യക്തിപരമായ വല്ല വ്യതിയാനവും പരിഷ്കാരമണ്ഡലത്തിൽ കണ്ടുപോയാൽ അതു ഭ്രാന്തിന്റെ ലക്ഷണമായി ഗണിക്കും. അഭിപ്രായപ്രകടനത്തിലും ഈ വ്യക്തിഗുണം വന്നുപോയാൽ അപഹാസ്യമായിത്തീരുന്നതാണു്. ഇതാണത്രെ പരിഷ്കാരം! കാൽമുട്ടു മറയാത്ത വസ്ത്രധാരണരീതിയാണത്രേ അഭിനവപരിഷ്കാരം! എല്ലാ വനിതകളും അതു് അവലംബിച്ചിരിക്കുന്നു. വൈപരീത്യം വിലക്ഷണം തന്നെ! സന്മാർഗ്ഗനിഷ്ഠയോ, ധർമ്മബോധമോ ഉള്ളവർ വീട്ടിലിരുന്നുകൊള്ളണം. സമുദായങ്ങൾക്കു് ഇതിൽപ്പരം ദോഷകരമായ ഒരേർപ്പാടുണ്ടോ എന്നറിയുന്നില്ല. ഇപ്പോൾ പരിഷ്കാരചിഹ്നങ്ങളായി വ്യാപിച്ചു കാണുന്ന എത്രയെത്ര ദോഷങ്ങൾ ഈ വിധത്തിൽ അനുകരണഭ്രമംകൊണ്ടുണ്ടായതാണെന്നു് ഒരു കണക്കെടുത്താലറിയാം.

പ്രസ്തുത നഗരങ്ങളിൽനിന്നും യൂറോപ്പിൽ മാത്രമല്ല ബഹുദൂരസ്ഥിതങ്ങളായ പൌരസ്ത്യരാജ്യങ്ങളിലും ഈ ബാഹ്യവേഷപ്രധാനമായ പരിഷ്കാരം പ്രചരിക്കയാൽ മനുഷ്യസഹവാസം ഇവിടങ്ങളിലും വിലക്ഷണാചാരനീചമായിത്തീർന്നിട്ടുണ്ടു്. പുകവലി, മദ്യപാനം, മുതലായ ദോഷങ്ങൾ ആവശ്യം പ്രമാണിച്ചു കടന്നുകൂടീട്ടുള്ളവയാണെന്നു് ആരെങ്കിലും വാദിക്കുന്നതാണോ? പാശ്ചാത്യസംസർഗ്ഗത്തിൽ യാതൊന്നും അനുകരണീയമായിട്ടില്ലെന്നു് ഇവിടെ പറയുന്നില്ല. ഭിന്നരുചികളായ ജനങ്ങളിൽ ഭൂരിഭാഗവും വേണ്ടാതനങ്ങൾ അനുകരിക്കുന്നു എങ്കിൽ അതാരുടേയും കുററമല്ലല്ലൊ.

പരിതസ്ഥിതിഗതികളുടെ ശക്തിമത്തായ സമ്മർദ്ദമേററ് അന്തന്നിഗൂഢമായ വ്യക്തിവിവേകം നശിക്കുന്നതുകൊണ്ടാണ് ഒരേ അച്ചിലിട്ട വാർത്തതുപോലെ ഇപ്പോഠം ലക്ഷോപലക്ഷം ആളുകളെ നാം കാണുന്നത്. അനുകരണപാടവം അനുസരിച്ച് അവരിൽ ചിലക്ക് പ്രാമുഖ്യം ലഭിക്കുന്നു എന്നല്ലാതെ തന്റേടംകൊണ്ട് ആ നിലയിലെത്തുന്നു എന്നു വിചാരിക്കാൻ നിവൃത്തിയില്ല. തന്റേടം കാണിച്ചാൽ അയാഠംക്കു സമുദായഭ്രംശം വന്നേക്കാം. ബഹിഷ്കരണത്തെ ഭയപ്പെടാതെ മനസ്സാക്ഷിയെ അനുസരിക്കുവാൻ ഉള്ള ധൈര്യമോ സ്ഥൈര്യമോ ഉള്ളവർ ചുരുക്കം. വല്ലപ്പോഴും ഒരുത്തൻ ഉണ്ടായേക്കാം. അയാളുടെ കീർത്തി ശാശ്വതപ്രതിഷ്ഠയെ പ്രാപിക്കുന്നു.

പരിതസ്ഥിതികളുടെ പ്രേരണയിൽനിന്നു വിട്ടുമാറുവാൻ മഹാന്മാക്കുപോലും എളുപ്പം സാധിക്കുന്നില്ലെന്നുള്ളതു് ശ്രീകൃഷ്ണൻ, ശ്രീബുദ്ധൻ, ക്രിസ്തുദേവൻ, മഹമ്മദനബി മുതലായവരുടെ ജീവചരിത്രം വായിച്ചാലറിയാം. ഇവർ ഓരോരുത്തരും ജീവിച്ചിരുന്ന സ്ഥലകാലങ്ങളും, പരിതസ്ഥിതികളും അറിവാനിടവരുന്നപക്ഷം നമുക്കത്ഭുതാശ്ചര്യം ജനിക്കുന്നതാണ്. ഇവരുടെ മഹൽപദപ്രാപ്തി ദുസ്സാധമെന്നല്ലാതെ നമുക്കവയിൽ നിന്നും അനുമാനിക്കാൻ സാധിക്കുന്നതല്ല. എന്തായാലും മനുഷ്യസഹവാസാനുബന്ധിയായ അനുകരണം അപ്രതിഹതമല്ലെന്ന് ഇതിൽനിന്നും നമുക്കു മനസ്സിലാക്കാവുന്നതാണ്. അഥവാ പരിഷ്കാരസങ്കേതങ്ങളിൽ അധിവസിക്കുന്നവക്ക് രണ്ടുംകൂടി സാധിക്കയില്ലയോ എന്നും ആലോചിപ്പാനുള്ളതാണ്. സോക്രട്ടിസ് എന്ന യവനപണ്ഡിതൻ ഇതിന് ഒരു ഉത്തമദൃഷ്ടാന്തമാകുന്നു. പക്ഷെ അന്യോന്യ വിരുദ്ധങ്ങളായ മനോഗതിയും ജീവിതരീതിയും പൂർവാപരവൈരുദ്ധ്യം

കൂടാതെ പരിപാലിക്കയെന്നതു് മനുഷ്യജീവിതത്തിൽ അത്യന്തം വൈഷമ്യമാണെന്നു് ആ മഹാനുഭാവന്റെ ദുരന്തമായ ചരമം സാരോപദേശരൂപമായ ഒരു പാഠം അനന്തരകാലികന്മാരെ പഠിപ്പിച്ചു.

ശങ്കരാചാൎയ്യസ്വാമികളെ വിദേശ സഞ്ചാരത്തിനു പ്രേരിപ്പിച്ച സംഗതി എന്താണു്? ബാലനായിരിക്കുമ്പോൾ തന്നെ തന്റെ ചുററും കണ്ട സമുദായാചാരക്രമങ്ങൾ ഒട്ടും തനിക്കു പിടിച്ചില്ല. മതാനുഷ്ഠാനം തീരെ അസ്വാതന്ത്ര്യമായിരുന്നു. അദ്ദേഹം ഇതിനെല്ലാം വിപരീതാഭിപ്രായക്കാരനെന്നു മററുള്ളവർ മനസ്സിലാക്കിയപ്പോൾ മുതൽ അദ്ദേഹത്തെ അവർ ദ്രോഹിക്കാൻ തുടങ്ങി. എന്നാൽ ഏകനായി അവരോടു പോരിടുന്നതിനു് വേണ്ട ശക്തി അദ്ദേഹത്തിനു തൽക്കാലമുണ്ടായിരുന്നില്ല. ഒടുവിൽ വേദാന്തനൈപുണ്യമാകുന്ന കവചവും ധരിച്ചുകൊണ്ടു വന്നാണു് അവരെ ജയിച്ചു് തന്റെ മതവും സ്വമനോധൎമ്മപ്രതിബിംബിതമായ ആചാരക്രമവും മററും ഇവിടെ പ്രചരിപ്പിച്ചതു്. പരിതസ്ഥിതികൾക്കു് ദാസനായിത്തീൎന്നു എങ്കിൽ അദ്ദേഹം വിശ്വവിശ്രുതനായിത്തീരുമായിരുന്നോ? കേരളത്തിന്റെ ചരിത്രവും മാററി എഴുതേണ്ടിവരുന്നേനെ.

മാമൂലിൽനിന്നും തെററിനടക്കാനും ദുരാചാരങ്ങളെ ധ്വംസിച്ചു് യഥാൎത്ഥപരിഷ്കാരം പരത്താനും യത്നിക്കുന്ന ഈ ധീരന്മാരായ മഹാത്മാക്കൾക്കു് അസാമാന്യമായ ബുദ്ധിശക്തിയുംകൂടി ദൈവദത്തമായതാണു് അവരുടെ വിജയത്തിനു കാരണം. ചുററുമുള്ളവരുടെ മനോഗതി മനസ്സിലാക്കി തങ്ങളുടെ ബുദ്ധിശക്തി ഉപയോഗിക്കേണ്ടിവരും. ആഢ്യബ്രാഹ്മണരെ ജയിക്കാൻ വേദശാസ്ത്രങ്ങളിൽ നൈപുണ്യമാണു് ഒന്നാമതായി വേണ്ടതെന്നു് ആചാൎയ്യസ്വാ

മികരം തീർച്ചപ്പെടുത്തി. പിന്നീടവരെ ജയിക്കാൻ വേദാന്തം തന്നെയാണു് ഉത്തമമാർഗ്ഗമെന്നും നിശ്ചയിച്ചു. സമയോചിതമായി വേണ്ടതു പ്രവർത്തിക്കാനുള്ള മഹല്ലക്ഷണം ഇവിടെ പ്രത്യക്ഷമാക്കി. വളരെ ബുദ്ധിശക്തിയും സാമർത്ഥ്യവും ഉള്ള മററു ചിലൎക്കു് ഇത്രയും സാധിക്കുന്നില്ല. സമുദായത്തിൻെറ അന്യാധീനഭാവം അവർ മനസ്സിലാക്കുകയും സ്വാതന്ത്ര്യസ്ഥാപനത്തെ ആഗ്രഹിക്കുകയും ചെയ്യുന്നു; പക്ഷെ, ഏതോ ചില ശക്തികളുടെ അഭാവത്താൽ അവൎക്കു മററുള്ളവരെ പ്രേരിപ്പിക്കാൻ സാധിക്കാതെ സ്വയം ഒഴിഞ്ഞുമാറേണ്ടിവരുന്നു. ഇങ്ങനെയാണു് അനവധി പുരുഷപുംഗവന്മാർ മഹൽപ്പദത്തിലെത്താതെ അതിനടുത്തുവരെച്ചെന്നു നിൽക്കുന്നതു്.

സാമുദായികജീവിതത്തിൽ ആചാരവൈലക്ഷണ്യങ്ങൾകൊണ്ടു് സ്വതന്ത്രമായിരിക്കാൻ സാധിക്കയില്ലെങ്കിൽ ഏകാന്തവാസം അംഗീകരിക്കാൻ ഏവനും സാദ്ധ്യമാണല്ലൊ എന്നൊരു വാദമുണ്ടായേക്കാം. ഒന്നാമതു് ഈ മനസ്ഥിതി വളരെ ചുരുക്കം പേൎക്കേ കാണുന്നുള്ളു. രണ്ടാമതു് എവിടെയാണുപോവുക? നമ്മുടെ വീട്ടിൽ ഇങ്ങനെ ഇരിക്കാൻ സാധിക്കുമോ? നഗരത്തിലാണു വീടെങ്കിൽ ബാഹ്യപ്രലോഭനങ്ങളിൽനിന്നും ഒഴിഞ്ഞുമാറിയിരിക്കാൻ സാധിക്കുന്നതല്ല. അങ്ങനെ ആയാൽ നിരുന്മേഷരായി നാം രോഗാധീനരായിത്തീൎന്നേക്കാം. നാട്ടുംപുറത്തേയ്ക്കു പൊയ്ക്കൊള്ളാമെന്നിരിക്കട്ടെ, ഒരു വലിയ മാററം വന്നതായി തോന്നും. എങ്കിലും ഏകാന്തവാസം എന്നു പറവാൻ മേല. നമ്മുടെ സഹവാസികൾ അപരിഷ്കൃതരായ കൂലിവേലക്കാരോ കൃഷിക്കാരോ ആയേക്കാം. എങ്കിലും നമ്മോടടുത്തുകൂടി പരിചയിക്കുമ്പോൾ മനസ്സന്തോഷത്തിനു വകയുണ്ടു്. ഉൽകൃഷ്ടങ്ങളല്ലായിരിക്കാം

അവരുടെ സംഭാഷണവിഷയം. രാജ്യകാൎയ്യങ്ങളിൽ അവർ തുലോം പിന്നോക്കമാണു്. അമേരിക്കയിലെ അമ്പതു നിലയുള്ള സൌധങ്ങളോ, ഡെർബിയിലെ ലോകപ്രസിദ്ധമായ കുതിരപ്പന്തായമൊ, ഏമിജാൺസൻ ആസ്ട്രേലിയായിലേക്കു പറന്നതൊ, ഒന്നും അവൎക്കറിഞ്ഞുകൂട. നഗരത്തിലാണെങ്കിൽ ഇതൊക്കെ സൂക്ഷ്മമായി അറിഞ്ഞിരിക്കണം. ഞാൻ ഈയ്യിട ഒരു സ്നേഹിതനുമൊരുമിച്ചു് ഒരു പുടവകൊടയ്ക്കു പോകാൻ അദ്ദേഹത്തിൻെറ ഗൃഹത്തിലേയ്ക്കു ചെന്നപ്പോൾ അവിടെ പത്രവായന തകൃതിയായി നടക്കുന്നതു കണ്ടു. അതേ! നാലഞ്ചുദിവസത്തെ പ്രധാന വൎത്തമാനങ്ങൾ ഗ്രഹിക്കാതെ പുടവകൊടയ്ക്കു പോയാൽ മൌനിയായിക്കഴിച്ചുകൂട്ടേണ്ടിവരുമത്രേ! ഇങ്ങനെ ശ്വാസം മുട്ടിക്കൊണ്ടാണു് നാം ആഘോഷങ്ങളിൽ പങ്കുകൊള്ളുന്നതു്. നാട്ടുംപുറത്തു് ഈ 'വെപ്രാളവും', 'വേവലാതിയും' കൂടാതെ കഴിച്ചുകൂട്ടാമെന്നല്ലാതെ അവിടേയും ഏകാന്തവാസത്തിൻെറ സൌഖ്യം അനുഭവിച്ചുകൊള്ളാമെന്നു വിചാരിക്കേണ്ട.

ആകയാൽ യഥാൎത്ഥസുഖം അനുഭവിക്കുന്നതിനു് അത്യന്താപേക്ഷിതമായ വ്യക്തിസ്വാതന്ത്ര്യം ആണു് മനുഷ്യരുടെ സഹവാസത്തിൽ നമുക്കു വേണ്ടതു്. മനുഷ്യർ മരപ്പാവകളെപ്പോലെ ഏതാനും സാമുദായികനിയമങ്ങളനുസരിച്ചു് വൎത്തിക്കുന്നിടത്തു് എന്തു വ്യക്തിഗുണമാണു പ്രകാശിക്കാൻപോകുന്നതു്? എല്ലാവരും ആട്ടുംപററങ്ങളെപ്പോലെ ഓരോ നിയതപഥങ്ങളെ അവലംബിക്കുന്നു. ഇംഗ്ലീഷിലെ സമുദായകാൎയ്യപ്രതിപാദകങ്ങളായ ആഖ്യായികകൾ വായിച്ചിട്ടുള്ളവരോടു് ഈ സംഗതി അധികം പറയണമെന്നില്ല. ധനവാന്മാൎക്കു് ഉദ്യാനവിരുന്നുകളും വനഭോജനവും ഒഴിഞ്ഞിട്ടു നേരമില്ലല്ലോ. അട്ട

ത്തുള്ള നിർധനന്മാർക്ക് ഇവയിലേതെങ്കിലുമൊന്നിൽ പങ്കുകൊള്ളുന്നതുപോലെ ചാരിതാർത്ഥ്യജനകമായി മറെറാന്നുമില്ല. ഈ പരിഷ്ക്കാരങ്ങൾ പകർത്തുകയാൽ നമ്മുടെ നാട്ടിലും പല ന്യൂനതകളും കാണാവുന്നതാണ്.

പ്രത്യേകബുദ്ധിശക്തിയോ തൻേറടമോ ഉള്ള ഒരുവന് ഇങ്ങനെയുള്ള സമുദായത്തിൽ ഇരുന്നു തുരുമ്പിക്കയല്ലാതെ എന്താണു ഗത്യന്തരമുള്ളത്? ഒരു ദിക്കിൽ സ്വസ്ഥമായിരുന്നിട്ടു വേണ്ടേ വല്ലതും ചെയ്യാൻ? അതിന് സാമുദായികചടങ്ങുകൾ അനുവദിക്കുന്നതല്ല. കുറേക്കാലം കഴിയുമ്പോൾ തൻെറ വിശിഷ്ടവാസനകളെല്ലാം നശിച്ച് പരിഷ്കൃതലോകത്തിൻെറ ഒരു മൂക്കിലുള്ള കീടമായി താനും ഉപജീവിച്ചുകൊള്ളും. ഇങ്ങനെ ആണെങ്കിൽ ലോകം അഭിവൃദ്ധിയെ പ്രാപിക്കാൻ വിഷമമാണ്. പരിഷ്കൃതലോകം ഉൽകൃഷ്ടമെന്നു വിചാരിച്ചിട്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. അധഃകൃതരെന്നു മററുള്ളവർ നാമകരണം ചെയ്തിരിക്കുന്ന ആളുകളുമായി സഹവസിച്ചാൽ ഉള്ള യോഗ്യതകളൊക്കെ നശിച്ചുപോകുമെന്നാണ് നമ്മിലധികംപേരും വിശ്വസിക്കുന്നത്. അതുകൊണ്ട് ബുദ്ധിയും ഉച്ചാഭിലാഷവും ഉള്ളവൻ അവരെ വർജ്ജിക്കുന്നു. പരിഷ്കൃതലോകത്തിൽ നിന്നും ഇറങ്ങി വല്ല മൂലയിലും ചെന്നുകൂടിയാൽ ഇങ്ങനെ ഒരു ദോഷം വരാവുന്നതാണല്ലോ എന്നു വിചാരിച്ച് സ്വാതന്ത്ര്യം വിററു തിന്നുന്നതു യുക്തമാണോ? പിന്നെ ഏകാന്തവാസത്തിൽ നാം എന്തു ചെയ്യും? എന്ന ചോദ്യം വീണ്ടും നമ്മെ അഭിമുഖീകരിക്കുന്നു. കൂലിവേലക്കാരുമായുള്ള നിത്യസഹവാസം നമ്മെ അധഃപതിപ്പിക്കുന്നു. സാക്രട്ടീസ്സിനെപ്പോലെയുള്ള ക്ഷമ നമുക്കെല്ലാവർക്കും ഉണ്ടാകുന്നതുമല്ല. നല്ല പുസ്തകങ്ങൾ വായിച്ച് ഏകാന്തതയുടെ കാഠിന്യത്തെ പരിഹരി

കാവുന്നതാണ്. ഗ്രന്ഥങ്ങളെപ്പോലെയുള്ള ഉത്തമസുഹൃത്തുക്കൾ ലോകത്തിൽ ദുർല്ലഭരത്രേ! അവയുടെ മദ്ധ്യത്തിൽ നമുക്കു ലഭിക്കാവുന്ന സൈപര്യം ഒന്നു വേറെ തന്നെയാണ്. അശ്രാന്തസഹചാരികളായ ഈ ഗ്രന്ഥങ്ങളുടെ മാഹാത്മ്യത്തെപ്പററി ആംഗലകവിയായ 'സതി' പറഞ്ഞിരിക്കുന്നതു് എത്രയും പരമാർത്ഥമായിട്ടുള്ളതാണ്. വായനയ്ക്കു് ഒരു ന്യൂനതയേ ഞാൻ കാണുന്നുള്ളു. നാം എപ്പോഴും ശ്രോതാക്കളായിത്തന്നെ കഴിച്ചുകൂട്ടണം. ഒന്നും സംസാരിക്കാൻ ഇടവരുന്നില്ല. മററൊന്നു്, കഴിഞ്ഞകാലങ്ങളെപ്പററിയായിരിക്കും നമ്മുടെ ശ്രദ്ധ മുഴുവൻ എന്നുള്ളതാണ്. അതിലേയ്ക്കു് പരിഹാരമാർഗ്ഗം സമകാലികങ്ങളായ മാസികകളും വർത്തമാനപ്പത്രങ്ങളും വായിക്കയാണ്.

പ്രകൃതിരമണീയമായ സ്ഥലത്തെ ഏകാന്തവാസം അനുഭവയോഗ്യമായിട്ടാണ് നമുക്കു സാധാരണ തോന്നുന്നതു്. വൃക്ഷലതാദികളും, പക്ഷിമൃഗാദികളും, നദികളും, പർവ്വതങ്ങളും ഇടകലർന്നു സമ്മേളിച്ചിരിക്കുന്ന ഒരു പ്രദേശത്തു് സമയം പോകുന്നതറിയുന്നതല്ല. പക്ഷെ ഇതിനു പ്രത്യേകമായ ഒരു മനോഗതി ആവശ്യമായിരിക്കാം. മരുത്വാൻ മലയിലെ ഗുഹയിൽ ബന്ധനസ്ഥനായിക്കിടന്ന കേശവൻ കുഞ്ഞിൻെറ കാര്യം ഇവിടെ സ്മരണീയമാണ്. കാളിദാസൻെറയും, ഭവഭൂതിയുടേയും, വേർഡ്സ്വർത്തിൻെറയും കഥാപാത്രങ്ങൾ പ്രകൃതിയുമായി എങ്ങനെ സംബന്ധിച്ചിരിക്കുന്നു എന്നു് സാഹിത്യരസികന്മാർ നോക്കട്ടെ. "പ്രകൃതിക്കും മനുഷ്യർക്കും തമ്മിൽ സാഹചര്യകാര്യങ്ങളിൽ ഒരു ഭേദമുള്ളതു് പ്രകൃതി മനുഷ്യരെപ്പോലെ സ്നേഹപരിപൂർണ്ണമായ ഹൃദയത്തെ വഞ്ചിക്കയില്ലെന്നുള്ളതാണ്" എന്നു് വേർഡ്സ്വർത്ത് പാടിയിരിക്കുന്നു. കുബേരപദ

ത്തിൽ നഗരവാസം അംഗീകരിക്കുന്നതിനെക്കാൾ ശ്രേഷ്ഠമായി ചിലൎക്ക തോന്നുന്നതു് വിജനവനവാസമാകുന്നു. ഇതു് അപലപനീയമായി ചിലർ വിചാരിച്ചേക്കാം. എന്തായാലും അനുഭവസിദ്ധി കൊണ്ടല്ലാതെ ആൎക്കും നിശ്ചയിക്കാൻ പാടുള്ളതല്ല.

സാഹിത്യരസാസ്വാദനവും, പ്രകൃതിമനോഹരമായ ദൃശ്യാവലിയും ഏകാന്തത്തിൽ എത്രതന്നെ സന്തോഷപ്രദങ്ങളായിരുന്നാലും വാങ്മനഃകായങ്ങളുടെ വ്യാപാരം തന്നെയാണു് സുഖത്തിന്റെ മാനദണ്ഡം. ആകയാൽ മനുഷ്യസഹവാസം ഏതാനും ചില പ്രത്യേക കാരണങ്ങളാൽ വൎജ്ജിക്കേണ്ടിവരുന്നു എങ്കിൽ നമുക്കു് സന്തുഷ്ടിയും നിർവൃതിയും നൽകുന്ന പ്രവൃത്തിയിൽ സ്ഥിരനിഷ്ഠ വേണമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ഓരോ ദിവസവും പ്രഭാതവേളയിലുണരുമ്പോൾ നാം ചെയ്യാൻ പോകുന്ന ജോലി നമുക്കു് ഉന്മേഷവും ശുഷ്കാന്തിയും നൽകുന്നുണ്ടോ എന്നു നോക്കണം. പിന്നീടതിൽ വ്യാപൃതന്മാരായി ദിനാന്തത്തിൽ വിശ്രമകാംക്ഷയുണ്ടാകുമ്പോൾ സുഖനിദ്രയെ ശരണം പ്രാപിക്കയും ചെയ്യാം. പന്തടിക്ലബ്ബിലോ, സിനമാഹാളിലോ, സംഗീതശാലയിലൊ, കടൽപ്പുറത്തോ പോകേണ്ട ആവശ്യം നേരിടുന്നതല്ല. മൎയ്യാദമുറകൾ അനുഷ്ഠിച്ചു കഷ്ടപ്പെടുകയും വേണ്ട. മനുഷ്യസഹവാസത്തിൽ നമുക്കു ലഭിക്കാത്ത സ്വാതന്ത്ര്യം ഈ വിധത്തിൽ പരിപാലിക്കാവുന്നതും ആണു്. ഇങ്ങനെ സമയം, ഓരോ നിമിഷമായും, മണിക്കൂറായും, ദിവസമായും കഴിഞ്ഞുപോകുമല്ലോ എന്നൊരു പശ്ചാത്താപം നമ്മെ ബാധിച്ചേക്കാം. അപ്പോൾ മററുള്ളവരുടെ സ്ഥിതിയുമായി താരതമ്യപ്പെടുത്തി നമ്മുടെ അവസ്ഥയിൽ തൃപ്തിപ്പെട്ടു കൊൾകയേ ഗത്യന്തരമുള്ളു. എല്ലാത്തിലും ഉപരിയായി നിൽ

ക്കുന്നതു് ആത്മനിർവൃതിയാണെന്നല്ലതിൽ പക്ഷാന്തരമില്ലാത്തതിനാൽ ഈ പദ്ധതി സ്വീകരിക്കുന്നതുകൊണ്ടു് യാതൊരു ദോഷവും വരുന്നതല്ല.

## II

ആധുനികപരിഷ്കാരം കുടുംബസൌഭാഗ്യത്തെ നശിപ്പിക്കുന്നില്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഒരു കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ പണ്ടുണ്ടായിരുന്നതു പോലെയുള്ള സൈ്വരസഹവാസം ഇപ്പോൾ കാണുന്നില്ല. ഏകോദരസഹോദരന്മാരും സഹോദരിമാരും തമ്മിൽ പ്രകൃത്യാ ഉണ്ടായിരിക്കേണ്ടതായ സ്നേഹവും ഇല്ലാതായി എന്നു പറയാം. അതിനു് ആവശ്യമില്ലാഞ്ഞിട്ടുതന്നെയാണെന്നും പറയേണ്ടിയിരിക്കുന്നു. ഒരാൾ പഠിക്കാൻപോയി എന്നിരിക്കട്ടെ; അയാളുടെ കൂട്ടൊക്കെ വേറെ ആയി. ഇളയ സഹോദരൻ കൃഷിക്കാണിറങ്ങിയതു്. കാലിപ്പിള്ളരും കൂലിവേലക്കാരുമായി സഹവസിക്കാതെ ഗത്യന്തരമില്ല. ഈ ഭിന്നാവസ്ഥകളിൽ സഹോദരന്മാർ ഒന്നിച്ചുകൂടിയാലുണ്ടാകുന്ന ഫലം പറഞ്ഞറിയിച്ചിട്ടാവശ്യമില്ല. ഇതുപോലെ സ്വമാതാപിതാക്കളോടും അവസ്ഥയനുസരിച്ചു പെരുമാറുന്നതിൽ ചിലർ ജാഗരൂകരായിക്കാണുന്നു.

സാമുദായികമായിട്ടു് ഇത്ര വളരെ അന്തരം വന്നുചേരുകയാണെങ്കിൽ കായികമായും മാനസികമായും ഉള്ള വ്യത്യാസങ്ങളാൽ വന്നുകൂടുന്ന അനുഭവം പറയേണ്ടതുണ്ടോ? ഭ്രാതാക്കളിൽ ഒരാൾ സാഹിത്യരസികൻ; അപരൻ പരിശ്രമശീലനായ കച്ചവടക്കാരൻ; കച്ചവടക്കാരൻ വിചാരിക്കുന്നതു സാഹിത്യകാരൻ അലസനും സുഖലോലുപനും ആണെന്നാണു്. മററയാളോ കച്ചവടക്കാരന്റെ

ജീവിതം അതിശുഷ്കമായിട്ടുള്ളതും, പാപം സമ്പാദിക്കാനുള്ളതുമായി കണക്കാക്കാവുന്നതും ആണെന്നായിരിക്കും പറയുന്നതു്. ഇങ്ങനെ സ്നേഹാദരങ്ങൾ വേണ്ടിടത്തു് അവയെ കണികാണാൻപോലും സാധിക്കുന്നില്ല. മറിച്ചും സംഭവിക്കുന്നുണ്ടു്. കുടുംബസംബന്ധം യാതൊന്നുമില്ലെങ്കിലും ചിലർ തമ്മിൽ കണ്ടുവരാറുള്ള സൌഹാർദ്ദസൌഭ്രാത്രങ്ങൾ നമ്മെ അത്ഭുതപ്പെടുത്താറുണ്ടു്. സൌഭ്രാത്രത്തെ നശിപ്പിക്കുന്ന ഒരു ദുർഗ്ഗുണം അസൂയയാകുന്നു. ഇതു് ആദ്യം അല്പാല്പമായി ഉത്ഭവിച്ചു് ഒടുവിൽ ഭയങ്കരരൂപത്തെ പ്രാപിക്കുന്നു. ഭ്രാതാക്കൾ തമ്മിലുള്ള ഈ പരസ്പരദോഷാഭ്യൂഹം മാതാപിതാക്കളും മററു മൂതിന്നവരും അത്ര ഗൌനിക്കാറില്ല. തൽഫലമായി കാലാന്തരത്തിൽ വലിയ കലഹങ്ങളും, കൊലപാതകങ്ങളും ഉണ്ടാകാറുണ്ടു്. പല സമുദായക്കാരുടേയും ദയാക്രമങ്ങളും ഈ വികാരത്തെ വൎദ്ധിപ്പിക്കുന്നതിനു് പ്രേരകമായിരിക്കുന്നു. ചിലടത്തു മൂത്തപുത്രനുമാത്രമേ സ്വത്തിനവകാശമുള്ളു. ഇളയവൻ അടങ്ങിപ്പാൎക്കുന്നതാണോ? തറവാട്ടിൽ മൂത്തവൻ എല്ലാ സ്വത്തും അടക്കി ഭരിച്ചുകൊള്ളണമെന്നാണു് മരുമക്കത്തായനിയമം. കാരണവന്റെ സഹോദരന്മാൎക്കും അവരുടെ സന്താനങ്ങൾക്കും കഠിനമായ ഈൎഷ്യ തോന്നുന്നു. കാരണവനെ അപായപ്പെടുത്താൻ അവർ മടിച്ചില്ലെന്നുവന്നേക്കാം. എല്ലാവരേയും യോജിപ്പിച്ചുകൊണ്ടുപോകുന്നതിനുള്ള നയവും സ്വഭാവഗുണവും ഉള്ളവർ ചുരുക്കമായിരിക്കും.

രാമലക്ഷ്മണന്മാരുടെ സൌഭ്രാത്രം കവിധൎമ്മത്തിലുള്ള ഒരു ആദൎശം മാത്രമാണെന്നു് പറഞ്ഞു തള്ളിക്കളയാവുന്നതല്ല. അതു് അവശ്യാനുകരണീയമാണെന്നു പറഞ്ഞേതീരൂ. ജ്യേഷ്ഠൻ സുഖമായിരിക്കുന്നതു കാണുകയാണു്

അനുജൻെറ കണ്ണുകൾക്ക് അത്യന്തം പുണ്യമായിട്ടുള്ളതു്. ലക്ഷ്മണൻെറ ആയുഷ്കാലം മുഴുവൻ സഹോദരപരിചരണത്തിൽതന്നെ കഴിച്ചു. രാമൻെറ ശതാംശം പൌരുഷമോ, വീര്യമോ മനക്കരുത്തോ ലക്ഷ്മണനില്ലെങ്കിലും, മേൽപറഞ്ഞ നിഷ്കളങ്കമായ സൌഭ്രാത്രത്താൽ ഈ കഥാപാത്രവും രാമനാമസംഘടിതമായി ശാശ്വതയശസ്സിനെ പ്രാപിച്ചിരിക്കുന്നതു നോക്കുക. ശ്രീകൃഷ്ണബലഭദ്രന്മാരും ഏതാണ്ടിപ്പറഞ്ഞതുപോലെ ഉള്ളവരായിരുന്നു. അനുജനാണ് തൻേറടം കൂടുതലുണ്ടായിരുന്നതു്. ആകയാൽ അത്യന്തം രുഷ്ടനായിത്തീരുമ്പോഴും ബലഭദ്രരെ ശാന്തപ്പെടുത്തുന്നതിന് കൃഷ്ണനു നിഷ്പ്രയാസം സാധിച്ചു. സുഭദ്രാഹരണത്തിൽ ബലഭദ്രൻ അർജ്ജുനനെ ഹലായുധംകൊണ്ടു ഹനിക്കുമായിരുന്നു. പക്ഷേ അനുജൻെറ അമൃതവാക്സരണിയിൽ ലയിച്ചുപോകയാൽ വന്ന വഴിയേ പോയി. സുന്ദോപസുന്ദന്മാർ സഹോദരസ്നേഹത്താൽ പരസ്പരനിബദ്ധരായിരുന്നു എങ്കിലും തിലോത്തമ എന്ന അപ്സരസ്ത്രീനിമിത്തം കലഹിക്കുകയും, ദ്വന്ദ്വയുദ്ധം രണ്ടുപേരുടേയും മരണത്തിൽ കലാശിക്കുകയും ചെയ്തു. ഇങ്ങനെ നമ്മുടെ പുരാണേതിഹാസങ്ങൾ സൌഭ്രാത്രത്തിൻെറ വിവിധങ്ങളായ ഭാവങ്ങളും പ്രതിപാദിച്ചുകാണുന്നുണ്ടു്.

ഭ്രാതാക്കൾ തമ്മിൽ കലഹം അധികവും സ്വത്തു സംബന്ധിച്ചാണുണ്ടാകുന്നതെന്നുള്ളതിലേക്ക് നമ്മുടെ ഇടയിൽ ധാരാളം ഉദാഹരണങ്ങൾ കാണാവുന്നതാണ്. തറവാട്ടു സ്വത്താണെങ്കിൽ അതെത്രതന്നെ കിട്ടിയാലും ന്യായമായി ഇനിയും കിട്ടാനുണ്ടെന്നു തോന്നും. ഭാഗംചെയ്യുന്നതുവരെ വഴക്കവസാനിക്കുന്നതല്ല. തറവാട്ടുസ്വത്തു ചെലവാക്കി ഒരാൾ പഠിച്ചു മിടുക്കനായി വലിയ ഉദ്യോഗം സ്വീകരിച്ചു എന്നിരിക്കട്ടെ. അയാളുടെ സഹോദരന്മാർ

ബലാൽക്കാരമായി പണം ചോദിച്ചു തുടങ്ങും. എത്ര കിട്ടിയാലും മതിയാവുകയില്ല. നല്ല ക്ഷമാശക്തിയുള്ള വക്കും ഇങ്ങനെയുള്ള ഘട്ടങ്ങളിൽ കോപമുണ്ടായാൽ അതി ലത്ഭുതപ്പെട്ടുവാനില്ലല്ലോ. കുബേരനെപ്പോലെ ധനവും രഘുമഹാരാജാവിനെപ്പോലെ ദാനശീലവും ഉണ്ടായിരു ന്നാൽമാത്രമേ "അലോക്യം" കൂടാതെ കഴിച്ചുകൂട്ടാൻ നിവൃത്തിയുള്ളു.

നികൃഷ്ടകുലത്തിൽ ജനിച്ച ഒരുവൻ ദൈവാധീനം കൊ ണ്ടോ തൻേറടം കൊണ്ടോ ഉൽകൃഷ്ടനായിത്തീൎന്നു എന്നു വന്നേക്കാം. അടുത്തുള്ള വക്കാക്കും അയാളുടെ മനോഗതി യില്ല. അവരുടെ സംഭാഷണവും സഹവാസവും അയാൾക്കു അസഹ്യമാണു്. അങ്ങനെ വരുമ്പോൾ അയാൾ അവരെ വജ്ജിക്കുന്നതിൽ അത്ഭുതപ്പെട്ടുവാനില്ല. അതയാളുടെ കുററമെന്നും പറവാൻ മേല. അയാളുടെ സ്ഥിതിയിലുള്ള അപരന്മാരായാലും ഇങ്ങനെ ചെയ്യുന്നതാണു്. സംസ്കാരം സിദ്ധിച്ചിട്ടുള്ള മനസ്സിനെ അധഃപതിപ്പിച്ചു് മൂഢന്മാരോ ടുകൂടി സംസഗ്ഗം ചെയ്യുന്നതിനും സുഖംനേടുന്നതിനും അധികംപേരു കാണുമെന്നു തോന്നുന്നില്ല.

തങ്ങളുടെ കൂട്ടത്തിൽ നിന്നും ഒരുത്തൻ ഉന്നതമായ സ്ഥാനത്തെത്തി എന്നു കണ്ടാൽ സാധുക്കളായ കുടുംബ ക്കാർ പല കായ്യസാദ്ധ്യങ്ങൾക്കുമായി ചുററും കൂടുന്ന താണു്. എന്നാൽ അവരെ ഒക്കെ തൃപ്തിപ്പെടുത്താൻ അ യാൾ എത്ര തന്നെ വിശാലഹൃദയനായിരുന്നാലും സാധി ക്കുമോ? ലോകദൃഷ്ടിയിൽ അയാൾ അപരാധിയായിത്തീ ൎന്നേക്കാം. എന്നാൽ പരമാത്ഥം മനസ്സിലാക്കുന്നവർ അധി ക്ഷേപിക്കുന്നതല്ല. "നമ്മുടെ കൂട്ടത്തിൽ ജനിച്ചവനല്ലേ? അയാൾക്കിത്ര വളരെ സുഖമെന്തിനു്? പണമൊക്കെ

ഇങ്ങനെ ചെലവാക്കിയാലൊ? ഇയ്യാളുടെ ശമ്പളം ഇങ്ങു കിട്ടിയാൽ നമുക്കെല്ലാവക്കും ദാരിദ്ര്യം കൂടാതെ കഴിച്ചു കൂട്ടാമല്ലൊ." ഇങ്ങനെ സങ്കടപ്പെടുന്ന കേരളീയ കുടുംബങ്ങൾ അസംഖ്യമുണ്ട്. എന്നാൽ അധിക്ഷിപ്തന്റെ സ്ഥാനത്തു നിന്നുകൊണ്ടു നോക്കിയാൽ എങ്ങനെയിരിക്കും? "അവക്കു ചുരുക്കത്തിൽ ചെലവു കഴിക്കാം. അങ്ങനെയാണു ശീലിച്ചിരിക്കുന്നതു്. ഈയുള്ളവനു് അതു സാധിക്കയില്ല. ഒരുവിധം ആഡംബരവും പുലത്തേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം ജോലി രാജിവച്ചു് വീട്ടിൽച്ചെന്നു കൂടാം. അങ്ങനെ ആയാൽ ഈ ശപിക്കുന്നവക്കു് എന്തു ഗുണമാണു കിട്ടുന്നതു്?"

ഏതാണ്ടിപ്പറഞ്ഞതുപോലെ ആയിരിക്കും അയാളുടെ മനസ്സിലെ വിചാരങ്ങൾ. സാധാരണ ജനങ്ങളുടെ തെററായ ധാരണമൂലം ഉന്നതിയെ പ്രാപിച്ചിട്ടുള്ളവരുടെ സ്ഥിതിയും അസ്വസ്ഥമെന്നു തന്നെ പറയേണ്ടിയിരിക്കുന്നു.

അവിവാഹിതക്കു് ഒരു വലിയ ഭയമുള്ളതു് വിവാഹാനന്തരം ജ്ഞാതിവഗ്ഗങ്ങളെപ്പററിയാണു്. അവരൊരു ഭാരമായിത്തീരുമൊ? ചിലപ്പോൾ അവരുടെ ഭയം അസ്ഥാനത്തിലെന്നും വന്നേക്കാം. എന്തെന്നാൽ ഭായ്യാബന്ധുക്കൾ ഭത്താവിനു ചില വിഷമഘട്ടങ്ങളിൽ ആശ്വാസപ്രദന്മാരായിത്തീരുന്നതു നാം കണ്ടിട്ടുണ്ടല്ലൊ. അവരിൽ ചിലർ അനുഭവസിദ്ധമായ ജ്ഞാനത്തോടുകൂടി നമ്മെ ഉപദേശിക്കുവാനും, ജീവിതമൊരു ഭാരമായിത്തോന്നുന്ന അവസരങ്ങളിൽ സരസസംഭാഷണത്താൽ രസിപ്പിക്കാനും സമത്ഥരായിരിക്കാം. അങ്ങനെയുള്ള ബന്ധുജനങ്ങൾ നമുക്കാദരണീയരായിത്തീരേണ്ടതാണു്.

സാഹിത്യകാരന്മാർക്കു ബന്ധുജനങ്ങളോടു മിക്കപ്പോഴും സ്നേഹബഹുമാനങ്ങൾ ഉണ്ടാകാറില്ല. കാരണം ആ തൊഴിലിൽ പ്രോത്സാഹിപ്പിക്കാൻ അവർ സന്നദ്ധരല്ലാത്തതു തന്നെ. ഒരു യുവകവി നല്ല കവിതകളെഴുതിയാൽ വായിച്ചു രസിക്കാൻ അടുത്താരുമില്ലെന്നു വരുന്നതു കഷ്ടമല്ലെ? അയാളുടെ യശഃപ്രതിഷ്ഠയെല്ലാം അകലത്തുള്ളവർ മുഖാന്തരമായിട്ടാണ്. ഭാര്യാസഹോദരന്മാരെയോ, മററു ബന്ധുവർഗ്ഗത്തിലുൾപ്പെട്ട ആരെയെങ്കിലുമോ സ്വകൃതി വായിച്ചു കേൾപ്പിച്ചാൽ ഒരു പൂച്ഛരസമാണ് അവർക്കുണ്ടാകുന്നതെങ്കിൽ ഇത്ര അധൈര്യപ്രദമായി വേറെ വല്ലതുമുണ്ടോ? "മുററത്തെ മുല്ലയ്ക്കു മണമില്ല" എന്നു പറഞ്ഞതു് എത്ര വാസ്തവമായിരിക്കുന്നു! കാലാന്തരത്തിൽ അകലെയുള്ള സഹൃദയരുടെ അടുത്തെത്താൻ ആ മാനസസൃഷ്ടികൾക്കു സാധിച്ചില്ലെങ്കിൽ മരുഭൂമിയിലെ കുസുമപരിമളം പോലെ അനാസ്വാദിതവും അജ്ഞാതവും ആയിത്തീരാനേ വഴിയുള്ളു.

കുടുംബബന്ധം സാധാരണയായി ഉണ്ടാകുന്നതു് യാദൃച്ഛികമായിട്ടാണ്. വിധിപോലെ വരും എന്നുള്ള ജനവിശ്വാസവും കുടുംബബന്ധങ്ങളെ ഉദ്ദേശിച്ചു് ഏതാണ്ടു ശരി എന്നു വേണം പറവാൻ. ആകയാൽ നമ്മുടെ വിവേകശക്തി പൂർണ്ണമായി വികസിച്ചതിനു ശേഷം നാം സമ്പാദിക്കുന്ന സ്നേഹിതന്മാരെക്കൊണ്ടാണ് ജീവിതത്തിൽ അധികവും പ്രയോജനം എന്നു തോന്നും. എന്നാൽ ഇതും പൂർണ്ണ പരമാർത്ഥമല്ല. എന്തെന്നാൽ സൗഹൃദഭാവം മിക്കപ്പൊഴും ആഗന്തുകമായിട്ടാണു കണ്ടുവരുന്നതു്. എങ്കിലും ഇപ്പറഞ്ഞവർ തന്നെയാണു ഭേദം. കുറേയെങ്കിലും പരിചയിച്ചതിനു ശേഷമേ നാം അവരുമായി സഹവസിക്കുന്നുള്ളു. നേരെമറിച്ചു് കുടുംബബന്ധമാകട്ടെ നമ്മെ പൊടുന്നനെ

ആക്രമിക്കുന്നതായിക്കാണാം. എന്നു മാത്രമല്ല, സ്നേഹിതന്മാരെപ്പോലെയുള്ള വകതിരിവു് ഇവരുടെ നമ്മോടുള്ള പെരുമാററത്തിൽ കണ്ടില്ലെന്നും വന്നേക്കാം. ഈ അതിപരിചയം നമ്മെ പലപ്പോഴും അസ്വാസ്ഥചിത്തന്മാരാക്കുന്നുണ്ടു്. ഒന്നാന്തരമായ ഒരു പുത്തൻ ഭവനം പണിയിച്ചു് അതിൽ മനോഹരങ്ങളായ കസാലകൾ, മേശകൾ, കട്ടിലുകൾ മുതലായവ നാം ഭംഗിയായി ഒരുക്കിയിട്ടിരിക്കാം. നമ്മുടെ അപരിഷ്കൃത ബന്ധുക്കളിലൊരാൾ എണ്ണതേച്ചുകുളിക്കാൻ പോകുന്ന വഴിക്കു് നമ്മെ സന്ദർശിച്ചാൽ നമ്മുടെ ഭയം എന്തായിരിക്കും? ചുമരിൽ ചാരുമോ, കസാലയിൽ കയറിയിരിക്കുമോ, എന്നൊക്കെയാണു്. പലപ്പോഴും നമ്മുടെ ഭയം അസ്ഥാനത്തിലല്ലാതേയും വന്നേക്കാം. ഏതാണ്ടൊരു ഉടമസ്ഥാവകാശഭാവമാണു് ബന്ധുക്കളിൽ കാണുന്നതു്. സുഹൃത്തിലാകട്ടെ അല്പമൊരു സങ്കോചം ഉണ്ടായിരിക്കും.

ബന്ധുക്കളെന്നു പേരും പറഞ്ഞുകൊണ്ടു് എത്ര പേർ നമ്മെ വഞ്ചിക്കുന്നു! ഒരിക്കൽ ഒരു വയോവൃദ്ധൻ ബന്ധുവാണെന്നും പറഞ്ഞു് ഇതെഴുതുന്ന ആളുടെ ഭവനത്തിൽ വന്നുകയറി ബന്ധുവല്ലെന്നു വാദിക്കാനുള്ള ധൈര്യം എനിക്കുണ്ടായില്ല. ഞാൻ ആദരം ഭാവിക്കുന്തോറും അയാളുടെ സ്വാതന്ത്ര്യവും വർദ്ധിച്ചു. എന്തിനധികം പറയുന്നു! അയാൾ പത്തുദിവസം എന്നെ സാമാന്യത്തിലധികം ബുദ്ധിമുട്ടിച്ചു. പതിനൊന്നാം ദിവസം വാസ്തവത്തിലുള്ള ഒരു ബന്ധുവിൻെറ ആഗമനത്തിൽ ഇയ്യാൾ പെട്ടെന്നു തിരോധാനം ചെയ്തു. പിന്നെ കണ്ടുമില്ല. ഒരു സ്നേഹിതനാണെന്നു പറഞ്ഞുവരാൻ ആക്കെങ്കിലും ധൈര്യമുണ്ടാകുമെന്നു തോന്നുന്നില്ല. അങ്ങനെയാണെങ്കിൽ ഓർമ്മശക്തി വർദ്ധി

പ്പിക്കാൻ 'പെൽമൻ' വിദ്യാലയത്തിലോ മറേറാ ചെന്നു ചേരുകയേ നിവൃത്തിയുള്ളു.

നമ്മെ വേണ്ടസമയത്തു യാതൊരുവിധത്തിലും സഹായിക്കുകയോ നമ്മെപ്പററി സ്നേഹമോ ബഹുമാനമോ തോന്നുകയോ ചെയ്യാത്ത അകന്ന ബന്ധുക്കൾ വന്നുകയറുമ്പോൾ, നമ്മുടെ സമാധാനം നശിച്ചു എന്നു വിചാരിച്ചു കൊൾകേ വേണ്ടു. അല്പം ആദരക്കുറവു നാം ഭാവിക്കയായിരുന്നാൽ ശപിക്കാൻ അവർ തയാറാണ്. ഇവരുമായുള്ള നടപടികളിൽ ഒട്ടേറെ ക്ഷമയുണ്ടായിരുന്നാൽ മാത്രമേ കഴിച്ചുകൂട്ടാൻ നിവൃത്തിയുള്ളു. അച്ഛനോ, അമ്മയോ ആയാലും ഇങ്ങനെ നമ്മോടു നീചമായി വർത്തിക്കയാണെങ്കിൽ നമുക്കെത്രമാത്രം അസുഖം തോന്നും. ഗത്യന്തരമില്ലാത്ത ഒരു വിഷമഘട്ടത്തിൽ അകപ്പെടുകയേ നിവൃത്തിയുള്ളു. അതിനിടവരാതിരിക്കട്ടേ എന്നു പ്രാർത്ഥിക്കാം.

കുടുംബസൌഭാഗ്യം എന്താണെന്നു കേൾക്കുക പോലും ചെയ്യാത്തവർ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. നമ്മുടെ യുവാക്കളിൽ ചിലർ ദേശാന്തരഗമനം ചെയ്യുന്നതും, പല കലഹങ്ങളും ഉണ്ടായി ആപല്ക്കരമായി പരിണമിക്കുന്നതും എല്ലാം ഈ ഒരു ഗുണത്തിൻെറ അഭാവത്താലാണ്. പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ യുദ്ധങ്ങളും, അനവധി സൈനികവകുപ്പുകളും മററും ഇവിടെ ഉണ്ടായിരുന്നു എങ്കിൽ സമാധാനഭംഗത്താൽ കുടുംബനിഷ്ക്രാന്തരായിത്തീരുന്നവർക്ക് സകല സമയത്തും അഭയസ്ഥാനങ്ങൾ ലഭിച്ചേനെ. ഇവിടെ ആവക സൌകര്യങ്ങളില്ലെന്നു മാത്രമല്ല ഉപജീവനത്തിനും ഇതരമാർഗ്ഗമില്ല.

കേരളത്തിലെ ചില മാതാപിതാക്കളുടെ ബീഭത്സനയങ്ങളിൽനിന്നും രക്ഷപ്രാപിക്കുന്നതിനു നിവൃത്തിയില്ലാതെ നിരസ്തമായ സൈ്ഥര്യപൌരുഷങ്ങളോടുകൂടി വർത്തിക്കുന്ന അനേകം യുവാക്കളെ ഈ ഗ്രന്ഥകാരനറിയാം. വല്ലപ്പോഴും ഒരിക്കൽ ശാസിക്കയോ അടിക്കയോ ചെയ്തുകൊള്ളട്ടെ. നിരന്തരമായ ശകാരം മാതാപിതാക്കൾ വാത്സല്യമുള്ളവരായിരുന്നാൽ തന്നെയും കുട്ടികളെ വെറുപ്പിച്ചു് വേറാക്കുമെന്നുള്ള തത്വം അവർ മനസ്സിലാക്കുന്നില്ല. "നായർ വിശന്നു വലഞ്ഞുവരുമ്പോൾ" വീട്ടിലെ അവസ്ഥ വർണ്ണിച്ച നമ്പ്യാർ ഇഹലോകവാസം വെടിഞ്ഞിട്ടു് ഒന്നരശതാബ്ദം കഴിഞ്ഞു എങ്കിലും ആ സ്ഥിതിക്കു് ഒരു മാററവുംവരാത്ത അസംഖ്യം തറവാടുകൾ ഇന്നും നിർദ്ദേശിക്കാവുന്നതാണു്.

സംസാരക്ലേശം എന്നു പറയുന്നതെല്ലാം നാം മനഃപൂർവ്വമായി വരുത്തിവയ്ക്കുന്നതാണെന്നു് ഇതുകൊണ്ടെല്ലാം വിശദമാകുന്നുണ്ടല്ലോ. സ്നേഹമില്ലാത്തവരുമായി നിത്യസഹവാസം ചെയ്യേണ്ടിവരുന്നതുതന്നെയാണു് ക്ലേശം. വേറെ സ്ഥലമില്ലെന്നു തോന്നും. ധനവാന്മാരാണെങ്കിൽ വളരെ പണം ചെലവിട്ടിട്ടെങ്കിലും, സൈ്വരം കിട്ടുവാൻ നോക്കും. ദരിദ്രന്റെ കാര്യം പറയേണ്ടതില്ല. ധർമ്മസങ്കടംതന്നെ. അവൻ എവിടെയാണു പോകുന്നതു്? അഹിതനും ഹിതനും ഒരുമിച്ചു് ഒരു ചാൺവട്ടത്തിനകത്തുതന്നെ കഴിച്ചുകൂട്ടണം. ക്രൂരന്മാരുടെ വഴക്കും മററും ഉണ്ടാകുന്നതിൽ എന്താണു് അത്ഭുതപ്പെടുവാനുള്ളതു്?

കുടുംബസൌഭാഗ്യത്തിനു ഒരുവിധം ശിക്ഷ (discipline) അത്യാവശ്യമാണു്. അതിന്റെ അഭാവത്തിൽ കുടുംബം രാജാവില്ലാത്ത രാജ്യംപോലെ ആയിത്തീരും.

എന്നാൽ ആധുനികകാലങ്ങളിൽ ഒരു ദുർഘടം നേരിട്ടിട്ടുണ്ടു്. ശാസന കേൾക്കുന്നതിനു് ആക്കും സന്തോഷമില്ല. പിതാവാണല്ലോ കുടുംബാധിപതി. പിതാവിന്റെ ശാസനം പുത്രൻ ശിരസാ വഹിക്കണം എന്നായിരുന്നു പഴയ ഏപ്പാട്ടു്. കിരീടധാരണം ചെയ്യുമ്പോഴാണല്ലോ ശ്രീരാമചന്ദ്രൻ രാജ്യമുപേക്ഷിച്ചു വനവാസം അംഗീകരിക്കണമെന്നുള്ള പിതൃശാസനം ഉണ്ടായതു്. തൽക്ഷണം ആ വീരപുരുഷൻ അതനുസരിക്കയാണു ചെയ്തതു്. പ്രാചീന ഭാരതത്തിൽ അച്ഛനും ഗുരുവും ഒന്നുപോലെ ആയിരുന്നു. അതുകൊണ്ടു ഗുരു നിദേശവും അനുസരിക്കുന്നതിനു ശിഷ്യൻ തയാറായിരുന്നു. ഇക്കാലത്താകട്ടെ ഗുരുക്കന്മാരുടെ സംഖ്യ വളരെ വർദ്ധിച്ചുപോയി എന്നുമാത്രവുമല്ല, വിദ്യാഭ്യാസം ചെയ്യുന്നതു് ഒരു വലിയതുക കൊടുത്തിട്ടാണെന്നു ശിഷ്യനും അറിയാം. അതുകൊണ്ടു ഗുരുക്കന്മാരുടെ ആജ്ഞകൾ മനസ്സില്ലാമനസ്സോടെ രാജനിയമങ്ങൾ എന്നപോലെ അനുസരിക്കമാത്രമാണു് വിദ്യാർത്ഥികൾ ചെയ്യുന്നതു്. ഈ മനോഗതി തന്നെയാണു് അവർ ഗൃഹത്തിലും പരിപാലിക്കുന്നതു്. ആകയാൽ പണ്ടത്തെപ്പോലെയുള്ള പിത്രാജ്ഞയ്ക്കു് ഇപ്പോൾ പുത്രൻ വശംവദനായില്ലെങ്കിൽ അതിലത്ഭുതപ്പെടുവാനുമില്ല.

മൂലകുടി മാറുന്നതിനു മുമ്പു് കുട്ടികളെ പള്ളിക്കൂടത്തിലയച്ചു് അപരിചിതന്മാരായ അദ്ധ്യാപകന്മാരുടെ ശാസനയിൽ ആക്കുന്നതു് മാതാപിതാക്കളുടെ പ്രേരണയ്ക്കു് വലുതായ ഹാനിവരുത്തീട്ടുണ്ടു്. ചിലപ്പോൾ ഇതാശാസ്യമാണെന്നു തോന്നുന്നുണ്ടെങ്കിലും ഉൽകൃഷ്ടരായ മാതാപിതാക്കളുടെ കാര്യം നോക്കുകയാണെങ്കിൽ അവരുടെ കുട്ടികൾക്കു് ഒരു വലിയ നഷ്ടം സംഭവിക്കുന്നുണ്ടെന്നു പറഞ്ഞേ തീരൂ. വളരെ ബുദ്ധിശക്തിയും, സ്ഥിരോത്സാ

ഹവും മററു വിശിഷ്ടങ്ങളുമായ പല ഗുണങ്ങളും ഉള്ളവരുടെ കുട്ടികൾ മോശക്കാരായിത്തീരുന്നതിനുള്ള ഒരു കാരണം അവക്കു മാതാപിതാക്കളുടെ സഹവാസത്തിന് സമയ സൌകര്യങ്ങൾ കിട്ടാത്തതാണെന്നു വരരുതോ? പ്രസിദ്ധ ചിന്തകനായ ജാൺ സ്ററുവേർട്ട്മില്ലിൻെറ പിതാവു് പുത്രൻെറ ഗുരുസ്ഥാനവുംകൂടി വഹിക്കയുണ്ടായി. ഈ സംഗതി പുത്രൻ പിൽക്കാലത്തു് കൃതജ്ഞതാപൂർവ്വം സ്മരിക്കുകയും പ്രശംസിക്കുകയും ചെയ്തിട്ടുണ്ടു്. നമ്മുടെ കവികുലകൂടസ്ഥനായ എഴുത്തച്ഛൻെറ ഗുരുവാരാണെന്നുള്ള അന്വേഷണത്തിൽ പലക്കും പ്രമാദം വന്നുപോയിട്ടുണ്ടു്. ആകാശത്തുനോക്കി ശുഭജനനം ശ്രമിക്കാൻ ശക്തനായ പിതാവുതന്നെ ആയിരിക്കണം ആദ്യഗുരു എന്നു തീർച്ചപ്പെടുത്തുന്നതിൽ എന്താണാവോ വൈഷമ്യമുള്ളതു്? മററു ഗുരുക്കന്മാരെ സ്വീകരിച്ചെങ്കിൽ എഴുത്തച്ഛൻെറ ജീവിതവും കൈരളിയുടെ ഭാവിയും വേറെ വിധത്തിൽ പരിണമിച്ചേനെ എന്നല്ലേ പറയേണ്ടൂ!

മാതാപിതാക്കന്മാർ നേരിട്ടു തങ്ങളുടെ കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുന്ന വിഷയത്തിൽ ചില വൈഷമ്യങ്ങളുണ്ടെന്നു സമ്മതിച്ചേ തീരൂ. കുട്ടികളുടെ ഹിതാനുസരണം വിടുകയാണെങ്കിൽ അവർ യാതൊന്നും പഠിക്കുമെന്നു തോന്നുന്നില്ല. സാമോപായവും ഫലപ്രദമായിത്തീരുമോ എന്നു സംശയമാണു്. ശിക്ഷ തന്നെയാണു് പിന്നെ സ്വീകാര്യമായിട്ടുള്ളതു്. അതു് കുട്ടികൾക്കു അസുഖമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. സ്ററുവേർട്ട്മിൽ തന്നെ തൻെറ ബാല്യകാലസ്മരണയിൽ ഈ ശിക്ഷ അത്യന്തം വെറുത്തതായി പറഞ്ഞിട്ടുണ്ടു്. എങ്കിലും പിതാവു അതിൽ സ്ഥിരനിഷ്ഠനായിരുന്നതിനാൽ പുത്രൻ പിന്നീടു കേമനായി. ഇങ്ങനെയുള്ള പിതാക്കൾ ഇപ്പോൾ ഇല്ലെന്നു തന്നെ

പറയാം. പള്ളിക്കൂടത്തിലും വീട്ടിലും ശിക്ഷയാവശ്യമില്ല ല്ലോ എന്നാണ് അവരിൽ പലരും വിചാരിക്കുന്നത്. അതുകൊണ്ടു വീട്ടിൽ വന്നാൽ 'താലോലി'ക്കാനും അവർ തയാറായിരിക്കുന്നു. ഇതിൻെറ ഫലം നാം പ്രത്യക്ഷം കണ്ടറിയുന്നുണ്ടല്ലൊ.

പള്ളിക്കൂടത്തിൽ അധികസമയവും കഴിച്ചുകൂട്ടുന്ന ഒരു ബാലൻ വീട്ടിൽ വരുമ്പോൾ അവനു കളിക്കാനായിരിക്കും അധികം ഉത്സാഹം. എപ്പോഴും അതിനു വിട്ടാൽ പിതാക്കളുമായി സഹവസിക്കുന്നതിന് സമയം കിട്ടുന്നതല്ല. സാവകാശം അവനു വല്ലതും പറഞ്ഞു കൊടുക്കാമെന്നുവച്ചാൽ വിദ്യാലയത്തിലെ പഠിത്തരീതി നിശ്ചയവുമില്ല. പഠിപ്പിക്കുന്നതു ശരിയാകുന്നില്ലെന്നും, ആകയാൽ ശ്രദ്ധിച്ചിട്ടു കാര്യമില്ലെന്നും അവൻ ഉടനേ മനസ്സിലാക്കുന്നു. ദൂരദേശത്താണെങ്കിൽ കാര്യം ചോദിക്കാനുമില്ല. അവിടെ അദ്ധ്യാപകനേ ഏകശരണമായിട്ടുള്ളൂ. ഇങ്ങനെ പിതൃമാതൃവാസനകളെല്ലാം പരിതസ്ഥിതികളുടെ പ്രേരണകൊണ്ടും മററു കാരണങ്ങളാലും മാറിപ്പോകുന്നു. കാലാന്തരത്തിൽ വിദ്യാർത്ഥിജീവിതം മുഴുവനും മാതാപിതാക്കളുടെ സഹവാസം കൂടാതെ തന്നെയാണ് അവൻ കഴിച്ചുകൂട്ടേണ്ടതായി വരുന്നത്. ഇതു് അത്യന്തം പരിതാപകരമായിരിക്കുന്നു.

പുതിയ വിദ്യാഭ്യാസരീതിയിൽ മാതാപിതാക്കന്മാരോട് അവജ്ഞ തോന്നാത്ത വിദ്യാർത്ഥികൾ ചുരുക്കമാണ്. വാർദ്ധക്യവും തദനുഗതങ്ങളായ ജീവിതരീതികളും അവർക്കസഹ്യങ്ങളായി തോന്നുന്നു. പണം കൊടുക്കുന്നുണ്ടല്ലോ എന്നാണെങ്കിൽ അതിനവർക്കവകാശമുള്ളതാണെന്നറിയാം. പഠിത്തവിഷയമായി യാതൊന്നും ചോദിപ്പാൻ

മേലാ. ഇങ്ങനെ പുത്രനുമായുള്ള സഹവാസത്തിന് ഉപയുക്തമായ മാൎഗ്ഗമില്ലാതെ പിതാവു കഷ്ടപ്പെടുന്നു. പുത്രൻ ഒഴിഞ്ഞൊഴിഞ്ഞു പോകുന്നതായും പിതാവു് ശാസിക്കാൻ ഒരുമ്പെടുന്നതായും കാണാം. പക്ഷേ വലിയ ഫലമൊന്നും ഉണ്ടാകുന്നതല്ല. അഭിരുചികളും, ഉൽകൃഷ്ടാഭിലാഷങ്ങളും എല്ലാം പുത്രനു പ്രത്യേകമായിരിക്കേ പിതാവുമായി യോജിക്കുന്നതെങ്ങനെ? ബുദ്ധിയുള്ളവനാണെങ്കിൽ വൃദ്ധനായ പിതാവിനോടു് അഹിതമായി വൎത്തിക്കുന്നതല്ല എന്നേയുള്ളൂ. നേരേമറിച്ചാണെങ്കിലുള്ള ഫലം പലൎക്കും അനുഭവസിദ്ധമായിട്ടുള്ളതാണല്ലോ.

"അവന്റെ അച്ഛൻ പഠിച്ചിട്ടാണോ ഈ നിലയിലായതു്"? എന്നൊരഭിപ്രായം നാട്ടുംപുറങ്ങളിൽ സാധാരണ ജനങ്ങൾ ജല്പിക്കുന്നതു് കേൾക്കാം. അവിടെ അച്ഛന്റെയോ അമ്മാവന്റെയോ തൊഴിൽ നേരത്തെ പരിശീലിപ്പിക്കുന്നതിനു കുട്ടികളെ പ്രേരിപ്പിക്കുന്നതു കാണാവുന്നതാണു്. ഇംഗ്ലീഷു് പഠിക്കാൻ പോയ ഒരു ബാലൻ ഒരു അദ്ധ്യയനദിവസം പള്ളിക്കൂടത്തിൽപോകാതെ നിലം ഉഴുകയായിരുന്നു. കാരണം ചോദിച്ചപ്പോൾ അടുത്തു നിന്നിരുന്ന അവന്റെ മാതുലൻ "പള്ളിക്കൂടത്തിൽപോയാൽ വയറു നിറയുകയില്ല; ഈ ജോലി കഴിഞ്ഞിട്ടു സമയമുണ്ടെങ്കിൽ പോകട്ടെ" എന്നാണു പറഞ്ഞതു്. പക്ഷേ, ഈ മനോഗതിക്കു് ഇക്കാലത്തു വളരെ മാററം വന്നിട്ടുണ്ടെന്നു സമ്മതിച്ചേ തീരൂ. എന്നുമാത്രമല്ല, പണ്ടത്തെ മാതാപിതാക്കന്മാരുടെ നയമല്ലായിരുന്നോ നല്ലതു് എന്നു് ഇപ്പോൾ തൊഴിലില്ലായ്മയുടെ ഭയങ്കരതപത്താൽ ആളുകൾ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു.

ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ച യുവാക്കളോടു പെരുമാറുന്നതിൽ മാതാപിതാക്കൾ വളരെ സൂക്ഷിക്കണം. അവരുടെ അഭിപ്രായങ്ങളോടു യോജിക്കുന്നതുകൊണ്ടു വിരോധമില്ലെങ്കിൽ അങ്ങനെ ചെയ്യുന്നതാണു നല്ലതു്. യുവാക്കളും വേണ്ട നയം ഉപയോഗിക്കേണ്ടിയിരിക്കുന്നു. വിപരീതാഭിപ്രായങ്ങളുണ്ടാകുമ്പോൾ കാൎയ്യകാരണസഹിതം പറഞ്ഞു ധരിപ്പിച്ചാൽ ഏതു സംഗതിയും സാധിക്കുന്നതാണു്. അച്ഛനുണ്ടായിരുന്ന ദുശ്ശങ്കകൾ നീങ്ങി മകനിൽ ബഹുമാനം അങ്കുരിപ്പിക്കുന്നതിനും വിഷമമില്ല. ഈ ബഹുമാനമാണ് പിതൃപുത്രബന്ധത്തിന്റെ മഹത്തായ ആദൎശം. ഇത്രയും സാധിക്കാമെങ്കിൽ നമ്മുടെ കുടുംബസൌഭാഗ്യം എന്നും ആകാശകുസുമമായിപ്പരിണമിക്കുന്നതല്ല. മനുഷ്യസഹവാസം അപരിത്യാജ്യമെന്നും അതിനെ വർജ്ജിച്ചു് ദൂരെപ്പോകേണ്ട ആവശ്യമില്ലെന്നും നമുക്കു ബോദ്ധ്യപ്പെടുന്നതാണു്.

# 6. യവദ്വീപം

I

വാല്മീകിരാമായണത്തിൽ സുഗ്രീവൻ സീതാന്വേഷണാൎത്ഥം മാൎഗ്ഗനിർദ്ദേശംചെയ്യുന്ന കൂട്ടത്തിൽ

"ഗിരിഭിർ യേ ച ഗമ്യന്തേ
പ്ലവനേന പ്ലവേന ച
രത്നവന്തം യവദ്വീപം
സപ്തരാജ്യോപശോഭിതം."

എന്നിങ്ങനെ യവദ്വീപത്തേയും സൂചിപ്പിക്കുന്നു. ജാവ, എന്നു പറഞ്ഞാലേ പരിഷ്കാരികൾക്കു മനസ്സിലാകയുള്ളു. രാമായണത്തിൻെറ നിൎമ്മാണകാലം പാശ്ചാത്യനിരൂപണദൃഷ്ടിയിൽക്കൂടി നോക്കുമ്പോൾ ക്രി. മു. മൂന്നാം ശതകം എന്നു വരുന്നപക്ഷം, അന്നെങ്കിലും ഭാരതീയൎക്കു പ്രസ്തുത ദ്വീപാന്തരത്തെപ്പററി അറിയാമായിരുന്നു എന്നു തീൎച്ചപ്പെടുത്താം. ക്രി. പി. രണ്ടാംശതകത്തിൽ അവിടെ വാണിരുന്ന 'ദേവവൎമ്മ' എന്ന രാജാവു് ചീനരാജ്യത്തേക്കു ഒരു പ്രതിനിധിയെ അയച്ചതായി ഒരു പാശ്ചാത്യപണ്ഡിതൻ തെളിയിച്ചിരിക്കുന്നു. രാജനാമധേയം സംസ്കൃതമാണെന്നു പറയേണ്ടതില്ലല്ലോ. വിശേഷിച്ചും ക്ഷത്രിയോചിതവും ആണു്. ഭാരതഖണ്ഡവുമായുള്ള യവദ്വീപിൻെറ ബന്ധം വേറെ വിധത്തിലും സ്ഥാപിക്കുവാൻ തെളിവുകളുണ്ടു്.

ക്രി. പി. നാലാംശതകത്തിൽ ഈ ദ്വീപം ഭരിച്ചിരുന്ന 'പൂൎണ്ണവൎമ്മ' എന്ന രാജാവിൻെറ അപദാനങ്ങളെ വൎണ്ണിക്കുന്ന നാലു ശിലാശാസനങ്ങൾ അവിടെ കാണുന്നുണ്ട്. അവയിലൊന്നിലുള്ളതാണ് ഈ പദ്യം:—

വിക്രാന്തസ്യ=അവനീപതേഃ
ശ്രീമതഃ പൂൎണ്ണവൎമ്മണഃ
താരുമാനഗരേന്ദ്രസ്യ
വിഷ്ണോഃ=ഇവ പദദ്വയം.

ശിലാശാസനത്തിലുള്ളതു പോലെ തന്നെയാണ് ഇവിടെ കാണിച്ചിരിക്കുന്നതു്.

"പരാക്രമശാലിയും താരുമാ നഗരാധിപതിയും ആയ ശ്രീമാൻ പൂൎണ്ണവൎമ്മരാജാവിൻെറ വിഷ്ണുപാദസദൃശങ്ങളായ ഈ രണ്ടു പാദങ്ങളും" എന്നാണല്ലോ പദ്യത്തിൻെറ അൎത്ഥം. ലേഖനത്തിൻെറ മുകളിലായി പാദവിന്യാസരൂപങ്ങളും കൊത്തീട്ടുള്ളതായി വിചാരിക്കേണ്ടിയിരിക്കുന്നു. ഇതിലുപയോഗിച്ചിരിക്കുന്ന ലിപി പ്രാചീന 'ഗ്രന്ഥ' സമ്പ്രദായത്തിലുള്ളതാണ്. ദക്ഷിണഇൻഡ്യയിലെ പല്ലവന്മാർ ബി. സി. മൂന്നുമുതൽ ഏ. ഡി. 800 വരെ ഈ ലിപികളാണല്ലോ ഉപയോഗിച്ചുവന്നിരുന്നതു്. ജാവായിലാദ്യമായി കുടിയേറിപ്പാൎത്തവർ ദക്ഷിണഇൻഡ്യയുടെ പൂൎവ്വഭാഗങ്ങളിൽ നിന്നും പോയവരെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ആദികാലത്തു് ഇവരുടെ മതം എന്തായിരുന്നു എന്നറിവാൻ മേല. ശിലാശാസനത്തിൽനിന്നും ഗ്രഹിക്കാവുന്നിടത്തോളം തൽകൎത്താവായ പൂൎണ്ണവൎമ്മരാജാവ് ഒരു പക്ഷേ വൈഷ്ണവനായിരുന്നിരിക്കാമെന്നേയുള്ളൂ. സുവൎണ്ണദ്വീപിൻെറ (Borneo) കിഴക്കുഭാഗത്തു സ്ഥാപിച്ചിട്ടുള്ള ഒരു ശിലാശാസനത്തിൽ അവിടെ ബ്രാഹ്മണർ ഒരു യാഗം നടത്തിയതായി കാണുന്നു. സുവൎണ്ണദ്വീപി

ലാണ് ഭാരതീയർ ആദ്യമായി കുടിയേറിപ്പാർത്തതെന്നു വരുകിൽ അവർ ബർമ്മ, സയാം, ചംപ, മുതലായ രാജ്യങ്ങളിൽക്കൂടി സഞ്ചരിച്ചിട്ടായിരിക്കണം അവിടെ ചെന്നുചേന്നതു്. കടൽമാർഗ്ഗം പോയവരാണെങ്കിൽ ആദ്യം പശ്ചിമ യവദ്വീപിൽ ചെന്നുചേരുവാനാണു് എളുപ്പം. എന്തായാലും സുവർണ്ണദ്വീപിലും യവദ്വീപിലും രാജാക്കന്മാർക്കു 'വർമ്മ' എന്ന സ്ഥാനം കാണുന്നതിൽ നിന്നും അവർ ഭാരതീയ ക്ഷത്രിയരായിരുന്നു എന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു.

എ. ഡി. 414-ാമാണ്ടു് ചീനദേശീയനായ 'ഫ്ാഹിയാൻ' ലങ്കാദ്വീപിൽ നിന്നും ചൈനയിലേയ്ക്കു പോകുംവഴി കപ്പൽ കൊടുങ്കാററടിച്ചു് മേല്പറഞ്ഞ ദ്വീപങ്ങളുടെ സമീപം പ്രാപിച്ചതായും, അദ്ദേഹത്തിൻെറ അന്വേഷണത്തിൽ പ്രസ്തുത ദ്വീപുകളിൽ ബ്രാഹ്മണർ ധാരാളമായി വസിച്ചിരുന്നതായും കാണുന്നു. ബുദ്ധദേവൻെറ ഉപദേശങ്ങൾ ദ്വീപവാസികൾക്കറിവുണ്ടായിരുന്നില്ലത്രേ! ആ മതം അവിടെ പ്രചരിച്ചതു 'ഗുണവർമ്മ' രാജാവിൻെറ പ്രേരണയാലായിരുന്നു എന്നും അതു സംഭവിച്ചതു് എ. ഡി. 431-ൽ ആണെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

ഇക്കാലത്തിനടുത്തുതന്നെ ഗുജറാററിൽ നിന്നും കൃഷ്ണൻ വകക്കാർ യവദ്വീപത്തിൽ ചെന്നുചേർന്നതായും അവരവിടെ ശകാബ്ദം ഏർപ്പെടുത്തിയതായും തെളിയുന്നു. എന്നാൽ ശൈവസിദ്ധാന്തം ഇവരാണു് ഏർപ്പെടുത്തിയതെന്നുള്ളതിലേക്കു് വേണ്ട ലക്ഷ്യങ്ങൾ കാണുന്നില്ല. ശകാബ്ദം 644-ൽ ഒരു ശിവലിംഗപ്രതിഷ്ഠ യവദ്വീപത്തിൽ നടത്തിയതായി 'സഞ്ജയ' ശിലാശാസനത്തിൽ

നിന്നും വെളിപ്പെടുന്നു. ശൈവസിദ്ധാന്തം ദ്വീപിൽ പ്രചരിപ്പിച്ചതു് ദക്ഷിണഇൻഡ്യയിൽ നിന്നും ചെന്നവരായിരിക്കുമെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. എന്നു മാത്രമല്ല, ഒരു അഗസ്ത്യപ്രതിമയെ സ്ഥാപിക്കുന്നതായ ശിലാശാസനവും കണ്ടു കിട്ടിട്ടുണ്ടു്. അഗസ്ത്യന്റെ പേരു മഹായാനഗ്രന്ഥങ്ങളിൽ കാണുന്നുണ്ടെന്നുള്ളതും വക്തവ്യമാണു്. ആര്യമതപ്രകാരമുള്ള സിദ്ധാന്തങ്ങളും മററും അതിപ്രാചീനകാലത്തു് അഗസ്ത്യൻ ദക്ഷിണഇൻഡ്യയിൽ പ്രചരിപ്പിച്ചതായി ഇവിടെ ഐതിഹ്യവും ഉണ്ടല്ലോ.

ജാവായിലെ ഏററവും പ്രാചീനമെന്നു വിശ്വസിക്കപ്പെട്ടുവരുന്ന ബുദ്ധശിലാശാസനം എ. ഡി. 778-ാമാണ്ടു ശൈലേന്ദ്രൻ സ്ഥാപിച്ചിട്ടുള്ളതാണു്. താരാദേവിപ്രതിഷ്ഠയോടുകൂടിയ ഒരു ചൈത്യവും 'വിനയമഹായാന' പണ്ഡിതന്മാരായ ഭിക്ഷുക്കൾക്കിരിക്കുവാൻ ഒരു വിഹാരവും ശൈലേന്ദ്രൻ പണിയിപ്പിച്ചതായിട്ടാണു ശാസനത്തിൽ കാണുന്നതു്. ശ്രീവിജയവംശജന്മാരായ ശൈലേന്ദ്രപ്രഭൃതികൾ യവദ്വീപചരിത്രത്തിൽ ഏതാണ്ടു ക്രിസ്ത്വാബ്ദം എട്ടാംശതകംവരെ പ്രാബല്യത്തിലിരുന്നതായി തെളിയുന്നുണ്ടു്. ശൈലേന്ദ്രൻ അശോകമഹാരാജാവിനെപ്പോലെതന്നെ ബുദ്ധമതപ്രചരണാർത്ഥം പല പരിശ്രമങ്ങളും ചെയ്തിരുന്നവത്രേ! നാളന്ദ വിശ്വവിദ്യാലയത്തിലേയ്ക്കു് ഒരു ബ്രഹ്മചാരിമന്ദിരം പണിയിച്ചുകൊടുത്ത സുവർണ്ണദ്വീപിലെ പ്രശസ്ത ബാലപുത്രദേവനെപ്പററി ഇൻഡ്യാചരിത്രം വായിച്ചിട്ടുള്ളവർ അറിഞ്ഞിട്ടുണ്ടായിരിക്കണം. അദ്ദേഹവും ബുദ്ധമതാനുയായികളായ രാജാക്കന്മാരിൽ ഒരുവനായിരുന്നു.

ശൈലേന്ദ്രവംശപരമ്പരയിൽപ്പെട്ട മറെറാരുരാജാവു് ഒരു ബോധിസത്വപ്രതിമ സ്ഥാപിച്ചിട്ടുണ്ടെന്നും അതു്

ഏ. ഡി. 782-ാമാണ്ടായിരുന്നു എന്നും കേളുരാക് ശാസനം കൊണ്ടു തെളിയുന്നു. കൂടാതെ പ്രസ്തുത ശതാബ്ദത്തിൽ അനവധി ശില്പവേലകൾ അവിടെ നിർവ്വഹിച്ചിട്ടുള്ളതായി ക്കാണാവുന്നതാണ്. ആകപ്പാടെ യവദ്വീപത്തിന് അതൊരു സുവർണ്ണകാലമായിരുന്നു എന്നുതന്നെ പറയാം. ചണ്ഡികാമണ്ഡപത്തിലെ അവലോകേശ്വരപ്രതിമ ഒരു ഒന്നാംതരം ശില്പവേലതന്നെയാണ്. ഗുപ്തസമ്പ്രദായത്തിലുള്ള കൊത്തുപണികളെപ്പോലും അതിശയിക്കുന്നതാണതു്. മററു കലാവിദ്യകളിൽ, വിശേഷിച്ചും സാഹിത്യത്തിൽ, യവദ്വീപം പ്രശസ്തിയെ പ്രാപിച്ചിരുന്നു. സംസ്കൃതവിദ്യാഭ്യാസത്തിനു തെളിവായി 'കവിസാഹിത്യ' സമുച്ചയത്തിലുൾപ്പെട്ട 'അമരമാല' ഉദാഹരിക്കാവുന്നതാണ്.

അധികകാലതാമസം കൂടാതെ മൂന്നു യുദ്ധത്തിൽ തോററു പൂർവ്വഭാഗങ്ങളിൽചെന്നു് പാർത്തിരുന്ന ശൈവന്മാർ വീണ്ടും ഉൽഗതിയെ പ്രാപിക്കുകയും ശൈലേന്ദ്രരിൽനിന്നും രാജ്യം കൈവശപ്പെടുത്തുകയും ചെയ്തു. മാതരം സങ്കേതമാക്കി ഭരിച്ചുവന്ന ഇവരുടെ ഒടുവിലത്തെ രാജാവു ദക്ഷനായിരുന്നു. അദ്ദേഹത്തിൻെറ കാലം 915-ൽ അവസാനിച്ചതായിക്കാണുന്നു. അന്നു് പല ഹിന്ദുദേവാലയങ്ങളും അവിടെ പണിയിപ്പിച്ചിട്ടുണ്ടു്. 'പ്രാംബണെ' ദേവാലയത്തിൻെറ ഭിത്തികളിൽ രാമായണകഥയിലുള്ള പല ഭാഗങ്ങളും ചിത്രദൃശ്യാവലികളായി കൊത്തിയിട്ടുള്ളതു ഇന്നും കാണാവുന്നതാണ്.

മാതരം വാണിരുന്ന 'വാവ' യവദ്വീപചരിത്രത്തിൽ വിഖ്യാതനായിത്തീർന്നിട്ടുണ്ടു്. മിൻെറാ ശാസനം സ്ഥാപിച്ചതു് ഈ രാജാവിൻെറ കാലത്തു് ഏ. ഡി. 915-ൽ

ആണെന്നു കാണുന്നു. ജാവാ ബ്രിട്ടീഷുകാരുടെ അധീനത്തിലായതിനു ശേഷം ഈ ശാസനം സ്കോട്ട്ലണ്ടിൽ വസിച്ചിരുന്ന മിൻേറാ പ്രഭുവിന്ന് അയച്ചുകൊടുക്കുകയുണ്ടായി. അങ്ങനെയാണ് ആ പേരു വന്നതു്. ഒരു ദേവാലയം പണി കഴിപ്പിക്കുന്നതിനുള്ള അനുമതിയാണ് ശാസനപ്രകാരം നൽകിക്കാണുന്നതു്.

ഇക്കാലം സമീപിച്ച് വാവയുടെ ഒരു മന്ത്രിയായിരുന്ന സിന്ധുകൻ കിഴക്കൻ പ്രദേശങ്ങളിൽ ഒരു സ്വതന്ത്രരാഷ്ട്രം സ്ഥാപിച്ചു ഭരിച്ചുതുടങ്ങി. ഇദ്ദേഹത്തിൻെറ കാലത്താണ് 'സുഭ്രതിതന്ത്രം' എന്ന പ്രസിദ്ധ ബുദ്ധമതഗ്രന്ഥം രചിതമായതു്. ഈ രാജാവിൻെറ മകളായ മഹേന്ദ്രദത്തയെ ബലിരാജാവായ ഉദയനൻ വിവാഹം ചെയ്തു. അവരുടെ പുത്രനായ എർല്ലങ്ങൻ ബാല്യത്തിലെ ശത്രുക്കളെ ഭയന്ന് വനഗിരിയെ അഭയം പ്രാപിച്ചു. അവിടെ അദ്ദേഹം സന്ന്യാസിമാരുടെ ആശ്രമങ്ങളിൽ തപോവൃത്തിയിൽ കഴിച്ചുകൂട്ടി, താൻ ഭാവിയിൽ രാജാവാകുന്നപക്ഷം ആ വനത്തിൽ പരിഷ്കൃതരീതിയിലുള്ള ഒരു മഹച്ഛ്യാശ്രമം പണിയിക്കുന്നതാണെന്ന് അന്നു ചെയ്ത പ്രതിജ്ഞ പിന്നിടദ്ദേഹം നിറവേററുകയുണ്ടായി. ശകാബ്ദം 957-ൽ എർല്ലംഗൻ അനായ്യന്മാരെ ഓടിച്ച് യവദ്വീപിൻെറ ഏകനായകനായിത്തീന്നു. ഈ രാജാവിൻെറ കാലത്താണ് അജ്ജുനവിവാഹം, വിരാടപവ്വം, മഹാഭാരതം, രാമായണം മുതലായ കൃതികൾ വിവത്തനങ്ങളും മററുമായി അ.വിടെ ഉണ്ടായതു്.

പിന്നീടോരോ കാലത്തായി യവദ്വീപം ഭരിച്ച രാജാക്കന്മാരുടെ നാമങ്ങൾ ചില ഉത്തമസാഹിത്യഗ്രന്ഥങ്ങളുമായി സംഘടിപ്പിച്ചു കാണുന്നുണ്ട്. വർഷജയൻെറ

കാലത്തു ജീവിച്ചിരുന്ന ത്രിഗുണൻ സുമനസന്തകം, കൃഷ്ണായനം എന്ന രണ്ടു കാവ്യങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. ചന്ദ്രകിരണ എന്ന രാജ്ഞിയെ വിവാഹംചെയ്തു പ്രതാപശ്രീമാനായി വാണിരുന്ന കാമേശ്വരരാജാവിൻെറ കാലത്തു് രാജകീയസദസ്സിനെ അലങ്കരിച്ച ധർമ്മജൻ 'സ്മരദഹനം' എന്ന കാവ്യം രചിച്ചു.

എ. ഡി. 1135 മുതൽ 1155-വരെ രാജ്യം ഭരിച്ച ജയാഭയൻെറ സദസ്യനായിരുന്നു 'പെന്തുലു' എന്ന മഹാകവി. ഭാരതയുദ്ധവും, ഹരിവംശവും അദ്ദേഹത്തിൻെറ കൃതികളാണു്. ഭാരതയുദ്ധരംഗം യവദ്വീപിലേയ്ക്കു മാററി പാത്രസൃഷ്ടിയിലും മററും പല സ്വാതന്ത്ര്യങ്ങളും പ്രകടിപ്പിച്ചുകൊണ്ടാണു് ആദ്യത്തെ കൃതി രചിച്ചിട്ടുള്ളതു്. ഇങ്ങനെ കുരുപാണ്ഡവവംശങ്ങളുടെ ബന്ധം യവദ്വീപരാജാക്കന്മാക്കും ഉള്ളതായി ആളുകൾ വിശ്വസിച്ചുവരുന്നു. കവികളുടെ ഈ കൌശലം ഭാരതീയക്കു പുത്തരിയായി തോന്നുന്നതല്ലല്ലോ.

പ്രസ്തുത കാമേശ്വരരാജാവിനു രാജബിരുദം സിദ്ധിച്ചതു് ചീനാചക്രവർത്തിയിൽനിന്നും ആയിരുന്നുവത്രേ! അറേബിയായിലും ആഫ്രിക്കായിലും ചെന്നു് യവദ്വീപവാസികൾ അക്കാലത്തു കച്ചവടം ചെയ്തിരുന്നതായും തെളിയുന്നു.

## II

ഒരു ബൌദ്ധസംസ്കൃതകൃതിയായ സദ്ധർമ്മസ്മൃത്യുപസ്ഥാനസൂത്രത്തിൽ ജാവയെപ്പററി പരാമർശിക്കുന്നു. രാമായണപദ്യത്തിനുശേഷം ജംബുദ്വീപവർണ്ണനമാണു കാണുന്നതു്. പ്രസ്തുത കൃതിക്കു് അശ്വഘോഷൻ ഒരു വ്യാ

ഖ്യാനമെഴുതീട്ടുണ്ട്. ആ സ്ഥിതിക്ക് ക്രിസ്ത്വാബ്ദം ഒന്നാം ശതകത്തിൽ ഇൻഡ്യാക്കാർക്ക് യവദ്വീപത്തെപ്പററി നല്ല അറിവുണ്ടായിരുന്നതായി വിചാരിക്കാം. 'ടാളമി'യുടെ ഭൂമിശാസ്ത്രത്തിൽ യവദ്വീപം ഫലപുഷ്ടിയുള്ളതും സുവർണ്ണഖനികൾക്ക കീർത്തികേട്ടതും ആണെന്നു പറഞ്ഞിരിക്കുന്നു. അതിൻെറ തലസ്ഥാനം പടിഞ്ഞാറെ അററത്തു സ്ഥിതിചെയ്തിരുന്ന 'അർഗിരം' ആയിരുന്നുവത്രേ! യവദ്വീപത്തിനും ഭാരതഭൂമിക്കും മദ്ധ്യേയുള്ള ദ്വീപാന്തരങ്ങളിൽ മനുഷ്യഭോജികളായ വർഗ്ഗക്കാർ വസിച്ചിരുന്നതായും ടാളമി രേഖപ്പെടുത്തീട്ടുണ്ട്. രാമായണത്തിലും അങ്ങനെതന്നെയാണല്ലോ പറഞ്ഞിരിക്കുന്നതു്. രാമായണപദ്യത്തെ അധികരിച്ച് ഓഡറിക് എന്ന യൂറോപ്യസഞ്ചാരിയും ക്രിസ്ത്വാബ്ദം 14-ാം നൂററാണ്ടിൽ ജാവ ഏഴു രാജ്യങ്ങളടങ്ങിയ ഒരു ദ്വീപാണെന്നും രാജധാനിയിൽ സുവർണ്ണമതിലുകളുണ്ടെന്നും പറഞ്ഞു കാണുന്നു. പല പാലിഭാഷയിലുമുള്ള ബുദ്ധമത ഗ്രന്ഥങ്ങളും പരിശോധിച്ചു നോക്കീട്ട് 'ലെവി' എന്ന പണ്ഡിതൻ യവദ്വീപവും സുവർണ്ണദ്വീപവും പണ്ടു പല കപ്പൽ സഞ്ചാരികളും സന്ദർശിച്ചിരുന്നതായും സ്വർണ്ണം, ചന്ദനം മുതലായ പദാർത്ഥങ്ങൾ അവിടെനിന്നും കയററിക്കൊണ്ടു പോയിരുന്നതായും ക്രിസ്ത്വാബ്ദം മൂന്നാം ശതകത്തിനുമുമ്പ് അവയുടെ പ്രസിദ്ധി പാശ്ചാത്യരാജ്യങ്ങളിലെല്ലാം വർദ്ധിച്ചിരുന്നതായും തെളിയിച്ചിട്ടുണ്ട്. കൌടില്യൻെറ അർത്ഥശാസ്ത്രത്തിൽ പറഞ്ഞു കാണുന്ന 'സുവർണ്ണകുഡ്യകം', ജാവാ, സുമാത്ര മുതലായ ദ്വീപുകളിൽ ഒന്നിനെ വിവക്ഷിക്കുന്നതായിരിക്കണം. ചില 'പഥ'ങ്ങളെപ്പററിയും അർത്ഥശാസ്ത്രത്തിൽ സൂചനയുണ്ട്. ഉദാഹരണത്തിനു് അജപഥം, മേണ്ഡപഥം, ശങ്കുപഥം, ഛത്രപഥം മുതലായവയാണു കൊടുത്തിരിക്കുന്നതു്. ഇവയിൽനിന്നും ആടുകളെ ഭാരം ചുമക്കാൻ ഉപയോഗിക്കേണ്ടതായും

വലിയ പർവ്വതങ്ങളിൽ ആണിയടിച്ചു കയറുകെട്ടി കേറി പ്പോകേണ്ടതായും, ഉന്നതപ്രദേശങ്ങളിൽ നിന്നും ചില പ്പോൾ മരത്തങ്ങളുടെ സഹായത്തോടുകൂടി കീഴ്പ്പോട്ടു ചാടേണ്ടതായും, ഇങ്ങനെയെല്ലാം ഈ ദ്വീപുകളിൽ സഞ്ചരിക്കേണ്ടതായും വന്നു എന്നാണു ഗ്രഹിക്കാനുള്ളതു്. ബൃഹത്കഥയിൽ സുപ്രിയൻ ഇങ്ങനെയൊക്കെ മാർഗ്ഗസഞ്ചരണം ചെയ്തിരുന്നതായി പറഞ്ഞിട്ടുണ്ടല്ലോ. സിമ്പാദിൻെറ കപ്പലോട്ടം എന്ന കഥാസഞ്ചികയ്ക്കു് അടിസ്ഥാനമായി നിൽക്കുന്നതു ബൃഹത്കഥയിലെ 'ശകുനപഥ' പ്രസ്താവമാണെന്നു പ്രോ. ലെവി സകാരണം തെളിയിച്ചിരിക്കുന്നു. ആ കപ്പാടെ ഈ വിവരണങ്ങളിൽ നിന്നും വന്നുകൂടുന്നതു് പാശ്ചാത്യസഞ്ചാരികൾ കൂടെക്കൂടെ സന്ദർശിക്കാറുള്ള ദ്വീപുകളായിരുന്നു ജാവ, സുമാത്ര, ബോർണ്യോ മുതലായവ എന്നുമാത്രമാണു്. അലക്സാൻഡ്രിയായിൽ നിന്നും കപ്പൽ കയറി ഇൻഡ്യയുടെ പടിഞ്ഞാറെ തീരത്തുള്ള സൂർപ്പരകത്തു (Surat) വിശ്രമിച്ചതിൻെറ ശേഷം അവർ പ്രസ്തുത ദ്വീപങ്ങളിൽച്ചെന്നു് സ്വർണ്ണം, ചന്ദനം, സുഗന്ധദ്രവ്യങ്ങൾ മുതലായവ കയററിക്കൊണ്ടുപോവുക പതിവായിരുന്നു.

ക്രിസ്ത്വാബ്ദം 423-ൽ കൃഷ്ണവർമൻ ജാവയിൽ ബുദ്ധമതം പ്രചരിപ്പിച്ചതായി പറഞ്ഞുവല്ലോ. ഗുണവർമൻ കാശ്മീരരാജവംശത്തിലെ ഒരു രാജകുമാരനായിരുന്നു. ബാല്യത്തിലെ മൃഗവേട്ട അസാധുവെന്നു വാദിക്കുകയും പരോപകാരപ്രദങ്ങളായ കാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്തു. മുപ്പതുവയസ്സു പ്രായമായപ്പോൾ നാടുവാണിരുന്ന മഹാരാജാവു മൃതനാവുകയും, അദ്ദേഹത്തിനു പുത്രന്മാരില്ലായ്കയാൽ, ആശ്രമജീവിതം നയിച്ചിരുന്ന ഗുണവർമനോടു രാജാവാകാൻ പ്രജകൾ അഭ്യർത്ഥിക്കുകയും ചെയ്തു.

അവരുടെ ഉപദ്രവങ്ങൾ സഹിക്കാൻ പാടില്ലാഞ്ഞിട്ട് ഗുണവർമൻ തീർത്ഥയാത്ര പുറപ്പെട്ട് ലങ്കയിൽക്കൂടി ജാവയിലെത്തി. ജാവാധിപൻെറ മാതാവു തലേദിവസം രാത്രി ഒരു പുണ്യാത്മാവ് ആകാശസഞ്ചരണംചെയ്തു സമീപത്തേക്കു വരുന്നതായി സ്വപ്നം കണ്ടു. എന്തിനധികം പറയുന്നു? അചിരേണ ആ മനസ്വിനി ബുദ്ധമതം അവലംബിച്ചു; രാജാവും ബുദ്ധമതാനുസാരിയായി. അയിടയ്ക്ക് അടുത്ത ദ്വീപിൽനിന്നും ഒരു ശത്രുരാജാവു യവദ്വീപത്തെ ആക്രമിച്ചു. യുവരാജാവു ഗുണവർമൻെറ ഉപദേശം ആവശ്യപ്പെട്ടതിൽ രാജ്യരക്ഷചെയ്യേണ്ടതു രാജധർമ്മമാണെന്നും പക്ഷേ ക്രൌര്യം പ്രവർത്തിക്കരുതെന്നും അനുശാസിച്ചു. ദൈവഗത്യാ ശത്രു യുദ്ധം ചെയ്യാതെ പിൻവാങ്ങി. രാജാവ് സന്തോഷിച്ച് ഗുണവർമന് ഒരു ബുദ്ധവിഹാരം പണിയിച്ചു കൊടുത്തു. പക്ഷേ ഗുണവർമൻ അധികകാലം അവിടെ താമസിക്കാതെ ചൈനയിലേക്കു പോകയാണുചെയ്തതു്.

ക്രിസ്ത്വാബ്ദം അഞ്ചാംശതകത്തിൻെറ അവസാനഘട്ടത്തിൽ ആര്യഭടൻ ഇങ്ങനെ രേഖപ്പെടുത്തിക്കാണുന്നു. “ലങ്കയിൽ സൂര്യൻ ഉദിക്കുമ്പോൾ യവദ്വീപത്തിൽ ഉച്ചയും റോമിൽ രാത്രിയും ആണു്.” സൂര്യസിദ്ധാന്തത്തിലും യവദ്വീപത്തിൻെറ സ്ഥാനം നിർദ്ദേശിച്ചുകാണുന്നു. ആധുനികഭൂമിശാസ്ത്രം അനുസരിച്ച് അതത്ര ശരിയാണെന്നു പറവാൻ മേല. ക്രിസ്ത്വാബ്ദം ഏഴാംശതകത്തിൽ ഏഴുവർഷം തികച്ച് ജാവയിൽ വസിച്ചിരുന്ന ഇത്സിങ്ങ് എന്ന ചീനക്കാരൻ യവദ്വീപാധിപനായ ശ്രീവിജയന് ഇൻഡ്യയിലേക്കു പതിവായി പോയിവന്നുകൊണ്ടിരുന്ന അനേകം കപ്പലുകൾ ഉണ്ടായിരുന്നു എന്നെഴുതീട്ടുണ്ട്. യവദ്വീപം അന്നു് സംസ്കൃതസാഹിത്യസങ്കേതമായിരുന്നു എന്നു്

കാണുന്നു. ഇൻഡ്യയിലേക്കു വന്ന ബുദ്ധമതസന്യാസിമാർ ജാവയിൽത്താമസിച്ച് കുറെ സംസ്കൃതം പഠിച്ചതിനു ശേഷമെ ഇങ്ങോട്ടു പുറപ്പെട്ടിരുന്നുള്ളുവത്രേ!

## III

നമ്മുടെ രാമായണംപോലെ അത്ര പ്രചാരമുള്ള ഇതരകഥ യവദ്വീപത്തിലില്ലെന്നുതന്നെ പറയാം. വാല്മീകി മഹർഷിയുടെ സൃഷ്ടി അതുപോലെ പകർത്തുകയല്ല യവദ്വീപവാസികൾ ചെയ്തിട്ടുള്ളത്. പല വ്യതിയാനങ്ങളും അവിടത്തെ രാമായണത്തിൽ വരുത്തീട്ടുണ്ട്. ആകൃതിയുടെ ആദ്ധ്യാത്മികതത്വപ്രകാശകമായ രൂപത്തിലും വിവർത്തനം ചെയ്തിട്ടുണ്ട് *.

രാമായണകഥയെ ഭാരതത്തിനുപുറമെ അടുത്തുള്ള ചില രാജ്യക്കാർ എത്രമാത്രം ബഹുമാനിക്കുന്നു എന്ന് ചമ്പാരാജ്യത്തെ കാര്യം നോക്കിയാൽ മതി. രാമൻ എന്ന നാമധേയം രാജവംശത്തിൽ അനുസ്യൂതമായി നിലനില്ക്കുന്നതു കാണാം. പാവകളിൽ ഈ കഥ മുഴുവനും അവിടെ പ്രദർശിപ്പിച്ചുവരുന്നു. രാജധാനിക്കു കുറെക്കാലം മുമ്പുവരെ അയൂത്തിയ (അയോദ്ധ്യ) എന്നും പേരുണ്ടായിരുന്നു. ആധുനികതലസ്ഥാനമായ ബാങ്ക്കാക്കിലെ പ്രധാന ബുദ്ധക്ഷേത്രത്തിൻെറ ഗോപുരവാതലുകളിൽ രാമായണകഥ മുഴുവൻ രജതരേഖകളിൽ ചിത്രീകൃതമായിട്ടുണ്ടെന്ന് ഒരു ഭാരതീയസന്ദർശകൻ എഴുതിയിരിക്കുന്നതായി കണ്ടു. 'കാംബൂജ'യിലെ രാജകുമാരന്മാർ സൂര്യകുലജാതരാണെന്ന് ഇന്നും അഭിമാനിച്ചുവരുന്നു. കാംബോഡിയ

---

* Stutterheim — Rama Legends in Indonisien.

യിലെ രാജധാനി പണിയിച്ച യശോവർമൻ ഒരു ശിലാശാസനത്തിൽ അയോദ്ധ്യയും, വിഭീഷണയും ആയ ആ നഗരിയെ താൻ രാഘവനെപ്പോലെ സുമന്ത്രസഹായത്തോടുകൂടി പരിപാലിച്ച് ശ്രീയുമായി (സീതാസഹിതം) വാണു എന്നു രാമായണപരമായ അർത്ഥം ധ്വനിക്കത്തക്ക വിധത്തിൽ ഒരു പദ്യം കൊത്തിച്ചിട്ടുണ്ട്. 'ഹേമശൃംഗഗിരി' എന്ന ക്ഷേത്രഭിത്തികളിൽ സുഗ്രീവസഖ്യം, ബാലിസുഗ്രീവസമരം, അശോകവനികയിലെ സീത, അംഗുലീയവൃത്താന്തം, രാമരാവണയുദ്ധം മുതലായ രാമായണകഥാരംഗങ്ങൾ തന്മയത്വത്തോടുകൂടി കൊത്തിയിരിക്കുന്നതു കാണാം. ദക്ഷിണചമ്പയിലെ ഒരു ഐതിഹ്യപ്രകാരം രാമായണകഥ മുഴുവൻ ആ സമയത്തു നടന്നതായിട്ടാണു കാണുന്നതു്. ബുദ്ധമതഗ്രന്ഥമായ ദശരഥജാതകത്തെക്കാൾ പഴക്കമുള്ള ഈ ഐതിഹ്യം ചമ്പാരാജ്യത്തു സ്വതന്ത്രമായി ഉണ്ടായിട്ടുള്ളതാണെന്നാണ് എം. ഹ്യൂബർട് † എന്ന പണ്ഡിതൻെറ അഭിപ്രായം. ചൈനയിലും ററിബററിലും രാമായണകഥ പണ്ടേ സ്ഥലം പിടിച്ചിട്ടുണ്ടെന്നുള്ളതും വക്തവ്യമാണു്.

ജാവയിലാകട്ടെ 'പ്രാംബനൺ'ദേവാലയത്തിലെ രാമായണചിത്രങ്ങൾ കണ്ടുപിടിച്ചപ്പോൾ അവയുടെ ഉൽപ്പത്തി എങ്ങനെ എന്നു വിദ്വാന്മാർ ചിന്തിച്ചുതുടങ്ങി. പല വ്യതിയാനങ്ങളും വാല്മീകിരാമായണത്തിൽ ഇല്ലാത്തതു് ഈ ചിത്രാവലി പ്രത്യക്ഷപ്പെടുത്തുന്നു. കൊത്തുപണിയുടെ കാലമാകട്ടെ ഒൻപതാം ശതകത്തിനിപ്പുറമാകാൻ തരമില്ലെന്നാണു് പുരാണവസ്തുതത്വാന്വേഷികൾ ഘോഷിക്കുന്നതു്. എന്നാൽ ഈ വ്യതിയാനങ്ങൾ അത്ര ഗണ്യ

---

† Hubert -La Legenda du Ramayana.

മാക്കാനില്ല. എന്തെന്നാൽ മഹാഭാരതപ്രകാരമുള്ള രാമായണത്തിൽ വാല്മീകീയത്തിലില്ലാത്ത പലതും കാണന്നുണ്ട്. തമിഴിലെ കമ്പരാമായണത്തിൽ എത്രയോ ഭിന്നതകൾ കാണുന്നുണ്ട്. ഈ സ്ഥിതിക്ക് രാമൻേറയും രാവണൻേറയും കഥ കണ്ണാകണ്ണികയാ പ്രചരിച്ചിരുന്നു എന്നും കവികൾ അതവലംബിച്ചിരുന്നു എന്നും സ്പഷ്ടമാണ്. ഇങ്ങനെ ഒരു കഥ മലയദ്വീപിൽ പ്രചരിച്ചിരുന്നു. വേറൊന്നു ജാവയിലും പരന്നിരുന്നതായി വിചാരിക്കാമല്ലോ. ശില്പിയുടെ കല്പനാസാമർത്ഥ്യത്തിനു വിഷയമായതു് ആ കഥ തന്നെയായിരിക്കണം എന്നത്രെ സ്ററട്ടർഹീം എന്ന പണ്ഡിതൻെറ അഭിപ്രായം.

ജാവയിലെ രാമായണം രചിച്ച കവി ഒരു വൈഷ്ണവനായിരുന്നു എന്നു തെളിയുന്നുണ്ട്. അദ്ദേഹത്തിനു സംസ്കൃതം അറിവാൻ പാടില്ലായിരുന്നു എന്നാണ് പ്രൊ. കോൺ പറയുന്നതു്. ഭാരതയുദ്ധവും ഈ കൃതിയും ഏകദേശം ഒരേകാലത്തു് അതായതു് ഏ. ഡി. 1100-ൽ ആണു് രചിതമായതു്. അതിൽ ഉത്തരകാണ്ഡം ഇല്ല. ഉത്തരകാണ്ഡത്തിൻെറ ഒരു ഗദ്യവിവർത്തനം മാത്രമേ ജാവയിലുള്ളൂ.

"ശേരൽക്കാണ്ഡം" എന്ന മഹാഗ്രന്ഥത്തിൽ രാമായണവും അടങ്ങിയിരിക്കുന്നു. മെക്കായിലെ ആഢം മുതലാണ് കാവ്യം ആരംഭിക്കുന്നതു്. വിഷ്ണു, വാസുകി മുതലായവരുടെ ജനനം തുടങ്ങിയുള്ള കഥകൾ ഇതിൽ വിവരിച്ചതിനുശേഷം, 22-ാംസർഗ്ഗത്തിൽ രാമായണം തുടങ്ങുന്നു. ശ്രീരാമന്ന് 'ഭഗവാ'നെന്നും, ലക്ഷ്മണന്ന് 'മൃൽകൻ' എന്നും, സീതയ്ക്കു് 'സിന്ത' എന്നും ആണു് പേരുകൾ കാണുന്നതു്. ഹനുമാനെ ശ്രീരാമൻേറയും സീതയു

ടെയും പുത്രനായി കല്പിച്ചിരിക്കുന്നു. ശ്രീരാമനും സൈന്യവുംകൂടി ലങ്കയെ ആക്രമിക്കുവാൻ തുടങ്ങുന്ന ഘട്ടത്തിൽ കവി ഒരു വലിയ വ്യതിയാനത്താൽ ഭാരതകഥയിൽ പ്രവേശിക്കുന്നു. പിന്നെ എഴുപതാംസർഗ്ഗത്തിലാണ് പ്രകൃതകഥ തുടങ്ങുന്നതു്. അടുത്തു് രാമരാവണയുദ്ധം വർണ്ണിക്കുന്നു. വധശേഷം രാവണനെ സംസ്കരിക്കുന്നതു് ഒരു മലയുടെ അടിവാരത്താണ്.

സീത ഉപയോഗിച്ചിരുന്ന ഒരു താലവൃന്തത്തിന്മേൽ രാവണന്റെ പടം എഴുതിയിരുന്നതു കണ്ടു് ശ്രീരാമൻ കോപകലുഷനായിത്തീരുകയും, സീതയെ പിതൃഗൃഹത്തിലേയ്ക്കു പറഞ്ഞയക്കുകയും ചെയ്യുന്നു. ഒടുവിൽ ജനകരാജധാനിയിൽവച്ചു് അവർ തമ്മിൽ പുനസ്സമാഗമം ഉണ്ടാകുന്നു. ഇന്ദ്രജിത്തിന്റെ പുത്രിയും ലവകുമാരനും തമ്മിലുള്ള വിവാഹം നമുക്ക് അത്ഭുതകരമായിത്തോന്നും.

വാല്മീകീയകഥയല്ല ശേരൽക്കാണ്ഡകാരൻ അനുസരിക്കുന്നതെന്നു വ്യക്തമാകുന്നു. നമ്മുടെ മാവാരതം പാട്ടുപോലെയുള്ള വല്ല ദേശീയഗാനവും കവി കേട്ടിരിക്കാൻ ഇടയുണ്ടു്. മുഹമ്മദീയവൃത്താന്തങ്ങൾ ശേരൽക്കാണ്ഡത്തിൽ കടന്നുകൂടിയതും വിചിത്രമായിരിക്കുന്നു. മലയസാഹിത്യത്തിലും മുസ്ലീം പ്രാബല്യം കാണാവുന്നതാണ്.

രാമായണവ്യതിയാനങ്ങൾക്കു നിദാനമായിരിക്കുന്നതു് അവിടത്തെ പഴയ പാട്ടുകളൊ ഇൻഡ്യാക്കാർ പ്രചരിപ്പിച്ച കഥകളൊ എന്നു തീച്ചപറവാൻ നിവൃത്തിയില്ല. ഈ വ്യത്യാസങ്ങൾ ഒട്ടുമുക്കാലും ഇൻഡ്യയിലെ പല ഭാഗങ്ങളിലുമായിക്കാണാവുന്നതാണെന്നു മാത്രമെ പറവാൻ സാധിക്കു. ഒന്നുരണ്ടുദാഹരണങ്ങൾകൊണ്ടു് ഈ സംഗതി

തെളിയിക്കാം. മന്ഥരയെ ശ്രീരാമൻ ബാല്യത്തിൽ വളരെ അസഹ്യപ്പെടുത്തീട്ടുള്ളതിനു പ്രതികാരമായിട്ടാണു് അവൾ കൈകേയിയെ രാമവിദ്വേഷത്തിനു പ്രേരിപ്പിക്കുന്നതെന്നു് മലയ-യവദ്വീപങ്ങളിലെ രാമായണത്തിൽ കാണുന്നതുപോലെ തന്നെ ക്ഷേമേന്ദ്രൻെറ രാമായണകഥാചരിതമഞ്ജരിയിലും കാണുന്നുണ്ടു്. സീത രാവണൻെറ പുത്രിയായിരുന്നു എന്നു് മേല്പറഞ്ഞ രാമായണത്തിൽ കാണുന്നു എങ്കിൽ അങ്ങനെയൊരു കഥ ജൈനന്മാരുടെ ഉത്തരപുരാണത്തിലും ഉണ്ടെന്നു പറയാം. ഇങ്ങനെ ഒട്ടനേകം ഉദാഹരണങ്ങൾ നിർദ്ദേശിക്കാവുന്നതാകുന്നു.

ഡാക്ടർ സ്റ്ററുട്ടർഹീമിൻെറ അഭിപ്രായത്തിൽ മേൽപ്പറഞ്ഞ വ്യതിയാനങ്ങൾക്കു മലയ-യവദ്വീപകവികളെ അപരാധികളാക്കീട്ടു കാര്യമില്ലെന്നാണു്.

## IV

യവദ്വീപത്തിലെ ഒടുവിലത്തെ ഹിന്ദുസാമ്രാജ്യം 'മജപഹിതം' ആയിരുന്നു. ഒരു കവിയും ചരിത്രകാരനും ആയിരുന്ന പ്രപഞ്ചൻ ഈ പേരു് 'ബില്വതിക്തം' എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നതായിക്കണ്ടു. 'ഹ്യം വുരുക്' എന്ന രാജാവിൻെറ കാലത്താണു് ഈ രാജ്യം അത്യന്തം ഉൽക്കർഷം പ്രാപിച്ചിരുന്നതു്. 'ശ്രീരാജസനാഗര' എന്ന സ്ഥാനം ഈ രാജാവിനുണ്ടായിരുന്നതായി പ്രപഞ്ചൻെറ 'നഗരകൃതാഗമം' എന്ന ചരിത്രത്തിൽ കാണുന്നു. പരിണതപ്രജ്ഞനായിരുന്ന അദ്ദേഹത്തിൻെറ മന്ത്രിസത്തമൻ ഗജമദൻ തൻെറ കയ്യൂക്കുകൊണ്ടു് അയൽരാജ്യങ്ങളെയും കീഴടക്കിയിരുന്നു. ഫിലിപ്പൈൻ ദ്വീപുകളും നവഗിനിദ്വീപവും പ്രസ്തുത സാമ്രാജ്യത്തിലുൾപ്പെട്ടിരുന്നു

എന്നു പറഞ്ഞാൽ അതെത്ര വിപുലമായിരുന്നു എന്നു മന സ്സിലാക്കാമല്ലോ. ആസ്ത്രേലിയാ ഭൂഖണ്ഡത്തിൻെറ വടക്കെ ഭാഗങ്ങളും മലയാദ്വീപിൻെറ ഒട്ടുമുക്കാൽ ഭാഗവും മജപ ഹിതത്തിലുൾപ്പെട്ടിരുന്നതായിട്ടാണ് പ്രപഞ്ചൻ വൎണ്ണിച്ചു കാണുന്നതു്. പക്ഷേ ഈ പ്രതാപൈശ്വൎയ്യങ്ങൾ ഹ്യംവു രുക്കിൻെറ കാലത്തോടുകൂടി അവസാനിച്ചു. കീഴടക്ക പ്പെട്ട രാജ്യങ്ങൾ ഓരോന്നായി പരന്മാർ ആക്രമിച്ചു എന്നുമാത്രമല്ല മജപഹിതത്തിൻേറയും കാൎയ്യം വലിയ പരുങ്ങലിലായി.

ഈ അധഃപതനത്തിൻെറ ഫലം എന്തെന്നാരായു ന്നതിനുമുമ്പ് തലസ്ഥാനനഗരിയുടെ വൎണ്ണനം 'പ്രപഞ്ച' ദൃഷ്ടിയിൽ കൂടി നമുക്കൊന്നു വീക്ഷിക്കാം. നഗരത്തിനു ചുററും ഉന്നതവും ബലവത്തരവും ആയ ഒരു കോട്ടയുണ്ടാ യിരുന്നു. പടിഞ്ഞാറുഭാഗത്തു മദ്ധ്യസ്ഥിതമായ തടാക ത്തോടു കൂടിയ ഒരു മൈതാനമുണ്ടായിരുന്നു. ചുററും ബ്രഹ്മ സ്ഥാനതരുക്കൾ ഭംഗിയായി വച്ചു പിടിപ്പിച്ചിരുന്നതിനൊ ക്കെ ഓരോ കളിത്തട്ടുപോലെ ആളുകൾക്കിരുന്നു വിശ്രമി ക്കുവാൻ സകലവിധ സൌകൎയ്യങ്ങളോടുകൂടിയ ഓരോ തറയും കെട്ടിച്ചിരുന്നു. നഗരരക്ഷികൾ സ്ഥാനമുറപ്പിച്ചി രുന്നതു ഇവിടെയാണ്. കിഴക്കായിട്ട് അടിയിൽ വജ്രലേ പത്തറയോടുകൂടിയ ഒരു വില്മച്ചുമണ്ഡപം ഉണ്ടായിരുന്നു. ആപണവീഥി ഇരുവശവും കമനീയങ്ങളായ സൌധങ്ങ ളോടുകൂടിയതായിരുന്നു. ഇവിടെ ചൈത്രമാസംതോറും സൈന്യം കൂടാറുണ്ട്. കുറെ വടക്കോട്ടു നീങ്ങി പരിഷ്കൃ തമായ ഒരു ശൃംഗാടകമുണ്ട്. അതിനെ അഭിമുഖീകരിച്ചു കൊണ്ട് ആസ്ഥാനമണ്ഡപം സ്ഥിതിചെയ്യുന്നു. അതിനു കിഴക്കായി ശൈവബുദ്ധപരിഷത്തുകൾ കൂടി സദസ്സു നട ത്തുന്ന മന്ദിരം പണിതിരിക്കുന്നു. ഇതിനകത്തു തന്നെ

ഗ്രഹണവേളകളിൽ അനൎത്ഥനിവാരണാൎത്ഥം ദേവപൂജ നട ത്തുവാൻ ഒരു ക്ഷേത്രമുണ്ട്. അടുത്തു കാണുന്നതു് മഹാ ശിവക്ഷേത്രമാണ്. അതിനടുത്തതു വിപ്രഗൃഹം. അടുത്ത തു് ബുദ്ധചൈത്യം. രാജകീയവിതാനം അത്യന്തം സുഖ ശീതളമായ ഒരു സ്ഥലമാണ്. രാജാവിനെ സന്ദൎശിക്കു വാൻ വരുന്നവർ ഇവിടെയാണു കാത്തിരിക്കുന്നതു്. ഇ നിയും രാജഗൃഹത്തിനടുത്തു് രാജവംശത്തോടു് അടുത്തു സംബന്ധമുള്ള ഉൽകൃഷ്ടകുടുംബങ്ങളുടെ അനവധി വസ തികൾ ഉള്ളതായി പ്രപഞ്ചൻ പ്രസ്താവിച്ചിട്ടുണ്ട്. കേസരം, ചമ്പകം മുതലായ പുഷ്പവൃക്ഷങ്ങൾ ഭംഗിയായി വച്ചു പിടിപ്പിച്ചിട്ടുള്ള ഈ ഭവനങ്ങളിൽ വസിച്ചിരുന്ന ആളുകൾ ഒന്നാന്തരം പരിഷ്കാരം പ്രാപിച്ചിരുന്നവരായിരിക്കണം എന്നുള്ളതിനു സംശയമില്ല.

# 7. കേരളീയ കവിതാരീതി

കവിതയുടെ ആത്മാവും ശരീരവും മനുഷ്യരുടെ ആത്മാവും ശരീരവും പോലെ തന്നെ അന്യോന്യാശ്രയിഭൂതങ്ങളാകയാൽ അവ രണ്ടും വേർതിരിച്ചു പ്രകാശിപ്പിക്കയെന്നതു കേവലമൊരു വ്യാവഹാരികവ്യവസായമെന്നേ വിചാരിക്കേണ്ടതുള്ളു. കവിതയുടെ ആത്മാവു കവിയുടെ മനോമണ്ഡലത്തിൽ പ്രതിബിംബിതമായിത്തീരുന്ന പ്രപഞ്ചതത്വമാണല്ലൊ. സുന്ദരമായ ഒരു ദൃശ്യാവലിയൊ, രസകരമായ ഒരു സംഭവമൊ, നമ്മുടെ മനസ്സിൽ പതിയുമ്പോൾ അതു പ്രകാശിപ്പിക്കുവാൻ നാം പല യത്നങ്ങളും ചെയ്യുന്നു. ചിലപ്പോൾ സാധിച്ചേക്കാമെന്നേയുള്ളു. എന്തായാലും അപ്രകാരമുണ്ടാകുന്ന ബാഹ്യരൂപം ഒരു നൂതന സൃഷ്ടിയായിപ്പരിണമിക്കുന്നു. ഈ സൃഷ്ടിയുടെ ആന്തരമായ ചൈതന്യശക്തി സാഹിത്യകലയിൽ കവിതയുടെ ആത്മാവും ബാഹ്യരൂപം ശരീരവുമാണെന്നു സാമാന്യമായിപ്പറയാം. പ്രാപഞ്ചികപദാൎത്ഥങ്ങൾ മനസ്സിൽ പതിയുന്നതു പല വിധത്തിലുമായിരിക്കും. അത്യുത്തമവും അതിസുന്ദരവും ആയ പ്രതിബിംബംപോലെ തന്നെ ചിലപ്പോൾ അതിനികൃഷ്ടവും, ഭയാനകവും ആയ ഛായകൾ പതിഞ്ഞു എന്നും വരാം. എങ്ങനെ ആയാലും ഈ മാനസസൃഷ്ടിക്കു കവിമനോധർമ്മം എന്ന പേരാണു് നിരൂപകന്മാർ നല്കിക്കാണുന്നതു്. അത്യുൽകൃഷ്ടങ്ങളായ ഓരോ വിഷയങ്ങൾ ആദിമഹാകവികളുടെ ഹൃദയതലങ്ങളെ സ്പർശിച്ചപ്പോൾ അവൎക്കുണ്ടായ വികാരത്തിൻെറ ഒരു പ്രതിച്ഛായ കവിതാരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. ആ കവിത വായിച്ചവരിൽ അതേ വികാരം

തന്നെ ഉൽഭൂതമായി എന്നുള്ളതിനു സംശയമില്ല. ഇങ്ങനെ ആയിരിക്കണം ശൃംഗാരാദിരസങ്ങൾ വ്യവസ്ഥാപിതങ്ങളായതു്. പിന്നീടു് ഓരോ രസം വർണ്ണിച്ചു ഫലിപ്പിക്കാൻ സ്വാനുഭവജ്ഞാനത്തിൻെറ അഭാവത്തിൽപോലും ശിക്ഷാസാമർത്ഥ്യത്താൽ കവികൾക്കു് സാധിച്ചിട്ടുണ്ടു്. ഇതിൽ ഏതെല്ലാമാണു് കല്പനകൾ എന്നും, ഏതെല്ലാമാണു് അനുകരണങ്ങൾ എന്നും കാലാന്തരത്തിൽ അറിവാൻ മേലാതെ പോയെങ്കിൽ അതിലത്ഭുതപ്പെടുവാനില്ല.

ക്രൌഞ്ചമിഥുനത്തിലൊന്നു വേടൻ വധിച്ചപ്പോൾ, അതു കണ്ടു് ഉള്ളുരുകിപ്പോയ വാല്മീകിമഹർഷി തൽക്ഷണം സൃഷ്ടിച്ച "മാനിഷാദാ"ദി പദ്യം ആണു് ആദ്യത്തെ കവിതയെന്നു പറയുന്നതിൽ പാശ്ചാത്യവിമർശകന്മാരിൽ ചിലർ കണ്ണു ചുളിപ്പിക്കുന്നതെന്തിനാണെന്നറിയുന്നില്ല. നമ്മുടെ രാമായണാദി ഇതിഹാസങ്ങളൊക്കെ കള്ളമാണെന്നു പറഞ്ഞാലും ഈ ക്രൌഞ്ചമിഥുനത്തിൻെറ കാര്യത്തിൽ വ്യാജലേശമില്ലെന്നു പ്രതിജ്ഞചെയ്യാവുന്നതാണു്. അഥവാ അന്നത്തെ ഒരു ചരിത്രസംഭവത്തിൽ ആ ദീർഘദർശിയായ മഹർഷി സ്വാനുഭവസാദൃശ്യം കണ്ടിട്ടു് ഒരു മഹാകാവ്യം എഴുതി എന്നു വരാവുന്നതാണല്ലോ. ബ്രഹ്മാവു വന്നുൽബോധിപ്പിച്ചു എന്നുള്ളതായിരിക്കാം കള്ളക്കഥ. തൻെറ കാലത്തും രാജ്യത്തിലും നടന്ന സംഭവം ഈ മനോഗതിയോടുകൂടി ഒരു കവി പ്രതിപാദിച്ചതിൽതന്നെ അനുകരണത്തിൻെറ ഛായ വന്നിട്ടുള്ള സ്ഥിതിക്കു് ആ ഇതിവൃത്തത്തെ ആസ്പദമാക്കി പിന്നീടെഴുതിട്ടുള്ള കാവ്യങ്ങൾക്കു് ആദർശത്തിൽനിന്നും എത്രമാത്രം അകൽച്ച വന്നിരിക്കണം! ആ ആദർശത്തിൻെറ പ്രേരണ നോക്കൂ! ക്രൌഞ്ചമിഥുനത്തിൻെറ കാര്യം രാമായണകഥയിൽ എവിടെയെല്ലാം ഏതെല്ലാം പ്രകാരത്തിൽ കവി

യുടെ മനോഗതി നമുക്കു സ്പഷ്ടമായി കാണിച്ചുതരുന്നു! ഭർത്തൃവധത്താൽ താരയ്ക്കും മണ്ഡോദരിക്കും ഉണ്ടായ ദുഃഖം പോലെ കരുണരസത്തിന്റെ പ്രാബല്യം ഒന്നുമാത്രം പുരസ്കരിച്ചു് ആ കാവ്യത്തിന്റെ ഉൽക്കർഷം നിരാക്ഷേപമായി സ്ഥാപിക്കാവുന്നതാണു്. ഇടയ്ക്കു വിപ്രലംഭശൃംഗാരം — അതോ, വിപ്രലംഭകരുണമൊ എന്നു തീർച്ച പറവാൻ നിവൃത്തിയില്ല — കവിതയുടെ മറെറാരു മാർഗ്ഗം നിർദ്ദേശിച്ചു. അതു പല മഹാകവികളേയും ആകർഷിച്ചു വശത്താക്കി. എത്രയെത്ര പുരുഷാന്തരങ്ങളായി ഇങ്ങനെ വായനക്കാരുടെ ചിത്തവൃത്തികളെ ഈ ക്രൌഞ്ചമിഥുന സൂചിതമായ കവിമനോധർമ്മം പ്രേരിപ്പിച്ചിരിക്കുന്നു എന്നു നോക്കുക.

ആദികവിതയ്ക്കു് ആത്മാവും ശരീരവും ഉണ്ടെങ്കിലും, ആത്മാവിനുതന്നെയാണു് മഹത്വം കല്പിക്കേണ്ടതെന്നു മാനിഷാദാദിപദ്യം സാക്ഷ്യം വഹിക്കുന്നുണ്ടല്ലൊ. യാതൊരു ശബ്ദഭംഗിയും അതിനുള്ളതായി തോന്നുന്നില്ല. എന്നാൽ സാധാരണ മനുഷ്യർ അവരുടെ ആശയങ്ങൾ വിനിമയം ചെയ്യുന്നതുപോലെയല്ല. ചുരുക്കിപ്പറഞ്ഞാൽ വൃത്തമുണ്ടെന്നാണു ഭേദം. ഇംഗ്ലീഷിൽ 'റിതം' (rhythm) എന്നു പറയുന്ന ശബ്ദങ്ങളുടെ ഗുണം വൃത്തംകൊണ്ടു സാധിക്കുന്നു എന്നു ഞാൻ പറയുന്നില്ല. വൃത്തം ഗദ്യപദ്യങ്ങളെ വേർതിരിക്കുന്നതേയുള്ളൂ. 'റിതം' അപ്രകാരം ചെയ്യുന്നു എന്നു പറവാൻ മേല. ഗദ്യപദ്യങ്ങൾക്കു ഉഭയസാധാരണമായിട്ടുള്ളതാണു് "റിതം." സംഗീതത്തിന്റെ ഒരു ശക്തിയാണിതെന്നു പറയാമെന്നല്ലാതെ ശരിയായി നിർവ്വചിക്കാൻ പ്രയാസം. എന്നാൽ സ്വരങ്ങളുടെ ആരോഹാവരോഹം കൊണ്ടുമാത്രം സിദ്ധമാകുന്ന ആസ്വാദ്യതയിലും എത്ര ഉപരിയായിട്ടാണു് ഈ ഗുണം സ്ഥിതിചെയ്യു

ന്നതു്! പദങ്ങളുടെ അത്ഥം മനസ്സിലാക്കാൻ നമുക്കു സാധിച്ചില്ലെങ്കിലും സംഗീതാനുഭവം മാത്രമേ ഉണ്ടാകുന്നുള്ളു. അത്ഥം മനസ്സിലാക്കി ആയതു മനോഹരമെന്നു തോന്നുന്നപക്ഷം ശബ്ദങ്ങളുടെ 'റിതം' എന്നതു സഹൃദയഹൃദയാഹ്ലാദജനകമായ ചമല്ക്കാരവിശേഷംതന്നെ എന്നു വന്നുകൂടുന്നു. സംഗീതരസികനും സഹൃദയനും ആയിട്ടു വളരെ അന്തരമുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. ഞാനൊരു സംഗീതജ്ഞനല്ല. എന്നാൽ നല്ല കവിത പാടിക്കേൾക്കാൻ വളരെ കൌതുകമുണ്ടു്. അതാണു് ചില വലിയ സംഗീതസദസ്സിലും മററും വച്ചു് നളചരിതം ആട്ടക്കഥയിലെ ഒരു പദമൊ പുനം നമ്പൂതിരിയുടെ ഒരു ശ്ലോകമൊ ചൊല്ലിക്കേട്ടാൽ കൊള്ളാമെന്നു് അപേക്ഷിക്കുന്നതു്. പക്ഷെ അപേക്ഷയുടെ അനൌചിത്യം മററു ചിലക്കു തോന്നാറുള്ളതുപോലെ എനിക്കു തോന്നാറില്ലെന്നേയുള്ളു.

ആത്മാവിന്നനുരൂപമായ ശരീരം കവിതയ്ക്കുണ്ടാകുന്നതു് എങ്ങനെ എന്നു വിശദമാക്കാൻ വളരെ പ്രയാസമാണു്. നല്ല നല്ല ആശയങ്ങൾ മനസ്സിൽനിന്നു ബഹിഗ്ഗമിക്കുമ്പോൾ നല്ല നല്ല രൂപങ്ങളെ പ്രാപിക്കുമെന്നും, ഷേക്സ്പീയർ, കാളിദാസൻ മുതലായ മഹാകവികളുടെ ആശയസമ്പത്താണു് മനോഹരപദാവലികളായിത്തീന്നിട്ടുള്ളതെന്നും നമുക്കു് അനുഭവം കൊണ്ടറിയാം. കവിതാനദിയുടെ ഉൽപ്പത്തിയാണു് പരിശുദ്ധമായിരിക്കേണ്ടതു്. പുറപ്പെട്ടു കഴിഞ്ഞതിൻെറ ശേഷം പോഷകനദികളാലും മററും എത്ര തന്നെ വിസ്തൃതമായിത്തീന്നാലും, ജലത്തിൻെറ നന്മ കൂടിവരുമൊ എന്നു സംശയമാണു്. പ്രപഞ്ചരമ്യത അതിൻെറ ഏതെങ്കിലും ഒരു അംശത്തിൽ കവിഹൃദയത്തിൽ പതിയുമ്പോൾ, കവിയ്ക്കുണ്ടാകുന്ന മാനസി

കമായും കായികമായും ഉള്ള ഭാവഭേദങ്ങൾ ആകപ്പാടെ അതിനെ സ്പർശിച്ച് വാഗ്രൂപമായി പുറപ്പെടുന്നു. വാസനാവിശേഷങ്ങൾക്ക് വല്ലതും ഒരു ഇളക്കം തട്ടേണ്ട താമസമേയുള്ളു. പിന്നീടു വേണ്ടതെല്ലാം സന്നദ്ധമായിരിക്കയാണ്. ഇന്ദുമതിയെ സ്വയംവരമണ്ഡപത്തിലേയ്ക്കു പ്രവേശിപ്പിച്ചപ്പോൾ തന്നെ സഞ്ചാരിണീ ദീപശിഖ, തെരുവീഥി, ഇതെല്ലാം ഓരോന്നായി കാളിദാസന്റെ മനോധർമ്മകവാടമാർഗ്ഗങ്ങളിൽ തിക്കിത്തിരക്കുകൂടിത്തുടങ്ങി. ആശയവും അനുരൂപപദാവലികളും ഇങ്ങനെ ഒരേസമയത്തുത്ഭവിക്കുമ്പോൾ ആ കവിത നിസർഗ്ഗമനോഹരമെന്നു പറയാം. എന്നാൽ ചിലതു പ്രഥമദൃഷ്ടിയിൽ മാത്രമെ അങ്ങനെ തോന്നുകയുള്ളു. മുമ്പൊരു കവി സൃഷ്ടിച്ചതു് കവിശിക്ഷയാൽ മററൊരാൾക്കു സ്വാധീനമായിത്തീരുകയും അയാൾ അതു സാമർത്ഥ്യത്തോടുകൂടി പ്രയോഗിക്കുകയും ചെയ്താൽ നാം ചരിത്രാന്വേഷണം ചെയ്തു് അതിന്റെ പ്രഥമകർത്തൃത്വത്തെ സ്ഥാപിക്കാൻ തുടങ്ങുന്നതാണോ? പക്ഷെ ദൈവാധീനത്താൽ ഇതുവരെ രസികന്മാരെ സംബന്ധിച്ചിടത്തോളം അതിന്ന് ആവശ്യം നേരിട്ടിട്ടില്ല.

സംസ്കൃത സാഹിത്യത്തിന്റെ ആരംഭഘട്ടങ്ങളിൽ നോക്കുകയാണെങ്കിൽ, വാല്മീകി, വ്യാസൻ മുതലായ മഹാകവികൾ പ്രകൃതിയെ പകർത്തിവച്ചിരിക്കുന്നതായി കാണാം. പിന്നീട് മനുഷ്യരുടെ മനോഗതികൾക്കു ക്രമപ്രവൃദ്ധമായി വന്നുചേർന്ന മാററത്താൽ പ്രകൃതിനിരീക്ഷണവും തദ്വാരാ മനോധർമ്മത്തിലുള്ള പ്രതിക്ഷേപവും, അതിന്റെ പ്രകാശനവും ഏതാണ്ടു വ്യത്യസ്തമായിത്തീർന്നു. ഇതു് ഊർദ്ധ്വഗതിയേയോ അധോഗതിയേയോ നിർദ്ദേശിച്ചതെന്നു ഖണ്ഡിതമായിപ്പറവാൻ മേല. എങ്കിലും ലോകം അനുദിനം പരിഷ്ക്കാരത്തെ പ്രാപിച്ചു വരികയാ

ണെന്നു പറയുന്നവരോടുകൂടി നമുക്കും ചേരാമെന്നേയുള്ളൂ. അങ്ങനെയാണെങ്കിൽ, ഈ പരിഷ്കാരം മനുഷ്യവ്യാപാരങ്ങളിലെല്ലാം ദശിക്കേണ്ടതാണല്ലൊ. കാളിദാസമഹാകവി വാസനാവിശേഷത്താൽ പല കവിതയും സൃഷ്ടിച്ചിട്ടുള്ളതുപോലെതന്നെ അഭ്യാസബലത്താലും അപ്രകാരം ചെയ്തിട്ടുണ്ടെന്നു പറഞ്ഞാൽ അതദ്ദേഹത്തിന്റെ അനശ്വരമായ യശസ്സിനു മാലിന്യമായിത്തീരുമോ എന്തോ? വാസനാബലം എത്രതന്നെ ഉണ്ടായിരുന്നാലും ആത്മാവിനു് നമ്മുടെ ശൈശവം മുതൽ സിദ്ധിച്ചു വരുന്ന സംസ്കാരത്തിൽ നിന്നും ഒഴിഞ്ഞുനില്ക്കാമോ എന്നു സംശയമാണു്. കവികൾ പ്രപഞ്ചവീക്ഷണത്തിൽ നിന്നും ഗ്രാഹ്യമാകുന്ന ഛായ ബാഹ്യരൂപത്തെ പ്രാപിക്കുമ്പോൾ സംസ്കാരത്തിന്റെ പ്രേരണയ്ക്കു അധീനമായിത്തീരുന്നു എങ്കിൽ അതിലത്ഭുതപ്പെടുവാനില്ല. അതൊരു അപരാധമായി ഗണിയ്ക്കേണ്ടതുമില്ല.

സീത വല്ക്കലം ധരിച്ചതു് ഭാസന്റെ മനോധൎമ്മത്തിനു വിഷയമായപ്പോൾ "സൎവ്വമോഹനീയം സുരൂപം നാമ" എന്നു സൂചിപ്പിക്കാനെ കഴിഞ്ഞുള്ളൂ. ശകുന്തളയുടെ വല്ക്കലധാരണമാകട്ടെ,

"സരസിജമനുവിദ്ധം ശൈവലേനാപിരമ്യം
മലിനമപി ഹിമാംശോർലക്ഷ്മ ലക്ഷ്മീം തനോതി
ഇയമധിക മനോജ്ഞാ വല്ക്കലേനാപി തന്വീ
കിമിവഹി മധുരാണാം മണ്ഡനം നാകൃതീനാം."

എന്നിങ്ങനെയുള്ള കാളിദാസന്റെ പ്രകൃതിനിരീക്ഷണ വിചക്ഷണമായ മനോധൎമ്മത്താൽ പരിഷ്കൃതമായി. ഇവിടെ ഭാസനെപ്പററിയുള്ള കാലദേശവാദങ്ങളിൽ ഞാൻ പ്രവേശിക്കുന്നില്ല. കാളിദാസനെ സംബന്ധിച്ചിടത്തോളം ഭാസ

നാടകമോ, അഥവാ ഈ ആശയത്തെ ഉത്തേജിപ്പിച്ചിട്ടുള്ള മററു വല്ല ഗ്രന്ഥമൊ, അദ്ദേഹം വായിച്ചിരിക്കാൻ ഇടയുണ്ടെന്നും, ഇങ്ങനെയുള്ള പൂവ്സാഹിത്യപരിചയം മഹാകവികൾക്കു യാതൊരു വിധത്തിലും അപകഷകമായിത്തീരുകയില്ലെന്നും പറഞ്ഞേതീരൂ. എന്നുമാത്രമല്ല, ഈ സംസ്കാരം വാസനാവിശേഷത്തിൽ ചേന്നതല്ലയോ എന്നും ഞാൻ സംശയിക്കുന്നു. കാളിദാസനു മുമ്പുള്ള സംസ്കൃതസാഹിത്യത്തിൽ കടന്നു് വിമശിക്കാനുള്ള ധൈയ്യം എനിക്കിനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. എങ്കിലും, വാല്മീകി, വ്യാസൻ, ഭാസൻ, അശ്വഘോഷൻ മുതലായ മഹാകവികളുടെ കൃതികളും എന്നുവേണ്ട അക്കാലംവരെ ഉണ്ടായിട്ടുള്ള സാഹിത്യശാസ്ത്രഗ്രന്ഥങ്ങളും കാളിദാസൻ നല്ലപോലെ വായിച്ചിട്ടുണ്ടായിരുന്നു എന്നും എന്നാൽ അദ്ദേഹത്തിൻെറ കവിതകളിൽ കാണുന്ന അസംഖ്യം സ്വതന്ത്രകല്പനകൾ മൂലമായി അവ അന്തർജ്ഞാനമയമെന്നു സ്ഥാപിക്കുവാൻ വേണ്ടിയാണു് ചിലർ അദ്ദേഹത്തിൻെറ ബാല്യജീവിതത്തെപ്പററിയുള്ള ഐതിഹ്യങ്ങൾ നിമ്മിച്ചിട്ടുള്ളതെന്നും ഊഹിപ്പാൻ പ്രയാസമില്ല. ദമ്പതിമാരുടെ പരസ്പരപ്രേമത്തിലന്തർഭവിച്ചിരിക്കുന്ന "ശൃംഗാരരസം" വിയോഗത്തിൽ കരുണമായിത്തീരുന്നതു് 'മാനിഷാദാ"ദിപദ്യത്തിൽനിന്നും രാമായണത്തിൽ സംക്രമിച്ചതു സൂചിപ്പിച്ചു. എന്നാൽ സംഭോഗം, വിപ്രലംഭം എന്നിങ്ങനെ രസചക്രവർത്തിയായിത്തീർന്ന ശൃംഗാരത്തിൻെറ ഭാവഭേദങ്ങൾ ആ മഹാകവി പില്കാലികന്മാരായ എത്രയെത്ര മഹാകവികളുടെ യശോവിജൃംഭണത്തിനു മാഗ്ഗങ്ങളാക്കിത്തീത്തു എന്നു നോക്കുക.

ഇങ്ങനെ ഒരേ സാഹിത്യത്തിൽ തന്നെ അനേകം കാലങ്ങളിലായി കവിതയുടെ ആത്മാവും ശരീരവും വലിയ

മാററമൊന്നുംകൂടാതെ പലരുടെയും സൃഷ്ടിരൂപങ്ങളായി നമുക്കു കാണുന്നതിനു കഴിയുമെങ്കിൽ ഭാഷ മാറുമ്പോഴത്തെ കാൎയ്യം ചോദിക്കാനുണ്ടോ? ഈ വേഷംമാററത്തെ അല്ലെ പൂൎവ്വപ്രകൃതം എന്തെന്നറിവാൻ മേലാത്തവർ കണ്ണുമടച്ചു കൊണ്ടാരാധിക്കുന്നതു്? പരിഭാഷയുടെ കാൎയ്യം പോകട്ടെ. അതു ശരീരത്തിൻെറ വസ്ത്രധാരണംപോലെ വിചാരിച്ചാൽ മതി. സ്വതന്ത്രകൃതികളായ കവിതകളുടെ ആത്മാവും ശരീരവും സ്വസൃഷ്ടികളാണെന്നു് തെളിയിക്കാൻ എത്ര കവികൾ സധൈൎയ്യം മുന്നോട്ടുവരുമോ എന്തോ? അവരെപ്പോലെയുള്ള സംസ്കാരം സിദ്ധിക്കാത്തവർ അത്ഭുതപരതന്ത്രരായി പുകഴ്ത്താൻ ഒരുമ്പെട്ടേക്കാം. മൂലകൃതികളിൽ പരിചയം സിദ്ധിച്ചിട്ടുള്ളവരാകട്ടെ ഏതാണ്ടു പുഷ്ടരസത്തിൽ ഭാഷയുടെ ഗ്രന്ഥദാരിദ്ര്യം നീങ്ങിക്കൊള്ളട്ടെ എന്ന ഭാവത്തിൽ ഒരനുമതിപ്പത്രിക നൽകുക മാത്രമേ ചെയ്യുകയുള്ളു.

എന്നാൽ ഈ അപവാദം ഓരോ പ്രത്യേകമായ ആശയങ്ങളേയും അവയെ പ്രകാശിപ്പിക്കുന്ന രീതിയേയും പററി മാത്രമെ പ്രധാനമാക്കി പറയാവൂ. ഒരു കാവ്യം ആകപ്പാടെ നോക്കുന്നതായിരുന്നാൽ അതിനും ഒരാത്മാവും ശരീരവുമുണ്ടല്ലോ. ഇവിടെയും പുരാണകഥകളെ ശരണം പ്രാപിക്കുന്ന കവികൾ അപരാധവിമുക്തരായിത്തീരുന്നില്ല. എങ്കിലും പുരാണങ്ങളിലെ മണൽത്തരി വാരിയെടുത്തു കനകപ്പൊടിയാക്കാനുള്ള ചിലരുടെ അന്യാദൃശമായ സാമൎത്ഥ്യം യഥാൎത്ഥ കവിതാസൃഷ്ടിയിൽ അന്തർഭവിച്ചതാണെന്നു ചിലർ വാദിച്ചിട്ടുണ്ടു്. ഇതു് ഏറെക്കുറെ പരമാൎത്ഥവും ആണു്. കുമാരസംഭവം, രഘുവംശത്തിലെ രാമായണഭാഗം, ഉത്തരരാമചരിതം നാടകം എന്നിങ്ങനെ പല

ഉദാഹരണങ്ങളെക്കൊണ്ടും ഇതു ശരിയാണെന്നു തെളിയിക്കാം.

" തയോർ യഥാ പ്രാർത്ഥിതമിന്ദ്രിയാർത്ഥാ
നാദേദുഷോഃ സത്മസുചിത്രവത്സു
പ്രാപ്താനി ദുഃഖാന്യപി ദണ്ഡകേഷു
സംചിന്ത്യമാനാനി സുഖാന്യഭൂവൻ."

എന്ന രഘുവംശപദ്യമാണ് ഭവഭൂതിയുടെ മനോമണ്ഡലത്തിൽ ഉത്തരരാമചരിതം നാടകത്തിന്റെ സൃഷ്ടിവിധാനത്തിനുള്ള കാൎയ്യപരിപാടി പതിപ്പിച്ചതെന്ന് ആ കൃതി സൂക്ഷ്മമായി വായിച്ചാൽ അറിയാവുന്നതാണ്. ഉദാഹരണങ്ങളുടെ സംഖ്യ വൎദ്ധിപ്പിക്കണമെന്നു വിചാരിക്കുന്നില്ല.

ഈ ആൎയ്യസംസ്കാരം ഗ്രന്ഥങ്ങൾ വഴിയായി നമുക്കു സിദ്ധിച്ചില്ലെങ്കിൽ കൈരളിയുടെ സ്ഥിതി എന്തായിരുന്നേനെ! സംസ്കൃതസാഹിത്യവുമായുള്ള പരിചയത്താൽ സ്വദേശജാതമായ മനോധൎമ്മം ഒരിക്കൽ അസ്തമിതപ്രായമായി എന്നു പറയാം. എന്നാൽ ഈ സംസ്കാരം എത്രകാലം കൊണ്ടാണ് കേരളത്തിൽ സംസ്ഥാപിതമായതു്? ഇപ്പോഴും ചിലടത്തു പഴയ പാട്ടുകൾ തന്നെ പാടി ആളുകൾ സാഹിത്യരസം അനുഭവിക്കുന്നില്ലെന്നു പറഞ്ഞുകൂടാ. ഉൽകൃഷ്ടകവിതയാണെങ്കിൽ അൎത്ഥം പറയാൻ വിദ്വാന്മാർ വേണം. എന്തെന്നാൽ അത്തരം കവിതയുടെ ആത്മാവോ ശരീരമോ അവർ ഗ്രഹിക്കാൻ ശക്തരാകുന്നില്ല. പഴയ പാട്ടുകൾക്കും ഈ ആത്മാവും ശരീരവുമില്ലയോ? പക്ഷെ നമുക്കിപ്പോൾ അതു വായിച്ചുനോക്കിയാൽ ഇപ്പറഞ്ഞതു രണ്ടുമില്ലെന്നു തോന്നിയേക്കാം. അവയെ ശരണം പ്രാപിച്ചിട്ടുള്ളവർ ഉൽകൃഷ്ടകവിതയെന്നു പറഞ്ഞു നാം അഭിമാനിച്ചുവരുന്നതിനെപ്പററിയും അപ്ര

കാരം വിചാരിച്ചേക്കാം. വടക്കൻപാട്ടുകളിൽ ഒന്നായ കുഞ്ഞിച്ചന്തുവിൻെറ പാട്ടിൽ നായികയെ വർണ്ണിച്ചിരിക്കുന്ന തിങ്ങനെ ആണ്:

"ഈവകപ്പെണ്ണുങ്ങൾ പൂമീലുണ്ടോ?
മാനത്തീന്നെങ്ങാനും പൊട്ടിവീണോ?
പൂമീന്നു തനിയേ മുളച്ചുവന്നോ?
എന്തുനിറമെന്നു ചൊല്ലേണ്ടു ഞാൻ!
കുന്നത്തുകൊന്നയും പൂത്തപോലേ
ഇളമാവിൻതൈയ്യു തളിർത്തപോലേ
കുരുത്തോല ആയതിൻ വർണ്ണംപോലേ
കുന്നിക്കുരുവിൻെറ വർണ്ണംപോലേ
വയനാടൻമഞ്ഞൾ മുറിച്ചപോലേ."

" മനുഷ്യലോകാബലമാരിലീദൃശം
മനോജ്ഞമാം രൂപമുദിപ്പതെങ്ങനേ?
അനർഗളം വൈദ്യുതമായ വിഭ്രമം
നിനയ്ക്കിലി ബ്ഭൂമിയിലുത്ഭവിക്കുമോ"?

എന്ന കാളിദാസകവിത പാട്ടുകാരൻ കേട്ടിരിക്കുമൊ എന്തൊ! അറുന്തൂറാമാണ്ടിൻെറ ആരംഭത്തിൽ ഇത്തരം വർണ്ണനയിൽ ആര്യസംസ്കാരംകൊണ്ടു വന്നിട്ടുള്ള മാററം, നാടൻ മനോധർമ്മത്തിൻെറ പരിവാരങ്ങളോടുകൂടിയാണെങ്കിലും നമ്മെ അത്ഭുതപരതന്ത്രരാക്കിത്തീക്കുന്നതാണ്.

"അന്നപ്പേടയ്ക്കതിമൃദുപദന്യാസ വൈദഗ്ദ്ധ്യലീലാ.
തന്നെത്തന്നേ മുഴവനറിയിപ്പോന്ന യാത്രാവിലാസം
ഉന്നിദ്രാണാം തരുണകമലം വെല്ലുമച്ചേവടിത്താ-
രന്നൃത്സ്ത്രീണാമരിയകബരീ ഭൂഷണം മൽപ്രിയായാഃ

മിത്രംപാർത്താൽ ത്തിരുവിരൽ പരം പങ്കജാന്തർഗ്ലാനാം
മുക്താജാലദ്യുതിമുഴുവനെ ക്കക്കവെല്ലും നഖാളി
ഗുൽഫേഗ്ഗൂഢം പുറവടിവെടിഞ്ഞീട്ടുമക്കൂർമ്മശോഭാം
മൽപ്രേയസ്യാഃ പ്രണമതി കണങ്കാൽക്കു മായൂരകണ്ഠം

ഒപ്പംനില്ലാ മനസിജമണിച്ചെപ്പു ജാനുദ്വയത്തോ-
ടപ്പാലാക്കും കരികരരുചിം കമ്രമൂരുപ്രകാണ്ഡം
അപ്പൂബാണന്നനുപമമഹാരാജ്യമാമോമലംഗം
മൽപ്പുണ്യാനാം പരിണതിപദം ചൊല്ലവല്ലേൻ പ്രിയായാഃ

ക്ലാന്തം മദ്ധ്യം ബകുളകുസുമശ്രീഭരം നാഭിദേശം
കാന്തം വേണീ മറുനിഴലിവ പ്രേക്ഷ്യതേ രോമരാജി
കല്യാണാംഗ്യാ നിജമധുരിമാ പൂർണ്ണലാവണ്യഗംഗാ-
കല്ലോലാളീവലികളുദരം കൈത്തലം ചിത്തയോനേഃ

പൂന്തേൻ വെല്ലും മധുരവചനം ചന്ദ്രികാമന്ദഹാസം
കാന്താദന്താവലിമരതകാദർശ ലീലൌകപോലൌ
കർണ്ണാന്തംനീണ്ടിനിയമറിമാൻ നോക്കു വെൽവൊന്നുനേത്രം
കർണ്ണൌപൂമാതഴകൊട്ടു കളിപ്പോരു പൊന്നൂയലല്ലോ."

ഇങ്ങനെ പോകുന്നു. ആർക്കാണ് ഈ ഗുണങ്ങളെല്ലാമുള്ളതു് ?

"മുണ്ടയ്ക്കൽ ചെന്നഴകുപൊഴിവോ
രുണ്ണുനീലിക്കു്."

അതേ, മുണ്ടയ്ക്കൽ ഉണ്ണുനീലിഅമ്മയ്ക്കുതന്നെ.

ഇതിൽനിന്നുമൊക്കെ നാം എന്താണു മനസ്സിലാക്കേണ്ടതു് ? കവിതയുടെ ആത്മാവു് എങ്ങനെയുള്ളതായിരുന്നാലും അതു നാം അതിന്റെ ശരീരംകൊണ്ടേ അറിയുന്നുള്ളു. അതിന്റെ ഉൽക്കർഷാപകർഷങ്ങൾ ശരീരത്തെ

അവലംബിച്ചിരിക്കുന്നു. ആകയാൽ കവിതയുടെ ശരീരം ആത്മാവിനെക്കാൾ പ്രധാനപ്പെട്ടതല്ലയോ എന്നു സംശയിക്കാനും ഇടവരുന്നു. ഇതു കേരളീയരായ നമ്മുടെ കുററമല്ല. സംസ്കൃതാലംകാരികന്മാർ രീതി എന്നു പറയുന്നതു് ഭാഷാരീതിയല്ല. പിന്നെയോ കവിതാരീതിയാണ്. അതായതു് കവികളുടെ നിരീക്ഷണം ഒന്നുകൊണ്ടുമാത്രം കവിത ഉണ്ടാവുകയില്ലെന്നും രീതിയാണ് പ്രധാനമായിട്ടുള്ളതെന്നും അവർ വളരെ നേരത്തെ സ്ഥാപിച്ചു. നേരത്തെ എന്നുവച്ചാൽ ഏകദേശം നമ്മുടെ കൊല്ലവർഷാരംഭത്തിനുമുമ്പു് കാളിദാസൻെറ കവിതയെ മാതൃകയാക്കിക്കൊണ്ടു് ദണ്ഡി എന്ന മഹാപണ്ഡിതൻ അലംകാരം മാത്രമല്ല, (കവിതാ) രീതിയും കവിതക്കു് അവശ്യം വേണ്ടതാണെന്നു് സ്ഥാപിച്ചു. അദ്ദേഹം ദക്ഷിണ ഇൻഡ്യാക്കാരനായിരുന്നതിനാൽ ഇവിടെയാണ് ഈ മതം ആദ്യമായി പ്രചരിച്ചതു്. സിംഹളകർണ്ണാടകരാജ്യങ്ങളിലെ കവികൾ ദണ്ഡിയെ അനുകരിച്ചതിൽ അത്ഭുതപ്പെടുവാനില്ല. ദണ്ഡിക്കു മുമ്പു് അലംകാരമായിരുന്നു കാവ്യത്തിനു് അധിപ്രധാനമായി വേണ്ടതെന്നു് ഭാമഹാദിനിരൂപകന്മാർ സ്ഥാപിച്ചിരുന്നു. അർത്ഥാലങ്കാരങ്ങളും ഏതാനും ശബ്ദാലംകാരങ്ങളും കവികൾ ആദരിക്കേണ്ടതാണെന്നു് അവർ നിർബന്ധിച്ചു. ദണ്ഡിയാകട്ടെ "ഇഷ്ടാർത്ഥവ്യവച്ഛിന്നാപദാവലി" എന്നു കവിതയെ നിർവ്വചിക്കുകയാൽ ഈ 'മാർഗ്ഗം' അലംകാരത്തിനും മേലെയാണെന്നാണല്ലോ വന്നു കൂടുന്നതു്. ഈ കവിതാഗുണത്തിനു് "മാർഗ്ഗം" എന്നാണ് അദ്ദേഹം പറഞ്ഞുകാണുന്നതു്. അതു രണ്ടുതരത്തിലുണ്ടെന്നും ദേശഭേദം അനുസരിച്ചു് അവയ്ക്കു "വൈദർഭി" എന്നും "ഗൌഡി" എന്നും പേരുകളുണ്ടെന്നും പ്രസ്താവിച്ചു. ദണ്ഡി ഇവയെ സവിസ്തരം പ്രതിപാദിക്കുന്നുണ്ടു്. ശ്ലേഷം, പ്രസാദം, സമത മുതലായി പദപ്രയോഗത്തിൽ വരുത്തേണ്ട ഗു

ണങ്ങൾക്ക് അലംകാരം എന്നുകൂടി പേർപറഞ്ഞു കാണു ന്നു എങ്കിലും അതു് ഏററവും വ്യാപകമായ അർത്ഥത്തി ലാണെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു.

ദണ്ഡിയുടെ മതം പ്രത്യേകമെടുത്തു് ആയതു സർവ്വ സമ്മതമാക്കിത്തീക്കണമെന്നായിരുന്നു വാമനൻെറ ഉദ്ദേ ശ്യം. അലംകാരംകൊണ്ടു ശരീരത്തെ മോടിപിടിപ്പിച്ചാ ൽ പോരെന്നും, ശരീരാന്തസ്ഥിതമായ ആത്മാവു് കവിത യിൽ തെളിഞ്ഞുകാണേണ്ടതാണെന്നും, രീതികൊണ്ടേ ഇതു സാധിക്കയുള്ളു എന്നും, ചുരുക്കത്തിൽ രീതി തന്നെ യാണു് കാവ്യത്തിൻെറ ആത്മാവു് എന്നും അദ്ദേഹം സിദ്ധാന്തിച്ചു.

ഈ ആചാര്യന്മാരുടെ കാലം ഇതുവരെ ഖണ്ഡിത മായി നിർദ്ദേശിച്ചിട്ടില്ലെങ്കിലും, നമ്മുടെ കൊല്ലവർഷം തുടങ്ങുന്ന ക്രിസ്ത്വാബ്ദം 825നോടുകൂടി അവരുടെ സിദ്ധാന്ത ങ്ങൾ ദക്ഷിണദേശങ്ങളിൽ പ്രചാരപ്രചുരങ്ങളായി എന്നു പറയുന്നതിൽ അപാകമുണ്ടെന്നു തോന്നുന്നില്ല. അന്നു മുതൽക്കുള്ള കേരളീയ സംസ്കൃതകവിതകൾ പരിശോധിച്ചു നോക്കിയാൽ രീതിക്കു (വൈദർഭിയോ ഗൌഡിയോ ഏതെങ്കിലും ഒന്നിനു്) തൽകർത്താക്കൾ വളരെ ശ്രദ്ധ നൽ കിയിരിക്കുന്നതായിക്കാണാം. ഇതു ക്രമപ്രവൃദ്ധമായി ഉണ്ടാ യസാഹിത്യം വഴിക്കുള്ള പരിശീലനത്തിൻെറ ഫലമായി ട്ടാണെന്നും പറയാവുന്നതാണു്.

"അസാരേ സംസാരേ നിജഭജന
ദൂരേ ജഡധിയാ
ഭ്രമന്തം മാമന്ധം പരമകൃപയാ
പാതുമുചിതം."

"ആനന്ദാമൃതപൂരിതാഘരപദാം
ഭോജാലവാലോദ്ധൃതാ
സ്ഥൈര്യോപഘ്നമുപേത്യ ഭക്തിലതികാ
ശാഖോപശാഖാത്മികാ."

"ദൂരീകൃതാനി ദുരിതാനി ദുരക്ഷരാണി
ദൌർഭാഗ്യദുഃഖദുരഹംകൃതി ദുർവ്വചാംസി."

"നളിനീദളഗത ജലമതിതരളം
തദ്വജ്ജീവിതമതിശയ ചപലം"

ക്രി. പി. 800–ാമാണ്ടോടുകൂടി ഉണ്ടായ ശങ്കരാചാര്യകൃതികളിൽ കാണുന്ന ഈ രീതിമാഹാത്മ്യം നോക്കുക. ഇവയെ തുടൎന്നു മുറയ്ക്കു ശുകസന്ദേശം, കോകിലസന്ദേശം, ശ്രീകൃഷ്ണവിജയം, നാരായണീയം, രാമപഞ്ചശതി, രാമപാണിവാദകൃതികൾ ഇത്യാദി സംസ്കൃതകൃതികളിലെല്ലാം കാണുന്ന ഈ കവിതാഗുണം ഇൻഡ്യാരാജ്യത്തിന്റെ ഇതരഭാഗങ്ങളിലെങ്ങാനും അനുസ്യൂതമായി നിലനിന്നുപോന്നിട്ടുണ്ടോ എന്നു സംശയമാണു്. ഈ കൃതികൾ ഔത്തരാഹന്മാരെ എത്രമാത്രം അത്ഭുതപരതന്ത്രരാക്കീട്ടുണ്ടു് !

" അഗ്രേപശ്യാമി തേജോനിബിഡതരകളാ
യവലീലോഭനീയം
പീയൂഷാപ്ലാവിതോഹം തദനു തദുദരേ
ദിവ്യകൈശോരവേഷം
താരുണ്യാരംഭരമ്യം പരമസുഖരസാ-
സ്വാദരോമാഞ്ചിതാംഗൈ-
രാവീതം നാരദാദ്യൈർവിലസദുപനിഷ
സ്സുന്ദരീമണ്ഡലൈശ്ച "

എന്നു ശാന്തത്തിലാകട്ടെ, മറെറതു രസത്തിലാകട്ടെ, രീതിചമൽക്കാരംകൊണ്ടുമാത്രം ശ്രോതാക്കളെ അപഹൃതചിത്തവൃത്തികളാക്കുന്ന കാവ്യങ്ങൾ കാളിദാസനെക്കഴിഞ്ഞാൽ പിന്നെ ആരു് എവിടെയാണു് നിർമ്മിച്ചിട്ടുള്ളതു് ?

### കാളിയാമർദ്ദനത്തിൽ ശ്രീകൃഷ്ണൻെറ നൎത്തനം

"കളശിഞ്ജിതനൂപുരമഞ്ജിളതൽ
ക്കരകങ്കണസംകുലസംക്വണിതം—

എന്നും, രാസക്രീഡ,

" വേണുനാദകൃതതാനദാനകളഗാന
രാഗഗതിയോജനാ
ലോഭനീയമൃദുപാദപാതകൃതതാള
മേളനമനോഹരം
പാണിസംക്വണിതകങ്കണം ച മുഹുരംസ
ലംബിതകരാംബുജം
ശ്രോണിബിംബചലദംബരം ഭജത രാസ
കേളിരസഡംബരം"

എന്നും വർണ്ണിച്ചിരിക്കുന്നതു നോക്കുക. ഒടുവിലത്തെ ശ്ലോകത്തിൻെറ അൎത്ഥമാലോചിക്കേണ്ട. ആപത്താണു്. ഒടുവിൽ കാണുന്ന "രസഡംബരം" ഇവിടെ ഉദാഹരിക്കണമെന്നേ വിവക്ഷയുള്ളു. രീതികൊണ്ടുള്ള ഈ രസഡംബരം ആനന്ദവൎദ്ധനൻ കണ്ടിരുന്നു എങ്കിൽ 'കാവ്യസ്യാത്മാ ധ്വനി' എന്നു പറയത്തക്കവണ്ണമുള്ള ആനന്ദംവൎദ്ധിച്ചു മതിമറന്നുപോകയില്ലായിരുന്നു. മമ്മടൻ കണ്ടിരുന്നു എങ്കിൽ വാമനനെ അധിക്ഷേപിക്കത്തക്കവിധം മഹാമായൻ ആയിത്തീരുകയില്ലായിരുന്നു.

നമ്മുടെ ഭാഷയിൽ ആദികാലത്തുണ്ടായ മണിപ്രവാളം കേവലമൊരു ഭാഷാരീതി മാത്രമാണെന്നു ഭ്രമിച്ചുപോയ പലരും ഉണ്ടായിരുന്നു എങ്കിലും അതിനെപ്പററി ക്രൂലംകഷമായി ചർച്ചചെയ്തിട്ടുള്ള ലീലാതിലകകാരൻ "ഭാഷാസംസ്കൃതയോഗോമണിപ്രവാളം" എന്നു സാമാന്യമായി നിർവ്വചിച്ചതിൻെറശേഷം പിന്നീടുള്ള ഒൻപതു സൂത്രങ്ങളിലും രസത്തോടുകൂടി ഘടിപ്പിച്ചാണ് അതിൻെറ വൈശിഷ്ട്യം വെളിപ്പെടുത്തുന്നതു്. ചുരുക്കിപ്പറയുന്നതായാൽ മണിപ്രവാളം "രീതിരാത്മാകാവ്യസ്യ" എന്ന വാമനമതത്തെ സർവ്വഥാ അനുസരിക്കുന്നു എന്നാണു് അദ്ദേഹം സമർത്ഥിച്ചിരിക്കുന്നതു്. പാട്ടിൻെറ കാര്യമായപ്പോഠം രസാത്മകത്വം എന്ന അംശം തള്ളിട്ടു് കേവലമായ ഭാഷാരീതിയെ മാത്രം പുരസ്കരിച്ചു്,

"ദ്രമിഡസംഘാതാക്ഷരനിബദ്ധമേതുകാ
മോനവൃത്തവിശേഷയുക്തം പാട്ടു്"

എന്നു നിർവ്വചിച്ചിരിക്കുന്നു. ഇതത്ര ശരിയാണെന്നു പറവാൻ പാടില്ല. എങ്കിലും ലീലാതിലകത്തിനു ശേഷം, അധികം കാലം കഴിയുന്നതിനു മുമ്പു് പാട്ടും മണിപ്രവാളവും തമ്മിൽ യോജിപ്പിക്കുന്നതിനുള്ള പല യത്നങ്ങളും കാണുന്നുണ്ടു്. കൃഷ്ണഗാഥ ഇതിനു നല്ലൊരു ദൃഷ്ടാന്തമാകുന്നു. സംസ്കൃതമൊ മണിപ്രവാളമൊ പാട്ടാക്കിത്തീർക്കുന്നതിനു മാത്രം ബദ്ധകങ്കണരായിപ്പുറപ്പെട്ടിട്ടുള്ളവരിൽ ഒരാളാണു് രാമായണം ഇരുപത്തിനാലുവൃത്തത്തിൻെറ കർത്താവെന്നു തോന്നുന്നു. ഈ കൃതിയെപ്പററി വിദ്വാന്മാരുടെ ഇടയിൽപ്പോലും ഉണ്ടായിരുന്ന അസ്ഥാനത്തിലുള്ള മതിപ്പിനു് ഇപ്പോഠം സാരമായ ഉടവു തട്ടീട്ടുണ്ടെന്നു പറഞ്ഞേതീരൂ. എന്നാൽ ഞാൻ നിർദ്ദേശിച്ച മാതിരിയിലുള്ള രീതിപരിണാമത്തിൽ ഈ കൃതിയും വളരെ വിലയുള്ള

താണ്. ആ പരിണാമം എഴുത്തച്ഛനോടുകൂടി പരിപൂർണ്ണതയെ പ്രാപിക്കയാലാണ് ഇതുപോലെയുള്ള അസംഖ്യം കൃതികൾ അദ്ദേഹത്തിൻെറ പേരിൽ പതിഞ്ഞതു്.

എഴുത്തച്ഛൻ പുരാണദൃഷ്ടിയിൽ കൂടിയാണ് പ്രപഞ്ചത്തെ വീക്ഷിക്കുന്നതെങ്കിലും, ഓരോ ദശാവിശേഷങ്ങളേയും ദൃശ്യാവലികളേയും പുനഃസംസൃഷ്ടി ചെയ്യുന്നതുപോലെ തോന്നുന്നതു് രീതിമാഹാത്മ്യം ഒന്നുകൊണ്ടാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. പാട്ടിൽ നിസ്സാരമെന്നു ലീലാതിലകക്കാരൻ തള്ളിക്കളഞ്ഞ (ഭാഷാ) രീതിയെ എഴുത്തച്ഛൻ പ്രൌഢമാക്കി. ദണ്ഡിപ്രഭൃതികൾ നിർദ്ദേശിച്ച ഗുണങ്ങൾ അതിനു നൽകി രസാത്മകമാക്കി. എഴുത്തച്ഛൻെറ കാലമായപ്പോഴേയ്ക്കും ധ്വനികാരന്മാരായ ആനന്ദവർദ്ധനപ്രഭൃതികളുടെ കാലം കഴിഞ്ഞു് സംസ്കൃത സാഹിത്യനിരൂപണത്തിൽ കവിതയ്ക്കു "രമണീയാർത്ഥപ്രതിപാദകശ്ശബ്ദഃ" എന്ന ജഗന്നാഥപണ്ഡിതരുടെ നിർവ്വചനം സർവ്വസമ്മതമായിത്തീർന്നിരുന്നു എന്നുള്ള വസ്തുതയും നാം സ്മരിക്കേണ്ടിയിരിക്കുന്നു. പിന്നീടുള്ള സംസ്കൃതകാവ്യങ്ങളുടെ ഗതി എങ്ങനെ ഇരുന്നാലും, എഴുത്തച്ഛൻെറ മാതൃക പിൽക്കാലത്തെ വാസനാവിശിഷ്ടന്മാരായ കവികളും സരസഗദ്യകാരന്മാരും സ്വീകരിച്ചിട്ടാണ് നമ്മുടെ ഭാഷാകവിതയെ നാം ആധുനികരൂപത്തിൽ കാണുന്നതു് എന്നു സധൈര്യം പറയാവുന്നതാണ്. സൌഭദ്രികകഥയിൽ സന്ന്യാസവേഷത്തിൽ ചെന്നു താമസിച്ച അർജ്ജുനൻെറ മനോഗതി വർണ്ണിച്ചിരിക്കുന്നതു നോക്കുക:

"ആളികളോടും കൂടിക്കേളികൾ കോലുമ്പോഴും
വ്രീളാദിമനോഹരഭാവങ്ങൾ കാണുമ്പോഴും
പന്താടുന്നതു കണ്ടും പമ്പരക്കളികണ്ടും
ചിന്തുകൾ പാടുന്നതും ചന്തമായാടുന്നതും

ചാതുര്യ്യം കണ്ടും വേണുവീണാദികളിൽ ശീല-
മാധുര്യ്യം കണ്ടും ഭാവഗാംഭീര്യ്യം കണ്ടും നേത്ര
കാതര്യ്യം കണ്ടും ചേതോ വൈധുര്യ്യം കണ്ടും മാര
വൈകാര്യ്യം കണ്ടും വാഞ്ഛാ സൌകര്യ്യം കണ്ടും വേഷ
സൌകുമാര്യ്യം കണ്ടും തല്ലാവണ്യം കണ്ടും വൃത്തി
ദാക്ഷിണ്യം കണ്ടുമുള്ളിൽ കാരുണ്യം കണ്ടും നല്ല
താരുണ്യം കണ്ടും ഭാവ വൈവർണ്ണ്യം കലർന്നിതു സവ്യ
സാചിക്കു മേന്മേൽ''

ഖാണ്ഡവദാഹത്തിൽ:—

"പാണ്ഡവകരഗതഗാണ്ഡീവ വിലാസവും,
ഖാണ്ഡവകരഗതപാവക വിലാസവും,
പന്നഗപക്ഷിമൃഗജാലങ്ങൾ ദഹിച്ചൊക്കെ
സ്സന്നങ്ങളാകുന്നേര മുണ്ടായ വിലാപവും,
പക്ഷികൾ പറന്നന്തരീക്ഷേ പൊങ്ങീടുന്നേരം
പക്ഷങ്ങൾ കരിഞ്ഞുവെന്തഗ്നിയിൽപ്പതിക്കയും
വൃക്ഷങ്ങൾ വെന്തു പൊട്ടിയലറി വീഴുന്നതും,
ഋക്ഷങ്ങൾ ചാടിച്ചാടിപ്പിടഞ്ഞു കേഴുന്നതും"

ഇങ്ങനെയുള്ള അഗ്നിയുടെ പരാക്രമം അടുത്തുതന്നെ കല്പാന്തവർഷം തുടങ്ങിയപ്പോൾ,

"നിഷ്ഠുരതരമിടി വെട്ടിയും ത്രിഭുവനം
ഞെട്ടിയും മരം വെന്തു പൊട്ടിയും തെരുതെരെ
ദൃഷ്ടികൾ മിന്നൽകൊണ്ടു നഷ്ടമായ്ച്ചമകയും
വൃഷ്ടികൾ കരികരാകാരമായ്ച്ചൊരികയും
ഘോരമാരുതവേഗാലോരോരോ ദിക്കുകളും
വാരിധിപൂരങ്ങളുമിളകി മറിയുന്നു;
അഭ്രസഞ്ചയം പരന്നഭ്രവും മറയുന്നു;
വിഭ്രമംപൂണ്ടു ജഗദ്വാസികൾ മറുകുന്നു;
ശുഭ്രങ്ങൾതോറുമുഷ്ണമുൾപ്പുക്കു പിടയുന്നു."

എന്നു മട്ടിൽ അസ്തമിതപ്രായമാക്കിയും, അവിടെത്തന്നെ

"ഗന്ധവാഹനനാഗ്നി തനിക്കും ദേവേന്ദ്രനും
ബന്ധുവായ്‌നിന്നാൻ വിദഗ്ദ്ധന്മാരങ്ങനെയുള്ളൂ"

ഇത്യാദി അർത്ഥാന്തരന്യാസം പ്രയോഗിച്ചും, മൂലഭാരതത്തിലെ സദൃശഭാഗങ്ങളെക്കാൾ സരസതരങ്ങളാക്കിയും, സമുദ്രംപോലെ വിസ്തൃതമായ കഥയുടെ സർവ്വാംഗീണമായ സൌന്ദര്യത്തിനൊ സംഘടനയ്ക്കോ ഹാനിവരുത്താതെ ഒരു പുനഃസംസൃഷ്ടി ചെയ്തിരിക്കുന്നതുപോലെ തന്റെ രീതിവൈശിഷ്ട്യത്താൽ കവിതാദേവിയെ എന്നെന്നേയ്ക്കും കേരളത്തിൽ നൃത്തംചെയ്യുമാറാക്കിയ ഈ മഹാകവിയോളം തനിയ്ക്കു സിദ്ധിച്ച ആത്മസംസ്കാരം ഭാഷാസാഹിത്യവിഷയമായി മററാർക്കെങ്കിലും ഉപയോഗിക്കാൻ സാധിച്ചിട്ടുണ്ടോ എന്നു സംശയമാണ്. കാർഡിനൽ ന്യൂമാൻ പൌരസ്ത്യരുടെ രീതിയെപ്പററി അപലപിക്കുന്നതു് ഈ ഘട്ടത്തിൽ എന്റെ സ്മരണയിലെത്തുന്നു:

"ആശയമുള്ളയാൾ പദസ്വാധീനമുള്ളവന്റെ അടുത്തുവരുന്നു. ആശയം വല്ലപാട്ടും രീതിനിപുണനെ അറിയിക്കുന്നു. ഉടനെ അയാളുടെ തൂലിക ചലിച്ചു തുടങ്ങി. പ്രണയസന്ദേശമാണെങ്കിൽ കോകിലാലാപമായിട്ടും, വ്യസനവാർത്തയാണെങ്കിൽ മന്ദമാരുതക്രന്ദനമായും ഓരോ ലേഖനം സൃഷ്ടിക്കുന്നതിൽ രീതിക്കാരൻ അതിസമർത്ഥനാണത്രേ"! അറബികളെപ്പററിയാണ് ഈ സൂചനയെങ്കിലും സാമാന്യമായി പൌരസ്ത്യർ എന്നു പ്രസ്താവിക്കയാൽ, ന്യൂമാൻ തന്റെ അന്തഃസ്സാരശൂന്യതയാണ് ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നതു്. പരമാർത്ഥമാലോചിച്ചാൽ എഴുത്തച്ഛൻ കവിതയുടെ ആത്മാവും ശരീരവും സ്വയം സൃഷ്ടിക്കയാണുചെയ്യുന്നതു്. അല്ലാതെ മഹാഭാരതത്തിലെ ഓരോ ആശയമെടുത്തു് ശരീരം മാത്രം സൃഷ്ടിക്കയല്ല. പക്ഷെ ഭാരതീയരെ സംബന്ധിച്ചിട

ത്തോളം പ്രപഞ്ചമുകുരമായ ഇതിഹാസമാണ് തന്റെ വീക്ഷണപഥം. ലോകപരിചയംകൊണ്ടുള്ള ജ്ഞാനവും മനസ്സിൽ നിക്ഷേപിച്ചിട്ടുണ്ട്. അതുകൊണ്ടു കാളിദാസനെപ്പോലെ ഈ മഹാകവിയും വാസനാവിശിഷ്ടമായ തന്റെ മനോരംഗത്തിൽ കവിതാദേവിയെ പ്രവേശിപ്പിച്ചു നൃത്തം ചെയ്യിക്കുന്നതിൽ രീതിയെ സൂത്രധാരത്വം വഹിപ്പിക്കുന്നു.

"മാകന്ദമകരന്ദബിന്ദുപാനവും ചെയ്തു
കൂകുന്ന പികകുലപഞ്ചമം കേട്ടുകേട്ടും
വണ്ടുകൾ മധുപാനം ചെയ്തു മത്തതപൂണ്ടു
കൊണ്ടാടി മുരണ്ടുടൻ കണ്ടപുഷ്പങ്ങൾ തോറും
കുണ്ഠഭാവവും നീക്കിസ്സംഭ്രമിച്ചീടുന്നതും

*  *  *  *  *

*  *  *  *  *

സമ്മോദം വളർന്നുള്ളിൽ സമ്മോഹം പെരുകിയും
വന്മലമുകളേറി നിർമ്മല ശിലാതലേ
നന്മലർ മെത്തതന്മേലുന്മേഷം പൂണ്ടുവാണും"

കഴിച്ചുകൂട്ടിയ നവദമ്പതിമാരുടെ "മധുവിധു" എത്ര മനോഹരമായിരിക്കുന്നു! പർവ്വതപാർശ്വത്തിലുള്ള ഒരു ശാന്തപ്രദേശം നോക്കുക:

"യക്ഷരാക്ഷസഗന്ധർവ്വോരഗനിഷേവിതം
പക്ഷിസഞ്ചാരഹീനം രഹിതമൃഗഗണം
പുഷ്പസൌഗന്ധ്യം പൂണ്ട മന്ദമാരുതസേവ്യം."

വല്ല ശബ്ദവുമുണ്ടാക്കിയാൽ ശാസിക്കുന്നതിന് "ലതാഗൃഹദ്വാരഗതോഥനന്ദീ വാമപ്രകോഷ്ഠാർപ്പിത ഹേമവേത്രഃ മുഖാർപ്പിതൈകാംഗുലി സംജ്ഞയൈവ മാചാപലായേതി ഗണാൻവ്യനൈഷീത്" ഒരു നന്ദികേശ്വരന്റെ

കുറവേ അവിടെ ഉണ്ടായിരുന്നുള്ളു എന്നു തോന്നും. കൎണ്ണപൎവ്വത്തിലെ ഭീമദുശ്ശാസന യുദ്ധമല്ലേ പില്ക്കാലത്തുണ്ടായ കഥകളിയിലെ യുദ്ധപ്പദത്തിനു വേണ്ട സകല ചടങ്ങുകളും നിൎദ്ദേശിച്ചതെന്നൂഹിപ്പാൻ വഴിയുണ്ടു്. ഇങ്ങനെ ഓരോ രസഭേദങ്ങളെ വായനക്കാരിൽ ഉത്തേജിപ്പിക്കുന്നതിനുള്ള ഈ മഹാകവിയുടെ പാടവം കഥകളിയിൽ സാമാന്യമായിക്കാണുന്നതുപോലെ കേവലം ശബ്ദധ്വനി പ്രധാനമായിട്ടുള്ളതല്ലെന്നു പറയേണ്ടയാവശ്യമില്ല. ഈ രീതിയെ ദൎശിച്ച കുഞ്ചൻ നമ്പ്യാർ "കവിതാരീതി വൈഷമ്യമത്രേ" എന്നു പറഞ്ഞൊഴിയുന്നതിൽ അത്ഭുതപ്പെടുവാനില്ല. രാമപാണിവാദ വാദം ഞാൻ ഇവിടെ സ്മരിക്കുന്നുണ്ടെങ്കിലും ഇന്നത്തെ *മാന്യാദ്ധ്യക്ഷൻ പണ്ടൊരിക്കൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ നമ്പ്യാരുടെ ആത്മസംസ്കാരോൽകൎഷം സംശയിതവ്യമായിട്ടാണിരിക്കുന്നതെന്നു് കേരളത്തിൽ ക്രമാഗതമായി വന്നുചേൎന്നിട്ടുള്ള രീതിയിൽ അദ്ദേഹത്തിനുള്ള (നമ്പ്യാൎക്കു) അനാസ്ഥ നല്ല തെളിവായിരിക്കുന്നു. പ്രപഞ്ചവീക്ഷണത്തിൽ ഉത്തമ കവികൾ ദൎശിക്കുന്ന രമ്യത കവിതാരൂപത്തെ പ്രാപിക്കുമ്പോൾ അതിൽനിന്നും ഉൽഭൂതമാകുന്ന രസം, മുഴുവൻ വാച്യമായിരിക്കണമൊ എന്നാണാലോചിപ്പാനുള്ളതു്. കാളിദാസനിൽ മുക്കാലും വ്യംഗ്യമാണെന്നുതന്നെ പറയാം. അതുകൊണ്ടാണു് അദ്ദേഹത്തിന്റെ ശൃംഗാരാദി ഉൽകൃഷ്ടരസങ്ങളിൽ കാണുന്ന ഭംഗിവിശേഷം അന്യദുൎല്ലഭമായിരിക്കുന്നതു്. ഹാസ്യരസം പോലും വ്യംഗ്യമാക്കിയിരിക്കയാണെന്നു് ശാകുന്തളത്തിലെ വിദൂഷകപാത്രസൃഷ്ടി സാക്ഷ്യം വഹിക്കുന്നു. നമ്പ്യാരാകട്ടെ സകല രസങ്ങളും വാച്യമായിത്തന്നെ വൎണ്ണിച്ചിരിക്കുന്ന കൂട്ടത്തിൽ ഫലിതം പ്രബലമായിത്തീൎന്നു

* Rao Sahib S. Parameswara Iyer who presided over the meeting at which this lecture was delivered.

സ്വാഭാവികമായിട്ടുതന്നെയാണ്. ഇങ്ങനെ നോക്കുമ്പോൾ നമ്പ്യാരുടെ കൃതികൾ പഴയപാട്ടുകളുടെ അടുത്ത പടിയിൽ നിൽക്കുന്നതു കാണാം. ആകയാൽ ആര്യസംസ്കാരം സിദ്ധിക്കാത്തവരെ അദ്ദേഹത്തിൻെറ കവിത ആകർഷിച്ചു വശത്താക്കുന്നു. പുരാണപ്രപഞ്ചം ഇടുങ്ങിയ സീമകൾക്കുള്ളിലാണ് അദ്ദേഹം ദർശിക്കുന്നതു്. അദ്ദേഹം ഫലിതരസമാണു പുറപ്പെടുവിക്കുന്നതു്. ആയതു് അസംഗതങ്ങളായ ഘടനാവിശേഷങ്ങളാലാകുന്നു. സുബ്രഹ്മണ്യക്ഷേത്രത്തിൽ അനവധി കാവടിക്കാർ വന്ന കൂട്ടത്തിൽ ഒരു സായിപ്പും കാവടിയെടുത്തു തുള്ളിക്കൊണ്ടുവന്നു എന്നു പറഞ്ഞാൽ നമ്പ്യാരുടെ ശ്രോതാക്കൾ ചിരിക്കും. ആ ചിരി അവസാനിക്കുന്നതിനു മുമ്പ് നമ്പ്യാരുടെ മനസ്സിൽ മറെറാരു അസംഗതമായ സംഗതി തോന്നും. പുരാണത്തിലെ കഥാബന്ധത്തിലാണ് ഈ സംഗതികൾ കടന്നുകൂടുന്നതു്. ഇങ്ങനെ സ്വതന്ത്രമായ ഒരു രീതി ആ മഹാൻ സ്ഥാപിച്ചിട്ടുണ്ടെന്നു സമ്മതിക്കാമെങ്കിലും, എൻെറ ഉപന്യാസത്തിലെ പല്ലവിയായിത്തീർന്നിരിക്കുന്ന "രീതിരാത്മാ കാവ്യസ്യ" എന്നുള്ള വാമനമതം ഇവിടെ ആവർത്തിക്കണമൊ എന്നു സംശയിക്കുന്നു.

ഈ ഉപന്യാസത്തിൽ ഞാൻ ചർച്ചചെയ്തു കൊണ്ടുവന്നിട്ടുള്ള രീതി സകലവിധത്തിലുള്ള അഭിപ്രായഭേദങ്ങളേയും അഭിമുഖീകരിച്ചതിനു ശേഷം കേരളവർമ്മ വലിയ കോയിത്തമ്പുരാനോടുകൂടി മലയാളഭാഷാസാഹിത്യത്തിൽ ഏതാണ്ടു സ്ഥിരമായ ഒരു നിലയെ പ്രാപിച്ചു എന്നു പറഞ്ഞുപസംഹരിക്കയല്ലാതെ, ആധുനികകവിതാസാമ്രാജ്യത്തിൽ പ്രവേശിച്ചു്, അതിൻെറ ഗതിയെ തുടരുന്നതിന് ഈ ക്ലിപ്തമായ സമയംകൊണ്ടു സാധിക്കാതെ പോയതിൽ വ്യസനിക്കുന്നു.

## 8. മല്ലിനാഥൻെറ കവിത.

സംസ്കൃതത്തിലെ നിരൂപണസാഹിത്യപ്രസ്ഥാനത്തിൽ അത്യുന്നതമായ ഒരു സ്ഥാനമാണല്ലൊ മല്ലിനാഥനുള്ളതു്. ഇടക്കാലത്തു് പൂർണ്ണസരസ്വതി, നാരായണൻ മുതലായവരുടെ വ്യാഖ്യാനഗ്രന്ഥങ്ങൾ മല്ലിനാഥൻെറ യശസ്സിനു് തെല്ലൊരു മങ്ങൽ വരുത്തിട്ടുണ്ടെങ്കിലും, അക്ലിഷ്ടവും, നാതിവിസ്തരവും ആയ പ്രതിപാദനത്തിലും, മിതവും അൎത്ഥപുഷ്ടവും ആയ പദപ്രയോഗത്തിലും ഇത്ര സാമൎത്ഥ്യമുള്ള ഇതരനിരൂപകന്മാരെ കണ്ടുകിട്ടുവാൻ പ്രയാസമാണു്.

മല്ലിനാഥൻ ഒരു കവിയെന്നു് സ്വയം സമ്മതിക്കുന്നുണ്ടെങ്കിലും ["മല്ലിനാഥഃകവിഃ" എന്നു പീഠികാപദ്യം] അതിവിശിഷ്ടമായ മനോധൎമ്മമൊ കല്പനാവൈഭവമൊ ഉണ്ടെന്നു പറയാവുന്ന കാവ്യമൊന്നും എഴുതീട്ടുള്ളതായി തോന്നുന്നില്ല. എന്നാൽ അദ്ദേഹത്തിൻെറ കൃതികളായി നമുക്കു ലഭിച്ചിട്ടുള്ള അനവധി പദ്യങ്ങൾ പരിശോധിച്ചു നോക്കിയാൽ ഒന്നാന്തരം ഒഴുക്കും, ലാളിത്യവും, മാധുൎയ്യാദി മററു ഗുണങ്ങളും തെളിഞ്ഞു കാണാവുന്നതാണു്. ശബ്ദാലങ്കാരത്തിലാണു് അധികം ശ്രദ്ധപതിപ്പിച്ചു കാണുന്നതു്. ഉദാഹരണത്തിനു് ഈ പദ്യം മതി.

"അന്തരായ തിമിരോപശാന്തയേ
ശാന്തപാവനമചിന്ത്യവൈഭവം
തന്നരം വപുഷി കുഞ്ജരം മുഖേ
മന്മഹേ കിമപി തുന്ദിലം മഹഃ"

—സംജീവിനിവ്യാഖ്യാനം.

മല്ലിനാഥൻെറ 'ഏകാവലി' വ്യാഖ്യാനം മററു ചിലതിനുശേഷം രചിച്ചതായിരിക്കണം എന്നു് അതിൽ തന്ത്രവാൎത്തികാസ്വൎണ്ണമഞ്ജരി വ്യാഖ്യാനങ്ങളെപ്പററിയുള്ള പരാമൎശങ്ങൾ തെളിയിക്കുന്നു. ഉദ്ദേശ്യവിധേയങ്ങളുടെ സ്വഭാവപ്രതിപാദനത്തിൽ സൂചിപ്പിച്ചിരിക്കുന്നതു നോക്കുക.

"തദേതത് സമ്യഗ് വിവേചിതമസ്മാഭിസ്തന്ത്രവാൎതിക ടീകായാം വാജപേയാധികരണേ" (പുറം 152). "സ്വരസ്തുവേദ ഏവ ന കാവ്യേƒൎത്ഥ വിശേഷാവഗമായ" എന്നതു വ്യാഖ്യാനിക്കുന്നിടത്തു്,

"ഇന്ദ്രശത്രുരിത്യത്ര പൂൎവ്വപദ പ്രകൃതിസ്വരേണ ബഹുവ്രീഹ്യൎത്ഥനിശ്ചയഃ ദ്വാദശാഹീനസ്യേത്യത്ര ദ്വാദശ ശബ്ദസ്യസംഖ്യാ സ്വരേണ ദ്വന്ദ്വാൎത്ഥനിശ്ചയഃ തദേതത് സമ്യക് പ്രപഞ്ചിതമസ്മാഭിഃ 'സ്വരമഞ്ജരീപരിമള' ടീകായാം" (പുറം 59). സ്വൎണ്ണമഞ്ജരിയുടെ കൎത്താവു് നൃസിംഹസൂരിയാണല്ലോ. അദ്ദേഹത്തിൻെറ ശിഷ്യനായിരുന്നു മല്ലിനാഥപുത്രനായ ഗിരിജാനാഥൻ. 'പരിമളം' ആകയാൽ ഗിരിജാനാഥകൃതിയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. 'പരിമള'പ്രാരംഭപദ്യങ്ങൾ ശ്രദ്ധേയങ്ങളാണു്.

"മല്ലിനാഥ കവേസ്തസ്യ
പുത്രസ്താദൃഗ് ഗുണോദയഃ
ആസ്തേ ശ്രീ ഗിരിജാനാഥോ
വിനീതോ വേദശാസ്ത്രവിത്.

സോയം നൃസിംഹ വിദുഷഃ
ഖ്യാതായാഃ സ്വഗുരോഃ കൃതേ
വിധത്തേ സ്വരമഞ്ജൎയ്യാ
വ്യാഖ്യാം പരിമളാഹ്വയാം."

"ആമ്നായ നിർജരതരോഃ സ്വരമഞ്ജരീയ
മാവിഷ്കൃതാ പ്രതിഭയാ നരസിംഹ സൂദരഃ
ആദ്യോല്ലസൽ പരിമളാ വിബുധൈഃ സമസ്തൈ
രാസേവ്യതാമവികലം ഫലമാദദാനാ.
സ്വകൃതിമകൃതനാവം വേദരത്നാകരോസ്മിൻ
സ്വരതരളതരംഗേ നൃത്നശില്പോനൃസിംഹഃ
സ്വയമിഹ വിഹരന്താം വീതശങ്കാ വിദഗ്ദ്ധാ
നവപരിമള ടീകാം കർണ്ണധാരീം വിധായ."

സ്വരമഞ്ജരീ 'പരിമള'ത്തിൻെറ ഹസ്തലിഖിതപ്പകൎപ്പിൽ (Bhandarkar Library) ഏതാനും അദ്ധ്യായങ്ങളുടെ അവസാനക്കുറിപ്പുകളിൽ ഗിരിജാനാഥനാണ് വ്യാഖ്യാതാവെന്നു വിശദമായിക്കാണിച്ചിട്ടുണ്ടെങ്കിലും, ഒരിടത്തു മല്ലിനാഥനെയും നിർദ്ദേശിച്ചിട്ടുണ്ട്.

"ഇതി ശ്രീപദവാക്യപ്രമാണ പാരാവാര പാരീണ ശ്രീമഹോപാദ്ധ്യായ കോലാചല മല്ലിനാഥ സൂരി വിരചിതായാം സ്വരമഞ്ജരീ വ്യാഖ്യായാം സമാസ സ്വരനിരൂപണം നാമ തൃതീയഃ പരിച്ഛേദഃ". മറെറങ്ങും പറഞ്ഞു കാണുന്നില്ല. ആകെക്കൂടി നോക്കുന്നതായാൽ 'പരിമളം' മല്ലിനാഥനെഴുതിയെന്നും ഗിരിജാനാഥൻ പ്രസിദ്ധപ്പെടുത്തി എന്നും വിചാരിക്കുന്നതിൽ അപാകമില്ല.

'തരളാ' വ്യാഖ്യാനത്തിൻെറ ആദ്യന്തപദ്യങ്ങൾ കേവലം ശബ്ദപ്രധാനം മാത്രമല്ലെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. ആദി പദ്യം ഇതാണ്.

"അഗ്രേ കൃത്വാ പ്രിയസഹചരീം അന്തികം സംപ്രയാന്തീം
വ്രീഡാഭാരാദവനതമുഖീം അംബികാമാദരേണ
ലോലാപാംഗാം പ്രണയമധുരം ലോചനാന്തേന പശ്യ
ന്നന്തസ്തുഷ്യന്നവതു ഭഗവാനംബികാ വല്ലഭോ നഃ"

ഇതിലെ കവിതാരീതി ആകപ്പാടെ നന്നായിരിക്കുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അലംകാരപുഷ്ടിയും ഉണ്ടു്. വ്രീളാഭാരാത് എന്നും അവനതമുഖി എന്നും രണ്ടുംകൂടി വേണമോ എന്നേ സംശയമുള്ളു. അതുപോലെതന്നെ 'പ്രണയമധുരം' എന്നതും അത്ര സ്ഥാനത്തു പ്രയോഗിച്ചിരിക്കുന്നതായി തോന്നുന്നില്ല.

"അദ്ധ്യാരൂഢഃ കപർദ്ദം പിതുരമരധുനിം
ഹേലയാ ഗാഹമാനഃ
കർഷൻ ഹർഷാതിരേകാൽ കനക കമലിനീ ഷണ്ഡ
മുദ്ദണ്ഡവൃത്ത്യാ
അന്തർമഗ്നം കരാഗ്രം ഫണിപതിശിരസി
സ്വൈരമാധായ തോയം
മുഞ്ചൻ സഞ്ചിന്നധസ്താൽ പ്രഥമപതിശിശുർഭാതി
ബാലോഗണേശഃ"

കുട്ടിഗ്ഗണപതിയുടെ വികൃതിത്തം നോക്കൂ! അച്ഛൻെറ തലയിൽ കയറി; ജടാന്തർബ്ഭാഗത്തുള്ള ഗംഗയിൽ ചാടി; കനകത്താമരകളൊക്കെ പൊട്ടിച്ചു; അതുകൊണ്ടും പോരാഞ്ഞിട്ടു് ശിവശിരോലങ്കാരമായ നാഗത്താൻെറ ഫണത്തിന്മേൽ തുമ്പിക്കൈവെച്ചു് അവിടെയുള്ളവരെ എല്ലാം കുളിപ്പിച്ചു. പല കവികൾക്കും ഈ ഗണപതി ഭഗവാൻ പദ്യരചനയിൽ സഹായിച്ചിട്ടുണ്ടു്. താഴെക്കാണുന്ന ഭവഭൂതിയുടെ മാലതീമാധവത്തിലെ നാന്ദിപദ്യം നോക്കുക.

സാനന്ദം നന്ദിഹസ്താഹതമുരജരവാ
ഹൂതകൌമാരബർഹി
ത്രാസാന്നാസാഗ്രരന്ധ്രം വിശതിഫണിപതൌ
ഭോഗസങ്കോചഭാജി

"ഗണ്ഡോഡ്ഡീനാളിമാലാ മുഖരിത കകുഭ
സ്ഥാണ്ഡവേ ശൂലപാണേ
വൈനായകൃശ്ചിരം വോ വദന വിധൂതയഃ
പാന്തു ചീൽക്കാരവാതൃാഃ"

മേല്പറഞ്ഞ പദ്യം ഇതോടുകൂടി താരതമ്യപ്പെടുത്തുമ്പോൾ മല്ലിനാഥൻ ഭവഭൂതിയുടെ എത്ര കണ്ടു പിന്നിലാണു നിൽക്കുന്നതെന്നു വിശദമാകുമല്ലോ.

മല്ലിനാഥന്റെ മറെറാരു പദ്യം ഇതാണ്.

"സ്വീയൈർന്നിത്യം ഗുണപരിമളൈർ മോദയന്തീ ദിഗന്താൻ
അത്യുച്ചൈണ്ഡരമൃതകിരണൈരൈന്ദവീ ലേഖികേവ
സാലങ്കാരാ സുലളിതപദാ സാധുവൃത്താ സഭാവാ
മാതാ നിത്യം മമ ഭഗവതീ ഭാരതീ സന്നിധത്താം."

സരസ്വതീസ്തുതിപരമായ ഈ പദ്യത്തിൽ ഗുണം, അലങ്കാരം, പദം, വൃത്തം, ഭാവം എന്നീ പദങ്ങൾക്കു ശ്ലേഷാർത്ഥമുണ്ടല്ലോ.

മല്ലിനാഥന്റെ ആദികൃതികൾക്കുള്ള ഒരു മെച്ചം ശബ്ദാലങ്കാരപ്രധാനമായിട്ടുള്ളതാണെന്ന് ഇത്രയുംകൊണ്ടു വിശദമാകുന്നുണ്ട്. 'സ്വരമഞ്ജരീപരിമള'ത്തിലെ അവസാന പദ്യങ്ങൾകൂടി ഉദ്ധരിച്ചുകൊള്ളുന്നു.

"ജഗതി വിവിധ വിദ്യാ സിന്ധു മുഷ്ടിന്ധയാനാം
പരഭണിതി പരീക്ഷാ യുജ്യതേ സജ്ജനാനാം
തദിഹ മമ നിബന്ധേ ദൂഷണം ഭൂഷണം വാ
ഭവതി യദി വിദഗ്ദ്ധൈ സ്തദൃവശ്യം വിമൃശ്യം."

"പാരീണാ പദസാഗരസ്യ കതിചിൽ
തന്ത്രേ സ്വതന്ത്രാപരേ
കേചിത് കർക്കശ തർക്ക വക്ര ഭണിതി
പ്രൌഢിപ്രിയം ഭാവുകാഃ

അന്യേ സൽക്കവിതാമൃതാബ്ധിലഹരീ
മൃഷ്ടാംശ മൃഷ്ടിംധയാ
നൈതേ കേഽപി വയം തു കിന്തു ത ഇമേ
സർവ്വേ ബഹൂകുർവ്വതേ.

സകല കലാകുശലന്മാരായ സജ്ജനങ്ങൾ അന്യരുടെ കൃതികളെപ്പററി അഭിപ്രായം പറയുവാൻ സമർത്ഥരാണു്. ആകയാൽ അവർ എന്റെ ഈ വ്യാഖ്യാനവും നിരൂപണം ചെയ്തുകൊള്ളട്ടെ എന്നാണു് ആദ്യപദ്യത്തിന്റെ സാരം.

രണ്ടാമത്തേതിൽ വിനയം പ്രദർശിപ്പിക്കുന്നു.

ശബ്ദാഗമക്കടലിന്റെ മറുകര കടന്നിട്ടുള്ളവരും തന്ത്രശാസ്ത്രത്തിൽ സ്വതന്ത്രസഞ്ചാരികളും, കർക്കശമായ തർക്കത്തിലും വക്രോക്തിയിലും വിക്രമം പ്രകടിപ്പിക്കുന്നവരും, കവിതാമൃതം അപ്പടി കുടിച്ചിട്ടുള്ളവരും ഉണ്ടു്; ഞാൻ ഇവരിലാരും തന്നെ അല്ല; എങ്കിലും അവർക്കൊക്കെ എന്നോടു് ബഹുമാനമാണുള്ളതു്. രണ്ടാമത്തെ പദ്യം 'പ്രതാപരുദ്രീയ' വ്യാഖ്യാനത്തിന്റെ അവസാനത്തിലും കാണുന്നുണ്ടു്. മല്ലിനാഥന്റെ പുത്രൻ കുമാരസ്വാമിയാണല്ലോ അതെഴുതിയതു്. അച്ഛന്റെ പദ്യം മകൻ ഉദ്ധരിച്ചതായിരിക്കാം. 'മൃഷ്ടിന്ധയ' എന്ന അസാധാരണ പദപ്രയോഗം ഈ പദ്യത്തിലും അതിനു മുമ്പിലത്തേതിലും ആവർത്തിച്ചു കാണുന്നു. കൈവിരൽ കുടിക്കുന്ന ശിശുവിനെ ഉദ്ദേശിച്ചാണു് ഈ പദം സാധാരണ പ്രയോഗിച്ചു കാണുന്നതു് എന്നൊരു ന്യൂനതവേണമെങ്കിൽ പറയാം.

'ഏകാവലി'യുടെ വ്യാഖ്യാനത്തിൽ സ്വവിരചിതമായ ഒരു പദ്യം 'പാക'ത്തിനുദാഹരണമായിക്കാണുന്നുണ്ടു്. "പദാനാം പരിവൃത്തിവൈമുഖ്യം പാകം" എന്നു നിർവചിച്ചിട്ടു് ഈ പദ്യം ഉദ്ധരിച്ചിരിക്കുന്നു.

"നിശാകര കരസ്സൾശാ
ന്നിശയാ നിർവൃതാത്മനാ
അമീ സ്തംഭാദയോ ഭാവാ
വ്യജ്യന്തേ രജ്യമാനയാ"

പ്രയുക്തപദങ്ങളിൽ യാതൊരു മാററവും വരുത്താൻ സാധിക്കാത്തപ്പോഠം ആണല്ലോ ഒരു കവിതയ്ക്കു 'ശയ്യാ ഗുണം' അല്ലെങ്കിൽ 'പാകം' എന്ന ഗുണമുണ്ടെന്നു പറയുന്നതു്. പ്രസ്തുത പദ്യത്തിലെന്തെങ്കിലും ഭേദഗതിചെയ്യുകയായിരുന്നാൽ, എന്നുവേണ്ട അനുരൂപപയ്യായങ്ങഠം പോലും പകരം പ്രയോഗിക്കയായിരുന്നാൽ, കായ്യമൊക്കെ തകരാറായിത്തീരുമെന്നാണു് മല്ലിനാഥൻ പറയുന്നതു്. എന്തായാലും ഈ പദ്യത്തിൽ സമാസോക്ത്യലങ്കാരം ഭംഗിയായി പ്രകാശിപ്പിച്ചിട്ടുണ്ടെന്നു പറഞ്ഞേ തീരൂ. എന്നാൽ 'സ്തംഭാദയോഭാവ' എന്നും മററുമുള്ള ആലങ്കാരികസങ്കേതങ്ങഠം കവിതയിൽ കടന്നുകൂട്ടുന്നതു അത്ര അശാസ്യമായിരിക്കുന്നില്ല. 'നിർവൃതാത്മനാ' എന്നു പറഞ്ഞിരിക്കുന്നതു് സ്തംഭാദിഭാവങ്ങളെ സംബന്ധിച്ചിടത്തോളം ധാരാളം മതി എന്നിരിക്കെ 'രജ്യമാനയാ' എന്ന പ്രയോഗം 'സമാപ്തപുനരാത്തത' എന്ന കാവ്യദോഷത്തിനും പാത്രമായിരിക്കുന്നുണ്ടു്.

കിരതാൎജ്ജുനീയത്തിനു് മല്ലിനാഥൻ എഴുതിട്ടുള്ള 'ഘണ്ടാപഥ'ത്തിലെ വന്ദനശ്ലോകം ഇതാണു്.

"അൎദ്ധാംഗീ കൃതദാമ്പത്യം
അപി ഗാഢാനുരാഗി യത്
പിതൃഭ്യാം ജഗതസ്തസ്മൈ
കസ്മൈചിന്മഹസേ നമഃ"

ഈ പദ്യത്തിൽ ശിവനെ അൎദ്ധനാരീശ്വരനായി വൎണ്ണിച്ചിരിക്കുന്നതു കാളിദാസനെ അനുകരിച്ചു തന്നെയാണു്. കാളിദാസകൃതികളുടെ വ്യാഖ്യാനാരംഭത്തിലും

“മാതാപിതൃഭ്യാം ജഗതോ
നമോ വാമാൎദ്ധജാനയേ”

ഇത്യാദിപദ്യം കാണുന്നുണ്ടു്. ‘അൎദ്ധാംഗീകൃതദാമ്പത്യം’ എന്നതിലേ വിരോധാഭാസം ശ്രദ്ധേയമാണു്.

മല്ലിനാഥന്റെ ശബ്ദാഡംബരഭ്രമം അടുത്ത പദ്യം തെളിയിക്കുന്നു.

“ആലംബേ ജഗദാലംബം
ഹേരംബ ചരണാംബുജം
ശുഷ്യന്തി യദ്രജസ്സ്പൎശാൽ
സദ്യഃ പ്രത്യൂഹവാൎദ്ധയഃ”

ഈ പദ്യങ്ങളെല്ലാം പ്രസിദ്ധാലംകാരികനായിരുന്ന ആശാധരഭട്ടൻ വ്യാഖ്യാനിച്ചിട്ടുണ്ടെന്നു് ഇടയിൽ പറഞ്ഞുകൊള്ളട്ടെ.

സരസ്വതീവന്ദനമാണു് അടുത്ത പദ്യം.

“തള്ളിവ്യമവ്യയം ധാമ
സാരസ്വത മുപാസ്മഹേ
യൽ പ്രകാശാൽ പ്രലീയന്തേ
മോഹാന്ധ തമസച്ഛടാഃ”

അടുത്തു കാണുന്ന പദ്യത്തിൽ മല്ലിനാഥൻ തന്റെ യോഗ്യതകൾ ഒരുവിധം സമാഹരിച്ചിട്ടുണ്ടു്.

“വാണീം കാണഭുജീം അജീഗണദവാ
സാസീച്ച വൈയാസകീം
അന്തസ്തന്ത്രമരംസ്ത പന്നഗഗവീ
ഗുംഫേഷു ചാ ജാഗരീൽ

വാചാം വാചകലക്ഷണസ്യമഖിലം
യശ്ചാക്ഷപാദസ്ഫുരാം
ലോകേഭൃദ്യദുപജ്ഞമേവ വിദുഷാം
സൌജന്യ ജന്യം യശഃ"

ഇതനുസരിച്ച് കണാദന്റെ വൈശേഷികം, (Atomic Theory) വ്യാസന്റെ മഹാഭാരതം, പുരാണങ്ങൾ, ബ്രഹ്മസൂത്രം, മുതലായവ മല്ലിനാഥൻ നല്ലപോലെ പഠിച്ചിരുന്നു എന്നു വ്യക്തമാകുന്നുണ്ടല്ലോ. തന്ത്രം എന്നു പറഞ്ഞിരിക്കുന്നതു 'മീമാംസ' ഉദ്ദേശിച്ചുതന്നെ ആയിരിക്കണം. കുമാരിലഭട്ടന്റെ തന്ത്രവാർത്തികത്തിനു് വ്യാഖ്യാനമെഴുതീട്ടുണ്ടല്ലോ. 'പന്നഗഗവീഗുംഫേഷു' എന്നതിനു പതഞ്ജലിസൂത്രങ്ങൾ എന്നർത്ഥമാക്കണമല്ലോ. ശേഷന്റെ അവതാരമായി പതഞ്ജലിയെ ഗണിച്ചുവരുന്നു. മഹാഭാഷ്യംകൂടാതെ യോഗസൂത്രങ്ങളും ചരകസംഹിതയും അദ്ദേഹത്തിന്റെ കൃതികൾതന്നെ ആകുന്നു. അക്ഷപാദൻ ഗൌതമൻ തന്നെ. 'ന്യായദർശനം' ആണു് ഇവിടെ വിവക്ഷിച്ചിരിക്കുന്നതു്.

ഇതോടുകൂടി അനുപയിക്കേണ്ട അടുത്ത പദ്യവും കൂടി ചുവടേ ചേർക്കുന്നു.

"മല്ലിനാഥഃ കവിഃസോയം
മന്ദാത്മാനുജിഘൃക്ഷയാ
തൽകിരാതാർജ്ജുനീയാഖ്യം
കാവ്യം വ്യാഖ്യാതു മിച്ഛതി."

കിരാതാർജ്ജുനിയകാവ്യപ്രശംസയാണു് അടുത്ത പദ്യം.

കിരാതാർജ്ജുനീയം കാവ്യത്തെപ്പററി മല്ലിനാഥനുള്ള അഭിപ്രായം ഈ പദ്യത്തിൽ വ്യക്തമാക്കിയിരിക്കുന്നു.

"നാളികേരഫലസമ്മിതം വചോ
ഭാരവേഃ സപദി തദ്വിഭജ്യതേ
സ്വാദയന്തു രസഗർഭനിർഭരം
സാരമസ്യ രസികായഥേപ്സിതം."

ഭാരവിയുടെ നാളികേരഫലതുല്യമായ കാവ്യം ഇതാ അപഗ്രഥിക്കുവാൻ പോകുന്നു. രസികന്മാർ രസം ആസ്വദിച്ചുകൊള്ളട്ടെ എന്നു സാരം.

അടുത്തു വ്യാഖ്യാനോദ്ദേശ്യം വെളിവാക്കുന്നു.

"നാനാ നിബന്ധ വിഷമൈകപദീനിതാന്ത
സാശംക സംക്രമണ ഖിന്നധിയാ മശങ്കം
കർത്തും പ്രവേശമിഹ ഭാരവി കാവ്യബന്ധേ
'ഘണ്ടാപഥം' കമപി നൂതന മാതനിഷ്യേ."

പല വ്യാഖ്യാനങ്ങളും ഉണ്ടെങ്കിലും 'ഘണ്ടാപഥം' പോലെ അത്ര സുഗമമായി ഒന്നുമില്ലെന്നാണല്ലോ ഇതിൽ നിന്നും മനസ്സിലാക്കേണ്ടതു്. പൂർവാർദ്ധത്തിലെ ടീകാകാരന്മാരെപ്പററിയുള്ള ആക്ഷേപം ഭോജന്റെ ഈ ശ്ലോകം അനുസ്മരിപ്പിക്കുന്നു.

"ദുർബോധം യദതീവ തദ് വിജഹതി
സ്പഷ്ടാർത്ഥ മിത്യുക്തിഭിഃ
സ്പഷ്ടാർത്ഥേഷ്വതിവിസ്തൃതിം വിദധതി
വ്യർത്ഥൈഃ സമാസാദിഭിഃ
അസ്ഥാനേനുപയോഗിഭിശ്ച ബഹുഭി
ർജ്ജല്പൈർഭ്രമം തന്വതേ
* ശ്രോതൄണാ മിതിവസ്തുവിപ്ലവകൃതഃ
സർവ്വേപി ടീകാ കൃതഃ"

'നാനാനിബന്ധ' ഇത്യാദി പദ്യത്തിൽ ആശാധര ഭട്ടൻ ഈ ശ്ലോകംതന്നെ അന്യഥാ വ്യാഖ്യാനിച്ചിട്ടുള്ള

* ഋകാരത്തിനു ദീർഘമാണു വേണ്ടതു്

വരെ അല്പമൊന്നു അപഹസിക്കുന്നുണ്ട്. 'നാനാനിബന്ധ' എന്നുള്ളതു് രഘുവംശാദി വ്യാഖ്യാനങ്ങളെ സൂചിപ്പിക്കുന്നു എന്നാണു മററു ചിലർ പറയുന്നതു്. അങ്ങനെയല്ല. കിരാതാർജ്ജുനീയ വ്യാഖ്യാനങ്ങൾ തന്നെയാണ് ഇവിടെ വിവക്ഷ. പ്രസ്തുത വ്യാഖ്യാനങ്ങൾ വായനക്കാരെ 'കാട്ടുകയററു'ന്നവയാകയാൽ അവക്കു സുഗമമായി ത്തീരാനാണ് 'ഖണ്ഡാപഥം' എഴുതുന്നതെന്നാണു' മല്ലിനാഥൻെറ അഭിപ്രായം. അല്ലാതെ മററുള്ളവർ പറയും പോലെ "കാകസ്യ കാഷ്ണ്യാദ് ധവളഃ പ്രാസാദഃ" എന്ന ന്യായം അനുസരിച്ചല്ല.

ഈ ന്യായം 'സുഭാഷിതാവലി'യിൽ ഉദാഹരിച്ചിട്ടുണ്ടല്ലൊ. അതിങ്ങനെയാണ്.

യഃ സ്യാൽ കേവല ലക്ഷ്യലക്ഷണരതോ
നോതക്ക സമ്പക്കളു
നാലംകാര വിചാര ചാരുധിഷണഃ
കാവ്യജ്ഞശിക്ഷോജ്ഝിതഃ
തസ്മാച്ഛ്രേസശാലി കാവ്യമുദയേ
ദേകാന്തതഃ സുന്ദരം
പ്രാസാദോ ധവള സ്തദാ ക്ഷിതിപതേഃ
കാകസ്യ കാർഷ്ണ്യാദ് ഭവേൽ."

തക്കാലങ്കാരവ്യാകരണാദികളിൽ നിഷ്ണാതനല്ലാത്ത ഒരുവൻ രസാത്മകമായ കാവ്യം ചമയ്ക്കുന്നതെങ്ങനെ? കാക്ക ഇരിക്കുന്നതുകൊണ്ടു് രാജഹർമ്മ്യം ധവളമായിത്തീരുമോ? എന്നു സാരം.

ഈ പദ്യത്തോടുകൂടി ഖണ്ഡാപഥ പീഠിക അവസാനിക്കുന്നു.

"ഇഹാന്വയ മുഖേനൈവ
സർവം വ്യാഖ്യായതേ മയാ
നാമൂലം ലിഖ്യതേ കിഞ്ചി
ന്നാനപേക്ഷിതമുച്യതേ."

ആ കാവ്യത്തിന് ഇത്ര സരസവും സംക്ഷിപ്തവും ആയ ഒരു വ്യാഖ്യാനമില്ലായിരുന്നു എങ്കിൽ അതു പഠിച്ചു പരീക്ഷയിൽ ജയിക്കാൻ എനിക്കു സാധിക്കുമായിരുന്നോ എന്നു സംശയമാണ്.

165536
38464
MUL
165536
UNIVERSITY LIBRARY MADRAS
4 JUL 1955

---

- 8 FEB 195